# മുഖ്യധാര

ത്രൈമാസികം, വാല്യം 1 ലക്കം 7
2019 സെപ്തംബർ

# MUKHYADHARA

Quarterly Volume 1. No. 7, September 2019

A Journal for research and discussions

# മുഖ്യധാര

## ത്രൈമാസികം


പത്രാധിപസമിതി
ചീഫ് എഡിറ്റർ:
ഡോ. ഹുസൈൻ രണ്ടത്താണി
അംഗങ്ങൾ:
ഡോ. ടി. ജമാൽ മുഹമ്മദ്
ഡോ. കെ. കെ. ഉസ്മാൻ, ആലുവ
പ്രൊഫ. ബഷീർ മണിയംകുളം
കെ. ടി. കുഞ്ഞിക്കണ്ണൻ
ഷംഷാദ് ഹുസൈൻ



കവർ ഡിസൈൻ : വിനോദ്
പ്രിന്റിംഗ് : എ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, രാമനാട്ടുകര

വില : 100 രൂപ

മുഖ്യധാര
കേളു ഏട്ടൻ പഠന ഗവേഷണ കേന്ദ്രം
സി. എച്ച്. കണാരൻ സ്മാരകം
കണ്ണൂർ റോഡ്, കോഴിക്കോട്
ഫോൺ: 9447639517, 0495-2765180

# ഉള്ളടക്കം

മുഖപ്രസംഗം
**ചീഫ് എഡിറ്റർ**

കാശ്മീർ വഞ്ചിക്കപ്പെട്ടു ഭരണഘടന അട്ടിമറിക്കപ്പെട്ടു
**സി.പി.ഐ(എം) കേന്ദ്രകമ്മറ്റി പ്രസിദ്ധീകരിച്ച കുറിപ്പ്**

തീവ്ര ഹിന്ദുത്വ അജൻഡ നടപ്പാക്കാനുള്ള ശ്രമം
**സീതാറാം യെച്ചൂരി**

ഫെഡറലിസത്തിനെതിരെയുള്ള മിന്നലാക്രമണം
**പ്രകാശ് കാരാട്ട്**

ജമ്മുകാശ്മീരിന്റെ ജനസംഖ്യാനുപാതം മാറ്റാൻ ആർ.എസ്.എസ് ആഗ്രഹിക്കുന്നു
**മുഹമ്മദ് യൂസഫ് തരിഗാമി. വിവ:നിധീഷ് എം.കെ.**

അരുന്ധതി റോയ് 2019 ആഗസ്റ്റ് 15-ന് എഴുതിയ കുറിപ്പ്
**വിവർത്തനം: സമീർ കാവാഡ്**

കാശ്മീർ നൽകുന്ന പാഠം
**എളമരം കരീം എം.പി**

കാശ്മീരും ഫെഡറൽ ദേശീയ സങ്കൽപങ്ങളുടെ തകർച്ചയും
**കെ.എൻ.ഗണേഷ്**

കശ്മീർ: കാലുഷ്യങ്ങൾ ആരുടെ സൃഷ്ടി?
**ഹുസൈൻ രണ്ടത്താണി**

കാശ്മീർ: പഠിക്കാത്ത പാഠങ്ങൾ
**ഡോ.കെ.എം.അനിൽ**

ബഹുസ്വരത തകർക്കപ്പെടുമ്പോൾ
**സി.പി.അബൂബക്കർ**

കാശ്മീരിനെ മാത്രമല്ല ഇന്ത്യയെന്ന ആശയത്തെതന്നെയാണ് അവർ വെട്ടിമുറിക്കുന്നത്
**കെ.ടി.കുഞ്ഞിക്കണ്ണൻ**

കൂട്ടിലടക്കപ്പെട്ട കാശ്മീർ
**അന്വേഷണ റിപ്പോർട്ട്, വിവ:സമീർ കാവാഡ്**

# മുഖപ്രസംഗം

ഒരു ഇടവേളക്കുശേഷം മുഖ്യധാര വീണ്ടും നിങ്ങളുടെ മുൻപിലെത്തുകയാണ്. ഈ ലക്കം കാശ്മീർ പതിപ്പായാണ് ഇറക്കിയിരിക്കുന്നത്.

ന്യൂനപക്ഷങ്ങളെ ഭീഷണിയുടെ മുൾമുനയിൽ നിർത്തിയാണ് കശ്മീരിന് ഇന്ത്യൻ ഭരണഘടന നൽകിയ പ്രത്യേക അവകാശങ്ങൾ മോഡി സർക്കാർ വെട്ടിക്കളഞ്ഞത്. അതിനുവേണ്ടി ജനാധിപത്യത്തെയും മതനിരപേക്ഷതയേയും സർക്കാർ കാറ്റിൽ പറത്തി. ജനങ്ങളുടെ കൈകാലുകൾക്കും നാക്കിനും ചങ്ങല വീണു. കശ്മീർ ഇപ്പോൾ ശ്മശാനഭൂമി പോലെയാണ്. തങ്ങളെന്ത് തെറ്റാണ് ചെയ്തതെന്ന് ദാരിദ്ര്യത്തിൽ മുങ്ങിയ കശ്മീരികൾ ചോദിക്കുന്നു. 370-ാം വകുപ്പ് എന്താണെന്ന് പോലും അറിയാത്ത ഈ പാവങ്ങൾക്ക് തങ്ങൾ അനുഭവിക്കുന്ന പീഡനങ്ങളെയും പട്ടിണിയേയും കുറിച്ച് മാത്രമെ അറിയൂ. ഒരു ഭാഗത്ത് ഭീകരവാദികളുടേയും പാകിസ്ഥാന്റെയും മറുഭാഗത്ത് ഇന്ത്യൻസൈന്യത്തിന്റെയും മർദ്ദനങ്ങളിൽ നാമാവശേഷമാവുകയാണ് കശ്മീരി സമൂഹം. ഇന്ത്യൻ ഫെഡറലിസം തകർത്ത് ഹിന്ദുത്വം സ്ഥാപിക്കുന്ന മോഡി അജണ്ടയുടെ കുരുക്കിൽ കശ്മീർ പിടയുകയാണ്. 370-ാം വകുപ്പ് നീക്കിയ മോഡി ഇനി നാഗൻമാരുടെ 371-ാം വകുപ്പ് സംരക്ഷിച്ചു കൊടുത്തേക്കാം.

മുത്തലാഖ് നിയമവും ഗോവധ നിരോധവും, ജയ്ശ്രീറാമും, നടപ്പാക്കി രാജ്യത്തെ മുസ്‌ലിം ന്യൂനപക്ഷത്തെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നൂ ബി.ജെ.പി സർക്കാർ. രാജ്യത്ത് വ്യക്തി നിയമങ്ങളുടെ ആവശ്യമില്ലെന്ന് പറഞ്ഞ് ഏകസിവിൽ കോഡ് നടപ്പാക്കലാണ് മറെറാരു പരിപാടി. മുസ്‌ലിം ന്യൂനപക്ഷത്തിന് തങ്ങളുടെ സുരക്ഷിതത്വബോധവും സ്വത്വബോധവും നഷ്ടപ്പെടുകയാണ്. ഭരണവൃന്ദം മുഴുവനും ഒരു സമുദായത്തിനെതിരെ തിരിഞ്ഞിരിക്കുന്നു. നീതി കിട്ടാൻ വേണ്ടി ഏത് വാതിലിലാണ് അവർ ചെന്ന് മുട്ടേണ്ടത്? ജുഡീഷ്യറി മാത്രമാണ് ആശ്രയം. ഇതും എത്ര കാലമാണ് നിലനിന്നു കിട്ടുക? അക്രമകാരികളായ അനുയായികളെ രാജ്യത്ത് കയറൂരി വിട്ടിരിക്കയാണ്. അരക്ഷിതാവസ്ഥയാണ് രാജ്യമെങ്ങും. മാധ്യമങ്ങളുടെ വായ്മൂടിക്കെട്ടി, പ്രതിഷേധങ്ങളെ അടിച്ചമർത്തി, പട്ടാളരാജിലൂടെ ജനാധിപത്യത്തിന്റെ മറവിൽ സമഗ്രാധിപത്യം സ്ഥാപിക്കുകയാണ് മോഡി സർക്കാർ. എന്നിട്ടും 'സബ്കാ വികാസ്, സബ്കാ വിശ്വാസ്' തുടങ്ങിയ മുദ്രാവാക്യങ്ങളുടെ മൂടുപടമിട്ട് വിദേശത്ത് പോയി അവാർഡുകൾ വാങ്ങി മുഖം മിനുക്കുകയാണ് മോഡിജി. ഈ പൊയ്മുഖം പൊളിഞ്ഞുവീഴാൻ കശ്മീരിലെ നരനായാട്ട് മാത്രം

മതിയാവും. മാധ്യമങ്ങൾക്ക് സ്വാതന്ത്ര്യം ലഭിക്കുമെങ്കിൽ ഇന്നല്ലെങ്കിൽ നാളെ എല്ലാം ഒന്നൊന്നായി പുറത്ത് വരും.

370 ാം വകുപ്പ് എടുത്ത് കളഞ്ഞ് മോഡി എന്ത് ചെയ്യാൻ പോവുന്നു? രഹസ്യ അജണ്ടകളെ ക്കുറിച്ച് മോഡി മൗനത്തിലാണ്. അക്കാര്യം അമിത്ഷാക്കേ അറിയൂ. ലോകമറിയാതെ എല്ലാം നടന്നേക്കും. ഭീകരവാദികളും പാകിസ്ഥാനും ഇന്ത്യൻസൈന്യവും കൊന്നുതള്ളിയവരുടെ കബന്ധങ്ങളുടെ കൂമ്പാരങ്ങൾ കശ്മീരിന്റെ മണ്ണ് കിളച്ചുമാറ്റിയാൽ കാണും. ന്യൂനപക്ഷങ്ങളുടെ ഭയവും നിരാശയും വർദ്ധിക്കുകയാണ്. ഏകസിവിൽകോഡ് നടപ്പാക്കുമോ? മതസ്വാതന്ത്ര്യം ഇല്ലാതാക്കുമോ? നാളെ എന്തും സംഭവിച്ചേക്കാം. സർക്കാറിൽ ന്യൂനപക്ഷ പ്രതിനിധികളില്ല. എം.പിമാരും, മന്ത്രിമാരുമെല്ലാം ഹിന്ദുത്വവാദികളാണ്. ഇവിടെ ന്യൂനപക്ഷങ്ങൾക്ക് വേണ്ടി ശബ്ദമുയർത്താൻ ഇടതുപക്ഷവും ഏതാനും മതനിരപേക്ഷപാർട്ടികളും മാത്രമേയുള്ളു. ജനാധിപത്യവും മതനിരപേക്ഷതയും ഇല്ലാതായാൽ രാജ്യം ഭീകരവാദികളുടെ പിടിയിലമർന്നേക്കും. അപ്പോൾ ഹിന്ദുത്വ ഫാഷിസത്തിലൂടെ ഇന്ത്യയെ രക്ഷിക്കാനാവുമെന്ന് മോഡി കരുതുന്നുണ്ടോ?

ന്യൂനപക്ഷങ്ങളേയും ദുർബല വിഭാഗങ്ങളേയും ഭൂരിപക്ഷം ഉപയോഗിച്ച് സംഹരിക്കാനുള്ള ശ്രമങ്ങൾക്കെതിരെ പ്രതികരിക്കാൻ ജനാധിപത്യ വിശ്വാസികൾ ബാധ്യസ്ഥരാണ്. പൗരത്വത്തിന്റെ പേരിൽ അസമിലും ബംഗാളിലും ജയിലിലടച്ചവർ തീവ്രവാദികളോ അയുധധാരികളോ അല്ല; മുസൽമാനായ ഇന്ത്യൻസൈനികനെ പോലും പൗരത്വത്തിന്റെ പേരിൽ ജയിലിലടച്ചിരിക്കുന്നു. ന്യൂനപക്ഷ ധ്വംസനത്തിന്റെ ദ്രംഷ്ടകൾ കശ്മീരിൽ നിന്ന് അസമിലേക്ക് നീളുകയാണ്. വർഷങ്ങളായി ഇന്ത്യയെ മാതൃഭൂമിയായി കണ്ട് ഇവിടെ ജീവിക്കുന്നവരെ ഏത് അതിർത്തിയുടെ കാര്യം പറഞ്ഞാണ് പീഡിപ്പിക്കുന്നത്? അതും ജാതി നോക്കി പൗരത്വം കൊടുക്കുകയാണ് ഭരണകൂടം. മുസ്‌ലിംകളൊഴികെയുള്ളവർക്ക് പൗരത്വം കൊടുക്കാൻ അനുവദിച്ചുകൊണ്ടുള്ള ബിൽ പാർലിമെന്റ് പാസാക്കാൻ പോവുകയാണ്. മൂന്നര മില്യൻ മുസ്‌ലിംകളെ പൗരത്വപ്രശ്നം പറഞ്ഞ് പുറത്താക്കിയിരിക്കുന്നു. ജയിലുകളിൽ ആത്മഹത്യ ചെയ്തു മരിക്കുന്ന അസമി മുസ്‌ലിംകളുടെ എണ്ണം വർദ്ധിക്കുകയാണ്. മുസ്‌ലിം ന്യൂനപക്ഷത്തിനെതിരെ നടത്തുന്ന ഈ ധ്വംസനങ്ങളെ മുസ്‌ലിം രാജ്യങ്ങളിൽ നിന്ന് വാങ്ങുന്ന അവാർഡുകൾ കൊണ്ട് മോഡിക്ക് കഴുകിക്കളയാനാവുമോ?

**ഹുസൈൻ രണ്ടത്താണി**
**ചീഫ് എഡിറ്റർ**

# കാശ്മീർ വഞ്ചിക്കപ്പെട്ടു ഭരണഘടന അട്ടിമറിക്കപ്പെട്ടു

**(സി.പി.ഐ(എം) കേന്ദ്രകമ്മിറ്റി പ്രസിദ്ധീകരിച്ച കുറിപ്പ്)**

2019 ആഗസ്റ്റ് 5-ന് മോദി സർക്കാർ രാജ്യത്തിന്റെ ഭരണഘടനയ്ക്കും ജനാധിപത്യത്തിനും ഫെഡറലിസത്തിനും മതേതരത്വത്തിനും നേരെ ഒരു മിന്നലാക്രമണം നടത്തി. ജമ്മുകാശ്മീരിന് ലഭ്യമായിരുന്ന പ്രത്യേക പദവി നൽകുന്ന ഭരണഘടനയുടെ 370-ാം വകുപ്പും അതിൽ നിന്നും കൂടിവരുന്ന ആർട്ടിക്കിൾ 35 എ-യും രാഷ്ട്രപതിയുടെ ഒരു ഉത്തരവിലൂടെയും പ്രമേയങ്ങളിലൂടെയും ജമ്മുകാശ്മീർ പുനഃസംഘടനാ നിയമത്തിലൂടെയും റദ്ദു ചെയ്യപ്പെട്ടു.

ഒരു സംസ്ഥാനം എന്ന അവരുടെ അവകാശം ഇല്ലായ്മ ചെയ്ത് രണ്ടു കേന്ദ്രഭരണ പ്രദേശങ്ങളായി വിഭജിക്കപ്പെട്ടു. ജമ്മുകാശ്മീർ എന്ന നിയമസഭാ സൗകര്യം ഉള്ള പ്രദേശവും കാർഗിൽ ഉൾപ്പെടുന്ന ലഡാക്ക് എന്ന നിയമസഭ ഇല്ലാത്ത പ്രദേശവും. രണ്ടും കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ഉള്ളവ. അനന്തരഫലമായി 29 സംസ്ഥാനങ്ങൾ എന്നത് 28 ആയി ചുരുങ്ങി.

ഇതിനുമുമ്പൊരിക്കലുമില്ലാത്ത രീതിയിലുള്ള നിയമനിർമ്മാണത്തെയും മറ്റു നടപടികൾക്കെതിരെയും സി.പി.ഐ(എം) ശക്തമായി പ്രതിഷേധിക്കുന്നു. ഇത് സ്വേച്ഛാപരവും ഏകാധിപത്യപരവും ഭരണഘടനാവിരുദ്ധവും ആണ്. ഇത് നാനാത്വത്തിൽ ഏകത്വം എന്ന അടിസ്ഥാന തത്വത്തിനെതിരെയുള്ള ഒരു ആക്രമണം ആണ്. ഇത് 370-ാം വകുപ്പിന്റെ പ്രത്യേക പദവിയുടെ റദ്ദാക്കൽ മാത്രം അല്ല, ജനാധിപത്യത്തിന്റെ റദ്ദാക്കൽ കൂടിയാണ്.

നാളിതേവരെ ഒരു സംസ്ഥാനത്തിന്റെ അതിർത്തി പുനർനിർണ്ണയിക്കുന്നത് നിരന്തരമായ സംഭാഷണങ്ങളിലൂടെയും ചർച്ചകളിലൂടെയും ആയിരുന്നു. ഉദാഹരണമായി ആന്ധ്രാപ്രദേശ്, ബീഹാർ, ഉത്തർപ്രദേശ്, മദ്ധ്യപ്രദേശ് മുതലായ സംസ്ഥാനങ്ങളുടെ വിഭജനം കാണാം. വർഷങ്ങൾ നീണ്ട ചർച്ചകൾക്കൊടുവിൽ നിയമസഭകളുടെ അംഗീകാരത്തിനുശേഷം മാത്രമേ വിഭജനം നടത്തിയിട്ടുള്ളൂ. ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം ആർട്ടിക്കിളിൽ പ്രകാരം ഇത് നിർബന്ധമാണ്. എന്നാൽ ജമ്മുകാശ്മീരിൽ ബി.ജെ.പി സർക്കാർ ഇത് നഗ്നമായി ലംഘിച്ചിരിക്കുന്നു.

ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഒരു സംസ്ഥാന ജനതയുടെ അഭിപ്രായം ചെവികൊള്ളാതെ, അവർക്ക് ചർച്ച ചെയ്യുവാനുള്ള മൗലിക അവകാശം ലംഘിച്ചുകൊണ്ട്, അവരുടെ ഭാവി തീരുമാനിക്കാനുള്ള അവസരം നല്കാതെ സ്വേച്ഛാപരമായി ആ ജനതയുടെ ഭാവി തീരുമാനിക്കപ്പെട്ടിരിക്കുന്നു. ഇത് അപകടകരമായ ഒരു കീഴ്വഴക്കം സൃഷ്ടിച്ചിരിക്കുന്നു. പാർലമെന്റിൽ ലഭിച്ച മൃഗീയ ഭൂരിപക്ഷത്തിന്റെ മറയിൽ മോദി-ഷാ കൂട്ടുകെട്ട് സംസ്ഥാനങ്ങളുടെ അവകാശം കവർന്നെടുത്തിരിക്കുന്നു. ഏത് സംസ്ഥാനവും ഇല്ലാതാക്കുന്നതിനും കേന്ദ്രസർക്കാരിന്റെ കോളനി ആക്കുന്നതിനും പാർലമെന്റിലെ മൃഗീയ ഭൂരിപക്ഷത്തെ ഉപയോഗിക്കും. ഇത് ഭരണഘടനയുടെ ഫെഡറൽ ഘടനയുടെ കടയ്ക്കൽ കത്തിവയ്ക്കലാണ്.

നിയോജക മണ്ഡലങ്ങളുടെ പുനർനിർണ്ണയം ഇതോടൊപ്പം സമാന്തരമായി നടത്തുന്നതിനുള്ള ശ്രമങ്ങൾ മോഡി സർക്കാരിന്റെ യഥാർത്ഥ ഉദ്ദേശ്യം വ്യക്തമാക്കുന്നു. ഇത് സംസ്ഥാനത്തിന്റെ ജനസംഖ്യാപരമായ ഘടനയെ മാറ്റാനുള്ള ശ്രമമാണ്. ഇതുവഴി അമുസ്ലീം നിയോജക മണ്ഡലങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകാനുള്ള സാദ്ധ്യത കാണുന്നു. 35എ വകുപ്പ് പ്രകാരമുള്ള സ്ഥിരവാസ നിബന്ധനകൾ വരുത്തുന്ന മാറ്റം കൊണ്ട് ഇത് കൗശലപൂർവ്വം സാധിക്കാവുന്നതാണ്.

**ഇതിനുമുമ്പൊരിക്കലുമില്ലാത്ത രീതിയിലുള്ള നിയമനിർമ്മാണത്തെയും മറ്റു നടപടികൾക്കെതിരെയും സി.പി.ഐ(എം)ശക്തമായി പ്രതിഷേധിക്കുന്നു. ഇത് സ്വേച്ഛാപരവും ഏകാധിപത്യപരവും ഭരണഘടനാവിരുദ്ധവും ആണ്. ഇത് നാനാത്വത്തിൽ ഏകത്വം എന്ന അടിസ്ഥാന തത്വത്തിനെതിരെയുള്ള ഒരു ആക്രമണം ആണ്. ഇത് 370-ാം വകുപ്പിന്റെ പ്രത്യേക പദവിയുടെ റദ്ദാക്കൽ മാത്രം അല്ല, ജനാധിപത്യത്തിന്റെ റദ്ദാക്കൽ കൂടിയാണ്.**

കേന്ദ്ര ഗവൺമെന്റിന്റെ ഈ നടപടിയെ ജമ്മുവിലേയും (33.45%) ലഡാക്കിലേയും (46.4%) പ്രമുഖരായ മുസ്ലീം ജനതയും, താഴ്വരയിലെ പ്രതിഷേധക്കാരും ശക്തിയുക്തം എതിർക്കുന്നു എന്നതും ഇത്തരുണത്തിൽ ഓർക്കേണ്ടതാണ്. പാക് അതിർത്തിപ്രദേശമായ കാർഗിലെ മുസ്ലീം ജനതയും ഇതിനെ എതിർക്കുന്നു. ഇവർ പാക്കിസ്ഥാനെതിരെ ധീരമായി പോരാടിയവരാണ്. ചുരുക്കത്തിൽ ഈ കേന്ദ്ര നടപടി അപകടകരവും ദൂരവ്യാപകമായ ഭവിഷ്യത്തുകൾ ക്ഷണിച്ചു വരുത്തുന്നതുമാണ്.

ഇതിനായി അവലംബിച്ച മാർഗം ഭരണഘടനയോട് ഉള്ള ആക്രമണം ആണ്. ഒരു പ്രസിഡൻഷ്യൽ ഉത്തരവുവഴി ഇപ്പോൾ റദ്ദാക്കിയ വകുപ്പ് 370 ഉപയോഗിച്ച് മറ്റൊരു വകുപ്പായ 367 നെ പരിഷ്ക്കരിക്കുക. എന്നിട്ട് പരിഷ്ക്കരിച്ച 367 ഉപയോഗിച്ച് പഴയ 370 നെ റദ്ദ് ചെയ്യുക. ഇതു ചെയ്യുന്നതിന് സംസ്ഥാന നിയമസഭയുടെ അനുമതി നിർബന്ധമായ മുൻ ഉപാധിയാണ്. എന്നാൽ സംസ്ഥാനം പ്രസിഡന്റ് ഭരണത്തിന് കീഴിലാക്കിയതിനാൽ ഗവർണ്ണറെക്കൊണ്ട് നിയമസഭയ്ക്ക് പകരം വെയ്ക്കുന്നു. ഇത് ഭരണഘടനയെ ദുരുപയോഗപ്പെടുത്തുന്നതും ജനാധിപത്യത്തെ കൊല ചെയ്യുന്നതുമാണ് ഇതുവഴി സംസ്ഥാനം പ്രസിഡന്റ് ഭരണത്തിൽ ആയതിനാൽ സംസ്ഥാന നിയമസഭയുടെ നിർബ്ബന്ധിതമായ അനുമതി ആവശ്യം

എന്ന വ്യവസ്ഥയെ അട്ടിമറിച്ചു.

ജമ്മുകാശ്മീർ സംസ്ഥാനം ആകെ നിശ്ചലമാക്കി. ഒരു കോടിയോളം ടെലിഫോൺ ലൈനുകൾ വിച്ഛേദിച്ചു. പൊതുഗതാഗതം നിർത്തലാക്കപ്പെട്ടു. ഇന്റർനെറ്റ് സേവനം പൂർണ്ണമായും നിർത്തലാക്കി. കടകളും ഓഫീസുകളും അടച്ചിട്ടു. അത്യാവശ്യങ്ങൾക്കുപോലും പുറത്തുപോകുന്നതിന് പൊതുജനങ്ങൾക്ക് സായുധ പൊലീസിന്റെയും പട്ടാളത്തിന്റെയും കമ്പിവേലികളും ബാരിക്കേഡുകളും തരണം ചെയ്യേണ്ടിവന്നു. പത്രവും കേബിൾ ടി വിയും പൂർണ്ണമായി നിന്നു. ചുരുക്കത്തിൽ ജമ്മുകാശ്മീർ ഇപ്പോൾ ഒരു അധിനിവേശപ്രദേശം പോലെയായി.

രണ്ടു മുൻ മുഖ്യമന്ത്രിമാരും 4 തവണ എം.എൽ.എയും സി.പി.ഐ(എം) കേന്ദ്രകമ്മിറ്റി അംഗവുമായ യൂസഫ് തരിഗാമിയും ഉൾപ്പെടെ പ്രധാന രാഷ്ട്രീയ പാർട്ടികളുടെ നേതാക്കന്മാരും പ്രവർത്തകരും ആയ നൂറ് കണക്കിന് ആൾക്കാർ തടങ്കലിലോ വീട്ടുതടങ്കലിലോ ആക്കപ്പെട്ടു. മോദി സർക്കാർ അവകാശപ്പെടുന്നതുപോലെ ഇത് ജമ്മുകാശ്മീരിന്റെ നന്മയും ഉയർച്ചയും പ്രദാനം ചെയ്യുന്ന തീരുമാനം ആണെങ്കിൽ ഇവർ എന്തിനാണ് ജനതയെ ഭയക്കുന്നത്? ദേശീയ ഉദ്ഗ്രഥനം തോക്കിൻ കുഴലിലൂടെയോ ബലപ്രയോഗത്തിലൂടെയോ കൈവരിക്കാനാവില്ല. രാജ്യത്തിന്റെ ദേശീയതയ്ക്കും ജനാധിപത്യത്തിനും മതേതരത്വത്തിനുമെതിരെയുള്ള ഈ നടപടികൾ ജമ്മുകാശ്മീർ ജനതയോടുള്ള വഞ്ചന മാത്രമല്ല. രാജ്യം ഇതിന് കടുത്ത വില നൽകേണ്ടിവരും.

ബി.ജെ.പിയും അതിന്റെ കൂട്ടാളികളും ചില ടെലിവിഷൻ ചാനലുകളും ചേർന്ന് കാശ്മീരിന്റെ ചരിത്രത്തേയും ദേശീയ സ്വാതന്ത്ര്യസമരനേതാക്കളേയും കാശ്മീരി ജനങ്ങളേയും സംബന്ധിച്ച് തെറ്റായതും വക്രീകരിച്ചതുമായ ചരിത്രം സൃഷ്ടിച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നു. വാട്ട്സ് ആപ്പിലും മറ്റ് സാമൂഹ്യ മാധ്യമങ്ങളിലും ഈ നിർദ്ദയമായ നടപടിയെ എതിർക്കുന്നവർക്കെതിരെ വിഷം വമിക്കുന്നു.

***ആർട്ടിക്കിൾ 370 സൃഷ്ടിക്കാൻ ഇടവന്ന വിശേഷാൽ രാഷ്ട്രീയ സാഹചര്യം താഴെ വിവരിക്കുന്നു.***

**ചോദ്യം: കാശ്മീരിന് എന്തുകൊണ്ട് പ്രത്യേക പദവി നല്കി?**

സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഇന്ത്യ രൂപീകരിക്കപ്പെട്ടപ്പോൾ ജമ്മുകാശ്മീർ എന്ന ഇന്നത്തെ സംസ്ഥാനം ദോഗ്ര മഹാരാജ ഹരിസിങ്ങിന്റെ അധീനതയിലുള്ള ഒരു നാട്ടു രാജ്യം ആയിരുന്നു. ജമ്മു, കാശ്മീർ, ലഡാക്ക് എന്ന മൂന്ന് വ്യത്യസ്ത പ്രദേശങ്ങൾ. മതപരമായ വിശ്വാസം മാനദണ്ഡമാക്കിയാൽ ഒരു മുസ്ലീം ഭൂരിപക്ഷപ്രദേശം. അക്കാലത്ത് ഒട്ടുമിക്ക നാട്ടുരാജ്യങ്ങളും ഇന്ത്യയോട് ചേരുകയും ഒരു കൂട്ടിച്ചേർക്കൽ ഉടമ്പടി ഒപ്പുവയ്ക്കുകയുമുണ്ടായി. കാശ്മീരിലെ സ്ഥിതി വിഭിന്നമായിരുന്നു.

അവിടെ രാജാഹരിസിങ്ങ് ഇതിന് തയ്യാറായില്ല. അദ്ദേഹം 1947 ഒക്ടോബറിൽ സ്വാതന്ത്ര്യം കിട്ടി രണ്ടു മാസം കഴിഞ്ഞ് ബ്രിട്ടീഷ് ഗവർണർ ജനറൽ മൗണ്ട് ബാറ്റൺ പ്രഭുവിന് ഒരു കത്തെഴുതി. ‘‘ജമ്മുകാശ്മീർ ഇന്ത്യയുടെയോ

പാക്കിസ്ഥാന്റെയോ അധീശത്വം അംഗീകരിക്കുന്നില്ല. ഞങ്ങൾക്ക് ഇരുവരുമായും സാമ്പത്തികവും സാംസ്കാരികവുമായ ഒട്ടനവധി ബന്ധങ്ങൾ നിലനിൽക്കുന്നു. കൂടാതെ സോവിയറ്റ് യൂണിയനുമായും ചൈനയുമായും അതിർത്തി പങ്കിടുകയും ചെയ്യുന്നു. ഈ ഇരു രാജ്യങ്ങൾക്കും അവരുടെ വിദേശ നയതന്ത്രബന്ധങ്ങൾക്ക് ഇന്ത്യയുമായും പാക്കിസ്ഥാനുമായും ഇക്കാര്യം പരിഗണിക്കാതെ വയ്യ. എനിക്ക് ആരുടെ കൂടെ ചേരണം എന്ന് തീരുമാനിക്കുന്നതിന് സാവകാശം വേണം. ഇരുകൂട്ടരുടെ കൂടെ അല്ലാതെ സ്വതന്ത്രമായി ഇരുരാജ്യങ്ങളോടും നല്ല ബന്ധം പുലർത്തി നിൽക്കാനുള്ള കാര്യവും തീരുമാനിക്കണം.''

തന്ത്രപരമായ കാരണങ്ങളാൽ ബ്രിട്ടീഷുകാർക്ക് കാശ്മീരിന് സ്വതന്ത്ര പദവി നല്കുന്നതിനോട് താല്പര്യം ഉണ്ടായിരുന്നു. പക്ഷേ, കാശ്മീരി ജനത മഹാരാജാവിന്റെ ക്രൂരമായ അടിച്ചമർത്തൽ ഭരണം അനുഭവിച്ചവരായിരുന്നു. മറ്റു നാട്ടുരാജ്യങ്ങളിൽ എന്നപോലെ കാശ്മീരിലും സ്വാതന്ത്ര്യസമരം എന്നത് ബ്രിട്ടീഷുകാർക്ക് എതിരെ മാത്രമല്ല, നാട്ടുരാജാക്കന്മാർക്ക് എതിരെയും ആയിരുന്നു. ജന്മിത്ത ഭരണം എന്നത് ഭൂവുടമാവകാശത്തിന്റെ കേന്ദ്രീകരണവും കർഷകരെ കൊടിയ ചൂഷണം ചെയ്യലുമായിരുന്നു.

മൊത്തം രാജ്യവരുമാനത്തിന്റെ മൂന്നിലൊന്ന് ഹരിസിങ്ങ് മഹാരാജാവ് അദ്ദേഹത്തിന്റെ വ്യക്തിപരമായ ചെലവുകൾക്കായി ഉപയോഗിച്ചിരുന്നു. അതുപോലെ വൻകിട ഭൂവുടമകൾ ഭൂരിഭാഗം ഭൂപ്രദേശം കൈയടക്കിവയ്ക്കുകയും തൽഫലമായി മറ്റുള്ളവർ കൊടിയ ദുരിതത്തിലും ആയിരുന്നു.

ഷേക്ക് അബ്ദുള്ളയുടെ നേതൃത്വത്തിൽ നാഷണൽ കോൺഫറൻസ് രാജഭരണത്തിനെതിരെ വൻ പ്രക്ഷോഭം സംഘടിപ്പിച്ചു. 'രാജാവ് കാശ്മീർ വിടുക' എന്ന മുദ്രാവാക്യം ഉയർന്നു. സൂഫിസവും മറ്റുപ്രദേശിക പാരമ്പര്യരീതികളും തുടർന്നിരുന്ന നാട്ടുകാർ മതേതരമായ ഈ പ്രക്ഷോഭത്തിൽ അണിചേർന്നു.

സ്വതന്ത്രരാജ്യം എന്ന ഹരിസിങ്ങിന്റെ വാദത്തിന് ഭൂരിപക്ഷം നാട്ടുകാരുടെ പിന്തുണ ഇല്ലായിരുന്നു എന്ന് നിസ്സംശയം പറയാം. ജമ്മുവിന്റെ നാമത്തിൽ പാക്കിസ്ഥാനിൽ ചേരണം എന്ന ജിന്നയുടെ ആഹ്വാനവും കാശ്മീർ ജനത തള്ളിക്കളഞ്ഞു. അഖിലേന്ത്യാ ജമ്മുകാശ്മീർ മുസ്ലീം കോൺഫറൻസ് എന്ന സംഘടനയിൽപ്പെട്ട ചുരുക്കം ചിലർ മാത്രമാണ് പാക്കിസ്ഥാനിൽ ചേരണം എന്ന വാദം ഉയർത്തിയത്. യഥാർത്ഥത്തിൽ ജന്മിത്വ വിരുദ്ധ ജനകീയ സമരം നയിച്ച നേതാക്കൾ പാക്കിസ്ഥാനെ ഒരു യാഥാസ്ഥിതിക മുസ്ലീം രാജ്യമായി മാത്രമല്ല ഫ്യൂഡൽ താല്പര്യം ഉയർത്താൻ ശ്രമിക്കുന്ന രാജ്യമായി കൂടി കണ്ടിരുന്നു. നാഷണൽ കോൺഫറൻസിന്റെ പ്രാഥമിക ലക്ഷ്യം തന്നെ വൻകിട ജന്മി ഭൂവുടമസ്ഥത അവസാനിപ്പിക്കണം എന്നായിരുന്നു. ഇതിന് പാക്കിസ്ഥാൻ കൂട്ടു നില്ക്കില്ല എന്നും അവർക്ക് ഉറപ്പുണ്ടായിരുന്നു.

പാക്കിസ്ഥാൻ ബ്രിട്ടീഷ് പിന്തുണയോടെ കാശ്മീരിന്റെ വടക്ക് തെക്ക് പ്രവിശ്യകളെ ആക്രമിക്കാൻ സായുധ വിഭാഗങ്ങളെ സംഘടിപ്പിച്ചു. ഈ അക്രമികൾ മേൽപ്രദേശങ്ങളിൽ കൊടിയ അതിക്രമങ്ങൾ നടത്തി. ഹിന്ദുക്കളെയും മുസൽമാന്മാരെയും ആക്രമിച്ച് മുതലുകൾ മോഷ്ടിച്ച് മുന്നേറി ശ്രീനഗറിന്റെ അരികെ വരെ എത്തി. ഈ അവസരത്തിലാണ് നാഷണൽ കോൺഫറൻസ് ജനകീയസേന രൂപീകരിച്ച് പ്രതിരോധിക്കാനും പ്രത്യാക്രമണം നടത്താനും തുനിഞ്ഞത്. അവർ

നടത്തിയ ധീരോദാത്തമായ പ്രതിരോധത്തിൽ ശ്രീനഗർ പിടിച്ചുനിന്നു. ഒട്ടനവധിപേർ രക്തസാക്ഷികൾ ആയി.

ഹരിസിങ്ങ് വിശ്വസ്തരും ബന്ധുക്കളുമായി ജമ്മുവിലേക്ക് പലായനം ചെയ്തു. ഈ അവസരത്തിൽ മാത്രമാണ് അദ്ദേഹം ഇന്ത്യൻ പട്ടാളത്തിന്റെ സഹായം അഭ്യർത്ഥിച്ചുകൊണ്ട് മൗണ്ട് ബാറ്റൺ പ്രഭുവിന് കത്തെഴുതിയത്. പട്ടാള സഹായം ലഭ്യമാക്കുന്നതിന് ഇന്ത്യയുമായി കൂട്ടിച്ചേർക്കൽ ഉടമ്പടി ഒപ്പുവയ്ക്കേണ്ടത് അദ്ദേഹത്തിന് അനിവാര്യമായി വന്നു. തൽഫലമായി 1947 ഒക്ടോബർ 27-ാം തീയതി ഇന്ത്യയുമായി ഉടമ്പടി ഒപ്പിട്ടു. തുടർന്ന് ഇന്ത്യൻ പട്ടാളം ശ്രീനഗറിൽ എത്തുകയും പ്രദേശവാസികളുടെ സഹായത്തോടുകൂടി അക്രമികളെ തുരത്തുകയും ചെയ്തു. അപ്പോഴും ബ്രിട്ടീഷ് സ്വാധീനം ഉണ്ടായിരുന്ന ഇന്ത്യൻ പട്ടാളം, അക്രമികളെ ഉറി അതിർത്തിവരെ മാത്രമേ തുരത്തിയുള്ളൂ.

ഐക്യരാഷ്ട്രസഭ ഇടപെട്ടു. കാശ്മീരിന്റെ മൂന്നിലൊരു ഭാഗം അപ്പോഴും പാക്കിസ്ഥാൻ പട്ടാളത്തിന്റെ അധീനതയിൽ ആയിരുന്നു. ജനഹിതപരിശോധന എന്ന തത്വം അംഗീകരിക്കപ്പെട്ടു. അങ്ങനെയാണ് 'കാശ്മീർ തർക്കം' ഉടലെടുത്തത്.

എന്നാൽ പാക്സേന ആധിപത്യം സ്ഥാപിച്ച മേഖലയിൽ നിന്നും പിന്മാറാൻ തയ്യാറാകാത്തതുകൊണ്ട് ഹിതപരിശോധന നടത്താനായില്ല. കാശ്മീർ പ്രദേശത്തെ ജനത, ഇന്ത്യ, അവരുടെ സംസ്കാരവും സ്വയംഭരണാവകാശവും ജീവിതരീതിയും അടങ്ങുന്ന കാശ്മീരിയൻ ജീവിതശൈലി സംരക്ഷിക്കും എന്ന് വിശ്വസിച്ചു.

കാശ്മീരിന് മാത്രം അവകാശപ്പെടാവുന്ന ഈ പ്രത്യേക സാഹചര്യങ്ങൾ ആണ് അവർക്ക് പ്രത്യേകപദവി എന്ന ആശയത്തിൽ എത്തിച്ചത്. ഇത് യു എന്നിന്റെ നേതൃത്വത്തിൽ നടത്താൻ സാദ്ധ്യതയുള്ള അന്താരാഷ്ട്ര ഇടപെടലുകൾക്ക് തടയിടുകയും ചെയ്തു. ഇത് ഒരേ സമയം കാശ്മീർ ഇന്ത്യയുടെ ഭാഗമായി തുടരാനും എന്നാൽ കാശ്മീരി ജനതയ്ക്ക് സ്വയംഭരണാവകാശം നിലനിർത്താനും ഉതകി.

**ചോദ്യം: മഹാരാജാവിനെ പിന്തുണച്ചിരുന്നവർ ആരൊക്കെ?**

കാശ്മീരിലെ മുഴുവൻ ജനതയും ജാതിമതവ്യത്യാസമില്ലാതെ നീതിക്കും, സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടി ജന്മി വിരുദ്ധ സമരം നടത്തി, മഹാരാജാവിനും ബ്രിട്ടീഷുകാർക്കുമെതിരെ പോരാടിയപ്പോൾ, ആർ എസ് എസ്, രാജാവിനുവേണ്ടി ജന്മിമാരുടെയും മറ്റ് പിന്തിരിപ്പൻ ശക്തികളുടേയും ഹിന്ദുരാഷ്ട്ര സങ്കല്പം മുൻനിർത്തി വിഘടിപ്പിക്കാനാണ് ശ്രമിച്ചത്. ഹിന്ദുക്കളെ സഹായിക്കാൻ എന്ന വ്യാജേന മഹാരാജാവിന്റെ ചെയ്തികളെ ന്യായീകരിക്കാനും ജന്മിത്തം നിലനിർത്താനുമാണ് അവർ ശ്രമിച്ചത്. നാഷണൽ കോൺഫറൻസിന്റെ വർദ്ധിച്ചുവരുന്ന സ്വാധീനത്തെ ജമ്മുവിൽ പ്രജാപരിഷത് എന്ന സംഘടന ഉപയോഗിച്ച് തടയാനാണ് ഇവർ ശ്രമിച്ചത്.

സ്വാതന്ത്ര്യലബ്ധിക്ക് തൊട്ടുപിന്നിലുള്ള ജൂൺ-ജൂലൈ മാസങ്ങളിൽ മഹാരാജാവിന്റെ സ്വതന്ത്രകാശ്മീർ എന്ന സങ്കല്പത്തിനെ പിന്തുണക്കുകയാണ് ഇവർ ചെയ്തത്. പാക് പിന്തുണയോടെ ആക്രമണം സംഘടിപ്പിച്ച വിഘടനവാദികളെ

തുരത്താനുള്ള പോരാട്ടത്തിന്റെ പരിസരത്തൊന്നും ഇക്കൂട്ടർ ഇല്ലായിരുന്നു. ഇതിനേക്കാൾ ഭയാനകം ഇവർ ഇക്കാലത്ത് സായുധരായ ചെറുപ്പക്കാരെ മതപരമായി സംഘടിപ്പിച്ച് പരിശീലിപ്പിക്കുകയുമായിരുന്നു എന്നതാണ്. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ നടന്ന വർഗീയ കലാപം കാശ്മീർ താഴ്‌വരയിൽ ഉണ്ടായില്ല. എന്നാൽ പ്രജാപരിഷത്തിന്റെ നേതൃത്വത്തിൽ ജമ്മുവിൽ ഭീകരമായ വർഗീയകലാപം സംഘടിപ്പിക്കപ്പെട്ടു. നിഷ്‌ക്കളങ്കരായ ഒട്ടനവധി മുസ്ലീങ്ങൾ ജമ്മുവിൽ നിഷ്ഠൂരമായി കൊലചെയ്യപ്പെട്ടു.

കൂട്ടിച്ചേർക്കൽ ഉടമ്പടി ഒപ്പിട്ടശേഷം പ്രജാപരിഷത് അവരുടെ ഇരുരാജ്യസിദ്ധാന്തം അടിസ്ഥാനപ്പെടുത്തി ജമ്മുവിനേയും കാശ്മീരിനെയും വേർതിരിക്കാനുള്ള പ്രക്ഷോഭം ആരംഭിച്ചു. സ്വാതന്ത്ര്യലബ്ധിക്കുശേഷം പോലും അവിടെ ഇന്ത്യൻ പതാകയ്‌ക്കൊപ്പം മഹാരാജാവിന്റെ പതാക പാറിക്കുന്നത് അവർക്ക് ഒരു തടസ്സമായിരുന്നില്ല. എന്നാൽ ജമ്മുകാശ്മീരിൽ പുതുതായി രൂപം കൊണ്ട നിയമസഭ രാജഭരണം അവസാനിപ്പിച്ചതായി പ്രഖ്യാപനം നടത്തിയശേഷം മാത്രമാണ് രാജാവിന്റെ കൊടിമാറ്റി പകരം സംസ്ഥാനത്തിന്റെ കൊടി ഉപയോഗിക്കണം എന്ന് തീരുമാനിച്ചത്. അപ്പോൾ മുതലാണ് ഒരു രാജ്യം ഒരു പതാക എന്ന പുതിയ ആവശ്യം അവർ ഉയർത്തിത്തുടങ്ങിയത്. നേപ്പാളിൽ രാജാവിന് അനുകൂലമായ നിലപാട് കൈക്കൊണ്ടതുപോലെ ആർ എസ് എസ്, കാശ്മീരിലും മതത്തിന്റെ മറവിൽ രാജ ഭരണത്തിന് കൂട്ട് നില്ക്കുകയാണ് ഉണ്ടായത്. രാജഭരണത്തിന്റെ അതിക്രമങ്ങൾക്ക്എതിരെ ഉണ്ടായ ജനകീയ പ്രക്ഷോഭത്തിനെ ഫലത്തിൽ തളർത്താൻ മാത്രമാണ് ഇവരുടെ നിലപാടുകൾക്ക് ആയത്.

**ചോദ്യം: എന്താണ് ആർട്ടിക്കിൾ 370 ഉം 35 എ യും? എന്നാണ് ഇവ ഉണ്ടാക്കിയത്?**

1947 ഒക്ടോബർ 30 ന് മഹാരാജാവ് ഒരു ഉത്തരവിലൂടെ ഷെയ്ക്ക് അബ്ദുള്ളയെ അടിയന്തിര ഭരണസമിതിയുടെ മേധാവിയായി നിയമിച്ചു. തുടർന്ന് 1948 മാർച്ച് 5 ന് അദ്ദേഹത്തെ പ്രധാനമന്ത്രിയാക്കി ഒരു ഇടക്കാല സർക്കാർ രൂപീകരിക്കപ്പെട്ടു. അവർ സംസ്ഥാനത്തിന്റെ ഭരണഘടന രൂപീകരിക്കുന്നതിന് ഒരു ദേശീയ നിയമസഭ രൂപീകരിക്കുവാൻ നിശ്ചയിച്ചു. എങ്കിലും മഹാരാജാവ് സ്ഥാനപ്പേർ മാത്രമുള്ള മേധാവിയായി തുടർന്നു.

തുടർന്ന് ഭാരതസർക്കാർ കാശ്മീരി നേതൃത്വവുമായി അവർക്ക് നേരത്തേ ഉറപ്പുനല്കിയിരുന്ന പ്രത്യേകപദവി സംബന്ധമായ കാര്യങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ആരംഭിച്ചു.

ഇപ്പോൾ ആർ.എസ്.എസ് – ബി.ജെ.പി പ്രചരിപ്പിക്കുന്നത് സർദാർവല്ലഭായി പട്ടേൽ ഇത്തരത്തിൽ കാശ്മീരിന് പ്രത്യേകപദവി നല്കുന്നതിന് എതിരായിരുന്നു എന്നാണ്. എന്നാൽ യാഥാർത്ഥ്യം മറിച്ചാണ്. 1949 മേയ് മാസം 15, 16 തീയതികളിൽ പട്ടേലിന്റെ വീട്ടിൽ വിളിച്ചു കൂട്ടിയ യോഗത്തിൽ നെഹ്റുവും അബ്ദുള്ളയും പങ്കെടുത്തിരുന്നു. ഇവരെല്ലാവരും അംഗീകരിച്ച കാര്യം നെഹ്റു അബ്ദുള്ളക്ക് എഴുതി കത്തിൽ വ്യക്തമാണ്. 'ഏതെല്ലാം വിഷയങ്ങളിൽ വഴങ്ങണം എന്ന് പൂർണ്ണമായും തീരുമാനിക്കേണ്ടത് പുതുതായി വിളിച്ചു ചേർക്കുന്ന കാശ്മീരിന്റെ ഭരണഘടന അസംബ്ലി ആയിരിക്കും.' നെഹ്റുവിന്റെ മന്ത്രിസഭാംഗമായിരുന്ന ശ്യാമപ്രസാദ്

മുഖർജിയും കാശ്മീർ സംബന്ധിച്ച തീരുമാനങ്ങളിൽ പങ്കാളിയായിരുന്നു. ആർട്ടിക്കിൾ 370 (കരടിലെ 306 എ) ചർച്ച ചെയ്ത് അംഗീകരിച്ച സമയത്തെ ഭരണഘടന അസംബ്ലി അധ്യക്ഷൻ ഡോക്ടർ രാജേന്ദ്രപ്രസാദ് ആയിരുന്നു. കാശ്മീരിന് പ്രത്യേകപദവി നല്കുവാൻ തീരുമാനം എടുത്തത് അന്നത്തെ രാജ്യ നേതൃത്വം ഒന്നടങ്കം ഒത്തൊരുമിച്ചായിരുന്നു.

1949 ഒക്ടോബറിൽ ഭരണഘടനാ അസംബ്ലിയിലെ ചർച്ചകളിലൂടെ അംഗീകരിച്ച വിഷയങ്ങൾ ആണ് ആർട്ടിക്കിൾ 370 രൂപീകരണത്തിൽ എത്തിച്ചത്. അത് ജമ്മു കാശ്മീർ സംസ്ഥാനത്തെ സ്വയംഭരണത്തിന്റെ ചട്ടക്കൂടിന് രൂപം നൽകി. കൂട്ടിച്ചേർക്കൽ ഉടമ്പടിയിൽ പ്രത്യേകമായി പറഞ്ഞിരുന്ന മൂന്ന് കാര്യങ്ങളായ വിദേശകാര്യം, പ്രതിരോധം, വാർത്താവിനിമയം എന്നിവ ഒഴികെ മറ്റു കാര്യങ്ങൾ കാശ്മീരിന്റെ അധികാരപരിധിയിലാക്കി. സ്വന്തമായ ഭരണഘടനയും പതാകയും ഉറപ്പാക്കി. കൂട്ടിച്ചേർക്കൽ കരാർ പ്രകാരം അനുവദിച്ചിരുന്ന മൂന്നു വിഷയങ്ങളിൽ നിയമം നടപ്പാക്കുന്നതിന് കേന്ദ്രത്തിന് സംസ്ഥാനവുമായി ചർച്ച ചെയ്താൽ മതിയാകുമായിരുന്നു. പക്ഷേ, മറ്റു വിഷയങ്ങൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ അനുമതി തന്നെ വേണം. 1949 ഒക്ടോബർ 17 ന് സംസ്ഥാന നിയമസഭയിൽ 370–ാം അനുച്ഛേദം നടപ്പിലാക്കിയത് പ്രഖ്യാപിച്ചുകൊണ്ട് ശ്രീ.എൻ.ഗോപാലസ്വാമി അയ്യങ്കാർ ഇങ്ങനെ പറഞ്ഞു. 'നിങ്ങൾക്ക് നല്കിയ പ്രത്യേകപദവി ഇന്ത്യയുടെ കാശ്മീർ ജനതയോടും കാശ്മീർ സർക്കാരിനോടും ഉള്ള പ്രതിബദ്ധതയാണ്.'

ആർട്ടിക്കിൾ 370 പ്രകാരം കാശ്മീരി ജനതക്ക് നല്കിയ പരിരക്ഷ അവരുടെ തനത് സംസ്കാരവും വ്യക്തിത്വവും ഇന്ത്യക്കുള്ളിൽ നിലനിർത്തുന്നതിന് ഉതകുമായിരുന്നു. ഭരണഘടന അസംബ്ലി ആർട്ടിക്കിൾ 370 ഉൾപ്പെടുത്തുന്നതിന്റെ ചരിത്രം ഇതാണ്. തുടർന്ന് 1952 ൽ കേന്ദ്രഗവൺമെന്റും കാശ്മീരി ഗവൺമെന്റും ഡൽഹി കരാർ ഒപ്പിട്ടു. 1954–ൽ പ്രസിഡൻഷ്യൽ ഉത്തരവിലൂടെ ആർട്ടിക്കിൾ 370–ൽ നിന്നും കിട്ടിയ അധികാര പ്രകാരം ആർട്ടിക്കിൾ 35 എ നടപ്പാക്കി. ഇത് വഴി കാശ്മീർ സർക്കാരിന് അവരുടെ സ്ഥിര താമസക്കാരുടെ അവകാശങ്ങളും പ്രത്യേക ആനുകൂല്യങ്ങളും നിശ്ചയിക്കാനുള്ള അധികാരം കൈവന്നു.

നേരത്തെ കാശ്മീർ പണ്ഡിറ്റുകളുടെ നേതൃത്വത്തിൽ പ്രദേശത്തെ ജനത രാജഭരണകാലത്തു തന്നെ പുറത്തുനിന്നുള്ള ഭൂവുടമകൾ അവരുടെ മനോഹരമായ രാജ്യത്ത് ഭൂമി വാങ്ങുന്നതിൽ നിന്നും തങ്ങൾക്ക് സംരക്ഷണം ആവശ്യപ്പെട്ടിരുന്നു. 1927 ലെ പിന്തുടർച്ചാ നിയമ പ്രകാരം കാശ്മീരിലെ ഭൂമിയുടെ ഉമടസ്ഥതയും സർക്കാർ ഓഫീസുകളുടെ സേവനവും തദ്ദേശീയർക്കു മാത്രമായി പരിമിതപ്പെടുത്തിയിരുന്നു. 1954 ൽ ആർട്ടിക്കിൽ 35 എ നിയമം ആയപ്പോൾ 1927 ലെ നിയമം അസാധുവായി. 35 എ പ്രകാരം സംസ്ഥാന നിയമസഭയ്ക്ക് സ്ഥിരതാമസക്കാരുടെ പ്രത്യേക അവകാശങ്ങൾ സംബന്ധമായ തീരുമാനങ്ങൾ എടുക്കാനുള്ള അധികാരം ലഭിച്ചു.

370 സംബന്ധിച്ച് സുപ്രീംകോടതിയിൽ കേസുണ്ട്. ഇതിന്റെ വിധി വരാൻ പോലും കാത്തു നില്ക്കാനുള്ള ക്ഷമ കാണിക്കാതെ തിടുക്കത്തിൽ ഇപ്പോൾ ഈ നടപടി കൊണ്ടുവന്നത് മുസ്ലീം ഭൂരിക്ഷസംസ്ഥാനത്തിന്റെ ജനസംഖ്യാ അനുപാതം ബോധപൂർവ്വം അട്ടിമറിക്കാനുള്ള ബി ജെ പിയുടെ ഗൂഢ ഉദ്ദേശം തന്നെയാണ്. ഇപ്പോൾ കാശ്മീരിൽ ഏത് ഇന്ത്യാക്കാരനും ഭൂമി വാങ്ങാം എന്ന പ്രചാരണം

ഇതിലേക്കാണ് വിരൽചൂണ്ടുന്നത്. വെസ്റ്റ് ബാങ്കിൽ ജൂതകുടിയേറ്റം പ്രേരിപ്പിക്കുന്ന ഇസ്രായേൽ വംശീയ നയത്തിന് സമാനമാണിത്.

ഇനി പറയാൻ പോകുന്ന കാര്യങ്ങൾപോലെ കുറേക്കാലമായി മുൻ കോൺഗ്രസ് സർക്കാർ ഉൾപ്പെടെയുള്ള കേന്ദ്രഗവൺമെന്റ് നടപ്പിലാക്കിയ പല നടപടികളും ആർട്ടിക്കിൾ 370-നെ ക്ഷയിപ്പിച്ചിട്ടുണ്ട്. ഇതുവഴി ജമ്മുകാശ്മീരിന്റെ സ്വയംഭരണാവകാശം ദുർബലപ്പെടുത്തുകയും ചെയ്തു.

**ചോദ്യം: പ്രത്യേക പദവി ജമ്മുകാശ്മീരിന് മാത്രമോ?**

ബി.ജെ.പിയുടെ പ്രചരിപ്പിക്കുന്നതു പോലെ ജമ്മുകാശ്മീരിനു മാത്രമല്ല പ്രത്യേകമായ പദവി ലഭിക്കുന്നത്. ആർട്ടിക്കിൾ 371, 371 (A) മുതൽ 371 (i) വരെയുള്ള വകുപ്പുകൾ മറ്റു പല സംസ്ഥാനങ്ങൾക്കും പ്രത്യേക പദവി നല്കുന്നു. ഇതുപ്രകാരം ഈ സംസ്ഥാനങ്ങളിൽ ഭൂമി വാങ്ങുന്നതിനും ജോലി ലഭിക്കുന്നതിനും സ്ഥിരം താമസക്കാർ അല്ലാത്തവർക്ക് നിരോധനമുണ്ട്. 371 ഉപവകുപ്പുകൾ മഹാരാഷ്ട്ര, ഗുജറാത്ത്, അരുണാചൽപ്രദേശ്, ആസ്സാം, ഹിമാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാന്റ്, സിക്കിം, ത്രിപുര, ഉത്തരാഖണ്ഡ്, ഗോവ, കർണ്ണാടക എന്നീ സംസ്ഥാനങ്ങൾക്കുവേണ്ടിയാണ്.

ഇതിനും പുറമെ ഭരണഘടനയുടെ അനുബന്ധപട്ടിക 5, 6 എന്നിവ കണിശമായി ആദിവാസി, ഗോത്രസമൂഹങ്ങളുടെ ഉടമവസ്ഥാവകാശത്തിലോ കൈവശത്തിലോ ഉള്ള ഭൂമി മറ്റ് വിഭാഗക്കാർക്ക് വാങ്ങുന്നത് വിലക്കിയിട്ടുമുണ്ട്.

ബി.ജെ.പിയുടെ ഇരട്ട മുഖം വ്യക്തമാക്കുന്നതാണ് അവരുടെ 35 A വകുപ്പ് റദ്ദ് ചെയ്യുന്നതിനുള്ള നിലപാട്. രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നുള്ള ആർക്കും ഇനി കാശ്മീരിൽ ഭൂമി വാങ്ങാം എന്ന് വ്യാപകമായി പ്രചരിപ്പിക്കുമ്പോൾ തന്നെ അതേ ബി.ജെ.പിയുടെ ജമ്മുവിലെ നേതാക്കൾ ഇതിനു ഘടകവിരുദ്ധമായി ഭൂമി ഉടമസ്ഥത തദ്ദേശീയർക്കായി പരിമിതപ്പെടുത്തണം എന്ന് ആവശ്യപ്പെടുന്നു. 35 A വകുപ്പ് അവർ തന്നെ റദ്ദു ചെയ്യുന്നു. എന്നിട്ട് അതേ വകുപ്പിന്റെ പരിരക്ഷയ്ക്കായി വേറൊരിടത്ത് മുറവിളികൂട്ടുന്നു-എന്തൊരു വിരോധാഭാസം!

ഇന്ത്യൻ ഭരണഘടനയിൽ ഇത്തരം പ്രത്യേകം പദവിയും പരിരക്ഷയും വിഭാവനം ചെയ്തിരിക്കുന്നത് ചില പ്രത്യേക ഭൂപ്രദേശങ്ങളുടെയും സംസ്ഥാനങ്ങളുടെയും പ്രത്യേക അവകാശങ്ങളും ഫെഡറൽ സ്വഭാവവും സംരക്ഷിക്കുന്നതിനാണ്. ഇന്ത്യ വ്യത്യസ്തങ്ങളായ ഭാഷ, സംസ്കാരം, ജാതി, മത വിശ്വാസങ്ങൾ എന്നിവ നിലനിൽക്കുന്ന രാജ്യമാണ്. അസന്തുലിതമായ വികസനവും രാജ്യത്തുണ്ട്. ഇത്തരം വൈവിദ്ധ്യങ്ങളെ അംഗീകരിക്കുന്നതിന് കൂടിയാണ് ഭരണഘടനയിലെ വ്യത്യസ്ത ആർട്ടിക്കിളുകൾ ജമ്മുകാശ്മീരിന്റെ ആവശ്യങ്ങൾ ഉയർന്നുവന്നത് പ്രത്യേക പശ്ചാത്തലത്തിലാണ്.

മുസ്ലീം ഭൂരിപക്ഷപ്രദേശമായിരുന്ന ജമ്മുകാശ്മീർ മതനിരപേക്ഷമായ ഇന്ത്യയോട് ചേരാനാണ് തീരുമാനം എടുത്തത്. അല്ലാതെ മുസ്ലീം രാജ്യമാകാൻ പോകുന്ന പാക്കിസ്ഥാനോട് ചേരാൻ അല്ല. ആർട്ടിക്കിൾ 370 എന്നത് കാശ്മീർ ജനതയ്ക്ക് ഇന്ത്യ നല്കിയ ദൃഢമായ ഒരു ഉറപ്പാണ്. അവരുടെ സവിശേഷമായ സ്വത്വത്തെ നാം മാനിക്കും എന്ന ഉറപ്പ്. 371 പ്രകാരം മറ്റു പല സംസ്ഥാനങ്ങൾക്കും

നൽകിയതും സമാനമായ ഉറപ്പാണ്. നരേന്ദ്രമോദി സർക്കാർ ഈ ഉറപ്പിനെ വഞ്ചിക്കുകയും ഫെഡറലിസത്തിന് ആഘാതമേൽപ്പിക്കുകയും ചെയ്തു. നാളെ ഇത് ഒരു മറയാക്കിയോ അല്ലാതെയോ മറ്റു സംസ്ഥാനങ്ങൾക്ക് നിലനില്ക്കുന്ന പരിരക്ഷയും ഇല്ലായ്മയും ചെയ്യപ്പെടാം.

**ചോദ്യം: എങ്ങിനെയാണ് ജമ്മുകാശ്മീരിന് പ്രത്യേകപദവി എന്നത് നടപ്പിലാക്കിയത്?**

കാശ്മീരിന്റെ ഭരണഘടന തയ്യാറാക്കുന്നതിന് 45 അംഗ ഭരണഘടന അസംബ്ലിയെ തെരഞ്ഞെടുത്തിരുന്നു. കേന്ദ്രസർക്കാരിന്റെ അനുമതിയോടെ 1951 നവംബർ 5-ന് ഈ ഭരണഘടന അസംബ്ലി നിലവിൽ വന്നു. ഈ ഭരണഘടനാ അസംബ്ലി സംസ്ഥാനത്തിന്റെ ഭരണഘടന അംഗീകരിച്ച ശേഷം 1956 നവംബറിൽ സ്വയം പിരിച്ചുവിട്ടു.

ആ ഭരണഘടനയുടെ ആർട്ടിക്കിൾ 3, കാശ്മീർ ഇന്ത്യയുടെ അവിഭാജ്യമായ ഭാഗമാണ് എന്ന് അസന്നിഗ്ദ്ധമായി പറയുന്നു. പിന്നെ ഇത് വേറിട്ട്പോകലിന് ഇടവയ്ക്കും എന്ന് എങ്ങിനെ പറയാനാകും?

ഇന്ത്യൻ ഭരണഘടന ഉറപ്പു നൽകുന്ന ഓരോരുത്തർക്കും അവർ തെരഞ്ഞെടുക്കുന്ന ഏതു മതത്തിലും വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം ഉൾപ്പെടെയുള്ള എല്ലാ സ്വാതന്ത്ര്യങ്ങളും കാശ്മീരിന്റെ ഭരണഘടനയുടെ ഭാഗമാണെന്നത് പ്രധാനമാണ്. മുസ്ലീം മതമൗലികവാദവും വേറിട്ടുപോകലിനെ പ്രോത്സാഹിപ്പിക്കുന്നതുമാണെന്ന് കാശ്മീരിന്റെ ഭരണഘടന ഒരു മതനിരപേക്ഷ രേഖയാണ്.

മറിച്ച് ഈ നിയമസഭ അവരുടെ പ്രത്യേക പദവി ഉപയോഗിച്ച് രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ അനുവദനീയമല്ലാത്ത ചില പുരോഗമനപരമായ നടപടികളും നടത്തുകയുണ്ടായി. ആദ്യമായി രാജഭരണം അവസാനിപ്പിച്ച് രാജാവിന്റെ പ്രത്യേക ആനുകൂല്യങ്ങളും അവകാശങ്ങളും റദ്ദ് ചെയ്തു. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ രാജാവിന്റെ സ്വകാര്യ ചിലവിന് പൊതുമുതൽ എടുക്കുന്ന സമ്പ്രദായം (പ്രവി പേഴ്സ്) നിർത്തലാക്കുന്നിനും വളരെ മുമ്പേതന്നെ ഇത് നടപ്പിലാക്കി, ജനാധിപത്യ നടപടികൾ ഊർജ്ജിതപ്പെടുത്തി. രണ്ടാമതായി 1950 ൽ തന്നെ വൻകിട എസ്റ്റേറ്റുകൾ നിരോധിക്കുകയും കടാശ്വാസനിയമം കൊണ്ടുവരുകയും ചെയ്തു. നഷ്ടപരിഹാരം നല്കാതെ തന്നെ ഏറ്റവും പുരോഗമനപരമായ നടപടിയിലൂടെ വൻകിട തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്തു. 370 വകുപ്പ് നല്കിയ പ്രത്യേക അധികാരം ഉപയോഗിച്ച് ഭൂ ഉടമകളുടെ അവകാശങ്ങൾക്ക് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 31 പ്രകാരമുള്ള സംരക്ഷണം ആർട്ടിക്കിൾ 370 പ്രകാരം കാശ്മീരിന് ബാധകമല്ല. അതുകൊണ്ടാണ് ഇത് സാദ്ധ്യമായത്.

ഈ രണ്ടു നടപടികളും ജന്മിത്വത്തിനെ ചൊടിപ്പിച്ചു. ഇതാണ് ആർ എസ് എസിനെയും കൂട്ടാളികളെയും ജമ്മുകാശ്മീരിന്റെ പ്രത്യേക പദവിക്കെതിരെയുള്ള പ്രചാരണത്തിന് ആക്കം കൂട്ടാൻ പ്രേരിപ്പിച്ചത്.

പട്ടികജാതിക്കാർക്കും പട്ടികവർഗക്കാർക്കും ജമ്മുകാശ്മീരിൽ രാഷ്ട്രീയ മണ്ഡലത്തിൽ സംവരണം നിലവിലില്ല. പക്ഷേ, ഇത് ഒരു കുറവാണ് എങ്കിൽ അത് രാഷ്ട്രീയ ചർച്ചകളിലൂടെയും സമവായത്തിലൂടെയും നടപ്പിലാക്കാനാണ് ശ്രമിക്കേണ്ടത്. ജോലിയുടെ കാര്യത്തിൽ സംവരണം ഉണ്ടെന്നതും പ്രസക്തം. എന്നാൽ

കഴിഞ്ഞ അനവധി പതിറ്റാണ്ടുകളിൽ ഒന്നും ഇങ്ങനെ ഒരു ആവശ്യം ഉയർത്തുകയോ പരിഹരിക്കാൻ ശ്രമിക്കുകയോ ചെയ്തിട്ടില്ല എന്ന് കാണാം. എന്നാൽ ഇപ്പോൾ കൊണ്ടുവന്ന ഈ കിരാത നടപടിയുടെ മറവിൽ പിന്നാക്ക വിഭാഗക്കാരുടെ പിന്തുണ ആർജ്ജിക്കാനുള്ള ഒരു പ്രചാരണ ആയുധമായി ബി.ജെ.പി ഇതിനെ ഉപയോഗിക്കാൻ ശ്രമിക്കുന്നു.

**ചോദ്യം: ആർട്ടിക്കിൾ 370 കാശ്മീരിനെ ഇന്ത്യയുടെ അഖണ്ഡ ഭാഗമാക്കുന്നിന് തടസ്സം ആകുന്നുണ്ടോ?**

തന്റെ നടപടിയെ ന്യായീകരിക്കുന്നതിന് വേണ്ടി അമിത്ഷാ പാർലമെന്റിൽ പറഞ്ഞത് ആർട്ടിക്കിൾ 370 കാശ്മീരിനെ ഇന്ത്യയുടെ ഭാഗമാക്കുന്നതിന് തടസ്സമായി നില്ക്കുന്നു എന്നും അതിനാലാണ് അത് റദ്ദ് ചെയ്തതും എന്നാണ്. കാശ്മീർ ജനത സ്വമേധയാ ഇന്ത്യയിൽ ലയിക്കുന്നതിനായി നൽകിയ ഉറപ്പുകളാണ് ഭരണഘടനയുടെ 370–ാം ആർട്ടിക്കിളിൽ ഉള്ളത്. ഈ ഭരണഘടനാപരമായ പരിരക്ഷയാണ് കാശ്മീരി ജനതയ്ക്ക് അവരുടെ ഭാവി ഇന്ത്യയിലാണ് എന്ന തോന്നൽ ഉണ്ടാക്കിയത്. എന്നാൽ 370–ാം വകുപ്പിന് തുടർന്ന് വന്ന കേന്ദ്രസർക്കാരുകളുടെ ഭാഗത്ത് നിന്നും പലപ്പോഴും ഭീഷണി നേരിടേണ്ടിവന്നു. 1953 മുതൽ തന്നെ കേന്ദ്രം ജമ്മുകാശ്മീരിന്റെ പ്രത്യേക പദവി ലഘൂകരിക്കാനുള്ള ശ്രമം തുടങ്ങിയിരുന്നു. അധികാര കേന്ദ്രീകരണത്തിനും, സ്വയംഭരണം തകർക്കാനും ഉള്ള ശ്രമം അറുപതുകളിലും എഴുപതുകളിലും തൊണ്ണൂറുകളിലും തുടർന്നു. സംസ്ഥാനത്തിന്റെ സ്വയംഭരണാവകാശം കുറയ്ക്കുന്നതിനോ ഇല്ലായ്മ ചെയ്യുന്നതിനോ ആർട്ടിക്കിൾ 370 അട്ടിമറിച്ചു. 1954 നും 2010 നും മിടയിൽ 42 തവണ ഉത്തരവുകൾ ഇതിനുവേണ്ടി കേന്ദ്രം ഇറക്കിയിട്ടുണ്ട് എന്നു കാണാം. ഇവയാണ് കേന്ദ്ര ഇടപെടലിനുള്ള സാദ്ധ്യത തുറന്നിട്ടത്. ഇത് ആർട്ടിക്കിൾ 370 സൃഷ്ടിക്കുന്ന സമയത്ത് ചിന്തിച്ചിരുന്ന കാര്യങ്ങളേ അല്ല.

കേന്ദ്രീകരണ നടപടികളുടെ ഭാഗമായി ആർട്ടിക്കിൾ 370 ന്റെ യഥാർത്ഥ ഗുണം നഷ്ടപ്പെടുത്തുന്ന നിരവധി ഉത്തരവുകൾ വഴി യൂണിയൻ ലിസ്റ്റിൽ പെടുന്ന 97 നിയമനിർമ്മാണ കാര്യങ്ങളിൽ 94 എണ്ണവും കൺകറന്റ് ലിസ്റ്റിൽ പെടുന്ന 47 ൽ 26 എണ്ണവും ജമ്മുകാശ്മീരിന് ബാധകമാക്കിയിരുന്നു. സ്വയംഭരണാധികാരത്തിനുള്ള അധികാരം ലഘൂകരിക്കപ്പെട്ടപ്പോൾ തന്നെ സംസ്ഥാനത്ത് ജനാധിപത്യ അവകാശങ്ങൾ അടിച്ചമർത്തലും തുടങ്ങിയിരുന്നു. തിരഞ്ഞെടുക്കപ്പെട്ട സർക്കാരുകളെ തുടർച്ചയെന്നോണം പിരിച്ചുവിടുകയും ഇലക്ഷനുകളിൽ കൃത്രിമം കാട്ടുകയും ചെയ്തതായി കാണാം. 1987 ലെ തിരഞ്ഞെടുപ്പ് ഒരു ഉദാഹരണം. സംസ്ഥാനത്തെ ജനതയെ പ്രത്യേകിച്ച് കാശ്മീർ താഴ്‌വരയിൽ ഒട്ടനവധി കൊടിയ അതിക്രമങ്ങൾക്കും വെടിവെപ്പിനും അറസ്റ്റിനും പെല്ലറ്റ് പരുക്കുകൾക്കും വിധേയരാക്കി. ഇതിലൂടെ ഒട്ടനവധി ചെറുപ്പക്കാർക്ക് കാഴ്ചശക്തി നഷ്ടപ്പെട്ടു. സായുധപൊലീസിന്റെയും പട്ടാളത്തിന്റെ അതിശക്തമായ സാന്നിദ്ധ്യം താഴ്‌വരകളിൽ എപ്പോഴും ഉണ്ടായി. അഎജടഅ (സായുധ പൊലീസിന് പ്രത്യേക അധികാരം നല്കുന്ന നിയമം) സംസ്ഥാനത്ത് ഉടനീളം വ്യാപകമായി ഉപയോഗിക്കപ്പെട്ടു.ഈ സ്പഷ്ടമായ അന്യായമായ നടപടികളാണ് അവിടുത്തെ ജനങ്ങളെ വലിയ തോതിൽ അന്യ

വൽക്കരിക്കുന്നതിലേക്കു നയിച്ചത്.

ഉദ്ഗ്രഥനം ഒരിക്കലും ബലപ്രയോഗത്തിലൂടെയോ അടിച്ചമർത്തലിലൂടെയോ ആവരുത്. അത് രാഷ്ട്രീയ സംവാദത്തിലൂടെ മാത്രമേ കൈവരിക്കാവൂ. എന്നിരുന്നാലും ആവർത്തിച്ചുള്ള ഉറപ്പുകളുണ്ടെങ്കിലും കേന്ദ്രസർക്കാർ കാശ്മീരിലെ ജനങ്ങളുമായോ അവരുടെ പ്രതിനിധികളുമായോ ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ സംവാദം നിഷേധിച്ചിരിക്കുന്നു.

കേന്ദ്രസർക്കാർ അവരുടെ നയസമീപനത്തിൽ അങ്ങേയറ്റം വിവേചനപരമായാണ് പ്രവർത്തിക്കുന്നത്. മറുവശത്ത് അവർ നാഗാ വിഘടനവാദികളുടെ പ്രതിനിധികളോട് ചർച്ചകൾ നടത്തുന്നു അതും വിദേശമണ്ണിൽവെച്ച്, പക്ഷേ, കാശ്മീരിലെ എല്ലാ വിഭാഗങ്ങളോടും സംസാരിക്കാൻ വിസമ്മതിക്കുന്നു. മോദി സർക്കാരിന്റെ ഭാഗത്തുനിന്നുള്ള രാഷ്ട്രീയ മുൻകൈയുടെ ഈ അഭാവമാണ് സംസ്ഥാനത്തിലെ സ്ഥിതിഗതികളെ  കൂടുതൽ വഷളാക്കിയത്.

എങ്കിലും അനുച്ഛേദം 370–ൽ എല്ലാതരത്തിലും വെള്ളംചേർത്തെങ്കിലും ഇപ്പോഴും കാശ്മീരിന്റെ സ്വയംഭരണത്തിന്റെ അടയാളമായും കാശ്മീരിന്റെ അവകാശങ്ങൾ പുന:സ്ഥാപിക്കാനുള്ള രാഷ്ട്രീയ സാധ്യതയായും നിലനിൽക്കുന്നു. ഇപ്പോൾ അത് മോദി സർക്കാർ ഇല്ലാതാക്കിയിരിക്കുന്നു.

**ചോദ്യം: അനുച്ഛേദം 370 തീവ്രവാദത്തിനും കാശ്മീരി പണ്ഡിറ്റുകളുടെ കഷ്ടപ്പാടുകൾക്കും കാരണമാകുന്നുവോ?**

ബി.ജെ.പി അവകാശപ്പെടുന്നത് അനുച്ഛേദം 370 ജമ്മുകാശ്മീരിൽ വിഘടനവാദത്തിനും തീവ്രവാദത്തിനും ജന്മംനൽകിയെന്നാണ്. ഇത് നോട്ട് റദ്ദാക്കലിനു നൽകിയതുപോലെയുള്ള തികച്ചും സ്വയംകൃതാനാർത്ഥമായ വാദമാണ്. പ്രധാനമന്ത്രി നോട്ട് റദ്ദാക്കൽ തീവ്രവാദം അവസാനിപ്പിക്കുമെന്ന് പറഞ്ഞിരുന്നു, എന്നാൽ അത് തീർത്തും തെറ്റാണെന്ന് തെളിയിക്കപ്പെട്ടു. മറ്റു സംസ്ഥാനങ്ങളിലും ദീർഘകാലം നീണ്ടുനിന്ന തീവ്രവാദം കാണാവുന്നതാണ്. പഞ്ചാബിൽ തീവ്രവാദ പ്രവർത്തനങ്ങളിലൂടെ ഖാലിസ്ഥാനി വാദികൾ നാശംവിതച്ചപ്പോൾ അവിടെ അനുച്ഛേദം 370 ഉണ്ടായിരുന്നില്ല. വടക്കു കിഴക്കിന്റെ ഭൂരിഭാഗങ്ങളിലും തീവ്രവാദ പ്രവർത്തനങ്ങളാൽ കുഴപ്പങ്ങളുണ്ടായപ്പോൾ അവിടെയും അനുച്ഛേദം 370 ഉണ്ടായിരുന്നില്ല. രാഷ്ട്രീയവും സാമ്പത്തികവുമായ സാഹചര്യങ്ങളാണ് മുമ്പും ഇപ്പോഴും തീവ്രവാദ സംഘങ്ങൾക്കും പ്രവർത്തനങ്ങൾക്കും അടിത്തറയൊരുക്കുന്നത്.

വസ്തുതയെന്തെന്നാൽ, അനുച്ഛേദം 370 അനുസരിച്ചുള്ള സ്വയംഭരണത്തിന്റെ റദ്ദാക്കലും ജനാധിപത്യത്തിന്റെ ഹീനമായ അടിച്ചമർത്തലുമാണ് അതൃപ്തിക്കും അന്യവൽക്കരണത്തിനും തീകൊളുത്തിയത്. അത് വിഘടനവാദത്തിന്റെ വളർച്ചയ്ക്കും പാകിസ്ഥാനും ഹിസ്ബുൾ മുജാഹിദീൻ പോലുള്ളതും, പിന്നീട് പാകിസ്ഥാൻ കേന്ദ്രമാക്കിയുള്ള തീവ്രവാദി സംഘങ്ങളായ ജെയ്ക്ക്–ഇ–മുഹമ്മദും ലഷ്ക്കർ ഇ – തൊയ്ബയും പാകിസ്ഥാൻ പിന്തുണയ്ക്കുന്ന ഇസ്ലാമികശക്തികളും സഹായിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ഭീകരവാദത്തെ വളർത്തി.

താഴ്വരയിലെ ഇക്കാലത്തെ മൗലികവാദ ശക്തികളുടെ വളർച്ച ഏറ്റവും നശീകരണ അനന്തരഫലങ്ങളുണ്ടാക്കി. കാശ്മീരിയത്തിന്റെ മതനിരപേക്ഷ അടി

ത്തറ ദുർബലപ്പെട്ടു. ഇപ്പോൾ പാകിസ്ഥാന്റെ പൂർണ്ണ പിന്തുണയുള്ള തീവ്ര ഇസ്ലാമികശക്തികളാൽ അതിനെ അടിച്ചമർത്തപ്പെടുകയുമാണ്. ഇതിന്റെ ആദ്യ വലിയ ഉദാഹരണം തൊണ്ണൂറുകളുടെ ആദ്യത്തിൽ കാശ്മീരി പണ്ഡിറ്റുകളെ ഭീകരമായി ലക്ഷ്യംവയ്ക്കുന്നതും ബലംപ്രയോഗിക്കുന്നതും അവർക്കെതിരെ അക്രമങ്ങൾ അഴിച്ചു വിടുന്നതുമാണ്. ഇതു സംഭവിച്ചത് ജഗ്മോഹൻ ഗവർണ്ണരായിരുന്നുകൊണ്ട് പ്രസിഡണ്ട് ഭരണത്തിൻ കീഴിലായിരുന്നു. കേന്ദ്ര സർക്കാരും അതിന്റെ ഗവർണ്ണരും കാശ്മീരിലെ പണ്ഡിറ്റുകൾക്ക് സംരക്ഷണം നൽകുന്നതിൽ തികഞ്ഞ പരാജയമായിരുന്നു. യഥാർത്ഥത്തിൽ ജഗ്മോഹന്റെ കീഴിൽ ക്രമസമാധാന നില തകർച്ചയിലായിരുന്നു. അതിനെത്തുടർന്ന് കാശ്മീരിലെ പണ്ഡിറ്റുകളെ സംരക്ഷിക്കുന്നതിൽ സമ്പൂർണ്ണ പരാജയമായിരുന്ന അതേ ജഗ്മോഹൻ ബിജെപിയിൽ ചേരുകയും കേന്ദ്രമന്ത്രിയായി സ്ഥാനക്കയറ്റം നേടുകയും ചെയ്തു.

സംസ്ഥാനത്തിന്റെ ചരിത്രത്തിലെ നാണംകെട്ടൊരു അധ്യായമാണത്. ഇപ്പോഴും കാശ്മീരി പണ്ഡിറ്റുകളിലെ വലിയൊരു വിഭാഗം അവരുടെ സ്വന്തം നാട്ടിൽ അഭയാർത്ഥികളെപ്പോലെ ജീവിക്കാൻ നിർബന്ധിതരാവുന്നു. താഴ്വരയിൽ ചരിത്രപരമായി സമാധാനത്തോടും യോജിപ്പോടും ജീവിച്ച അവർക്ക് അവരുടെ വീടുകളിലേക്ക് മടങ്ങിവന്ന് ജീവിക്കുക എന്നത് ഒരു മൗലികാവകാശമാണ്. ഇത് ഉറപ്പുവരുത്തുന്നത് മതനിരപേക്ഷ ശക്തികളെയും മതസൗഹാർദത്തെയും ശക്തിപ്പെടുത്തിക്കൊണ്ടുമാത്രമേ കഴിയൂ. അല്ലാതെ ഒരുവശത്ത് ഇസ്ലാമിക ശക്തികളും, മറുവശത്ത് വർഗീയ സംഘപരിവാര ശക്തികളും പ്രയോഗിച്ചുകൊണ്ടിരിക്കുന്ന വെറുപ്പിന്റെ രാഷ്ട്രീയത്തിനും ഇത് ചെയ്യാനാവില്ല.

**ഉദ്ഗ്രഥനം ഒരിക്കലും ബലപ്രയോഗത്തിലൂടെയോ അടിച്ചമർത്തലിലൂടെയോ ആവരുത്. അത് രാഷ്ട്രീയ സംവാദത്തിലൂടെ മാത്രമേ കൈവരിക്കാവൂ. എന്നിരുന്നാലും ആവർത്തിച്ചുള്ള ഉറപ്പുകളുണ്ടെങ്കിലും കേന്ദ്രസർക്കാർ കാശ്മീരിലെ ജനങ്ങളുമായോ അവരുടെ പ്രതിനിധികളുമായോ ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ സംവാദം നിഷേധിച്ചിരിക്കുന്നു.**

പ്രാദേശിക വാദികളെ തീവ്രവാദത്തിന് റിക്രൂട്ട് ചെയ്യാൻ കഴിഞ്ഞതും, ഭീകര അക്രമങ്ങൾ വർദ്ധിച്ചതുമാണ് അഞ്ചു വർഷത്തെ മോദി ഭരണത്തിലെ ഏറ്റവും അപകടകരമായ കാര്യം. ഇതിന് അനുച്ഛേദം 370–മായി യാതൊരു ബന്ധവുമില്ല. യുവാക്കളിലെ നിരാശയും അന്യവൽക്കരണവും മോദി സർക്കാരിന്റെ ഏതെങ്കിലും തരത്തിലുള്ള രാഷ്ട്രീയ മുൻകൈയുടെ തുടർച്ചയായുള്ള അഭാവം മൂലം ശക്തമായി.

അനന്തരഫലങ്ങൾ വളരെ ഭയാനകമായിരിക്കും. കാശ്മീരിനു മാത്രമല്ല ഇന്ത്യക്കു മുഴുവനായും. എത്രനാൾ ജനങ്ങളുടെ ശബ്ദം അടിച്ചമർത്തും. എല്ലാ സാധാരണ പ്രവർത്തനങ്ങളും ഇടപെടലുകളും തടയുന്നതിനായി എത്രകാലം കാശ്മീരിലേക്ക് അധിക സുരക്ഷാസേനകളെ അയയ്ക്കും. ഇതൊരു ശാശ്വത പരിഹാരമല്ല.

**ചോദ്യം: അനുച്ഛേദം 370 കാശ്മീരിന്റെ വികസനത്തെ തടഞ്ഞുവോ?**

ജമ്മുകാശ്മീരാണ് ഭൂവുടമകൾക്ക് നഷ്ടപരിഹാരം കൊടുക്കാതെ വിപുലമായി ഭൂപരിഷ്കരണം നടപ്പിലാക്കിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനം. നാഷണൽ കോൺഫറൻസ് ഭൂപരിഷ്കരണം സാധ്യമാക്കുന്നതിനും ജമ്മുകാശ്മീരിലെ കർഷകർക്ക് കടാശ്വാസം നൽകുന്നതിനും ആവശ്യമായ നിയമങ്ങൾ പാസ്സാക്കുന്നതിന് അനുച്ഛേദം 370 വഴിയാണ് സാധ്യമായത്. അമിത്ഷാ പാർലമെണ്ടിൽ പറഞ്ഞ തെറ്റായ അവകാശവാദങ്ങൾ എതിരാവാൻ ഇതാണ് കാരണം. ജമ്മുകാശ്മീരിന്റെ സാമൂഹിക-സാമ്പത്തിക വികസന സൂചികകളിലെ മിക്കതും ഇന്ത്യൻ ശരാശരിയെക്കാളും മികച്ചതും വികസിത സംസ്ഥാനങ്ങളുമായി താരതമ്യംചെയ്യാവുന്നതുമാണ്. സമീപകാലത്ത് പ്രസിദ്ധീകൃതമായൊരു ലേഖനത്തിൽ പിഡിപി സർക്കാരിലെ മുൻ ധനകാര്യ വകുപ്പു മന്ത്രി ഹസീബ് ഡ്രാബു ചില സാമൂഹിക-സാമ്പത്തിക വികസന സൂചികകൾ എടുത്തുകാട്ടുന്നുണ്ട്.

- ജമ്മുകാശ്മീരിലെ കുടുംബങ്ങളിൽ 10 ശതമാനം മാത്രമാണ് ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്നത്, ഇന്ത്യൻ ശരാശരി 22 ശതമാനമാകുന്നു.
- രാജ്യത്തെ കടബാധ്യത കുറവുള്ളതിൽ ജമ്മുകാശ്മീരിന് രണ്ടാം സ്ഥാനമാണുള്ളത്.
- ജമ്മുകാശ്മീരിലെ തൊഴിൽസേനയിലെ 2 ശതമാനം മാത്രമാണ് കർഷകത്തൊഴിലാളികൾ, അഖിലേന്ത്യാ ശരാശരി 23 ശതമാനമാകുന്നു.
- ജമ്മുകാശ്മീരിലെ ആയുർദൈർഘ്യം 73 ആണെങ്കിൽ ദേശീയതലത്തിലത് 63 ആണ്.
- ജമ്മുകാശ്മീരിലെ ശിശുമരണ നിരക്ക് ആയിരം ജനനത്തിന് 32 ആണെങ്കിൽ ദേശീയ ശരാശരി 40 ആണ്.

ജമ്മുകാശ്മീരിൽ വ്യവസായിക വികസനം സാധ്യമല്ലെന്ന വാദവും തെറ്റാണ്. ജമ്മുകാശ്മീർ സർക്കാർ അവിടെ വ്യവസായം തുടങ്ങാൻ താല്പര്യപ്പെടുന്നവർക്ക് 90 വർഷത്തേക്ക് കുറഞ്ഞനിരക്കിൽ പാട്ടം നൽകുന്നു. പ്രശ്നമെന്തെന്നാൽ, – ഇത് മറ്റേതൊരു അതിർത്തി സംസ്ഥാനത്തിന്റെ കാര്യത്തിലും ശരിയാണ് – അത്തരം സംസ്ഥാനങ്ങൾക്ക് കേന്ദ്രനിക്ഷേപവും ആ മേഖലകളിൽ പൊതുമേഖലാ സ്ഥാപനങ്ങളും ആവശ്യമാണ്. ഇന്ത്യൻ ആസൂത്രണത്തിന്റെ ഈ കാഴ്ചപ്പാടാണ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിലേക്ക് നയിച്ചത്. അതുകൊണ്ടാണ് ബിഎച്ച്ഇഎൽ, സെയ്ൽ എന്നിവയുടെ പ്ലാന്റുകൾ മുമ്പ് വ്യവസായ വികസനം എത്താതിരുന്ന ഹരദ്വാർ, ബൊക്കാറോ, റാഞ്ചി തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥാപിതമായത്. ഇതുകൊണ്ടാണ് എച്ച്എംടി യുടെ ഒരു യൂണിറ്റ് ശ്രീനഗറിലും സ്ഥാപിച്ചത്, അത് 2013 ൽ അടച്ചു പൂട്ടി. നിർഭാഗ്യവശാൽ 73 വർഷക്കാലയളവിൽ ജമ്മുകാശ്മീരിൽ അത്തരം മൂന്ന് പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രമാണ് വന്നിട്ടുള്ളത്, അതിലൂടെ കേവലം 165 കോടി രൂപയുടെ മൊത്തം നിക്ഷേപവും ഇപ്പോൾ 21 പേർക്ക് മാത്രം തൊഴിലും ലഭിക്കുന്നത്.

സ്വകാര്യനിക്ഷേപത്തിന്റെ അഭാവം അന്യവൽക്കരണം, തീവ്രവാദത്തിന്റെ വളർച്ച, തുടർച്ചയായുള്ള വകുപ്പ് 144 ഏർപ്പെടുത്തൽ, കർഫ്യൂ മുതലായവ കൊണ്ടാണ്. ഇപ്പോൾ നമ്മൾ കാണുന്ന മുമ്പില്ലാത്തതരത്തിലുള്ള അടച്ചുപൂട്ടൽ കാശ്മീരിലെ ഏതെങ്കിലും രീതിയിലുള്ള വ്യവസായവൽക്കരണത്തെ കാര്യമായി സ്വാധീനിക്കുന്നതല്ല.

അവസാനമായി, സംസ്ഥാനത്ത് വ്യാപകമായ അഴിമതിക്കും പൊതു ഖജനാവ് കൊള്ളയടിക്കുന്നതിനുമുള്ള വഴിയൊരുക്കുന്നതിനുമുള്ള കാരണം അനുച്ഛേദം 370 ആണ് എന്ന് ആക്ഷേപിക്കുന്നു. ബിജെപി ഭരിക്കുന്നതുൾപ്പെടെയുള്ള മറ്റു സംസ്ഥാനങ്ങളിലും അഴിമതി വളരെ വ്യാപകമാണ്. ഇതിന് അനുച്ഛേദം 370 മായി യാതൊരു ബന്ധവും ഇല്ല. ജമ്മുകാശ്മീർ ജനത അഴിമതിയാലും ദുർഭരണത്താലും ഉള്ള കെടുതികൾ അനുഭവിക്കുകയാണെന്നത് യാഥാർത്ഥ്യമാണ്. എന്നിരുന്നാലും, അക്കൗണ്ടബിലിറ്റിയും ജനാധിപത്യ പ്രക്രിയയും ഇല്ലാത്തതിൽ നിന്നുമാണ് അത്തരമൊരു സ്ഥിതിവിശേഷം ഉയർന്നുവരുന്നതെന്നതാണ് യാഥാർത്ഥ്യം. ജമ്മുകാശ്മീർ ദീർഘകാലം ഒരു പോലീസ് സ്റ്റേറ്റ് ആയിരിക്കുകയും നീണ്ടകാലം കേന്ദ്രഭരണത്തിനു വിധേയവുമായിരുന്നു (മൊത്തത്തിൽ 10 വർഷക്കാലം). കേന്ദ്രീകൃത ഉദ്യോഗസ്ഥ-സുരക്ഷാ സംവിധാനവും അവരുടെ രാഷ്ട്രീയ മിത്രങ്ങളും, സ്വാഭാവികമായും സാമൂഹ്യവിലയിരുത്തലിന് വിധേയമല്ല, ഇത് ആണ് സംസ്ഥാനത്തെ അഴിമതിയുടെ പ്രധാന സ്രോതസ്സ്.

**സിപിഐ(എം) ഇതിനെതിരെ പോരാടും. കേന്ദ്രസർക്കാരിന്റെ നടപടികൾ ഇന്ത്യയുടെ മൊത്തത്തിലുള്ള ഐക്യത്തിനും താല്പര്യങ്ങൾക്കും പൂർണ്ണമായും എതിരാണ്. ഇന്ത്യൻ ഭരണഘടനയുടെ മൂല്യങ്ങളിൽ വിശ്വസിക്കുന്ന എല്ലാ പൗരന്മാരും ഒന്നിച്ചു വരികയും ജമ്മുകാശ്മീരിലെ ജനങ്ങളോടു തോളോടുതോൾ ചേർന്ന് ജമ്മുകാശ്മീരിൽ ജനാധിപത്യത്തിന്റെ പുനസ്ഥാപനത്തിനും അതിന്റെ പൂർണ്ണ സ്വയംഭരണാവകാശത്തിനും വേണ്ടി അണിചേരേണ്ട സമയമാണിത്.**

## ഉപസംഹാരം

നമ്മൾ കണ്ടതുപോലെ ഹിന്ദുത്വ വർഗീയ ശക്തികൾ തുടക്കം മുതൽ തന്നെ ഫ്യൂഡൽ വാഴ്ചയ്ക്കെതിരെ നാഷണൽ കോൺഫറൻസ് നേതൃത്വം നൽകിയ പ്രക്ഷോഭത്തിനെതിരായിരുന്നു. ജനസംഘത്തിന്റെ മുൻഗാമിയായ പ്രജാപരിഷത് ജമ്മുകാശ്മീർ സ്വതന്ത്രരാജ്യമായി നിലനിൽക്കണമെന്ന് മഹാരാജ ആവശ്യപ്പെട്ടപ്പോൾ അതിനെ പിന്തുണച്ചു. ജമ്മുകാശ്മീരിന്റെ കൂട്ടിച്ചേർക്കലിനുശേഷം ജനസംഘവും ഹിന്ദുമഹാസഭയും ജമ്മുകാശ്മീരിന്റെ ഏതെങ്കിലും രീതിയിലുള്ള സ്വയംഭരണാവകാശത്തെ ശക്തമായി എതിർത്തുപോന്നു. ആർഎസ്എസ്സിന്റെ പ്രത്യയശാസ്ത്ര പിന്തുണയുള്ള ജനസംഘവും അതിന്റെ ഇപ്പോഴത്തെ രൂപമായ ബിജെപിയും ഇന്ത്യയെ ഭൂരിപക്ഷ കേന്ദ്രീകൃത കാഴ്ചപ്പാടുകളെയും അടിസ്ഥാനമാക്കിയുള്ളതും ഏതെങ്കിലും തരത്തിലുള്ള സ്വയംഭരണാവകാശത്തെ എതിർക്കുന്നതുമാണ്. അവരുടെ ശത്രുത തീർച്ചയായും മുളച്ചുവന്നത് കാശ്മീർ താഴ്‌വര ഒരു മുസ്ലീം ഭൂരിപക്ഷ പ്രദേശമാണ് എന്ന വസ്തുതയിൽ നിന്നുമാണ്.

ആർഎസ്എസ്-ബിജെപി ആഖ്യാനത്തിൽ കാശ്മീർ താഴ്വര അതിന്റെ മതപരമായ ഘടനകൊണ്ട് വിഘടനവാദത്തിന്റെയും തീവ്രവാദത്തിന്റെയും ഉത്ഭവ സ്ഥാനമാണ്. അവരുടെ ജന്മനായുള്ള മുസ്ലീം വിരുദ്ധ നിലപാട് അവരെ കാശ്മീരി ജനതയുടെ ഏതുതരത്തിലുള്ള ജനാധിപത്യ പ്രത്യാശകൾക്കും എതിരാക്കുന്നു. അവർ അനുച്ഛേദം 370 റദ്ദുചെയ്യണമെന്ന് വാദിച്ചപ്പോൾ, അവരർത്ഥമാക്കിയത് കാശ്മീർ താഴ്വരയിലെ ജനങ്ങളെ സുരക്ഷാ-ഭരണകൂട ഉപകരണങ്ങളാൽ അടിച്ചമർത്തപ്പെടുത്താമെന്നാണ്.

ആർഎസ്എസ്സിനും മോദി-ഷാ ദ്വന്ദത്തിനും കാശ്മീർ എന്നത് അഖണ്ഡ ഭാരതത്തിനവകാശപ്പെട്ട ഒരു തുണ്ടുഭൂമി മാത്രമായി കണ്ട് അവിടുത്തെ ജനങ്ങളെ മുസ്ലീമായതുകൊണ്ട് അന്യരായി കാണുകയും ചെയ്യുന്നു. അവർക്ക് കാശ്മീർ വേണം, കാശ്മീരികളെ വേണ്ട, അവരുടെ ദേശീയത രാജ്യത്തിന്റേതാണ്, അല്ലാതെ അവിടുത്തെ ജനങ്ങളുടേതല്ല. അവർക്ക് ജനങ്ങളല്ല രാഷ്ട്രത്തെ സൃഷ്ടിക്കുന്നത്, മറിച്ച് ഭൂമിയും അതിന്റെ അതിരുകളുമാണ്.

ആർഎസ്എസ്സും ബിജെപിയും ജമ്മുവിലെയും താഴ്വരയിലെയും വർഗീയ വിഭജനം ശക്തമാക്കുന്നതിന് ശുഷ്ക്കാന്തിയോടെ പ്രയത്നിക്കുകയാണ്. 2014 ൽ കേന്ദ്രത്തിൽ മോദി സർക്കാർ അധികാരത്തിലേറിയതിനുശേഷം, ഈ ശ്രമങ്ങൾ കാര്യമായി വർദ്ധിച്ചു. സേനയെ ഉപയോഗിച്ച് പൗരന്മാരുടെ പ്രക്ഷോഭങ്ങളെ നിർവീര്യമാക്കുന്ന കർശനമായ സമീപനം, അവരെ കലാപകാരികളായി പരിഗണിക്കുന്നതും എല്ലാ രാഷ്ട്രീയ സംവാദങ്ങളും ഒഴിവാക്കിയതും സംസ്ഥാനത്തെ സ്ഥിതി മോശമാക്കി. കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ വലിയതോതിൽ പ്രദേശത്തെ യുവാക്കൾ ഭീകരവാദത്തിൽ പങ്കാളികളായി. കണക്കുകൾ കാണിക്കുന്നത് സുരക്ഷാസേനാംഗങ്ങളും തീവ്രവാദികളും കൊല്ലപ്പെടുന്നത് തുടർച്ചയായി വർധിക്കുന്നതായാണ്.

അനുച്ഛേദം 370 പ്രകാരമുള്ള ജമ്മുകാശ്മീരിന്റെ പ്രത്യേക പദവി എടുത്തുകളഞ്ഞതും ജമ്മുകാശ്മീർ എന്ന സംസ്ഥാനത്തെ കഷണങ്ങളാക്കിയതും കാശ്മീരിലെ ജനങ്ങളുടെ ഇച്ഛാശക്തിയെ തകർക്കുന്നതും കാശ്മീരിലെ ജനസംഖ്യാക്രമത്തെ മാറ്റിമറിക്കുന്നതുമാണ്. ഇതാണ് കാശ്മീരിലെ മോദി-ഷാ നടപടികളുടെ യഥാർത്ഥ ഉദ്ദേശം.

അതിനു പുറമെ, മോദി ഭരണത്തിൻ കീഴിൽ ഇന്ത്യയുടെ ഫെഡറൽ സ്വഭാവത്തിനുമേൽ ആക്രമണം വീഴുന്നു. രാഷ്ട്രീയ, സാമ്പത്തിക തലങ്ങളിലെ സംസ്ഥാനങ്ങളുടെ അവകാശങ്ങൾ ഇല്ലാതാക്കുകയും എല്ലാ അധികാരങ്ങളും കേന്ദ്രം എടുക്കുകയും ചെയ്യുന്നു. ജമ്മുകാശ്മീരിന്റെ അവകാശങ്ങൾക്കുമേലുള്ള ആക്രമണം ഈ കേന്ദ്രീകൃത ഏകാധിപത്യ പ്രവണതയുടെ ഭാഗമാണ്.

സിപിഐ(എം) ഇതിനെതിരെ പോരാടും. കേന്ദ്രസർക്കാരിന്റെ നടപടികൾ ഇന്ത്യയുടെ മൊത്തത്തിലുള്ള ഐക്യത്തിനും താല്പര്യങ്ങൾക്കും പൂർണ്ണമായും എതിരാണ്. ഇന്ത്യൻ ഭരണഘടനയുടെ മൂല്യങ്ങളിൽ വിശ്വസിക്കുന്ന എല്ലാ പൗരന്മാരും ഒന്നിച്ചുവരികയും ജമ്മുകാശ്മീരിലെ ജനങ്ങളോടു തോളോടുതോൾ ചേർന്ന് ജമ്മുകാശ്മീരിൽ ജനാധിപത്യത്തിന്റെ പുനസ്ഥാപനത്തിനും അതിന്റെ പൂർണ്ണ സ്വയംഭരണാവകാശത്തിനും വേണ്ടി അണിചേരേണ്ട സമയമാണിത്.

◆

ലേഖനം

**സീതാറാംയെച്ചൂരി**

# തീവ്രഹിന്ദുത്വഅജൻഡ നടപ്പാക്കാനുള്ള ശ്രമം

കശ്മീർ ഇന്ന് അശാന്തിയുടെ താഴ്വരയാണ്. ലോകത്ത് ഏറ്റവും സൈനിക സാന്നിധ്യമുള്ള സ്ഥലമാക്കി കശ്മീരിനെ മാറ്റിയിരിക്കുകയാണ് മോഡി സർക്കാർ. സൈനിക ഭരണത്തിലേക്കുള്ള, ഹിന്ദുരാഷ്ട്ര രൂപീകരണത്തിലേക്കുള്ള നീക്കമാണിത്. എല്ലാ ഭരണഘടനാമൂല്യങ്ങളും കാറ്റിൽപറത്തി, ജനാധിപത്യ-ഫെഡറൽ തത്വങ്ങൾ അട്ടിമറിച്ചാണ് കശ്മീരിനെ രണ്ട് കേന്ദ്രഭരണ പ്രദേശമാക്കി വെട്ടിക്കീറിയത്. ഇതിന് രണ്ടാഴ്ചമുമ്പേതന്നെ അവിടെ വർധിച്ചതോതിൽ സൈന്യത്തെ വിന്യസിച്ചിരുന്നു. ജനങ്ങളെ തോക്കിൻമുനയിൽ നിർത്തിയും വാർത്താവിനിമയ ബന്ധങ്ങൾ വിച്ഛേദിച്ചും കശ്മീരിനെ അക്ഷരാർഥത്തിൽ അധിനിവേശ പ്രദേശമാക്കി മാറ്റി. കശ്മീരിനെ ഇന്ത്യയിലെ പലസ്തീനാക്കി മാറ്റാനുള്ള നീക്കം അനുവദിക്കാനാകില്ല. രാജ്യത്തിന്റെ മൗലികമായ മതനിരപേക്ഷ സ്വഭാവം പൊളിച്ചെഴുതി തങ്ങളുടെ തീവ്രഹിന്ദുത്വ അജൻഡ സ്ഥാപിക്കാനുള്ള ബിജെപി-ആർഎസ്എസ് ശ്രമത്തിനെതിരെ ഇന്ത്യൻ ജനത ഒറ്റക്കെട്ടായി പോരാടണം.

### സൂചനയാണ് കശ്മീർ

സംസ്ഥാനങ്ങൾ വിഭജിക്കണമെങ്കിൽ ആ സംസ്ഥാനത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട നിയമസഭയുടെ അംഗീകാരം വേണമെന്ന് ഭരണഘടന നിഷ്കർഷിക്കുന്നു. ഉത്തരാഖണ്ഡ്, ഛത്തീസ്ഗഢ്, ജാർഖണ്ഡ് സംസ്ഥാനങ്ങൾമുതൽ ആന്ധ്ര, തെലങ്കാന രൂപീകരണംവരെ ഇപ്രകാരമായിരുന്നു. പക്ഷേ, കശ്മീരിൽ കൗശലകരവും ആസൂത്രിതവുമായ നീക്കങ്ങളാണ് ബിജെപി നടത്തിയത്. ആദ്യം അവർ തങ്ങൾകൂടി ഭാഗമായിരുന്ന ഭരണമുന്നണിയിൽനിന്ന് പിൻവാങ്ങി. കോൺഗ്രസും

നാഷണൽ കോൺഫറൻസും മുന്നണിയായി സർക്കാർ രൂപീകരിക്കുമെന്നായപ്പോൾ ഗവർണർ ഭരണം ഏർപ്പെടുത്തി.

കശ്മീരിന് പ്രത്യേക അധികാരം നൽകുന്ന ഭരണഘടനയുടെ 370-ാം അനുച്ഛേദത്തിൽ ഇടപെടാൻ അവർ 367 മാറ്റിയെഴുതി. 370 ഭേദഗതി ചെയ്യാനുള്ള മാനദണ്ഡങ്ങളാണ് 367ലുള്ളത്. ഇതിനായി രാഷ്ട്രപതിയുടെ പ്രത്യേക ഉത്തരവ് സമ്പാദിച്ചു. പാർലമെന്റിലെ ഭൂരിപക്ഷബലത്തിൽ കശ്മീരിനെ വെട്ടിമുറിക്കുന്ന ബിൽ പാസാക്കി.

രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ പരസ്യമായി ആക്രമിക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തത്. തെരഞ്ഞെടുക്കപ്പെട്ട നിയമസഭകളെ അസാധുവാക്കി, ഏത് നിമിഷവും ഏത് സംസ്ഥാനത്തും രാഷ്ട്രപതിഭരണം ഏർപ്പെടുത്താമെന്ന സൂചനയാണ് കശ്മീർ നൽകുന്നത്. ഏത് സംസ്ഥാനത്തിന്റെയും അതിരുകളും ഭൗതികസാഹചര്യവും സ്വഭാവവുംതന്നെയും മാറ്റാൻ തങ്ങൾക്കാകുമെന്ന് പരസ്യമായി പ്രഖ്യാപിച്ചിരിക്കുകയാണ് കേന്ദ്രസർക്കാർ. സംസ്ഥാനങ്ങളുടെ സ്വാതന്ത്ര്യത്തിനും ഭരണഘടനയ്ക്കും നേരെയുള്ള അതീവ അപകടകരമായ വെല്ലുവിളിയാണിത്.

**ജനങ്ങളെ ഭീതിദമായ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിട്ടു**

കശ്മീർ മാത്രമല്ല പ്രത്യേക പരിഗണന ലഭിക്കുന്ന ഇന്ത്യൻ സംസ്ഥാനം. 370നു പുറമെ വിവിധ സംസ്ഥാനങ്ങൾക്ക് പ്രത്യേക അധികാരം നൽകുന്ന പത്ത് അനുച്ഛേദമുണ്ട്. '371', '371 എ' മുതൽ 'ഐ' വരെയുള്ള അനുച്ഛേദങ്ങൾ പ്രധാനമായും വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കും ആന്ധ്ര, മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങൾക്കുമെല്ലാം ഇത്തരം പരിഗണന നൽകുന്നതാണ്. അവയെയൊന്നും തൊടാതെ, പ്രത്യേക പരിഗണന ലഭിക്കുന്നതിൽ മുസ്ലിംഭൂരിപക്ഷമുള്ള ഏക സംസ്ഥാനം എന്നതിനാലാണ് കശ്മീർ ആക്രമിക്കപ്പെട്ടത്.

**ജനങ്ങളെ തോക്കിൻമുനയിൽ നിർത്തിയും വാർത്താവിനിമയ ബന്ധങ്ങൾ വിച്ഛേദിച്ചും കശ്മീരിനെ അക്ഷരാർഥത്തിൽ അധിനിവേശ പ്രദേശമാക്കി മാറ്റി. കശ്മീരിനെ ഇന്ത്യയിലെ പലസ്തീനാക്കി മാറ്റാനുള്ള നീക്കം അനുവദിക്കാനാകില്ല. രാജ്യത്തിന്റെ മൗലികമായ മതനിരപേക്ഷ സ്വഭാവം പൊളിച്ചെഴുതി തങ്ങളുടെ തീവ്രഹിന്ദുത്വ അജൻഡ സ്ഥാപിക്കാനുള്ള ബിജെപി-ആർഎസ്എസ് ശ്രമത്തിനെതിരെ ഇന്ത്യൻ ജനത ഒറ്റക്കെട്ടായി പോരാടണം.**

കശ്മീരിനെപ്പോലെ ഹിമാചൽപ്രദേശ്, ഉത്തരാഖണ്ഡ് തുടങ്ങിയ സംസ്ഥാനങ്ങളിലൊന്നും പുറത്തുനിന്നുള്ളവർക്ക് ഭൂമി വാങ്ങാനാകില്ല. എന്നാൽ, കശ്മീരിൽമാത്രം ഈ വ്യവസ്ഥയ്ക്ക് മാറ്റം വരുത്തി, മുസ്ലിം ഭൂരിപക്ഷമുള്ള കശ്മീരിന്റെ ജനഘടന ഉടച്ചുവാർക്കുകയെന്ന തീവ്ര ഹിന്ദുത്വ അജൻഡയാണ് കേന്ദ്രസർക്കാർ നടപ്പാക്കുന്നത്. പലസ്തീനിൽ ജൂതകുടിയേറ്റം പ്രോത്സാഹിപ്പിച്ച് അധിനിവേശത്തിന് നിയമസാധുത നൽകിയ ഇസ്രയേൽ ഭരണമാതൃകയാണ് കേന്ദ്രസർക്കാർ കശ്മീരിൽ പിന്തുടരുന്നത്.

മുമ്പ് കശ്മീരിലേക്കുള്ള കേന്ദ്ര പ്രതിനിധിസംഘത്തിന്റെ ഭാഗമായി പോവുകയുണ്ടായി. സന്ദർശനശേഷം കശ്മീർ ജനതയെ വിശ്വാസത്തിലെടുക്കണമെന്നും എല്ലാവിഭാഗവുമായുള്ള ചർച്ചയിലൂടെ സമാധാനം പുനഃസൃഷ്ടിക്കണമെന്നും സമിതി റിപ്പോർട്ട് സമർപ്പിച്ചു. എന്നാൽ, ഇസ്രയേൽ മാതൃകയിൽ കശ്മീരിൽ സൈനിക സാന്നിധ്യം വർധിപ്പിക്കുകയാണ് കേന്ദ്രസർക്കാർ ചെയ്തത്. പ്രദേശത്തെ പൂർണമായും സൈനികനിയന്ത്രണത്തിലാക്കി. ജനങ്ങളെ ഭീതിദമായ അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിട്ടു. കശ്മീരുമായുള്ള ബന്ധങ്ങൾ ശക്തിപ്പെടുത്തി സമാധാനം സ്ഥാപിക്കാൻ പ്രാപ്തരായ രാഷ്ട്രീയ നേതാക്കളെയെല്ലാം അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. കശ്മീരിൽ എല്ലാം സാധാരണ നിലയിലാണെന്ന സർക്കാർ വാദം ഖണ്ഡിക്കുന്നതാണ് അന്താരാഷ്ട്ര മാധ്യമങ്ങളിൽ വരുന്ന റിപ്പോർട്ടുകൾ. എന്നെയും ഡി രാജയെയും സിപിഐ എം നേതാവും നാലുതവണ എംഎൽഎയുമായ മുഹമ്മദ് യൂസഫ് തരിഗാമിയെ കാണുന്നതിൽനിന്ന് വിലക്കിയതും കശ്മീരിന്റെ യാഥാർഥ സ്ഥിതിഗതികൾ ലോകമറിയരുത് എന്ന നിർബന്ധത്തിന്റെ ഭാഗമാണ്. ഒരു ജനതയെയാകെ ഒറ്റപ്പെടുത്തി നടപ്പാക്കിയ വിഭജനം ഏതെല്ലാം തരത്തിലുള്ള പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്ന് ഇപ്പോൾ പറയാനാകില്ല.

**ഹിന്ദു, ഹിന്ദി, ഹിന്ദുസ്ഥാൻ**

ആർഎസ്എസ് കാലാകാലങ്ങളായി തുടർന്നുവരുന്ന ഹിന്ദുത്വ അജൻഡയുടെ ഭാഗമാണ് കശ്മീർ വിഭജനവും. സ്വാതന്ത്ര്യം ലഭിച്ചപ്പോൾ പാകിസ്ഥാൻ ഇസ്ലാമിക് രാജ്യമായി ഫ്യൂഡൽ സംരക്ഷകരായി മാറാൻ തീരുമാനിച്ചു. ജനാധിപത്യ, മതനിരപേക്ഷ രാഷ്ട്രമായ ഇന്ത്യയുടെ ഭാഗമാകാനാണ് കശ്മീർ തീരുമാനിച്ചത്. സ്വാതന്ത്ര്യത്തിനുശേഷം കശ്മീരിനെ ആക്രമിച്ച പാകിസ്ഥാന് എതിരായി ഷേഖ് അബ്ദുള്ളയുടെ നേതൃത്വത്തിലുള്ള കശ്മീരിലെ മുസ്ലിങ്ങൾ നിലപാടെടുത്തു. ഭൂരിപക്ഷ ജനവികാരവും ഇന്ത്യക്ക് അനുകൂലമായിരുന്നു. ബിജെപിയുടെ പൂർവരൂപമായ പ്രജാ പരിഷത്ത് കശ്മീർ ഇന്ത്യയുടെ ഭാഗമാകുന്നതിന് എതിരായിരുന്നു. കശ്മീർ സ്വതന്ത്രരാജ്യമായി തുടരണമെന്ന നിലപാടിലായിരുന്നു അവർ എന്നത് ബിജെപി ഇപ്പോഴും തുടർന്നുവരുന്ന ഇരട്ടത്താപ്പിന്റെ വളരെ പഴയ ദൃഷ്ടാന്തമാണ്. ഇവരുടെ പിന്മുറക്കാരായ ബിജെപിയാണ് ഇന്ന് ഈ ചരിത്രത്തെയാകെ

**കശ്മീർ മാത്രമല്ല പ്രത്യേക പരിഗണന ലഭിക്കുന്ന ഇന്ത്യൻ സംസ്ഥാനം. 370നു പുറമെ വിവിധ സംസ്ഥാനങ്ങൾക്ക് പ്രത്യേക അധികാരം നൽകുന്ന പത്ത് അനുച്ഛേദമുണ്ട്. '371', '371 എ' മുതൽ 'ഐ' വരെയുള്ള അനുച്ഛേദങ്ങൾ പ്രധാനമായും വടക്കു കിഴക്കൻ സംസ്ഥാനങ്ങൾക്കും ആന്ധ്ര, മഹാരാഷ്ട്ര, ഗുജറാത്ത് സംസ്ഥാനങ്ങൾക്കുമെല്ലാം ഇത്തരം പരിഗണന നൽകുന്നതാണ്. അവയെയൊന്നും തൊടാതെ, പ്രത്യേക പരിഗണന ലഭിക്കുന്നതിൽ മുസ്ലിം ഭൂരിപക്ഷമുള്ള ഏക സംസ്ഥാനം എന്നതിനാലാണ് കശ്മീർ ആക്രമിക്കപ്പെട്ടത്.**

വികൃതമാക്കിവളച്ചൊടിച്ച് ജനങ്ങൾക്കു മുമ്പിൽ അവതരിപ്പിക്കുന്നത്. ഷേഖ് അബ്ദുള്ള ഭൂപരിഷ്കരണം നടപ്പാക്കിയപ്പോഴും പ്രജാപരിഷത്ത് അതിനെ എതിർത്തു. അനുച്ഛേദം 370ന്റെ സംരക്ഷണം ഉണ്ടായതിനാലാണ് ഭൂപരിഷ്കരണം നടപ്പാക്കാൻ ഷേക്ക് അബ്ദുള്ളയ്ക്ക് കഴിഞ്ഞത്. പ്രഥമ ഇ എം എസ് സർക്കാർ ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ട് പല ബില്ലും നിയമസഭയിൽ പാസാക്കിയെങ്കിലും രാഷ്ട്രപതി അംഗീകാരം നൽകുകയുണ്ടായില്ല.

അസമിൽ പൗരത്വ രജിസ്റ്റർ കൊണ്ടുവന്ന നടപടിയിലും എൻഡിഎ സർക്കാരിന്റെ ഹിന്ദുത്വ അജൻഡയാണ് വ്യക്തമാക്കുന്നത്. പതിറ്റാണ്ടുകളായി ഈ രാജ്യത്ത് ജീവിച്ചുവന്ന 41.2 ലക്ഷം ജനങ്ങൾ ഒരു സുപ്രഭാതത്തിൽ ഇന്ത്യൻ പൗരന്മാരല്ലാതായിരിക്കുന്നു. രണ്ടായിരത്തി ഇരുപതോടെ പൗരത്വ രജിസ്റ്റർ രാജ്യവ്യാപകമാക്കാനാണ് തീരുമാനം. രാജ്യം മുഴുവൻ ഇതിനായി സെൻസസ് നടത്തും. ഇന്ത്യൻ പൗരനാണെന്ന് തെളിയിക്കാനാകാത്തവരെ പുറത്താക്കും. എന്നാൽ, മുസ്ലിമല്ലാത്തവർക്ക് പൗരത്വം ലഭ്യമാക്കും. ഇതിനായി മതത്തിന്റെ അടിസ്ഥാനത്തിൽ പൗരത്വം നൽകുന്ന പൗരത്വ ഭേദഗതി ബിൽ കൊണ്ടുവന്നു. മറ്റ് രാജ്യങ്ങളിൽനിന്ന് വന്ന് താമസമാക്കിയവർ, മുസ്ലിങ്ങളല്ലെങ്കിൽ, പൗരനാകാം എന്നാണ് ഈ ബിൽ പറയുന്നത്. രാജ്യത്തിന്റെ മൗലികമായ സ്വഭാവത്തെ അട്ടിമറിക്കുന്ന ബില്ലാണിത്. ഇത് ദേശവ്യാപകമായി ഹിന്ദു-മുസ്ലിം വേർതിരിവുണ്ടാക്കും.

**ആർഎസ്എസ് കാലാകാലങ്ങളായി തുടർന്നുവരുന്ന ഹിന്ദുത്വ അജൻഡയുടെ ഭാഗമാണ് കശ്മീർ വിഭജനവും. സ്വാതന്ത്ര്യം ലഭിച്ചപ്പോൾ പാകിസ്ഥാൻ ഇസ്ലാമിക് രാജ്യമായി ഫ്യൂഡൽ സംരക്ഷകരായി മാറാൻ തീരുമാനിച്ചു. ജനാധിപത്യ, മതനിരപേക്ഷ രാഷ്ട്രമായ ഇന്ത്യയുടെ ഭാഗമാകാനാണ് കശ്മീർ തീരുമാനിച്ചത്. സ്വാതന്ത്ര്യത്തിനുശേഷം കശ്മീരിനെ ആക്രമിച്ച പാകിസ്ഥാന് എതിരായി ഷേഖ് അബ്ദുള്ളയുടെ നേതൃത്വത്തിലുള്ള കശ്മീരിലെ മുസ്ലിങ്ങൾ നിലപാടെടുത്തു.**

മുത്തലാഖ്, അയോധ്യ, അനുച്ഛേദം 370 തുടങ്ങി ബിജെപിയുടെ വർഗീയ അജൻഡ ഒന്നൊന്നായിനടപ്പാക്കുകയണ് കേന്ദ്രസർക്കാർ. സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കാൻ ഇവർ കഠിനമായി പരിശ്രമിച്ചു.

മുത്തലാഖ്, അയോധ്യ, അനുച്ഛേദം 370 തുടങ്ങി ബിജെപിയുടെ വർഗീയ അജൻഡ ഒന്നൊന്നായി നടപ്പാക്കുകയാണ് കേന്ദ്രസർക്കാർ. സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കാൻ ഇവർ കഠിനമായി പരിശ്രമിച്ചു. സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ ശക്തിയും സ്വാധീനവുംകൊണ്ട് അത് നടന്നില്ല. ഇതിന്റെ അമർഷമാണ് ഗാന്ധിവധത്തിൽ കലാശിച്ചത്. പിന്നീട്, രാജ്യത്തിന്റെ ഭാഷാടിസ്ഥാനത്തിലുള്ള പുനഃക്രമീകരണത്തിനെതിരെയും ഇവർ നിലകൊണ്ടു. വൈവിധ്യം എന്ന ആശയത്തിന് എന്നും എതിരായിരുന്നു ബിജെപി. ഒരു രാഷ്ട്രം, ഒരു ഭാഷ, ഒരു ഭരണഘടന, ഒരു നികുതി തുടങ്ങിയ ഏകാധിപത്യ ആശയങ്ങൾ സ്ഥാപിക്കാനാണ് ശ്രമിക്കുന്നത്.

ഇതിനുള്ള തുടക്കമാണ് കശ്മീരിനെ ഇന്ത്യയുടെ പലസ്തീനാക്കാനുള്ള

നീക്കം. ജമ്മു കശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഘടകമാണ്. ഇതിനു വിരുദ്ധമായ നിലപാട് അനുവദിക്കരുത്. രാഷ്ട്രീയവും സാമൂഹ്യവുമായ സമത്വം രാജ്യത്തെ എല്ലാ പ്രദേശങ്ങൾക്കും എല്ലാവിഭാഗം ജനങ്ങൾക്കും ഒരുപോലെ അവകാശപ്പെട്ടതാണ്. അതിന്റെ നിരാകരണത്തെ സിപിഐ എം പൂർണമായും എതിർക്കുന്നു. രാജ്യത്തിന്റെ മതനിരപേക്ഷ, ജനാധിപത്യ, ഫെഡറൽ ഘടനയെ മാറ്റി, ഫാസിസ്റ്റ് ഹിന്ദുരാഷ്ട്ര സ്ഥാപനത്തിനുള്ള ആർഎസ്എസ് അജൻഡയാണ് കേന്ദ്രസർക്കാർ പ്രാവർത്തികമാക്കുന്നത്. ഇതിന് തടസ്സമാകുന്ന ഭരണഘടനയെയും ജനാധിപത്യ സംവിധാനത്തെയും തച്ചുടയ്ക്കാൻ നോക്കുന്നു. സംസ്ഥാനങ്ങളുടെ അവകാശങ്ങളിൽ കൈകടത്തുന്നു.

**മുത്തലാഖ്, അയോധ്യ, അനുച്ഛേദം 370 തുടങ്ങി ബിജെപിയുടെ വർഗീയ അജൻഡ ഒന്നൊന്നായി നടപ്പാക്കുകയണ് കേന്ദ്രസർക്കാർ. സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഇന്ത്യയെ ഹിന്ദുരാഷ്ട്രമാക്കാൻ ഇവർ കഠിനമായി പരിശ്രമിച്ചു.**

മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി രാജ്യത്തെ നിലനിർത്തണോ, അതോ ഫാസിസ്റ്റ്, ഏകാധിപത്യ, ഹിന്ദുരാഷ്ട്രമായി മാറ്റാൻ അനുവദിക്കണോ എന്ന് നമ്മൾ തീരുമാനിക്കണം. രാജ്യത്തിന്റെ വൈവിധ്യവും മതനിരപേക്ഷതയും ഫെഡറൽ തത്വവും സംരക്ഷിക്കാൻ ദേശാഭിമാനികളായ എല്ലാ ആളുകളും ഒന്നുചേരണം. ആ പോരാട്ടത്തെ കേരളം മുന്നിൽനിന്ന് നയിക്കണം.

***(സിപിഐ എം തിരുവനന്തപുരം ജില്ലാ കമ്മിറ്റിയും എ കെ ജി പഠന ഗവേഷണ കേന്ദ്രവും സംഘടിപ്പിച്ച 'അനുച്ഛേദം 370 റദ്ദാക്കൽ; ജമ്മു കശ്മീർ ഉയർത്തുന്ന പ്രശ്നങ്ങൾ' വിഷയത്തിൽ ജനറൽ സെക്രട്ടറി സീതാറാം യെച്ചൂരി നടത്തിയ പ്രഭാഷണത്തിന്റെ പ്രസക്ത ഭാഗം)***

ലേഖനം

പ്രകാശ് കാരാട്ട്

# ഫെഡറലിസത്തിനെതിരെയുള്ള മിന്നലാക്രമണം

ഭരണഘടനയ്ക്കും ഫെഡറലിസത്തിനുമെതിരെ ഒരു മിന്നലാക്രമണമാണ് മോഡി സർക്കാർ നടത്തിയിരിക്കുന്നത്. മോഡി–ഷാ ദ്വന്ദ്വത്തിന്റെ ആഭിമുഖ്യത്തിൽ, ഭരണഘടനയുടെ 370–ാം വകുപ്പ് കുത്തിച്ചോർത്തുകയും 35 എ വകുപ്പ് റദ്ദാക്കുകയും ചെയ്തിരിക്കുന്നു. അതുംപോരാഞ്ഞ് ജമ്മു കശ്മീരിന്റെ നിലനിൽപ്പിന് നേരേതന്നെ ആക്രമണമഴിച്ചുവിട്ടുകൊണ്ട് സംസ്ഥാനത്തെ ഇല്ലാതാക്കി, രണ്ട് കേന്ദ്ര ഭരണപ്രദേശങ്ങളായി വിഭജിച്ചിരിക്കുകയാണ്.

ഇതെല്ലാംതന്നെ ചെയ്തത് കപടപ്രയോഗത്തിലൂടെയാണ്; കശ്മീർ ജനതയെ തടങ്കലിലാക്കിയും ഭീഷണിപ്പെടുത്തിയുമാണ്. 370–ാം വകുപ്പ് റദ്ദാക്കുകയും ജമ്മു കശ്മീർ സംസ്ഥാനം തകർത്തെറിയുകയും ചെയ്യുന്നതിനുള്ള പ്രസിഡന്റിന്റെ ഉത്തരവും പ്രമേയങ്ങളും ബില്ലുകളും ഫലത്തിൽ വരുത്തിയതിന്റെ രീതിയാണെങ്കിൽ, ഭരണഘടനയ്ക്കുമേൽ കൃത്രിമം കാട്ടുന്ന കുതന്ത്രങ്ങളുടേതാണ്.

ആഗസ്ത് ആറുവരെ ഇന്ത്യയിൽ 29 സംസ്ഥാനങ്ങൾ ഉണ്ടായിരുന്നു. ജമ്മു കശ്മീർ പുനഃസംഘടനാബിൽ പാർലമെന്റിന്റെ ഇരുസഭകളും അംഗീകരിച്ചതോടെ അത് 28 ആയി ചുരുങ്ങി. സ്വതന്ത്ര ഇന്ത്യയുടെ ചരിത്രത്തിൽ അഭൂതപൂർവമായ ഒരു സംഭവമാണത്. നിലവിലുള്ള സംസ്ഥാന അതിർത്തികളിൽ ഭേദഗതി വരുത്തുകയോ പുതിയ സംസ്ഥാനങ്ങൾ ഉണ്ടാക്കുകയോചെയ്യുന്നതിനുള്ള പ്രക്രിയകൾ നിർദേശിക്കുന്ന ഭരണഘടനാവകുപ്പിന്റെ ലംഘനമാണ് ബിജെപി സർക്കാർ നടത്തിയിരിക്കുന്നത്. സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്കും ഫെഡറലിസത്തിനുംനേരെ ഇത്തരമൊരു കടുത്ത ആക്രമണം ഇതിനു മുമ്പ് നടന്നിട്ടേയില്ല.

ജമ്മു കശ്മീരിന് പ്രത്യേക പദവി നൽകുന്ന 370–ാം വകുപ്പ് ഭരണഘടനാ നിർമാണ സഭയാണ് എഴുതിച്ചേർത്തത്. ഈ വകുപ്പ് ഇന്ത്യൻയൂണിയനിലെ ഇതര

സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ ഒരു പദവി ജമ്മുകശ്മീരിന് നൽകുന്നു. ആ സംസ്ഥാനത്തിന് മാത്രമായുള്ള ഒരു ഭരണഘടനാ നിർമാണസഭയാണ് അവരുടെ ഭരണഘടന തയ്യാറാക്കുക. ജമ്മുകശ്മീരിന് വിപുലമായ സ്വയംഭരണാവകാശം നൽകിയതുകൊണ്ട്, പാർലമെന്റ് പാസാക്കിയ ഏതേത് നിയമങ്ങൾ തങ്ങളുടെ സംസ്ഥാനത്ത് നടപ്പാക്കണം എന്ന് അവിടത്തെ നിയമനിർമാണസഭയ്ക്ക് തീരുമാനിക്കാം.

### 370-ാം വകുപ്പ് ഇല്ലാതാക്കിയ വിധം

പ്രശ്നങ്ങളുടെ മൂലകാരണം കശ്മീർ ജനതയ്ക്ക് നൽകിയ ഉറപ്പിൽ നിന്നുള്ള പിന്മാറ്റമാണ്. 1953 മുതൽതന്നെ കാലാകാലങ്ങളിലെ കോൺഗ്രസ് സർക്കാരുകൾ ജമ്മുകശ്മീരിന് 370-ാം വകുപ്പ് നൽകിയ സ്വയംഭരണാവകാശം ഇല്ലായ്മ ചെയ്യാനുള്ള നടപടികൾ കൈക്കൊണ്ടുപോന്നിരുന്നു. അറുപതുകളിലും എഴുപതുകളിലും എൺപതുകളിലുമായി തുടർന്നുപോന്നത് അധികാര കേന്ദ്രീകരണത്തിന്റെയും സംസ്ഥാന സ്വയംഭരണാവകാശ നിഷേധത്തിന്റെയും നടപടിക്രമങ്ങളായിരുന്നു. സംസ്ഥാനത്തിന് അനുവദിച്ചിരുന്ന സ്വയംഭരണാവകാശം കവർന്നെടുക്കാൻ 370-ാം വകുപ്പ് തകിടംമറിക്കുകയായിരുന്നു. ജമ്മുവിനും കശ്മീരിനും ഭരണഘടന ബാധകമാക്കുന്ന 1954ലെ ഉത്തരവ് മുതൽക്കിങ്ങോട്ട് 2010 വരെ അത്തരം 42 ഉത്തരവുകളുണ്ട്. അവയൊക്കെയും കേന്ദ്ര ഇടപെടലിനുള്ള സാധ്യത വർധിപ്പിക്കുന്നവയും 370-ാം വകുപ്പ് അംഗീകരിക്കുന്ന സമയത്ത് ആലോചിക്കുക പോലും ചെയ്യാത്തവയുമായിരുന്നു. നിയമവിദഗ്ധനായ എ ജി നൂറാനി രേഖപ്പെടുത്തിയതുപോലെ, 370-ാം വകുപ്പ് അതിന്റെ യഥാർഥ അന്തഃസത്ത കുത്തിച്ചോർത്തി വിവസ്ത്രമാക്കപ്പെട്ടിട്ടുണ്ട്. കേന്ദ്ര ലിസ്റ്റിലെ 97 നിയമനിർമാണവിഷയങ്ങളിൽ 94 എണ്ണവും ജമ്മു കശ്മീരിന് ബാധകമാക്കിയിട്ടുണ്ട്.

> **ഭരണഘടനയ്ക്കും ഫെഡറലിസത്തിനുമെതിരെ ഒരു മിന്നലാക്രമണമാണ് മോഡി സർക്കാർ നടത്തിയിരിക്കുന്നത്. മോഡി-ഷാ ദ്വന്ദ്വത്തിന്റെ ആഭിമുഖ്യത്തിൽ, ഭരണഘടനയുടെ 370-ാം വകുപ്പ് കുത്തിച്ചോർത്തുകയും 35 എ വകുപ്പ് റദ്ദാക്കുകയും ചെയ്തിരിക്കുന്നു. അതുംപോരാഞ്ഞ് ജമ്മു കശ്മീരിന്റെ നിലനിൽപ്പിന് നേരേതന്നെ ആക്രമണമഴിച്ചുവിട്ടുകൊണ്ട് സംസ്ഥാനത്തെ ഇല്ലാതാക്കി, രണ്ട് കേന്ദ്ര ഭരണപ്രദേശങ്ങളായി വിഭജിച്ചിരിക്കുകയാണ്.**

### അന്യവൽക്കരണവും തീവ്രവാദ വളർച്ചയും

സ്വയംഭരണാവകാശത്തിലെ ശോഷണത്തെത്തുടർന്നുണ്ടായതാണ് ജനാധിപത്യനിഷേധവും ജനാധിപത്യാവകാശ നിരോധനവും. തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ അട്ടിമറിക്കപ്പെട്ടു. 1987ലെ തെരഞ്ഞെടുപ്പിൽ കണ്ടതുപോലെ തെരഞ്ഞെടുപ്പു കൃത്രിമങ്ങൾ ആവർത്തിക്കപ്പെട്ടു. ഈ പശ്ചാത്തലത്തിലാണ് വൻതോതി

ലുള്ള അന്യവൽക്കരണത്തിന്റെ സൂചനകൾ പ്രത്യക്ഷപ്പെട്ടുതുടങ്ങിയത്. അതാകട്ടെ, പൊട്ടിപ്പുറത്തുവന്നത് തീവ്രവാദത്തിന്റെയും സായുധ കലാപത്തിന്റെയുംരൂപത്തിലാണ്. കാലംചെല്ലുന്നതോടെ ഈ അതൃപ്തി പ്രയോജനപ്പെടുത്തിയത് പാകിസ്ഥാൻ പിന്തുണയുള്ള ഹിസ്ബുൾ മുജാഹിദ്ദീൻ പോലുള്ള ഇസ്ലാമികശക്തികളും കടുത്ത തീവ്രവാദ ഗ്രൂപ്പുകളായ ജെയ്ഷെ മുഹമ്മദും ലഷ്കർ ഇ തോയ്ബയുമാണ്. നാടുവാഴിഭരണത്തിനെതിരെ നാഷണൽ കോൺഫറൻസിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭത്തിന് തുടക്കംമുതൽ എതിരായിരുന്നു ഹിന്ദു വർഗീയശക്തികൾ. ജനസംഘത്തിന്റെ ആദ്യരൂപമായ പ്രജാപരിഷത്ത് മഹാരാജാവ് ഹരിസിങ്ങിനൊപ്പമായിരുന്നു. ജനസംഘവും ഹിന്ദുമഹാസഭയും 370-ാം വകുപ്പിനുമാത്രമല്ല, ജമ്മു കശ്മീരിന് ഏതെങ്കിലും തരത്തിലുള്ള സ്വയംഭരണം നൽകുന്നതിനും എതിരായിരുന്നു. ഹിന്ദുത്വ പ്രത്യയശാസ്ത്രമുള്ള ആർഎസ്എസ് നേതൃത്വത്തിൽ ആദ്യം ജനസംഘവും പിന്നീട് ബിജെപിയും തങ്ങളുടെ കേന്ദ്രീകൃത അഖണ്ഡഭാരത സങ്കൽപ്പത്തിനൊത്ത് 370-ാം വകുപ്പിനെതിരെ നിരന്തരം എതിർപ്പ് പ്രകടിപ്പിച്ചു പോന്നു. അവരുടെ എതിർപ്പ് രൂപംകൊണ്ടത് കശ്മീർ താഴ്വര മുസ്ലീംസ്വാധീനമുള്ള പ്രദേശമായിരുന്നു എന്നതിനാലാണ്.

**സ്വയംഭരണാവകാശത്തിലെ ശോഷണത്തെത്തുടർന്നുണ്ടായതാണ് ജനാധിപത്യനിഷേധവും ജനാധിപത്യാവകാശ നിരോധനവും. തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ അട്ടിമറിക്കപ്പെട്ടു.**

അതിർത്തിക്കപ്പുറമുള്ള തങ്ങളുടെ ഇസ്ലാമിക എതിരാളികളെപ്പോലെ ഹിന്ദുത്വവാദികളും ആർഎസ്എസും ആവശ്യപ്പെട്ടുപോന്നത് ജമ്മുകശ്മീരിനെ മതാടിസ്ഥാനത്തിൽ മൂന്നായി മുറിക്കണമെന്നായിരുന്നു. ഹിന്ദു ഭൂരിപക്ഷമുള്ള ജമ്മു, മുസ്ലിം ആധിപത്യമുള്ള താഴ്വര, പിന്നെ ബുദ്ധമതക്കാർക്ക് നേരിയ ഭൂരിപക്ഷമുള്ള ലഡാക്കും.

മുസ്ലിം ഭൂരിപക്ഷമുള്ള ജമ്മു കശ്മീരിന്റെ നിലനിൽപ്പുതന്നെ അവർക്ക് ചതുർഥിയായിരുന്നു. ആർഎസ്എസ് ബിജെപിയുടെ സഹജ മുസ്ലിം വിരോധമാണ് അവരെ കശ്മീരി ജനതയുടെ ഏത് ജനാധിപത്യാഭിലാഷത്തിനും എതിരാക്കി മാറ്റുന്നത്. 370-ാം വകുപ്പ് റദ്ദാക്കുന്നതിനുവേണ്ടി വാദിച്ചുകൊണ്ടിരുന്നപ്പോൾ, അവരുദ്ദേശിച്ചത് താഴ്വരയിലെ ജനങ്ങളെ ഭരണകൂട സുരക്ഷാസംവിധാനം വഴി അടിച്ചൊതുക്കണം എന്നാണ്. ആർഎസ്എസിനും മോഡി-ഷാ ദ്വന്ദ്വത്തിനും കശ്മീർ അഖണ്ഡഭാരതത്തിന്റെ അവിഭാജ്യ ഭൂഭാഗമാണ്. അതേയവസരംഅവിടത്തെ ജനങ്ങളെ മുസ്ലിങ്ങളായതുകൊണ്ടുതന്നെ അന്യരായാണ് അവർ നോക്കിക്കണ്ടത്. ജമ്മുവിനും താഴ്വരയ്ക്കും ഇടയിൽ വർഗീയമായ വിഭജനം ഉണ്ടാക്കിയെടുക്കാനുള്ള കഠിനശ്രമത്തിലായിരുന്നു ആർഎസ്എസും-ബിജെപിയും. 2014ൽ മോഡി സർക്കാർ കേന്ദ്രത്തിൽ അധികാരമേറ്റതോടെ, ഈ ശ്രമംപതിന്മടങ്ങ് വർധിച്ചു. കഴിഞ്ഞ കുറച്ചുവർഷങ്ങളായി തീവ്രവാദികളോടൊപ്പം ചേരുന്നത് പ്രദേശത്തെ യുവാക്കളാണ്, അതുംവർധിച്ചതോതിൽ. കൊല്ലപ്പെടുന്ന സുരക്ഷാഭടന്മാരുടെയും തീവ്രവാദികളുടെയും എണ്ണം നാൾക്കുനാൾ കൂടിക്കൂടിവരികയാണ്.

പാർലമെന്റിൽ കശ്മീരിന്റെ ഭരണഘടനാപദവിയിൽ മാറ്റം വരുത്തുന്ന ബിൽ കൊണ്ടുവരുന്നതിന് മുമ്പുതന്നെ വൻതോതിലുള്ള സുരക്ഷാനീക്കമാണ് ബിജെപി സർക്കാർ നടത്തിയത്. ഇതുവഴി അവിടത്തെ ജനതയോടുള്ള അവജ്ഞ യാണ് സർക്കാർ പ്രകടിപ്പിച്ചത്. പതിനായിരക്കണക്കിന് കേന്ദ്ര സായുധ പൊലീസ് സേനാംഗങ്ങളെയും പട്ടാളക്കാരെയുമാണ് കശ്മീരിൽ വിന്യസിച്ചത്. പ്രധാന രാഷ്ട്രീയകക്ഷികളുടെ നേതാക്കൾ തടവിലാണ്. അവിടെനിന്ന് ഒരു വാർത്തയും പുറത്തുവരുന്നില്ല. ഇന്റർനെറ്റും മൊബൈൽ ഫോൺ സേവനവും നിർത്തിവച്ചു. അമർനാഥ് യാത്ര റദ്ദാക്കി തീർഥാടകരെ തിരിച്ചയച്ചു. കശ്മീർ ഒരു വലിയ തടവറ യായി മാറിയിരിക്കുന്നു.

ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ഒരു സംസ്ഥാനത്തെ ജനജീവിതത്തെ ഗുരുതരമായി ബാധിക്കുന്ന തരത്തിലുള്ള മാറ്റങ്ങൾ കൊണ്ടുവ രുന്ന ബില്ലുമായി ബന്ധപ്പെട്ട് അവിടത്തെ ജനങ്ങളെ ഇങ്ങനെയൊക്കെയാണ് കൈകാര്യംചെയ്യുന്നത്. 370-ാം വകുപ്പ് റദ്ദാക്കുന്നതിനുള്ള ന്യായമായി ആഭ്യന്ത രമന്ത്രി അമിത്ഷാ പാർലമെന്റിൽ പറഞ്ഞത് ഹിന്ദുത്വ ക്യാമ്പ് പറഞ്ഞുതഴഞ്ഞ പഴയ കാര്യങ്ങൾതന്നെയാണ്. ജമ്മുകശ്മീരിനെ ഇന്ത്യയുമായി സംയോജിപ്പിക്കുന്നതിന് തടസ്സംനിൽക്കുന്ന ഒന്നാണ് 370-ാം വകുപ്പ് എന്ന് അദ്ദേഹം അവകാശപ്പെട്ടു. കശ്മീർ ജനത സ്വമേധയാ ഇന്ത്യയിൽ ചേർന്നത് പിന്നീട് ആ വകുപ്പിന്റെ രൂപത്തിൽവന്ന ഉറപ്പുകളുടെ അടിസ്ഥാനത്തിലാണ്. ഈ ഭരണഘടനാപരിരക്ഷയാണ്, തങ്ങളുടെ ഭാവി ഇന്ത്യയിൽ ഭദ്രമാണെന്ന് അവർക്ക് ഉറപ്പ് നൽകിയത്. പക്ഷേ അമിത്ഷാ പറയുന്നത്, 370-ാം വകുപ്പ് വിഭജന വാദവും തീവ്രവാദവും വളർത്തുകയാണ് എന്നാണ്.

**അതിർത്തിക്കപ്പുറമുള്ള തങ്ങളുടെ ഇസ്ലാമിക എതിരാളി കളെപ്പോലെ ഹിന്ദുത്വവാദികളും ആർഎസ്എസും ആവശ്യപ്പെട്ടു പോന്നത് ജമ്മുകശ്മീരിനെ മതാടി സ്ഥാനത്തിൽ മൂന്നായി മുറിക്കണ മെന്നായിരുന്നു. ഹിന്ദു ഭൂരിപക്ഷ മുള്ള ജമ്മു, മുസ്ലിം ആധിപത്യമുള്ള താഴ്വര, പിന്നെ ബുദ്ധമതക്കാർക്ക് നേരിയ ഭൂരിപക്ഷമുള്ള ലഡാക്കും.**

വസ്തുത നേരേമറിച്ചാണ്. 370-ാം വകുപ്പിലെ സ്വയംഭരണാവകാശം വെട്ടിക്കു റച്ചതും നിഷ്ഠുരമായ അടിച്ചമർത്തൽ നടത്തിയതുമാണ് അസംതൃപ്തിയും അന്യവൽക്കരണവും വളർത്തിയത്. പിന്നീട് അതാണ് വിഘടനവാദത്തിലേക്കും പാക്ക് സഹായവും പ്രോത്സാഹനവുമുള്ള ഭീകരവാദത്തിലേക്കും നയിച്ചത്. നിരാകരി ക്കപ്പെട്ട സ്വയംഭരണാവകാശവും ജനാധിപത്യാവകാശങ്ങളും പുനഃസ്ഥാപിച്ചു കൊണ്ടുമാത്രമേ അന്യവൽക്കരിക്കപ്പെട്ട ജനതയെ തിരിച്ചുകൊണ്ടുവരാൻ ആകുമാ യിരുന്നുള്ളൂ.

സംസ്ഥാനത്തെ വികസനപിന്നോക്കാവസ്ഥയ്ക്കും സാമ്പത്തിക വികസന മില്ലായ്മയ്ക്കും കാരണമായി 370-ാം വകുപ്പിനെയാണ് അമിത്ഷാ കുറ്റപ്പെടുത്തി യത്. ഒരു രാഷ്ട്രീയ പരിഹാരത്തിലെത്തിച്ചേരുകയും സമാധാനവും സാധാരണ നിലയും പുനഃസ്ഥാപിക്കുകയുംചെയ്യാതെ, അമിത്ഷാ അവകാശപ്പെട്ടതുപോലെ വികസനത്തിലും തൊഴിലിലും വൻ കുതിച്ചുചാട്ടം ഉണ്ടാക്കാനാകും എന്ന് കരുതു ന്നത്, ഒരു വ്യഥാ സ്വപ്നം മാത്രമായിരിക്കും. അവസാനം, സംസ്ഥാനത്തെ വൻതോ

തിലുള്ള അഴിമതിക്കും പൊതുപണം ചോർന്നുപോകുന്നതിനും കാരണമായി അമിത്ഷാ കുറ്റപ്പെടുത്തിയത് 370–ാം വകുപ്പിനെയാണ്. ജമ്മുകശ്മീരിൽ അഴിമതി ഏറെയാണെന്നും ഭരണസംവിധാനംതന്നെ തകരാറിലാണെന്നുമുള്ളത് വാസ്തവമാണ്. പക്ഷേ, ഇത്തരമൊരവസ്ഥ സംജാതമാക്കുന്നത് ജനാധിപത്യപ്രക്രിയയുടെ അഭാവവും ഉത്തരവാദിത്തനിർണയത്തിന്റെ കുറവുമാണ്. ജമ്മുകശ്മീർ ഏറെക്കുറെ ഒരു പൊലീസ് സ്റ്റേറ്റായി മാറിയിട്ട് ഏറെക്കാലമായി. ദീർഘകാലമായി (ആകെകൂടി പത്തു വർഷം) അത് കേന്ദ്രഭരണത്തിന് കീഴിലായിരുന്നു. കേന്ദ്രീകൃതമായ ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വവും സുരക്ഷാസംവിധാനവും ആരോടും ഉത്തരവാദിത്തമില്ലാത്ത രാഷ്ട്രീയനേതൃത്വവുമാണ് യഥാർഥത്തിൽ സംസ്ഥാനത്ത് അഴിമതി വർധിപ്പിച്ചത്.

**ഭരണകക്ഷിയുടെ തന്ത്രങ്ങൾക്കും മോഡി സർക്കാരിന്റെ ഭീഷണികൾക്കും എത്രമാത്രം ഫലമുണ്ടാക്കാനാകും എന്ന കാര്യമാണ് ബിജെഡി, വൈ.എസ്.ആർ കോൺഗ്രസ്, ടി.ഡി.പി, ടി.ആർ.എസ് തുടങ്ങിയ പ്രാദേശിക രാഷ്ട്രീയകക്ഷികൾ ഫെഡറൽ വിരുദ്ധ നടപടികൾക്കു പിന്നിൽ അണിനിരക്കുന്നതുവഴി വെളിപ്പെടുന്നത്. സ്വന്തം കാല് മുറിക്കാനായി മഴു രാകുന്നതുപോലെയാണത്.**

### ഭരണഘടനാപരമായ തട്ടിപ്പ്

ഭരണഘടനയ്ക്കെതിരെ മോഡി സർക്കാർ നടത്തിയ ഈ അട്ടിമറിയുടെ രീതി രാജ്യത്ത് നിലവിൽവന്ന ഏകാധിപത്യ ഭരണസമീപനത്തിന്റെ ഒത്ത ലക്ഷണമാണ്. 370–ാം വകുപ്പ് പ്രകാരമുള്ള പ്രസിഡന്റിന്റെ ഒരുത്തരവ് 367–ാം വകുപ്പ് പുതുക്കിയെഴുതാനാണ് ഉപയോഗിക്കുന്നത്. എന്നിട്ട് അതിനെയാണ് 370–ാം വകുപ്പിന്റെ അന്തഃസത്ത ഇല്ലായ്മ ചെയ്യാൻ ഉപയോഗപ്പെടുത്തുന്നത്.

ഭരണകക്ഷിയുടെ തന്ത്രങ്ങൾക്കും മോഡി സർക്കാരിന്റെ ഭീഷണികൾക്കും എത്രമാത്രം ഫലമുണ്ടാക്കാനാകും എന്ന കാര്യമാണ് ബിജെഡി, വൈ.എസ്. ആർ കോൺഗ്രസ്, ടി.ഡി.പി, ടി.ആർ.എസ് തുടങ്ങിയ പ്രാദേശിക രാഷ്ട്രീയകക്ഷികൾ ഫെഡറൽ വിരുദ്ധ നടപടികൾക്കു പിന്നിൽ അണിനിരക്കുന്നതുവഴി വെളിപ്പെടുന്നത്. സ്വന്തം കാല് മുറിക്കാനായി മഴു രാകുന്നതുപോലെയാണത്. 370–ാം വകുപ്പ് നൽകുന്ന സ്വയംഭരണം വെട്ടിച്ചുരുക്കുന്നതിലെ ആദ്യ പ്രതി കോൺഗ്രസ് പാർടിയാണെങ്കിലും, ഇക്കാര്യത്തിൽ അതൊരു വിഭജിക്കപ്പെട്ട തറവാട് പോലെയായി, പ്രതികരിക്കാൻ കഴിയാത്ത മട്ടിലായി.

### മുന്നിലുള്ളത് നീണ്ട പോരാട്ടം

പ്രസിഡന്റിന്റെ ഉത്തരവിനും പാസാക്കപ്പെട്ട ബില്ലുകൾക്കുമെതിരെ നിയമപരമായ അപ്പീലുകൾ ഉണ്ടാകും എന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ, കശ്മീർ ജനതയ്ക്ക് നൽകിയ ഉറപ്പ് തകർത്ത വഞ്ചനയ്ക്കെതിരെ നീണ്ട പോരാട്ടമാണ് മുന്നിലുള്ളത്. ഇത് കശ്മീരിനുവേണ്ടി മാത്രമുള്ളതല്ല, അത് ഇന്ത്യയിൽ ജനാധിപ

ത്യവും ഫെഡറലിസവും സംരക്ഷിക്കാനുള്ള പോരാട്ടമായിരിക്കും. ഭരണഘടനയുടെ 370-ാം വകുപ്പ് നൽകുന്ന സ്വയംഭരണാവകാശം സംരക്ഷിക്കുന്നതിനായി സിപിഐ(എം) എന്നും നിലകൊണ്ടിട്ടുണ്ട്. ഭരണഘടനാവകുപ്പ് പ്രകാരമുള്ള സ്വയംഭരണാധികാരം വെട്ടിച്ചുരുക്കുന്നതിനെ എതിർത്തുപോന്നിട്ടുണ്ട്. ബി.ജെ.പി നിലപാടിന് എതിരായിക്കൊണ്ട് സിപിഐ(എം) എടുത്തുപോന്ന നിലപാട്, കശ്മീരിലെ മൂന്ന് പ്രദേശങ്ങൾക്കും-ജമ്മുവിനും താഴ്വരയ്ക്കും-ലഡാക്കിനും പരമാവധി സ്വയംഭരണാവകാശം നൽകണം എന്നാണ്. തീവ്രവാദികളുടെ സായുധ ആക്രമണങ്ങളെയും അതിർത്തിക്കപ്പുറത്തുനിന്നുള്ള ഭീകരപ്രവർത്തനങ്ങളെയും കർശനമായി നേരിടാനുള്ള നടപടികൾ എടുക്കുന്നതോടൊപ്പം, സംസ്ഥാനത്തെ എല്ലാ തരത്തിലുംപെട്ട രാഷ്ട്രീയാഭിപ്രായങ്ങളിൽപെട്ടവരുമായി ഒരു രാഷ്ട്രീയ ചർച്ചയ്ക്ക് തയ്യാറാകണം എന്നതാണ് സിപിഐ(എം) നിലപാട്.

◆

**മുഹമ്മദ് യൂസഫ് തരിഗാമി സംസാരിക്കുന്നു**

# ജമ്മുകാശ്മീരിന്റെ ജനസംഖ്യാനുപാതം മാറ്റാൻ ആർഎസ്എസ് ആഗ്രഹിക്കുന്നു

സി.പി.ഐ(എം) കേന്ദ്രകമ്മറ്റി അംഗവും ജമ്മുകാശ്മീർ നിയമസഭാംഗവുമായ മുഹമ്മദ് യൂസഫ് തരിഗാമിയുമായി ഫ്രണ്ട്ലൈനിനു(2019 ആഗസ്റ്റ് ലക്കം) വേണ്ടി ആനന്ദോഭക്തോ നടത്തിയ അഭിമുഖം. ആഗസ്റ്റ് 3-നാണ് ഈ അഭിമുഖം നടത്തിയത്. 370-ാം വകുപ്പ് റദ്ദ് ചെയ്യുന്നതിന് രണ്ടുദിവസം മുൻപാണ് തരിഗാമി ഫ്രണ്ട്ലൈൻ പ്രതിനിധിയുമായി സംസാരിച്ചത്. പിറ്റേദിവസം തന്നെ അദ്ദേഹത്തെ തടവിലാക്കുകയും ചെയ്തു.

അമർനാഥ് തീർഥാടകരോടും വിനോദസഞ്ചാരികളോടും താഴ്‌വരയിൽ നിന്ന് പെട്ടെന്ന് തന്നെ പുറത്തുപോകാൻ സംസ്ഥാന സർക്കാർ ഉപദേശിച്ചതിനെ തുടർന്ന് കശ്മീർ താഴ്‌വര ഭയത്തിന്റെയും അനിശ്ചിതത്വത്തിന്റെയും അന്തരീക്ഷത്തിലേക്ക് ഇറങ്ങി, ജമ്മുകശ്മീരിലെ മുഖ്യധാരാ രാഷ്ട്രീയ നേതാക്കൾ ന്യൂഡൽഹിയിൽ നിന്നും ഏകപക്ഷീയമായി സംസ്ഥാനത്തിന്റെ പ്രത്യേക പദവി റദ്ദാക്കുമെന്ന് സംശയിച്ചു. കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയിലെ (മാർക്സിസ്റ്റ്) നാല് തവണ കുൽഗാം എംഎൽഎ ആയ മുഹമ്മദ് യൂസഫ് തരിഗാമി ഓഗസ്റ്റ് 3 ന്, ആർട്ടിക്കിളുകൾ 370, 35 എ അസാധുവാക്കുന്നതിന് രണ്ട് ദിവസം മുമ്പ് ഫ്രണ്ട് ലൈനുമായി അദ്ദേഹത്തിന്റെ ശ്രീനഗറിൽ ഉള്ള വസതിയിൽ വച്ച് സംസാരിച്ചു. ഈ ആർട്ടിക്കിളിൽ വരുത്തുന്ന മാറ്റങ്ങൾ, ജമ്മു കശ്മീരും ഇന്ത്യയും തമ്മിലുള്ള രാഷ്ട്രീയ ബന്ധം ദുർബലപ്പെടുത്തുക മാത്രമല്ല, കൂടുതൽ ഏകാധിപത്യപരമായി പ്രവർത്തിക്കാനും ഇന്ത്യയുടെ ഫെഡറൽ ഘടനയെ നശിപ്പിക്കാനും കേന്ദ്ര സർക്കാരിനെ ശക്തിപ്പെടുത്തുമെന്ന് അദ്ദേഹം ഭയപ്പെട്ടു. അഭിമുഖത്തിൽ നിന്നുള്ള ചില ഭാഗങ്ങൾ.

**അമർനാഥ് യാത്രികരോടും വിനോദസഞ്ചാരികളോടും എത്രയും വേഗം നാട്ടിലേക്ക് മടങ്ങാൻ സർക്കാർ ഉപദേശിച്ചതിനെ തുടർന്ന് കശ്മീരിൽ അനിശ്ചിതത്വവും പരിഭ്രാന്തിയും നിലനിൽക്കുന്നു. സൈന്യത്തിന്റെ കൂടിച്ചേരൽ കൂടിയായപ്പോൾ, ജനങ്ങൾക്ക് മോശമായ എന്തോ സംഭവിക്കാൻ പോവുമെന്നുള്ള ചിന്ത വർദ്ധിപ്പിച്ചു. ഈ സംഭവവികാസങ്ങളെ താങ്കൾ എങ്ങനെ കാണുന്നു?**

ഒന്നാമതായി, കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി നമ്മുടെ സംസ്ഥാനം അനിശ്ചിതത്വത്തിന്റെയും അക്രമ-പരമ്പരകളുടെയും ഒരു നീണ്ട പ്രക്രിയയിലൂടെ കടന്നുപോകുന്നത് നിർഭാഗ്യകരമാണ്, 2016 മുതൽ ഈ അവസ്ഥ കൂടി വന്നു. സുരക്ഷാ സാഹചര്യം മെച്ചപ്പെട്ടു എന്നാണ് പാർലമെന്റിനു അകത്തും പുറത്തും ഇന്ത്യാ ഗവൺമെന്റിന്റെ അവകാശപ്പെട്ടത്, കൂടാതെ നമ്മളോട് പറഞ്ഞത് ഒരു നീണ്ട ഇടവേളയ്ക്ക് ശേഷം ധാരാളം യാത്രികർ താഴ്വരയിൽ എത്തുന്നു എന്നാണ്. അതേസമയം, ആർട്ടിക്കിൾ 35 എ ഒഴിവാക്കുന്നതിനോ അതിർത്തി പുനർനിർണയിക്കുന്നതിനോ സർക്കാർ ആലോചിക്കുന്നുണ്ടെന്ന് അഭ്യൂഹങ്ങൾ പരന്നു. സമീപകാലത്ത്, 10,000 സൈനികരെ വിന്യസിക്കുമെന്ന് അവർ പ്രഖ്യാപിച്ചു, പക്ഷെ പെട്ടെന്ന് തന്നെ ഒരു വിശദീകരണം വന്നു നിലവിലുള്ള സൈനികരെ മാറ്റിസ്ഥാപിക്കാനാണ് തങ്ങൾ ഉദ്ദേശിക്കുന്നതെന്ന്. അതിനുശേഷം സുരക്ഷാ ഗ്രിഡ് മുഴുവനും ജാഗ്രത പാലിച്ച് 25,000-ൽ അധികം ഉദ്യോഗസ്ഥരെ വിന്യസിച്ചു.

**ഇത് ഇവിടുത്തെ ജനങ്ങളുമായി ആരോ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്ന ഒരു പ്രതീതിയാണ് ജനിപ്പിച്ചത്. ആർട്ടിക്കിൾ 370, 35 എ എന്നിവ റദ്ദാക്കുകയും സംസ്ഥാനത്തിന്റെ അതിർത്തി പുനർ നിശ്ചയിക്കുന്നതും, സംസ്ഥാനത്തെ മൂന്നായി വിഭജിക്കുന്നതും ആർഎസ്എസ് (രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ) ബിജെപി (ഭാരതീയ ജനതാ പാർട്ടി) അജണ്ടയാണ്.**

എല്ലാത്തിനും ഉപരിയായി, സുരക്ഷാ മേധാവികളും, കോർ കമാൻഡറും, മറ്റ് ഉദ്യോഗസ്ഥരും ഇന്നലെ (ആഗസ്റ്റ് 2) ഒരു പത്രസമ്മേളനം നടത്തി. പാകിസ്ഥാൻ അമർനാഥ് യാത്രയെ അസ്ഥിരപ്പെടുത്താൻ ശ്രമിക്കുകയാണെന്ന് അവർ ഞങ്ങളെ അറിയിച്ചു, എന്നിരുന്നാലും സ്ഥിതിഗതികൾ നിയന്ത്രണത്തിലാണെന്ന് അവർ ഊന്നിപ്പറയുകയും ചെയ്തു. എന്നാൽ താമസിയാതെ, ആഭ്യന്തര സെക്രട്ടറിയുടെ ഒരു ഉപദേശം, എന്റെ അഭിപ്രായത്തിൽ അഭൂതപൂർവമായ ഒരു സംഭവം, യാത്രികരോട് അവരുടെ യാത്ര ചുരുക്കാനും സന്ദർശകരോടും വിനോദസഞ്ചാരികളോടും അവരുടെ താമസം കുറയ്ക്കാനും ആവശ്യപ്പെട്ടു. എന്തുകൊണ്ടെന്ന് ഒരാൾക്കും അറിയില്ല.

ശ്രീനഗറിൽ മാത്രമല്ല, വിദൂര പ്രദേശങ്ങളായ ഗുരസ്, തങ്ദാർ, രാജൗരി, പൂഞ്ച് എന്നിവിടങ്ങളിലും ഇത് പരിഭ്രാന്തി സൃഷ്ടിച്ചു. നിക്ഷിപ്ത താൽപ്പര്യങ്ങൾ നട്ടുപിടിപ്പിച്ച കിംവദന്തികളുടെ പരമ്പരയുടെ ഭാഗമാണോ ഇത്? ഉത്തരം 'അല്ല' എന്നതാണ്. ഇത് അധികാരികളുടെ, സർക്കാറിന്റെ മനഃപൂർവമായ അഭ്യാസമാണ്.

1990 കളിൽ തീവ്രവാദം അതിന്റെ പാരമ്യത്തിലെത്തിയ ഏറ്റവും പ്രയാസകരമായ സമയങ്ങൾ ഞാൻ കണ്ടിട്ടുണ്ട്, എന്നാൽ യാത്ര ഒരിക്കലും അവസാനിപ്പിച്ചിട്ടില്ല; സാധാരണക്കാരുടെ പിന്തുണയോടെ യാത്ര നടത്തിപോന്നു.

അതിനുശേഷം, എൻഐടിയിലെയും പോളിടെക്നിക് കോളേജിലെയും വിദ്യാർത്ഥികളോട് ഹോസ്റ്റലുകൾ ഒഴിവാക്കി അതത് സംസ്ഥാനങ്ങളിലേക്ക് മടങ്ങാൻ ആവശ്യപ്പെട്ട് ഉപദേശങ്ങൾ വന്നു. ഇത് ഇവിടുത്തെ ജനങ്ങളുമായി ആരോ യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്ന ഒരു പ്രതീതിയാണ് ജനിപ്പിച്ചത്. ആർട്ടിക്കിൾ 370, 35 എ എന്നിവ റദ്ദാക്കുകയും സംസ്ഥാനത്തിന്റെ അതിർത്തി പുനർ നിശ്ചയിക്കുന്നതും, സംസ്ഥാനത്തെ മൂന്നായി വിഭജിക്കുന്നതും ആർഎസ്എസ് (രാഷ്ട്രീയ സ്വയംസേവക സംഘത്തിന്റെ) ബിജെപി (ഭാരതീയ ജനതാ പാർട്ടി) അജണ്ടയാണ്.

നമ്മൾ ഒരു കാര്യം ഓർക്കണം, ആഭ്യന്തരമന്ത്രി അമിത്ഷായും മുൻ ആഭ്യന്തരമന്ത്രിയും ഇപ്പോൾ പ്രതിരോധമന്ത്രിയുമായ രാജ്നാഥ്സിങ്ങിന്റെ സമീപ കാല സന്ദർശനത്തിനിടെ സാംബയിൽ ഒരു പത്രസമ്മേളനത്തിൽ കശ്മീർ സംഘർ ഷം ഉടൻ പരിഹരിക്കപ്പെടുമെന്ന് ഇരുവരും പ്രഖ്യാപിചിട്ടുണ്ടായിരുന്നു. എങ്ങനെ യാണ് 70 വർഷം പഴക്കമുള്ള, തികച്ചും സങ്കീർണ്ണമായ ഒരു പ്രശ്നം, സമയബന്ധിത മായി പരിഹരിക്കുക? എങ്ങനെയാണ് അവർ ഇത് പരിഹരിക്കാൻ ഉദ്ദേശിക്കുന്നത്, പാർലമെന്റിനെ വിശ്വാസത്തിൽ എടുക്കാതെയും, ഒരു വാക്കുപോലുംപറയാതെ; യാത്ര നിർത്തിവച്ചതും, വിദ്യാർത്ഥികളോടും വിനോദസഞ്ചാരികളോടും തിരിച്ചു പോകാൻ ആവശ്യപ്പെടുന്ന ഉപദേശവും രൂപപ്പെടുത്തിയ പ്രതിസന്ധിയുടെ പശ്ചാത്ത ലത്തിൽ?

**അതിർത്തി പുനർനിർണയത്തെ സംബന്ധിച്ചും, സംസ്ഥാനത്തെ മൂന്നായി വിഭജിക്കുന്നതിനെ പറ്റിയും, അതിന്റെ പ്രത്യേക പദവി റദ്ദാക്കലിനെ പറ്റിയും അഭ്യൂഹങ്ങളുണ്ട്. ഈ നടപടികളിൽ ഏതെങ്കിലും ഒന്ന് ഇന്ത്യൻ സർക്കാർ എടുക്കുകയാണെങ്കിൽ, അത് ഭരണഘടനയുടെ മനോഭാവത്തിലായിരിക്കുമോ?**

ഈ ഘടകങ്ങളെല്ലാം ഒരേ ശൃംഖലയിലെ കണ്ണികളാണ്. തീർച്ചയായും പരിഗണിക്കേണ്ട ഒരു കാര്യം, ഈ സംസ്ഥാനത്തിന് പ്രത്യേക പദവി വാഗ്ദാനം രൂപപ്പെട്ടത് ഒരു പ്രത്യേക സാഹചര്യത്തിലാണ്, അതായത് പാകിസ്ഥാൻ അവ രുടെ സൈന്യത്തെ കാശ്മീരിലേക്ക് അയച്ചപ്പോൾ ഇന്ത്യക്കും പാകിസ്ഥാനും ഇടയിൽ ഒരു ഒരു മത്സരം രൂപപ്പെട്ടു, അപ്പോൾ അതിർത്തി സംസ്ഥാനമായ, ഒരു വലിയ മുസ്ലിം സമൂഹം ഉൾക്കൊള്ളുന്ന കാശ്മീർ, ഇതിൽ രണ്ടിലൊന്നിനെ തിരഞ്ഞെടുക്കേണ്ടതായി വന്നു. ഈ സാഹചര്യത്തിൽ, പാകിസ്ഥാൻ ഭരണകൂടം നിർബന്ധിതമായി കാശ്മീർ പിടിച്ചെടുക്കാൻ ശ്രമിച്ചു, കശ്മീരികൾ ആ ശ്രമത്തെ ചെറുക്കുകയും ഇന്ത്യൻ യൂണിയനുമായി ഒരു രാഷ്ട്രീയ ബന്ധത്തിൽ ഏർപ്പെടുകയും ചില ഉറപ്പുകൾ ആവശ്യപ്പെടുകയും ചെയ്തു. ഈ ഉറപ്പുകൾ ആർട്ടിക്കിൾ 35 എ, 370 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, ഇതാണ് ജമ്മു കശ്മീരും ഇന്ത്യയുമായുള്ള രാഷ്ട്രീയ ബന്ധത്തിന്റെ അടിസ്ഥാനം.

**ജമ്മു കശ്മീരിന് ഉറപ്പുനൽകിയ പ്രത്യേക ഭരണഘടനാ വ്യവസ്ഥകൾ റദ്ദാക്കുന്നത് ഇന്ത്യയുമായി ഉണ്ടാക്കിയ രാഷ്ട്രീയ ബന്ധത്തെ അാധുവാക്കുമോ?**

ഇത് (സംസ്ഥാനത്തിന്റെപ്രത്യേക ദവിയുമായിബന്ധപ്പെടുന്നത്) ബന്ധത്തെ ദുർബലപ്പെടുത്തുന്നതിന് തുല്യമാണെന്ന് ഞാൻ വ്യക്തമായും പരസ്യമായും സമ്മതിക്കണം. ഇത് (ജമ്മു കശ്മീരിന്റെ ഇന്ത്യയിലേക്കുള്ള പ്രവേശനം) തങ്ങൾക്ക് സ്വീകാര്യമല്ലെന്ന് പാകിസ്ഥാൻ വീണ്ടും വീണ്ടും അവകാശപ്പെടുന്നു. ജമ്മു കശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കുന്നതിനെക്കുറിച്ച് ബിജെപി-ആർഎസ്എസ് സംസാരിക്കുമ്പോൾ, ഇന്ത്യൻ യൂണിയനുമായുള്ള ജമ്മുകശ്മീരിന്റെ ബന്ധത്തെ ദുർബലപ്പെടുത്താൻ അവസരം തേടുന്ന ശക്തികളെ അവർ ഫലത്തിൽ അനുസരിക്കുകയാണ് ചെയ്യുന്നത്.

**ഈ സംസ്ഥാനത്തിന് പ്രത്യേക പദവി വാഗ്ദാനം രൂപപ്പെട്ടത് ഒരു പ്രത്യേക സാഹചര്യത്തിലാണ്, അതായത് പാകിസ്ഥാൻ അവരുടെ സൈന്യത്തെ കാശ്മീരിലേക്ക് അയച്ചപ്പോൾ ഇന്ത്യക്കും പാകിസ്ഥാനും ഇടയിൽ ഒരു ഒരു മത്സരം രൂപപ്പെട്ടു, അപ്പോൾ അതിർത്തി സംസ്ഥാനമായ, ഒരു വലിയ മുസ്ലിം സമൂഹം ഉൾക്കൊള്ളുന്ന കാശ്മീർ, ഇതിൽ രണ്ടിലൊന്നിനെ തിരഞ്ഞെടുക്കേണ്ടതായി വന്നു. ഈ സാഹചര്യത്തിൽ, പാകിസ്ഥാൻ ഭരണകൂടം നിർബന്ധിതമായി കാശ്മീർ പിടിച്ചെടുക്കാൻ ശ്രമിച്ചു, കശ്മീരികൾ ആ ശ്രമത്തെ ചെറുക്കുകയും ഇന്ത്യൻ യൂണിയനുമായി ഒരു രാഷ്ട്രീയ ബന്ധത്തിൽ ഏർപ്പെടുകയും ചില ഉറപ്പുകൾ ആവശ്യപ്പെടുകയും ചെയ്തു. ഈ ഉറപ്പുകൾ ആർട്ടിക്കിൾ 35 എ, 370 എന്നിവയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, ഇതാണ് ജമ്മു കശ്മീരും ഇന്ത്യയുമായുള്ള രാഷ്ട്രീയ ബന്ധത്തിന്റെ അടിസ്ഥാനം.**

ഞാൻ നിങ്ങളെ ഒരു കാര്യം ഓർമ്മിപ്പിക്കാം, ജിഎസ്ടി (ചരക്ക് സേവന നികുതി) സംസ്ഥാനത്ത് അവതരിപ്പിച്ചപ്പോൾ ജമ്മുകശ്മീരിന്റെ സാമ്പത്തിക സമന്വയത്തോടെ, ശ്യാമപ്രസാദ് മുഖർജിയുടെ സ്വപ്നങ്ങളിൽ പകുതിയും നിറവേറിയതായി അരുൺ ജെയ്റ്റ്‌ലി (അന്നത്തെ കേന്ദ്ര ധനമന്ത്രി) പറഞ്ഞു. രാഷ്ട്രീയ സമന്വയമാണ് ഇനിയും ചെയ്യേണ്ടതെന്നും അത് ഉചിതമായ സമയത്ത് ബിജെപിയുടെ നേതൃത്വം ഏറ്റെടുക്കുമെന്നും അദ്ദേഹം പറഞ്ഞു. യഥാർത്ഥത്തിൽ അവർ ഇന്ന് ചെയ്യുന്നത് എന്താണെന്ന് വച്ചാൽ, 1950 കളുടെ തുടക്കത്തിൽ മുഖർജിയും പ്രജാപരിഷത്തും (1950 കളിലും 1960 കളിലും ജമ്മുകശ്മീരിലെ ഒരു രാഷ്ട്രീയ പാർട്ടിയായ) പിന്തുടർന്ന അതേ നയവുമായി പൊരുത്തപ്പെടുന്ന കാര്യങ്ങളാണ്.

**കശ്മീരിനെ സംബന്ധിച്ചിടത്തോളം ആർഎസ്എസിന്റെ വലിയ ലക്ഷ്യം എന്താണ്?**

എന്താണോ ജമ്മു കശ്മീരിന് പ്രത്യേക പദവി നൽകുന്നത്, അത് നീക്കം ചെയ്യണമെന്ന് ആർഎസ്എസ് വാദിക്കുന്നു. ആർട്ടിക്കിൾ 370, 35 എ എന്നിവ

ജമ്മുകശ്മീരിലെ ജനങ്ങൾക്ക് അനാവശ്യമായ അനുകൂല്യമാണെന്ന് അവർ കരുതുന്നു. ചരിത്രപരമായി, അങ്ങനെയല്ല. ഉദാഹരണത്തിന് ആർട്ടിക്കിൾ 370 എടുക്കുക. മഹാരാജ ഹരി സിംഗ് ഇന്ത്യാ സർക്കാരുമായി ഒരു കരാറിൽ ഏർപ്പെടുകയും ചില നിബന്ധനകൾക്ക് വിധേയമായി പ്രവേശനത്തിനുള്ള കരാറിൽ ഒപ്പുവെക്കുകയും ചെയ്തു. കരൺ സിംഗ് (ഹരിസിങ്ങിന്റെ മകൻ, ജമ്മുകശ്മീരിലെ മുൻ സദർ-ഇ-റിയാസത്ത്, കോൺഗ്രസ് നേതാവ്) ഇതിന് സാക്ഷിയാണ്. ആ ചരിത്രപരമായ വസ്തുതയെ ആർഎസ്എസ് ഫലത്തിൽ അവഗണിക്കുകയാണ്.

**ആർട്ടിക്കിൾ 35 എ റദ്ദാക്കാനുള്ള ആർഎസ്എസിന്റെ താൽപ്പര്യം നിങ്ങൾ എങ്ങനെ വിശദീകരിക്കും? രാജ്യത്തുടനീളമുള്ള ആളുകളെ വലിയ തോതിൽ സംസ്ഥാനത്ത് പാർപ്പിക്കാൻ അനുവദിച്ചുകൊണ്ട്, സംസ്ഥാനത്തിന്റെ ജനസംഖ്യാ സമവാക്യം മാറ്റം വരുത്താൻ ശരിക്കും ഒരു പദ്ധതിയുണ്ടോ?**

തീർച്ചയായും. ഈ ഭരണഘടനാ വ്യവസ്ഥകൾ ഇല്ലാതാക്കുക, അതുവഴി ജമ്മുകശ്മീർ നിയമസഭയ്ക്ക് ചില അവകാശങ്ങൾ നൽകുന്ന ജമ്മുകശ്മീരിലെ പ്രത്യേക ഭരണഘടനയെ ദുർബലപ്പെടുത്തുകയാണ് അവരുടെ ലക്ഷ്യം. അതെല്ലാം നീക്കംചെയ്യേണ്ടതുണ്ട്, എന്തിന്? സംസ്ഥാനത്തിന്റെ ജനസംഖ്യാ സമവാക്യം മാറ്റുന്നതിന്. അതാണ് അവർ ചെയ്യാൻ ഉദ്ദേശിക്കുന്നത്.

**പ്രത്യേകപദവി ഇന്ത്യൻ സർക്കാർ ഒഴിവാക്കിയാൽ എന്ത് തരത്തിലുള്ള പ്രതികരണമാണ് നിങ്ങൾ പ്രതീക്ഷിക്കുന്നത്?**

നോക്കു, എല്ലാ സമ്മർദങ്ങൾക്കിടയിലും ഇന്ത്യൻ യൂണിയനുമായുള്ള ജമ്മു കശ്മീരിലെ ഈ ബന്ധത്തിന് വേണ്ടി നിലകൊണ്ട ഞങ്ങൾ തീവ്ര നിലപാടുകൾ ഉള്ളവരോ ആകട്ടെ, പ്രത്യേക പദവി മാനിക്കപ്പെടണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ ഇപ്പോൾ ഞങ്ങൾക്ക് എന്താണ് സന്ദേശം? ഞങ്ങൾക്ക് പ്രശ്നമില്ല. ഞങ്ങൾക്ക് സ്ഥാനമില്ലെന്ന്. അതാണ് പാകിസ്ഥാൻ സംസ്ഥാനത്തെ ജനങ്ങളോട് പറയുന്നതും. ഇതൊരു 'ഹിന്ദു രാഷ്ട്രം' ആണെന്നും അതിൽ ചേരാൻ സമ്മതിച്ചതുകൊണ്ട് ഞങ്ങൾ ഒരു തെറ്റ് ചെയ്തുവെന്നും.

**പ്രധാനമന്ത്രിയായി സ്ഥാനഭ്രഷ്ടനാക്കുന്നതിനും സ്വതന്ത്ര ജമ്മുകശ്മീരിനെക്കുറിച്ച് ആലോചിക്കുന്നതിനും തൊട്ടുമുമ്പ് ഷെയ്ഖ് അബ്ദുല്ലയ്ക്ക് സമാനമായ ഒരു തിരിച്ചറിവ് ഉണ്ടായിരുന്നില്ലേ?**

തന്റെ അനുഭവത്തിലൂടെ ഷെയ്ഖ് അബ്ദുല്ല തിരിച്ചറിഞ്ഞെങ്കിലും ഈ ബന്ധത്തിന് അതിജീവിക്കാൻ ഒരു അവസരം കൂടി നൽകാൻ ശ്രമിച്ചു. ബാക്കി ചരിത്രം. ഇന്ന്, എന്റെ അഭിപ്രായത്തിൽ, സംസ്ഥാനത്തിന്റെ പ്രത്യേക പദവി റദ്ദാക്കുന്നത് ജമ്മുകശ്മീരിലെയും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലെയും വിവിധ രാഷ്ട്രീയ വിഭാഗങ്ങൾ, സംസ്ഥാനവും ഇന്ത്യൻ യൂണിയനും തമ്മിലുള്ള ഐക്യം ശക്തിപ്പെടുത്തുന്നതിനു എടുക്കുന്ന ഏതൊരു ശ്രമത്തിനും തടയിടും.

**മറ്റ് മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളുമായി നിങ്ങൾ**

**ചർച്ചകൾ നടത്തിയിട്ടുണ്ടോ? ജമ്മുകശ്മീരിന്റെ പ്രത്യേക പദവി ന്യൂഡൽഹിയിൽ നിന്നും ഏകപക്ഷീയമായി റദ്ദാക്കുന്നതടക്കം ഏതെങ്കിലും സംഭവത്തെ നേരിടാൻ ഒരു സംയുക്ത തന്ത്രം രൂപപ്പെടുത്തിയിട്ടുണ്ടോ?**

ഞാൻ അടുത്തിടെ ഒമർ അബ്ദുല്ല, ഫാറൂഖ് അബ്ദുല്ല, മെഹബൂബ മുഫ്തി, ഗുലാം ഹസ്സൻ മിർ, ഹക്കീം യാസീൻ തുടങ്ങിയവരെ കണ്ടു. കോൺഗ്രസ് നേതൃത്വത്തോടും ഇടതുപാർട്ടികളിലെ ചില നേതാക്കളോടും ഞാൻ സംസാരിച്ചു. സൈന്യം സൃഷ്ടിക്കുന്നത് ചില സുരക്ഷാ ഭീഷണിയോ കേവലം ക്രമസമാധാന സാഹചര്യമോ അല്ല എന്നതാണ് ഞങ്ങളുടെ ധാരണ.

ഞങ്ങൾ ഞങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കും. രാജ്യത്ത് ഇതുമായി ബന്ധപ്പെട്ട ഒരു തീരുമാനമെടുക്കുമ്പോൾ വിവേകപൂർണ്ണമായ തീരുമാനമെടുക്കാൻ ഞങ്ങൾപാർലമെന്റിനോട് അഭ്യർത്ഥിക്കും. ഇത് ഒരു കക്ഷിയുടെ കാര്യമല്ല. ഇത് രാജ്യത്തിന്റെയും കാശ്മീരിന്റെയും താൽപ്പര്യങ്ങളും ഇന്ത്യയുടെ മറ്റുഭാഗങ്ങളുടെയും താൽപ്പര്യങ്ങളുടെയും ഭാവി സംബന്ധിച്ച ചോദ്യമാണ്, ഇതിൽ ജ്ഞാനം ആവശ്യമാണ്. ഇന്ത്യൻ യൂണിയനും ജമ്മുകശ്മീരും തമ്മിലുള്ള ബന്ധത്തെ, അതായത് ഒരു വലിയ വിഭാഗത്തിന്റെ താൽപ്പര്യത്തെ ഇടുങ്ങിയ വിഭാഗീയ താൽപ്പര്യങ്ങൾക്കും പക്ഷപാത താൽപ്പര്യങ്ങൾക്കും വിജയിക്കാൻ കഴിയില്ലെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഈ ബന്ധം ദുർബലപ്പെടുത്തുന്നത് ഇന്ത്യയുടെ ഫെഡറൽ ഘടനയ്ക്ക് ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കും. ഈ ഭരണകൂടം കൂടുതൽ സ്വേച്ഛാധിപത്യപരമാണെന്നും അധികാരം കൂടുതൽ കേന്ദ്രീകൃതമാക്കാനാണ് ശ്രമിക്കുന്നത് എന്ന കാര്യം മറക്കരുത്. അവർ കശ്മീരിൽ വിജയിച്ചുകഴിഞ്ഞാൽ, സമീപഭാവിയിൽ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും അതിന്റെ പ്രത്യാഘാതം അനുഭവപ്പെടും. അതാണ് എന്റെ ആശങ്ക.

**ഇത് ഒരു കക്ഷിയുടെ കാര്യമല്ല. ഇത് രാജ്യത്തിന്റെയും കാശ്മീരിന്റെയും താൽപ്പര്യങ്ങളും ഇന്ത്യയുടെ മറ്റുഭാഗങ്ങളുടെയും താൽപ്പര്യങ്ങളുടെയും ഭാവി സംബന്ധിച്ച ചോദ്യമാണ്,**

**വിവർത്തനം: നിധീഷ് എം.കെ.**

◆

# അരുന്ധതി റോയ് 2019 ആഗസ്റ്റ് 15 ന് എഴുതിയ കുറിപ്പ്

ബ്രിട്ടീഷ് ഭരണത്തിൽനിന്നും സ്വാതന്ത്ര്യംനേടിയതിന്റെ 73-ാം വാർഷികമാഘോഷിക്കുന്ന ഇന്ന് കീറിപ്പറിഞ്ഞ ഉടുപ്പിനുള്ളിൽ പാവംകുട്ടികൾ ദില്ലിയിലെ ട്രാഫിക്ജാമുകൾക്കിടയിലൂടെ പലവലിപ്പത്തിലുള്ള ദേശപതാകകളും രാഷ്ട്രാഭിമാനം തുളുമ്പുന്ന കൈപുസ്തകങ്ങളും വിറ്റുനടക്കുന്നത് കണ്ടു. ഒരു പരസ്യവാചകംപോലെ അവർ ഉരുവിടുന്നുണ്ട്; ''മേരാ ഭാരത് മഹാൻ''. മഹത്തായൊരു രാജ്യമാണ് എന്റെ ഇന്ത്യ. എന്നാൽ വിനയപൂർവ്വം പറയട്ടെ, അത്തരമൊരനുഭവം വർത്തമാന ഇന്ത്യയിൽനിന്നും കിട്ടുന്നില്ല, ഭരണകർത്താക്കളാൽ അത്രമാത്രം വഞ്ചിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ജനതയായിത്തീർന്നിരിക്കുന്നു നാം.

നേരത്തെ രാജഭരണം നിലനിന്നിരുന്ന ജമ്മുകാശ്മീർ 1947-ൽ ഇന്ത്യയിൽ ലയിച്ചപ്പോൾ ഉണ്ടാക്കിയ കൂട്ടിച്ചേർക്കൽ നിയമത്തിലെ മൗലിക ഉടമ്പടി കഴിഞ്ഞദിവസം ഇന്ത്യൻഭരണകൂടം ഏകപക്ഷീയമായി റദ്ദാക്കിയിരുന്നു. അതിന്റെ മുന്നോടിയായി ആഗസ്റ്റ് 4-ന് അർദ്ധരാത്രി കാശ്മീരിനെയൊട്ടാകെ അവർ ഒരു തടവറയാക്കി മാറ്റുകയുണ്ടായി. പത്തുലക്ഷം കാശ്മീരികളെ ബാരിക്കേഡുകളും മറ്റും കെട്ടി വീട്ടുതടങ്കലിലാക്കിയിരിക്കുകയാണ്, ഇന്റർനെറ്റ്, ടെലഫോൺ, മറ്റ് വാർത്താവിനിമയ സംവിധാനങ്ങൾ എന്നിവ വിച്ഛേദിച്ചിരിക്കുകയാണ്.

ആഗസ്റ്റ് 5-നാണ് പ്രതിപക്ഷശബ്ദത്തിനു ചെവികൊടുക്കാതെ ഇന്ത്യയുടെ ആഭ്യന്തരവകുപ്പുമന്ത്രി പാർലമെന്റിൽവെച്ച് ഭരണഘടനയുടെ ആർട്ടിക്കിൾ 370 റദ്ദാക്കിയത്. പിറ്റേന്ന് വൈകുന്നേരംതന്നെ പാർലമെന്റിന്റെ ഇരുസഭകളിലും അവതരിപ്പിച്ച് ജമ്മുകാശ്മീർ പുനഃസംഘടനാ നിയമവും പാസാക്കിയെടുത്തു. കാലാകാലങ്ങളായി അവർക്കുണ്ടായിരുന്ന സ്വന്തം ഭരണഘടനയും തനത് പതാകയുമടക്കം ആ സംസ്ഥാനത്തിനുള്ള പ്രത്യേകാവകാശങ്ങൾ കവർന്നെടുക്കുന്നതാണ് പുതിയ നിയമം. അതോടൊപ്പം ജമ്മുകാശ്മീർ സംസ്ഥാനം ഇല്ലാതാക്കി വെവ്വേറെ രണ്ട്

കേന്ദ്രഭരണപ്രദേശങ്ങളാക്കി വെട്ടിമുറിക്കുകയും ചെയ്തു. ഒന്ന് ജമ്മുകാശ്മീർ, ദില്ലിയിൽനിന്ന് കേന്ദ്രസർക്കാർ നേരിട്ട് നിയന്ത്രിക്കും, പേരിനൽപം അധികാരങ്ങളുള്ള പ്രാദേശികമായൊരു നിയമനിർമ്മാണസഭ ഉണ്ടായിരിക്കുമെന്നുമാത്രം. രണ്ടാമത്തേതാണ് ലഡാക്, അത് കേന്ദ്രസർക്കാർ നേരിട്ട് നിയന്ത്രിക്കും. പ്രാദേശികമായ നിയമനിർമ്മാണസഭ ലഡാക്കിനുണ്ടായിരിക്കില്ല.

കൊളോണിയലിസത്തിന്റെ വാടഗന്ധം നിറഞ്ഞുനിന്ന അന്തരീക്ഷത്തിൽ പരമ്പരാഗത ബ്രിട്ടീഷ് രീതിയിൽ ഡസ്കിലടിച്ചുകൊണ്ടുതന്നെയായിരുന്നു പാർലമെന്റിൽ തീരുമാനങ്ങളെടുത്തത്. ഇക്കാലമത്രയും കീഴടങ്ങാൻ തയ്യാറാകാതിരുന്ന ഒരു കോളനിയെ ചൊൽപടിയിലാക്കിയ ആഹ്ളാദമായിരുന്നു യജമാനന്മാർക്ക്. തീർച്ചയായും ഇന്ത്യൻപൗരന്മാർക്കിനിമുതൽ ഈ പുതിയ പ്രദേശത്ത് ഭൂമി വാങ്ങിക്കൂട്ടാം, താവളമടിക്കാം. കോർപ്പറേറ്റുകൾക്കായിതാ ഒരു ഭൂപ്രദേശം മലർക്കെതുറന്നിട്ടിരിക്കുന്നു. അംബാനി ഇതിനോടകംതന്നെ പുതിയ പല 'വാഗ്ദാനങ്ങളും' നൽകിക്കഴിഞ്ഞു. വിശാലമായ മഞ്ഞുമലകളും, തടാകങ്ങളും, അഞ്ചോളം നദികളും ഉൾക്കൊള്ളുന്ന കാശ്മീരിലെയും ലഡാക്കിലെയും അതിലോലമായ ഹിമാലയ ജൈവഘടനയെ ഈ ലാഭക്കൊതിയന്മാരുടെ താൽപര്യങ്ങൾ എങ്ങനെയാവും ബാധിക്കുകയെന്ന് ഭരണക്കാർക്ക് ലവലേശം ആലോചനാവിഷയമായിട്ടില്ല. സ്വത്ത് സമ്പാദനത്തിനും ക്രയവിക്രയത്തിനുമുള്ള അവകാശം ആ പ്രദേശത്തുകാർക്കുമാത്രമായി പരിമിതപ്പെടുത്തിയിരുന്നതിനാൽ സ്വന്തം ഭൂപ്രദേശത്തിന്റെ മേൽനോട്ടക്കാർ എന്നനിലയിൽ അവർ സ്വയം അതിന്റെ സംരക്ഷകർകൂടിയായി ഇക്കാലമത്രയും ആ ജൈവവൈവിധ്യത്തിനുപോറലേൽക്കാതെ നിലനിർത്തിപ്പോന്നിരുന്നു. 'കച്ചവടത്തിനായി തുറക്കപ്പെട്ടിരിക്കുന്നു' എന്നു പറയുമ്പോൾ അതെന്തൊക്കെ തോന്ന്യാസത്തിനുള്ള ലൈസൻസാണ് എന്നകാര്യം ഇനിയും വ്യക്തമാക്കേണ്ടിയിരിക്കുന്നുവെങ്കിലും, ഇസ്രായേലിൽ കണ്ടതുപോലുള്ള സ്വത്തധിനിവേശത്തിനും തിബറ്റിലുണ്ടായ രീതിയിലുള്ള ജനസംഖ്യാവ്യാപനത്തിനും ഇടവരുത്തുമെന്നുറപ്പ്.

കാശ്മീരികളെ സംബന്ധിച്ചാണെങ്കിൽ ഇത്തരം ആശങ്കകൾ അവർ ഭൂതകാലബാധപോലെ പേറിനടക്കുന്ന ഒന്നാണുതാനും. തങ്ങളുടെ കാനനതാഴ്വരയിൽ ചെറിയൊരിടം കിട്ടിയാൽ അതുമുതലെടുത്ത് അധിനിവേശതൽപരരായ ഇന്ത്യക്കാർ സൃഷ്ടിച്ചേക്കാവുന്ന ഭീകരമായൊരു തിരമാലയിൽ തങ്ങൾ ഒലിച്ചുപോകുമെന്നത് അവർ ആവർത്തിച്ചു കണ്ടുകൊണ്ടേയിരിക്കുന്ന ഒരു പേക്കിനാവാണ് (ട്രംപ് മെക്സിക്കക്കാർക്കെതിരെയും മറ്റും വ്യാജമായി ഉൽപാദിപ്പിച്ചു കൊണ്ടിരിക്കുന്നതിന്റെ നേർ വിപരീതം).

പുതിയനിയമനിർമ്മാണത്തിന്റെ വാർത്തപരന്നതോടെ ഇന്ത്യക്കാരായ പലതരം വിചാരവികാരക്കാർ തങ്ങളുടെ ആഗ്രഹാഭിലാശങ്ങൾ പ്രകടിപ്പിച്ച് ആഹ്ലാദിക്കുകയുണ്ടായി. മുഖ്യധാരാമാധ്യമങ്ങൾ മിക്കയിടങ്ങളിലും അധികാരിവർഗത്തിനുമുമ്പിൽ താഴ്മയോടെ കുനിഞ്ഞു കുമ്പിട്ട് നിൽക്കുന്നു. സോഷ്യൽമീഡിയയിൽ ഭീകരമായ സ്ത്രീവിരുദ്ധപരാമർശങ്ങളാണ്, തെരുവുകളിൽ ആഹ്ലാദനൃത്തങ്ങളും. വിവരമറിഞ്ഞയുടൻ, പുരുഷൻമാരെയപേക്ഷിച്ച് സ്ത്രീയനുപാതം കുറവുള്ള ഹരിയാനയുടെ അവസ്ഥയെ പരാമർശിച്ച് ബി.ജെ.പി നേതാവും അവിടത്തെ മുഖ്യമന്ത്രിയുമായ മനോഹർഖട്ടർകളിയാക്കിപ്രതികരിച്ചതിങ്ങനെ;''ഇങ്ങനെപോയാൽനമുക്ക്

ബീഹാറിൽനിന്നും സ്ത്രീകളെ കൊണ്ടുവരേണ്ടിവരും എന്ന് ഞങ്ങളുടെ ഗ്രാമമുഖ്യൻ പറയാറുണ്ടായിരുന്നു. ഇപ്പോഴിതാ കാശ്മീർ ഒരു സാധ്യതയായിരിക്കുന്നു, നമുക്കവിടത്തെ പെണ്ണുങ്ങളെ കൊണ്ടുവരാം''

ഇത്തരം വൃത്തികെട്ട ആഹ്ലാദാരവങ്ങൾക്കിടയിലും നമ്മുടെ കാതുകളിൽ വന്നലയ്ക്കുന്നത് കാശ്മീരിൽ നിന്നുള്ള ശ്മശാനസമാനമായ മൗനമാണ്. എന്തെന്നാൽ, 70 ലക്ഷത്തോളം കാശ്മീരികൾ അപമാനിതരും വഞ്ചിതരുമായി കൂട്ടിലടക്കപ്പെട്ടിരിക്കുകയാണവിടെ, തെരുവുകളായ തെരുവുകളെല്ലാം ബാരിക്കേഡുകൾ, മുള്ളുവേലികൾ, വീടുകൾക്കും തലയ്ക്കുംമുകളിൽ എപ്പോഴും പറന്നെത്തുന്ന ഡ്രോൺക്യാമറകൾ, ആശയസംവേദനോപാധികളെല്ലാം എടുത്തുകളഞ്ഞിരിക്കുന്നു. അതും ഈ മാധ്യമാശ്രിത വിവരകേന്ദ്രിത കാലത്ത്. ഭരണകൂടം വിചാരിച്ചാൽ ലോകവുമായുള്ള ഒരുജനവിഭാഗത്തിന്റെ ബന്ധംവിച്ഛേദിക്കാൻ ഇന്ന് ഒരു നിമിഷം മതിയല്ലോ.

'വിഭജനത്തിന്റെ' പൂർത്തീകരിക്കപ്പെടാനാവാതെപോയ ഒരഭംഗിയായാണ് കാശ്മീരിനെ അവർ എക്കാലത്തും കാണുന്നത്. 1947–ൽ ബ്രിട്ടീഷുകാർ ഉപഭൂഖണ്ഡത്തിലൂടെ ലാഘവത്തോടെവരച്ച അതിർത്തിരേഖയെ അതായത് 'വിഭജനം' എന്ന വാക്കിനെ, 'അഖണ്ഡത' എന്ന സങ്കൽപ്പത്തെ ഇല്ലാതാക്കി എന്ന സൂചിതാർത്ഥത്തോടെയാണ് അവർ പരിഗണിച്ചുപോരുന്നത്. യഥാർത്ഥത്തിൽ അങ്ങനെയൊരു 'അഖണ്ഡത' എന്ന സാധനം ഇല്ല. ബ്രിട്ടീഷ് ഇന്ത്യയുടെ കീഴിലിണ്ടായിരുന്ന വിശാലഭൂപ്രദേശത്തിനുപുറമെ നൂറുകണക്കിന് സ്വതന്ത്ര പരമാധികാരനാടുകളും ഉണ്ടായിരുന്നു. അവയിലോരോന്നും ഇന്ത്യയോടോ പാകിസ്ഥാനോടോ ചേരുന്നതിനായി കൂടിയാലോചനകൾ നടത്തുകയും പലവിധ ഉപാധികളും രഹസ്യവും പരസ്യവുമായി ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും ചേരാൻ വിസമ്മതിച്ച പല നാട്ടുരാജ്യങ്ങളെയും ബലംപ്രയോഗിച്ചാണ് കൂട്ടിച്ചേർത്തത്.

**കൊളോണിയലിസത്തിന്റെ വാടഗന്ധം നിറഞ്ഞുനിന്ന അന്തരീക്ഷത്തിൽ പരമ്പരാഗത ബ്രിട്ടീഷ് രീതിയിൽ ഡസ്കിലടിച്ചു കൊണ്ടുതന്നെയായിരുന്നു പാർലമെന്റിൽ തീരുമാനങ്ങളെടുത്തത്. ഇക്കാലമത്രയും കീഴടങ്ങാൻ തയ്യാറാകാതിരുന്ന ഒരു കോളനിയെ ചൊൽപടിയിലാക്കിയ ആഹ്ളാദമായിരുന്നു യജമാനന്മാർക്ക്. തീർച്ചയായും ഇന്ത്യൻ പൗരന്മാർക്കിനിമുതൽ ഈ പുതിയ പ്രദേശത്ത് ഭൂമിവാങ്ങിക്കൂട്ടാം, താവളമടിക്കാം. കോർപ്പറേറ്റുകൾക്കായിതാ ഒരു ഭൂപ്രദേശം മലർക്കെതുറന്നിട്ടിരിക്കുന്നു. അംബാനി ഇതിനോടകംതന്നെ പുതിയ പല 'വാഗ്ദാനങ്ങളും' നൽകിക്കഴിഞ്ഞു.**

വിഭജനവും അതിനെത്തുടർന്നുണ്ടായ ഭീതിജനകമായ കലാപങ്ങളും അത്രമേൽ ആഴത്തിലുള്ളതായിരുന്നു, അക്കാലത്തും അതിനുശേഷവും ഇന്ത്യയിലും പാകിസ്ഥാനിലുമുണ്ടായ കലാപങ്ങൾ ഉപഭൂഖണ്ഡത്തിലെ മുറിവുണങ്ങാത്ത ഓർമ്മകളായി ഇന്നും നിലനിൽക്കുന്നു. വിഭജനംമാത്രമല്ല സ്വതന്ത്രനാട്ടുരാജ്യങ്ങളെ ഇരുരാജ്യങ്ങളും ഏകീകരിക്കാൻ നടത്തിയ ശ്രമങ്ങളും സമാനമായ മനുഷ്യക്കു

രുതികൾക്ക് കാരണമായിട്ടുണ്ട്. ഇന്ത്യയിൽ 'രാഷ്ട്രനിർമ്മാണപ്രക്രിയയുടെ ഭാഗം' എന്ന ബാനറിലാണ് നാട്ടുരാജ്യങ്ങളും ഇതരഭൂവിഭാഗങ്ങളും കൂട്ടിച്ചേർക്കുന്ന പദ്ധതി അരങ്ങേറിയത്, ഇന്ത്യൻ പട്ടാളത്തെ സ്വന്തം അതിർത്തിക്കകത്ത് സ്വന്തം ജനങ്ങൾക്കെതിരെ നിയോഗിക്കപ്പെടാത്ത ഒരു കൊല്ലംപോലും 1947-നു ശേഷം കടന്നുപോയിട്ടില്ല. കാശ്മീർ, മിസോറാം, നാഗാലാന്റ്, മണിപ്പൂർ, ഹൈദ്രാബാദ്, ആസാം - ലിസ്റ്റങ്ങനെ നീളും. മറ്റുപ്രദേശങ്ങളുടെ കൂട്ടിച്ചേർക്കൽ (ഏകീകരണം) എന്നത് പതിനായിരക്കണക്കിന് ജനങ്ങളുടെ ജീവിതം ബലികൊടുത്തുകൊണ്ടുള്ള അത്രമാത്രം പ്രശ്നസങ്കീർണ്ണവും വേദനാജനകവുമായ ഇടപെടലാണ്. ജമ്മുകാശ്മീരിന്റെ അതിർത്തികളിൽ ഇരുഭാഗങ്ങളിലും ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്നത് ഏകീകരണത്തിന്റെ പൂർത്തീകരിക്കാനാവാത്ത ബാക്കിപത്രം തന്നെയാണ്.

ഏകീകരണാധാരശിലയുടെ ശവദാഹസമാനമായ സംഭവങ്ങളാണ് കഴിഞ്ഞാഴ്ച പാർലമെന്റിൽ നടന്നത്. ജനങ്ങൾക്ക് വിശ്വാസംനഷ്ടപ്പെട്ടിരുന്ന മഹാരാജ ഹരിസിംഗ് എന്ന ഒരു ദോഗ്ര ഹിന്ദുരാജാവ് ഒപ്പുവെച്ച വസ്തുനിഷ്ടതയിൽ സംശയവും സങ്കീർണതയും നിലനിൽക്കുന്ന ഒരു പ്രമാണമായിരുന്നു അത്. അദ്ദേഹത്തിന്റെ അസ്ഥിരവും കൃത്യമായ നിയന്ത്രണങ്ങളില്ലാതെ അവിടവിടെയായി ചിതറിക്കിടക്കുന്നതുമായ ജമ്മുകാശ്മീർ എന്ന രാജഭരണപ്രദേശം പുതുതായി രൂപീകരിക്കപ്പെട്ട ഇന്ത്യക്കും പാകിസ്ഥാനുമിടയിലെ തർക്കരേഖയ്ക്കിടയിലായിരുന്നു. രാജഭരണത്തിനെതിരെ 1945-മുതൽ പൊട്ടിപ്പുറപ്പെട്ടിരുന്ന കലാപങ്ങൾ ഇന്ത്യാ-പാക് വിഭജനത്തിന്റെ തീക്കാറ്റിൽ കൂടുതൽ ആളിക്കത്താനാരംഭിച്ചു. പശ്ചിമപർവ്വത ജില്ലയായ പൂഞ്ചിൽ അവിടത്തെ ഭൂരിപക്ഷമായ മുസ്ലീംങ്ങൾ മഹാരാജാവിന്റെ സേനയ്ക്കും ഹിന്ദു പൗരന്മാർക്കുമെതിരെ തിരിഞ്ഞു. തെക്കൻ ജമ്മുവിൽ മഹാരാജാവിന്റെ സേന മറ്റു സമീപരാജാക്കന്മാരുടെ സൈന്യത്തിന്റെകൂടി സഹായത്തോടെ മുസ്ലീംങ്ങളെ കശാപു ചെയ്തു. അക്കാലത്തെ പത്രറിപ്പോർട്ടുകളും ചരിത്രകാരന്മാരുടെ കണക്കുകളും സൂചിപ്പിക്കുന്നത് എഴുപതിനായിരത്തിനും രണ്ടുലക്ഷത്തിനുംഇടയിൽമനുഷ്യർ തെരുവുകളിൽ കൊലചെയ്യപ്പെട്ടു എന്നാണ്. ജമ്മുവിൽ നിന്നുള്ള ഈ മനഷ്യ ക്കുരുതിയുടെ വാർത്തപരന്നതോടെ പാകിസ്ഥാന്റെ ഉത്തരപശ്ചിമ അതിർത്തി പ്രദേശത്തു നിന്നും രോഷാകുലരായ സാധാരണ മനുഷ്യർ (ചരിത്ര രേഖകളിൽ വനവാസികൾ, ആദിവാസികൾ എന്നൊക്കെയാണ്

**ഏകീകരണാധാരശിലയുടെ ശവദാഹസമാനമായ സംഭവങ്ങളാണ് കഴിഞ്ഞാഴ്ച പാർലമെന്റിൽ നടന്നത്. ജനങ്ങൾക്ക് വിശ്വാസംനഷ്ടപ്പെട്ടിരുന്ന മഹാരാജ ഹരിസിംഗ് എന്ന ഒരു ദോഗ്ര ഹിന്ദു രാജാവ് ഒപ്പുവെച്ച വസ്തുനിഷ്ടതയിൽ സംശയവും സങ്കീർണതയും നിലനിൽക്കുന്ന ഒരു പ്രമാണമായിരുന്നു അത്. അദ്ദേഹത്തിന്റെ അസ്ഥിരവും കൃത്യമായ നിയന്ത്രണങ്ങളില്ലാതെ അവിടവിടെയായി ചിതറിക്കിടക്കുന്നതുമായ ജമ്മുകാശ്മീർ എന്ന രാജഭരണപ്രദേശം പുതുതായി രൂപീകരിക്കപ്പെട്ട ഇന്ത്യക്കും പാകിസ്ഥാനുമിടയിലെ തർക്കരേഖയ്ക്കിടയിലായിരുന്നു.**

ഇവരെക്കുറിച്ച് പരമാമർശിച്ചിട്ടുള്ളത്) കവർച്ചയും കൊള്ളിയെപ്പുമായി കാശ്മീർ താഴ്‌വരയിലേക്ക് കുതിച്ചു. കാശ്മീർവിട്ട് ജമ്മുവിലേക്ക് പേടിച്ചോടിയ ഹരിസിംഗ് ഇന്ത്യൻ പ്രധാന മന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിനോട് സഹായംതേടി. അങ്ങനെ ഇന്ത്യൻ സൈന്യത്തിന് കാശ്മീരിൽ പ്രവേശിക്കാനുള്ള നിയമാനുസൃത അനുമതിപത്രമാണ് ഈ പറയപ്പെടുന്ന കൂട്ടിച്ചേർക്കൽ രേഖ.

പ്രാദേശിക ജനതയുടെകൂടി സഹായത്തോടെ ഇന്ത്യൻ സൈന്യം പാകിസ്ഥാനിൽനിന്നുംവന്ന രോഷാകുലരും അപകടകാരികളുമായ ആൾക്കൂട്ടത്തെ ചെറുത്തുതിരിച്ചയച്ചു. പക്ഷെ, പർവ്വതതാഴ്‌വരയോട് ചേർന്നുകിടക്കുന്ന മലഞ്ചെരുവോളമേ അവരെ തിരിച്ചയക്കാൻ സാധിച്ചുള്ളൂ. പഴയ ദോഗ്ര രാജ്യം നിലവിൽ ഇന്ത്യയും പാകിസ്ഥാനും പങ്കിട്ട് കൈവശം വെച്ചിരിക്കുകയാണ്. നേരത്തെ സൂചിപ്പിച്ച ഏകീകരണഉടമ്പടിക്ക് ജമ്മുകാശ്മീർ ജനതയുടെ ഹിതപരിശോധനയ്ക്കുശേഷം മാത്രമേ സ്ഥിരീകരണസാധുതയുള്ളൂ. എന്നാൽ വാഗ്ദാനംചെയ്യപ്പെട്ട അത്തരത്തിലൊരു ജനഹിതപരിശോധന ഇക്കാലമത്രയും നടന്നില്ല. ഇതാണ് ഉപഭൂഖണ്ഡത്തിലെ വിനാശകരവും അപരിഹാര്യവുമായ രാഷ്ട്രീയഅസ്ഥിരതകൾക്ക് ഹേതുവായി ത്തീർന്നത്.

72 വർഷം കഴിഞ്ഞിട്ടും മാറിമാറിവന്ന ഇന്ത്യൻ ഭരണകൂടങ്ങൾ ജനഹിത പരിശോധന എന്ന വ്യവസ്ഥയെ പ്രാവർത്തിക തലത്തിലെത്തിക്കാൻ ആത്മാർത്ഥമായി ഒന്നും ചെയ്തില്ല. പുതിയ നടപടിയിലൂടെ ആ പ്രതീക്ഷയെത്തന്നെ ചുട്ടെരിച്ചിരിക്കുകയാണ്. ഇന്നത്തെ അവസ്ഥയിലേക്ക് കാര്യങ്ങൾ എങ്ങിനെ എത്തിച്ചേർന്നു എന്ന് സംഗ്രഹിച്ചുപറയാനുള്ള ശ്രമം സത്യത്തിൽ ബുദ്ധിശൂന്യതയാണെങ്കിലും, 1950–കളിലും 60–കളിലും ദക്ഷിണ വിയറ്റ്നാമിൽ അമേരിക്ക അതിന്റെ പാവസർക്കാറുകളെ വെച്ചുനടത്തിയ സങ്കീർണ്ണവും അപകടകരവുമായ തീക്കളിയെ അനുസ്മരിപ്പിക്കുന്നതാണ് കാശ്മീരിലേതും എന്നു പറയാം.

കൃത്രിമ തെരഞ്ഞെടുപ്പുകളുടെ ദീർഘകാലചരിത്രത്തിനുശേഷം, 1987–ലാണ് ആ നിർണ്ണായക സംഭവം ഉണ്ടായത്, ദില്ലിയിൽനിന്നുള്ള ഇടപെടലിലൂടെ സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് നാണംകെട്ടരീതിയിൽ അട്ടിമറിക്കപ്പെട്ടു. അതുവരെ തികച്ചും സമാധാനരീതിയിൽ ഉന്നയിക്കപ്പെട്ടിരുന്ന സ്വയംഭരണമെന്ന ആവശ്യം 1989–ഓടെ സമ്പൂർണ്ണസ്വാതന്ത്ര്യസമരം എന്ന തരത്തിലേക്ക് വളർന്നു. ശരീരം ചിന്നിച്ചിതറാൻ വിധിക്കപ്പെട്ട് ആയിരക്കണക്കിനാളുകൾ തെരുവിലറങ്ങി. അതോടെ അതിർത്തിക്കിരുപുറത്തുമുള്ളവരും അതേപോലെ വിദേശപോരാളികളും, പാകിസ്ഥാനിൽ നിന്നും പരിശീലനവും ആയുധങ്ങളും ലഭിച്ച നുഴഞ്ഞുകയറ്റക്കാരുമടക്കം കാശ്മീർ താഴ്‌വരയാകെ എന്തിനും ഏതിനും തയ്യാറായ പ്രക്ഷോഭകാരികളാൽ നിറഞ്ഞു. എന്നാൽ കാശ്മീരികൾ തന്നെയായിരുന്നു ഇവരിലേറെയും. അതോടെ ഒരിക്കൽക്കൂടി ഉപഭൂഖണ്ഡത്തിൽ വീശുന്ന രാഷ്ട്രീയ കാറ്റിന്റെഗതി കാശ്മീരിലേക്ക് കേന്ദ്രീകരിച്ചു. അഫ്ഗാനിസ്ഥാനിൽനിന്നും പാകിസ്ഥാനിൽനിന്നും വന്നത് ഒരുതരം വീര്യംകൂടിയ ഇസ്ലാമായിരുന്നു ഇത് യഥാർത്ഥത്തിൽ കാശ്മീരിസംസ്കാരത്തിന് പൊതുവെ അന്യമായിരുന്നു. ഇന്ത്യയിലാണെങ്കിൽ ഹൈന്ദവമതഭ്രാന്തന്മാരുടെ വളർച്ചക്കാലമായിരുന്നു അത്. പ്രാദേശികമായി കാശ്മീരി പണ്ഡിറ്റുകൾ എന്നുവിളിക്കപ്പെടുന്ന ഹിന്ദു ന്യൂനപക്ഷങ്ങൾക്കും കാശ്മീരി മുസ്ലിംങ്ങൾക്കുമിടയിൽ കാലങ്ങളായി നിലനിന്നിരുന്ന ആത്മബന്ധത്തിൽ ഇതോടെ സംഭവിച്ച

വിള്ളലാണ് ആദ്യം സംഭവിച്ച ആപത്ത്. കലാപം തുടങ്ങിയതോടെ ഏകദേശം 400 പണ്ഡിറ്റുകൾ കലാപകാരികളാൽ കൊലചെയ്യപ്പെട്ടു എന്നാണ് കാശ്മീർ പണ്ഡിറ്റുകളുടെ സംഘടനയായ 'കാശ്മീരി പണ്ഡിറ്റ് സംഘർഷ് സമിതി' (കെ.പി.എസ്.എസ്) പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നത്. 1990–കളുടെ ഒടുവിലെത്തിയപ്പോഴേക്കും ഏകദേശം 25,000 പണ്ഡിറ്റ് കുടുംബങ്ങൾ താഴ്വര വിട്ടു എന്നാണ് സർക്കാർ കണക്കുകളിലുള്ളത്. അവർക്ക് വീടും, ഭൂമിയുമടക്കം സർവ്വം നഷ്ടപ്പെട്ടു. പിന്നീടുള്ള വർഷങ്ങളിലും ആയിരങ്ങൾക്ക് നാടുവിടേണ്ടിവന്നു. ഇന്നവിടെ പണ്ഡിറ്റുകൾ അവശേഷിക്കുന്നില്ല എന്നു പറയാം. സംഘർഷം തുടരവെ പതിനായിരക്കണക്കിനു മുസ്ലീംങ്ങളോടൊപ്പം കെ.പി.എസ്.എസ് പറയുന്നതനുസരിച്ച് 650 പണ്ഡിറ്റുകളും സംഘർഷത്തിൽ കൊലചെയ്യപ്പെട്ടു.

**അഫ്ഗാനിസ്ഥാനിൽനിന്നും പാകിസ്ഥാനിൽനിന്നും വന്നത് ഒരുതരംവീര്യംകൂടിയ ഇസ്ലാമായിരുന്നു ഇത് യഥാർത്ഥത്തിൽ കാശ്മീരിസംസ്കാരത്തിന് പൊതുവെ അന്യമായിരുന്നു. ഇന്ത്യയിലാണെങ്കിൽ ഹൈന്ദവമതഭ്രാന്തന്മാരുടെ വളർച്ചക്കാലമായിരുന്നു അത്. പ്രാദേശികമായി കാശ്മീരി പണ്ഡിറ്റുകൾ എന്നുവിളിക്കപ്പെടുന്ന ഹിന്ദു ന്യൂനപക്ഷങ്ങൾക്കും കാശ്മീരി മുസ്ലിംങ്ങൾക്കുമിടയിൽ കാലങ്ങളായി നിലനിന്നിരുന്ന ആത്മബന്ധത്തിൽ ഇതോടെ സംഭവിച്ച വിള്ളലാണ് ആദ്യം സംഭവിച്ച ആപത്ത്. കലാപം തുടങ്ങിയതോടെ ഏകദേശം 400 പണ്ഡിറ്റുകൾ കലാപകാരികളാൽ കൊലചെയ്യപ്പെട്ടു എന്നാണ് കാശ്മീർ പണ്ഡിറ്റുകളുടെ സംഘടനയായ 'കാശ്മീരി പണ്ഡിറ്റ് സംഘർഷ് സമിതി' (കെ.പി.എസ്.എസ്) പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നത്.**

നിരവധി കാശ്മീരി പണ്ഡിറ്റുകൾ അന്നുമുതൽ ജമ്മു നഗരത്തിലെ ദാരുണമായ അഭയാർത്ഥിക്യാമ്പുകളിലാണ്. മുപ്പതുവർഷം കഴിഞ്ഞു, ഇന്നുവരെ മാറിമാറിവന്ന സർക്കാരുകൾ ഇവർക്ക് സ്വന്തം വീടുകളിലേക്ക് തിരിച്ചുപോകാനുള്ള സൗകര്യ മൊരുക്കുന്നതിൽ പരാജയപ്പെട്ടു. അവരെ തിരിച്ചെത്തിക്കുന്നതിനല്ല മറിച്ച് ആ അനിശ്ചിതത്വം മുതലെടുത്ത് അവരുടെ ദേഷ്യത്തെയും തികച്ചും സ്വാഭാവികമായ പകയെയും കത്തിച്ച് അതിൽനിന്നുള്ള നീരാവികൊണ്ട് ഇന്ത്യയിൽ ഏറ്റവുമധികം ചെലവാകുന്ന അപകടകരമായ ദേശീയവികാരം കാശ്മീരിനെതിരെ നട്ടുനനച്ചുവളർത്തി രാഷ്ട്രീയമുതലെടുപ്പിനുള്ള ശ്രമമാണ് നിർഭാഗ്യവശാൽ നടന്നത്. ഇവിടെ ഒരു മഹാദുരന്തകാവ്യത്തിന്റെ ചെറിയൊരുഭാഗം ശ്രദ്ധയോടെയും പരുക്കൻരൂപത്തിലും സൂചിപ്പിച്ചിത് തുടർന്നുനടന്ന ബീഭത്സമായ സംഘർഷങ്ങളെ രണ്ടായി വേർതിരിച്ചറിയാൻവേണ്ടിയാണ്.

ഇന്നൊരുപക്ഷെ ലോകത്തിലെതന്നെ ഏറ്റവുംവലിയ സൈനികസാന്ദ്രതയുള്ള പ്രദേശമാണ് കാശ്മീർ. ഏതാനും 'ഭീകരവാദികൾ' മാത്രമേ കാശ്മീരിൽ അവശേഷിക്കുന്നുള്ളൂ എന്ന സൈന്യത്തിന്റെതന്നെ അവകാശവാദം നിലനിൽക്കെ അവരെ പ്രതിരോധിക്കാൻ നിലവിൽ അഞ്ചുലക്ഷത്തിലേറെ ജവാന്മാരെയാണ് വിന്യസിച്ചിരിക്കുന്നത്. പുറത്തുനിന്നുള്ളവരല്ല കാശ്മീരിലെ ജനങ്ങൾതന്നെയാണ്

ഇന്ത്യയെ എതിർക്കാൻ മുൻപന്തിയിൽ എന്നത് ഇതോടെ വ്യക്തമായിരിക്കുന്നു. കഴിഞ്ഞ മുപ്പതുവർഷമായി കാശ്മീരിൽ ഇന്ത്യ ചെയ്തുകൊണ്ടിരിക്കുന്നത് മാപ്പർഹിക്കാത്ത കാര്യമാണ്. സാധാരണക്കാരും കലാപകാരികളും സുരക്ഷാസേനയുമടക്കം എഴുപതിനായിരത്തോളം പേർക്ക് സംഘർഷത്തിൽ ജീവൻ നഷ്ടപ്പെടുകയുണ്ടായി. ആയിരങ്ങളാണ് 'അപ്രത്യക്ഷമായത്'. എണ്ണം തിട്ടപ്പെടുത്തിയിട്ടില്ലാത്തത്ര മനുഷ്യർ കൊടുംപീഢനത്തിനിരയായി, ഒരു മിനി അബൂഗരീബിന് സമാനമായരീതിയിൽ ബന്ധിക്കപ്പെട്ട പീഢനകേന്ദ്രമായിത്തീർന്നു താഴ്‌വര.

കഴിഞ്ഞ കുറച്ചുകാലമായി ആൾക്കൂട്ടത്തെ നിയന്ത്രിക്കാനായി പെല്ലറ്റാക്രമണം എന്ന പുതിയൊരു മർദ്ദനരീതിയാണ് അധികാരികൾ സ്വീകരിച്ചുവരുന്നത് സുരക്ഷാസേനയുടെ പെല്ലറ്റ് ഗണ്ണാക്രമണത്തിൽ നൂറുകണക്കിന് ചെറുപ്പക്കാർക്കാണ് കാഴ്ചശക്തി നഷ്ടപ്പെട്ടിട്ടുള്ളത്. പ്രാദേശികമായി പരിശീലനം നേടുകയും ആയുധമണിയുകയും ചെയ്ത യുവാക്കളാണ് താഴ്‌വരയിൽ പ്രവർത്തിക്കുന്ന കാശ്മീരി പോരാളികളിൽ ഭൂരിഭാഗവും. ആറു മാസത്തിൽക്കൂടുതൽ തങ്ങൾ ജീവിച്ചിരിക്കില്ല എന്നകാര്യം തോക്കേന്തുന്ന ആ നിമിഷം മുതൽ ഓരോ യുവപോരാ ളിക്കും അറിയാം, കാര്യങ്ങളെല്ലാം നന്നായി പഠിച്ചതിനുശേഷം തീരുമാനിച്ചുറച്ചാണ് അവരുടെ ഇടപെടൽ. ഓരോ 'ഭീകരവാദി' കൊല്ലപ്പെടുമ്പോഴും പതിനായിരക്കണക്കിന് കാശ്മീരികൾ അയാളുടെ ഖബറടക്കത്തിന് ഒത്തുചേരുന്നു 'ശഹീദ്' അഥവാ രക്തസാക്ഷിയുടെ പരിവേഷമാണയാൾക്ക്. മുപ്പതുവർഷത്തെ കടുത്ത സൈനികാധിനിവേശത്തിന്റെ ബാക്കിപത്രമാണിതെല്ലാം. ഇത്തരമൊരു ചെറിയ കുറിപ്പിൽ പതിറ്റാണ്ടുകളുടെ ആധിപത്യകൊടുംകഥകൾ വിവരിക്കൽ അപ്രായോഗികമാണ്.

**ഇന്ത്യയുടെ പ്രധാനമന്ത്രിയായി ആദ്യം വന്നപ്പോൾത്തന്നെ നരേന്ദ്ര മോദിയുടെ കടുത്ത നിലപാടുകൾ കാശ്മീരിലെ സംഘർഷങ്ങൾക്ക് ആക്കം വർദ്ധിപ്പിച്ചിരുന്നു. ഒരു കാശ്മീരി ചാവേറിനാൽ 40 ഇന്ത്യൻ സുരക്ഷാഭടന്മാർ വധിക്കപ്പെട്ട ഫെബ്രുവരിയിൽ തന്നെ ഇന്ത്യ പാകിസ്ഥാനെതിരെ വ്യോമാക്രമണം നടത്തി. പാകിസ്ഥാൻ തിരിച്ചടിക്കുകയും ചെയ്തു. അങ്ങനെ ചരിത്രത്തിലാദ്യമായി അണുബോംബ് കൈവശമുള്ള രണ്ട് രാഷ്ട്രങ്ങൾ തമ്മിൽ പരസ്പരം വ്യോമാക്രമണങ്ങൾ നടത്തി ചരിത്രത്തിലിടംനേടി.**

ഇന്ത്യയുടെ പ്രധാനമന്ത്രിയായി ആദ്യം വന്നപ്പോൾത്തന്നെ നരേന്ദ്ര മോദിയുടെ കടുത്ത നിലപാടുകൾ കാശ്മീരിലെ സംഘർഷങ്ങൾക്ക് ആക്കം വർദ്ധിപ്പിച്ചിരുന്നു. ഒരു കാശ്മീരി ചാവേറിനാൽ 40 ഇന്ത്യൻ സുരക്ഷാഭടന്മാർ വധിക്കപ്പെട്ട ഫെബ്രുവരിയിൽ തന്നെ ഇന്ത്യ പാകിസ്ഥാനെതിരെ വ്യോമാക്രമണം നടത്തി. പാകിസ്ഥാൻ തിരിച്ചടിക്കുകയും ചെയ്തു. അങ്ങനെ ചരിത്രത്തിലാദ്യമായി അണുബോംബ് കൈവശമുള്ള രണ്ട് രാഷ്ട്രങ്ങൾ തമ്മിൽ പരസ്പരം വ്യോമാക്രമണങ്ങൾ നടത്തി ചരിത്രത്തിലിടംനേടി. രണ്ടാംതവണ മോദി അധികാരത്തിൽ വന്നിട്ടിപ്പോൾ രണ്ടുമാസമായതേയുള്ളൂ ഏറ്റവും അപകടംപിടിച്ച ഒരു കളിയിലാണ് ഇതിനോടകം ഏർപ്പെട്ടിരിക്കുന്നത്, വെടിക്കോപ്പ് നിർമ്മാണശാല

യിലേക്കാണ് തീപ്പെട്ടിക്കൊള്ളിയെറിഞ്ഞിരിക്കുന്നത്.

ഒരുകാര്യം ചെയ്യുന്നത് നല്ലതാണെങ്കിൽപോലും അതിന്റെ മാർഗത്തിൽ മാന്യത പുലർത്തേണ്ടതുണ്ട്. അല്ലെങ്കിൽ അവമതിപ്പുണ്ടാക്കും, ലോകത്തിനു മുമ്പിൽ നിങ്ങളുടെ വിശ്വാസ്യത തകരും. ജൂലൈ അവസാനവാരം 45,000 സൈന്യത്തെയാണ് കാശ്മീരിൽ അധികമായി വിന്യസിച്ചത്. അമർനാഥ് തീർത്ഥാടനത്തിന് പാകിസ്ഥാനിൽനിന്നും ഭീഷണിയുണ്ട് എന്ന വ്യാജപ്രചാരണം നടത്തിയായിരുന്നു ഈ മുന്നൊരുക്കം. പാകിസ്ഥാൻ പട്ടാളത്തിന്റേതെന്നു കരുതപ്പെടുന്ന കുഴിബോംബ് തീർത്ഥാടനവഴിയിൽനിന്നും കണ്ടെടുക്കപ്പെട്ടു എന്ന വാർത്ത ചില ഇന്ത്യൻ ചാനലുകൾ ആഗസ്റ്റ് ഒന്നിന് സംപ്രേക്ഷണം ചെയ്തു. പിറ്റേദിവസം മുഴുവൻ തീർത്ഥാടകരും ഉടൻ യാത്രയുപേക്ഷിച്ച് താഴ്വരയിൽനിന്നും തിരിച്ചുപോരണമെന്ന കർശനനിർദ്ദേശം സർക്കാർ ഔദ്യോഗികമായിത്തന്നെ പുറപ്പെടുവിച്ചു. ടൂറിസ്റ്റുകളോടും കാശ്മീർ വിടാൻ ആവശ്യപ്പെട്ടു. അതിലൂടെ ഒരുതരം കൂട്ടപ്പാലായനത്തിന്റെ പരിഭ്രാന്തി പരത്തി. കാശ്മീരിലെ ഏകദേശം രണ്ടുലക്ഷംവരുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ സുരക്ഷ കുടിയൊഴിപ്പിക്കലിന് മേൽനോട്ടം വഹിച്ചവരുടെ അജണ്ടയിൽ കണ്ടതേയില്ല. ആഗസ്റ്റ് 3 ശിനിയാഴ്ചയോടെ ടൂറിസ്റ്റുകളും തീർത്ഥാടകരും കാശ്മീർവിട്ടതോടെ താഴ്വരയുടെ പൂർണ്ണനിയന്ത്രണം സൈന്യം ഏറ്റെടുത്തു. ഞായറാഴ്ച അർദ്ധരാത്രിയായപ്പോൾ കാശ്മീരികളാകെ വീട്ടുതടങ്കലിനു സമാനമായ അവസ്ഥയിലായി. എല്ലാ വാർത്താവിനിമയ സംവിധാനങ്ങളും നിശ്ചലം. പിറ്റേന്ന് രാവിലെ നമ്മളറിയുന്നത് നൂറുകണക്കിനാളുകളോടൊപ്പം മൂന്നു മുൻമുഖ്യമന്ത്രിമാർ (ഫാറൂഖ് അബ്ദുള്ള, മകൻ ഒമർ അബ്ദുള്ള, മെഹബൂബ മുഫ്തി) അറസ്റ്റുചെയ്യപ്പെട്ടിരിക്കുന്നു എന്നാണ്. ഇക്കഴിഞ്ഞ പ്രക്ഷോഭകാലങ്ങളിലെല്ലാം ഇന്ത്യാ അനുകൂല നിലപാടെടുത്ത മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കന്മാരാണവർ എന്നോർക്കണം.

**പുറമേ ആഘോഷിക്കുന്ന ഇന്ത്യയെയും തടവിലാക്കപ്പെട്ട കാശ്മീരിനെയും അഭിസംബോധനചെയ്തുകൊണ്ട് ആഗസ്റ്റ് 8-ന് നരേന്ദ്രമോദി ടി.വിയിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. അത്യുത്സാഹത്തോടെ കർണ്ണകഠോരമായി സംസാരിക്കുന്ന പതിവ് ശൈലിയിലായിരുന്നില്ല അന്ന് മോദി. മറിച്ച് ചെറുപ്പക്കാരിയായ ഒരമ്മയുടെ കോമളഭാവത്തോടെയാണ് സംസാരിച്ചത്. ഇന്നോളം കാണാത്തരീതിയിലുള്ള വിറങ്ങലിച്ച ഭാവം.**

കാശ്മീർ പോലീസ് നിരായുധീകരിക്കപ്പെട്ടു എന്നാണ് പത്രങ്ങൾ റിപ്പോർട്ട് ചെയ്തത്. മറ്റാരേക്കാളും കൂടുതൽ ഈ പ്രാദേശിക പോലീസുകാരാണ് സ്വന്തം ശരീരവുമായി പ്രശ്നബാധിത പ്രദേശങ്ങളിൽ നേർക്കുനേർ നിന്നിരുന്നത്, എല്ലാ മുന്നൊരുക്കങ്ങളും ഇതുവരെ നടത്തിയത്, രഹസ്യാന്വേഷണവിഭാഗത്തിന് ആവശ്യമുള്ളതെല്ലാം ചെയ്തുകൊടുത്തത്, യജമാനന്മാരുടെ ആജ്ഞയനുസരിച്ച് കൊടുംക്രൂരതകളിൽ നേരിട്ട് പങ്കാളികളായത്, ഇവ്വിതം സ്വന്തം കൂടെപ്പിറപ്പുകളുടെ അപ്രീതിക്കുപാത്രമായത്. അവരായിരുന്നു ഇക്കാലമത്രയും കാശ്മീരിൽ ഇന്ത്യൻ പതാക പറത്തിയിരുന്നവർ. ഇപ്പോൾ സംഗതി പൊട്ടിത്തെറിയുടെ വക്കോളമെത്തിയപ്പോൾ കോപാകുലരായ ആൾക്കൂട്ടത്തിനിടയിലേക്ക് നിരായുധരായി

ഇറങ്ങിച്ചെല്ലേണ്ടിയിരിക്കുന്നു അവർക്ക്, എന്തൊരു ഗതികേടാണ്. ഇക്കാലമത്രയും ഇന്ത്യൻ ഭരണഘടന സംരക്ഷിക്കാൻ സരുക്ഷാചുമതല നിർവ്വഹിച്ചവരോടാണ് ഈ ക്രൂരത എന്നോർക്കണം. രാഷ്ട്രതന്ത്രജ്ഞതയുടെ ഭാഗമായി അവധാനതയോടെ പല വിട്ടുവീഴ്ചകൾവരെ ചെയ്തും ഇന്ത്യ വികസിപ്പിച്ചെടുത്തിരുന്ന ഒരു മാനുഷികമുഖത്തിനാണ്, പ്രത്യേകിച്ചും മറ്റു സഖ്യസഹകരണരാജ്യങ്ങളുമായി, മോദി സർക്കാറിന്റെ അക്രമോത്സുക ധാർഷ്ട്യമനോഭാവം മൂലം കോട്ടംതട്ടിയിരിക്കുന്നത്. തെരുവും സൈന്യവും നേർക്കുനേർ എന്ന അവസ്ഥ ഇന്ത്യയിലും സംജാതമായിരിക്കുന്നു. കാശ്മീരിലെ ചെറുപ്പക്കാരോട് ചെയ്യുന്നതുപോലെത്തന്നെ സൈനികരോടുചെയ്യുന്ന ക്രൂരതകൂടിയാണിത്.

സ്വയംഭരണാവകാശത്തിനുവേണ്ടിയാ പാകിസ്ഥാനിൽചേരാനോ ആഗ്രഹിക്കുന്ന ബഹുഭൂരിപക്ഷം കാശ്മീർ പോരാളികൾക്കും ഇന്ത്യയുടെ നിയമങ്ങളിലോ ഭരണഘടനയിലോ ലവലേശം താൽപര്യമില്ല. സഹകാരികളായി കണ്ടിരുന്നവരെല്ലാം വഞ്ചകരാണ് എന്ന് ഇന്നവർ നന്നായി മനസ്സിലാക്കുന്നു, എല്ലാ പൂച്ചും ഇതോടെ പുറത്തായിരിക്കുന്നു. കള്ളനും പോലീസും കളിക്ക് ഇനി സ്ഥാനമില്ല. ആ അർത്ഥത്തിൽ അവർക്ക് സന്തോഷത്തിനു വകയുണ്ട്. നെല്ലും പതിരും ഇന്നെല്ലാവർക്കും തിരിച്ചറിയാനാകും വിധം വ്യക്തമാണ്. പുതിയതരം ആശയങ്ങളും മുദ്രാവാക്യങ്ങളും കാശ്മീരിൽനിന്നും ഉടൻ ഉയർന്നുവരും, തീർച്ചയായും പുതിയ രാഷ്ട്രീയപാർട്ടികളും. ശ്രീനിഗറിൽനിന്നും പുതിയ കളികൾ കാണാം.

**കാശ്മീരിലെ സോഷ്യൽമീഡിയ അടക്കമുള്ള വാർത്താവിനിമയ സംവിധാനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന വിലക്ക് കുറച്ചുകാലംകൂടി തുടർന്നേക്കാം. അതേസമയം എന്നന്നേക്കുമായി അത് സാധ്യമല്ലെന്നിരിക്കെ, വിലക്കുനീക്കുന്നതോടെ കാശ്മീരിൽ ഉടലെടുക്കുന്ന കലാപത്തിന്റെ അനുരണനങ്ങൾ ഇന്ത്യയുടെ മറ്റുപ്രദേശങ്ങളിലേക്കും വ്യാപിച്ചേക്കാം. അത് ഇപ്പോൾതന്നെ ഭരണകൂടത്താലും മറ്റാൾക്കൂട്ടങ്ങളാലും പല തരത്തിൽ വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്ന മുസ്ലീം ജനവിഭാഗത്തിനുനേരെയുള്ള വൈരത്തിന് ആക്കം കൂട്ടും.**

പുറമേ ആഘോഷിക്കുന്ന ഇന്ത്യയെയും തടവിലാക്കപ്പെട്ട കാശ്മീരിനെയും അഭിസംബോധനചെയ്തുകൊണ്ട് ആഗസ്റ്റ് 8-ന് നരേന്ദ്രമോദി ടി.വിയിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. അത്യുത്സാഹത്തോടെ കർണ്ണകഠോരമായി സംസാരിക്കുന്ന പതിവ് ശൈലിയിലായിരുന്നില്ല അന്ന് മോദി. മറിച്ച് ചെറുപ്പക്കാരിയായ ഒരമ്മയുടെ കോമളഭാവത്തോടെയാണ് സംസാരിച്ചത്. ഇന്നോളം കാണാത്ത രീതിയിലുള്ള വിറങ്ങലിച്ച ഭാവം. അശ്രുകണം ഇറ്റിവീഴുന്നതിനുതൊട്ടുമുമ്പുള്ള തെളിമയാർന്ന കണ്ണുകൾ, ഇടറിയ ശബ്ദത്തോടെ ഇനിയങ്ങോട്ട് ജമ്മുകാശ്മീർ ജനതയ്ക്കുമേൽ വർഷിക്കാൻ പോകുന്ന സൗഭാഗ്യത്തിന്റെ പെരുമഴയെക്കുറിച്ച് വാചാലനായി. അഴിമതിക്കാരായ നിലവിലെ നേതാക്കൾകാരണം ലഭിക്കാതെപോയതെല്ലാം ദില്ലിയിൽനിന്നുള്ള നേരിട്ടുള്ള ഭരണത്തോടെ അവർക്ക് ലഭ്യമാകും എന്നായി. ഏതോ ഒരജ്ഞാത കാലത്തുനിന്നുംവന്ന ഒരുകൂട്ടം ജന്മികർഷകർക്ക് ക്ലാസ്സെടുക്കുന്നതു

പോലെ ആധുനിക ഇന്ത്യയുടെ നേട്ടങ്ങളെ അനുസ്മരിക്കുന്നത് കേട്ടു. അവരുടെ ശാദ്വലതാഴ്വരയിലേക്ക് ബോളിവുഡ് സിനിമാസംഘം ചിത്രീകരണത്തിനായി തിരിച്ചെത്തുമെന്ന പ്രതീക്ഷ പങ്കുവെയ്ക്കുന്നത് കേട്ടു.

എന്നാൽ ഈ ഉദ്ബോധകപ്രസംഗത്തിലെവിടെയും എന്തിനാണ് കാശ്മീരിനെ പൂട്ടിയിട്ടിരിക്കുന്നത് എന്നതിനെക്കുറിച്ച് വിശദീകരിക്കുകയുണ്ടായില്ല. കാശ്മീരികൾക്ക് ഗുണകരമാവുമെന്ന് പറയപ്പെടുന്ന ഈ സുപ്രധാന തീരുമാനമെടുക്കുന്നതിനുമുമ്പ് എന്തുകൊണ്ട് അവരുമായി ചർച്ച ചെയ്തില്ല എന്നതിനെക്കുറിച്ച് ഒരക്ഷരം മിണ്ടിയില്ല. സൈനികവലയത്തിൽ വീർപ്പുമുട്ടുന്ന ഒരു ജനതക്കെങ്ങനെയാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെ ശുദ്ധവായു നുകരാനാവുക എന്നദ്ദേഹം വ്യക്തമാക്കിയില്ല. കാശ്മീരികൾക്ക് മുൻകൂട്ടി ഈദാശംസകൾ നേരാൻ മറന്നില്ലെങ്കിലും, അന്നേക്ക് നിയന്ത്രണങ്ങൾ എടുത്തുകളയുമെന്ന യാതൊരുറപ്പും നൽകിയില്ല. പിറ്റേന്ന് രാവിലെ ഇന്ത്യൻ പത്രങ്ങളും മോദിയുടെ കടുത്ത വിമർശകരെന്നുപറയപ്പെടുന്നവരടക്കമുള്ള ഉദാരമതികളായ ചാനൽ ചർച്ചക്കാരും അമിതാവേശത്തോടെ ഈ പ്രസംഗത്തിനു പിന്നാലെക്കൂടി. അവർക്കെല്ലാം ഒരേസ്വരത്തിൽ പറയാനുണ്ടായിരുന്നത് കാശ്മീരിനു വരാൻപോകുന്ന വൻ നേട്ടങ്ങളെക്കുറിച്ചു മാത്രമായിരുന്നു.

**ആൾക്കൂട്ടം മനുഷ്യരെ പ്രത്യേകിച്ചും മുസ്ലിംങ്ങളെ വളഞ്ഞ് നിർബന്ധിച്ച് 'ജയ് ശ്രീറാം' വിളിപ്പിക്കുന്ന പുതിയ പ്രതിഭാസത്തെക്കുറിച്ചായിരുന്നു ഞങ്ങളുടെ സംസാരം. സൈന്യത്തിന്റെ പിടിയിലാണ് കാശ്മീരെങ്കിൽ, ഇന്ത്യ ഇത്തരം അക്രമി സംഘങ്ങളുടെ പിടിയിലാണ്.**

ചെങ്കോട്ടയിൽവെച്ച് ആഗസ്റ്റ് 15-ലെ സ്വാതന്ത്ര്യദിനപ്രസംഗത്തിൽ, കാശ്മീർ ഇടപെടലിലൂടെ ഇന്ത്യയുടെ ചിരകാലാഭിലാഷമായിരുന്ന 'ഒരു രാജ്യം, ഒരു ഭരണഘടന' എന്ന ലക്ഷ്യം ഒടുവിൽ കൈവരിച്ചതായും, ഇത് തന്റെ സർക്കാറിന്റെ നേട്ടമായും മോദി എടുത്തു പറഞ്ഞു. എന്നാൽ, കാശ്മീരിനുണ്ടായിരുന്നതുപോലെ പ്രത്യേകപദവികളുള്ള ഇന്ത്യയുടെ പല പ്രശ്നബാധിത വടക്കു- കിഴക്കൻ സംസ്ഥാനങ്ങളിലും വിമതപ്രക്ഷോഭസംഘങ്ങൾ സ്വാതന്ത്രദിനാഘോഷം ബഹിഷ്കരിക്കാൻ ആഹ്വാനം ചെയ്തത് തലേന്ന് വൈകുന്നേരമായിരുന്നു എന്നകാര്യം അദ്ദേഹത്തിനറിയാതെയല്ല ഈ പൊള്ളയായ അവകാശവാദം എന്നോർക്കണം. ചെങ്കോട്ടയിൽ തടിച്ചുകൂടിയവർ മോദിയുടെ വാക്കുകൾകേട്ട് പുളകിതരായപ്പോൾ ഏകദേശം എഴുപതുലക്ഷം കാശ്മീരികൾ കൂട്ടിലടക്കെപ്പെട്ടിരിക്കുകയാണെന്നോർക്കണം.

കാശ്മീരിലെ സോഷ്യൽമീഡിയ അടക്കമുള്ള വാർത്താവിനിമയ സംവിധാനങ്ങൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന വിലക്ക് കുറച്ചുകാലംകൂടി തുടർന്നേക്കാം. അതേസമയം എന്നന്നേക്കുമായി അത് സാധ്യമല്ലെന്നിരിക്കെ, വിലക്കുനീക്കുന്നതോടെ കാശ്മീരിൽ ഉടലെടുക്കുന്ന കലാപത്തിന്റെ അനുരണനങ്ങൾ ഇന്ത്യയുടെ മറ്റുപ്രദേശങ്ങളിലേക്കും വ്യാപിച്ചേക്കാം. അത് ഇപ്പോൾതന്നെ ഭരണകൂടത്താലും മറ്റാൾക്കൂട്ടങ്ങളാലും പല തരത്തിൽ വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുന്ന മുസ്ലീം ജനവിഭാഗത്തിനുനേരെയുള്ള വൈരത്തിന് ആക്കം കൂട്ടും. ആക്ടിവിസ്റ്റുകൾ, നിയമജ്ഞർ, കലാകാരന്മാർ, വിദ്യാർത്ഥികൾ, ബുദ്ധിജീവികൾ, പത്രപ്രവർത്തകർ തുടങ്ങി

നിർഭയം കാര്യങ്ങൾ വെട്ടിത്തുറന്നു പറയുന്നവരെക്കൂടി ഇതിന്റെ മറവിൽ വേട്ടയാടാൻ ഭരണകൂടത്തിനു അവസരം ലഭിക്കും.

അപകടം പല ഭാഗങ്ങളിൽനിന്നും സംഭവിക്കും. മോദിയും നിരവധി മന്ത്രിമാരുമടക്കം ആറുലക്ഷം പരിശീലനം ലഭിച്ച അംഗങ്ങളുള്ള ഇന്ത്യയിലെ ഏറ്റവും സുസംഘടിതമായ തീവ്രവലത്-ഹിന്ദുദേശീയ സേനയാണ് ആർ.എസ്. എസ്. മുസ്സോളിനിയുടെ കരിംകുപ്പായസേനയാണ് ഇവരുടെ മാതൃകാസ്വരൂപം. നമ്മുടെ സർവ്വ സർക്കാർ സ്ഥാപനങ്ങളിലും നിത്യേനയെന്നോണം ആർ.എസ്. എസ് പിടിമുറുക്കിക്കൊണ്ടിരിക്കുകയാണ്. സ്വയം ഒരു ഭരണകൂടമായി അത് ശക്തിപ്പെട്ടിരിക്കുന്നു. അത്തരമൊരു അവിശുദ്ധ ഭരണകൂടത്തിന്റെ ഉദാരനിഴലിലാണ് നിരവധിയായ ചെറു ഹിന്ദുരാഷ്ട്രകലാപസേനകൾ ഇന്ത്യയിലുടനീളം വളരുന്നതും, നാട്ടിൽ പൈശാചികാക്രമണങ്ങളും കൊലപാതകങ്ങളും നടത്തുന്നതും.

ബുദ്ധിജീവികളും അക്കാദമിക് പണ്ഡിതന്മാരും അവരുടെ ഒരു പ്രധാന ലക്ഷ്യമാണ്. മെയ് മാസത്തിൽ ബി.ജെ.പി അധികാരത്തിലെത്തിയ ഉടൻ ആർ.എസ്.എസ്സിന്റെ മുൻ വക്താവും നിലവിൽ ബി.ജെ.പി ജനറൽ സെക്രട്ടറിയുമായ റാം മാധവ് എഴുതിയത് ഇപ്രകാരമാണ്; ''രാജ്യത്തിന്റെ ബൗദ്ധികവും നയരൂപീകരണപരവുമായ രംഗങ്ങളിൽ കപടമതേതരവാദികളും ഉദാരമതികളും ചേർന്നുള്ള ഒരുതരം ദേശവിരുദ്ധസഖ്യം കാലാകാലങ്ങളായി പിടിമുറുക്കിയിരിക്കുകയാണ്. രാജ്യത്തിന്റെ അക്കാദമികവും, സാംസ്കാരികവും, ബൗദ്ധികവുമായ മണ്ഡലങ്ങളിൽനിന്നും ഈ അവശിഷ്ടങ്ങളെ പുറംതള്ളണം''

അത്തരം പുറംതള്ളൽ പദ്ധതിയുടെ ഭാഗമാണ്, കഠിനകഠോരവ്യവസ്ഥകളാൽ ഇപ്പോൾത്തന്നെ നിലവിലുള്ള യു.എ.പി.എ നിയമം കുറേക്കൂടി തീവ്രസ്വഭാവത്തോടെ ആഗസ്റ്റ് ഒന്നിന് ഭേദഗതി ചെയ്തത്. 'ഭീകരവാദി' എന്നതിന് ഭീകരവാദ സംഘടനയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവൻ എന്നർത്ഥത്തിലാണ് മുമ്പ് ഒരാളെ പ്രസ്തുത നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ പുതിയമാറ്റത്തോടെ സംഘടനകളുമായി ബന്ധമില്ലാത്ത വ്യക്തി എന്നർത്ഥത്തിലും ഭീകരവാദിയായി പരിഗണിക്കപ്പെടും. അതോടെ ഭരണകൂടത്തിന് ഏതൊരു വ്യക്തിയെയും എഫ്.ഐ.ആർ, ചാർജ്ജ് ഷീറ്റ്, വിചാരണ, വിധി എന്നിവയേതുമില്ലാതെ ഭീകരവാദചാപ്പകുത്തി തുറങ്കിലടയ്ക്കാം എന്നായി. ഏതുതരം വ്യക്തികളെയാണ് ഇതിലൂടെ ഉദ്ദേശിച്ചതെന്ന് പാർലമെന്റിൽ നമ്മുടെ 'നിഷ്കളങ്കനായ' അഭ്യന്തരമന്ത്രി അമിത്ഷായുടെ സംസാരത്തിൽനിന്നും വ്യക്തവുമായി. അദ്ദേഹം പറഞ്ഞു; ''സാർ, തോക്ക് ഭീകരവാദത്തെ വളർത്തില്ല, ആശയാദർശങ്ങളുടെ പ്രചാരണത്തിലാണ് ഭീകരവാദത്തിന്റെ വേര് അതിലൂടെയാണത് പരക്കുന്നത്'' ഇങ്ങനെ വ്യക്തികളിലെ ഭീകരവാദിയെ നിർണ്ണയിക്കുന്നതിനോട് ഈ സഭയിൽ ആർക്കെങ്കിലും എതിർപ്പുണ്ടാകുമെന്നു ഞാൻ കരുതുന്നില്ല.''

അയാളുടെ ചത്ത കണ്ണുകൾ തങ്ങൾക്കുനേരെ നീളുന്നതായി ഞങ്ങളിൽ പലർക്കും തോന്നി. സ്വന്തംനാടായ ഗുജറാത്തിൽ അദ്ദേഹത്തെ പ്രതിചേർക്കപ്പെട്ട് നടമാടിയ കൊലപാതകപരമ്പരകളുടെ കാലത്ത് ഞങ്ങൾക്കീ ഗുട്ടൻസ് പിടികിട്ടിയിരുന്നില്ല. അദ്ദേഹത്തെ വിചാരണചെയ്ത ജസ്റ്റിസ് ബ്രിജ്ഗോപാൽ ഹരികിഷൻലോയ വിചാരണ നടക്കുന്നതിനിടെ ദുരൂഹസാഹചര്യത്തിൽ കൊലചെയ്യപ്പെടുകയും അതിനുപകരം മറ്റൊരു ജഡ്ജിയെ നിയമിച്ച് വിചാരണ വേഗത്തിലാ

ക്കുകയും വളരെ പെട്ടെന്ന് ഷാ കുറ്റവിമുക്തനാകുകയുമാണുണ്ടായത്. ഇതിൽനിന്നെല്ലാം ധൈര്യമുൾക്കൊണ്ട് നിരവധി വലതുപക്ഷ ചാനലവതാരകരിപ്പോൾ വിമതശബ്ദങ്ങളെ അപലപിക്കാൻ തുടങ്ങിയിരിക്കുന്നു. വിമതശബ്ദങ്ങൾക്കെതിരെ കെട്ടുകഥകൾ നിർമ്മിച്ച് അറസ്റ്റിനായുള്ള മുറവിളികൾ വരെ വരുന്നുണ്ട്, അതിനേക്കാൾ ഭീകരമാണവരുടെ ന്യൂസ്മുറികളിലിരുന്നുള്ള മാധ്യമവിചാരണ കൊലകൾ. ഇതാണ് ഇന്ന് ഇന്ത്യയിലെ രാഷ്ട്രീയാവസ്ഥ. ലോകം ഉറ്റുനോക്കിക്കൊണ്ടിരിക്കെ ഇന്ത്യൻ ഫാസിസത്തിന്റെ വാസ്തുനിർമ്മിതി ദ്രുതഗതിയിൽ മുന്നേറുകയാണ്.

കാശ്മീരിൽ ചില സുഹൃത്തുക്കളെ കാണാനായി ജൂലൈ 28-ന് ഞാൻ വിമാന ടിക്കറ്റ് ബുക്ക് ചെയ്തിരുന്നു. സൈനികവിന്യാസം വർദ്ധിക്കുന്നതായും പ്രശ്നം ഉരുണ്ടുകൂടുന്നതായും മുറുമുറുപ്പുകൾ തുടങ്ങിയിരുന്നു. പോവണോ പോവാതിരിക്കണോ എന്ന ആശങ്കയിലായി ഞാൻ. എന്റെ വീട്ടിൽ വെച്ച് ഞാനും ഒരു സുഹൃത്തും തമ്മിൽ അതിനെക്കുറിച്ചു സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. സർക്കാർ ആശുപത്രിയിൽ വളരെ ആത്മാർത്ഥതയോടെ ജോലിചെയ്യുന്ന ഒരു മുതിർന്ന ഡോക്ടറാണദ്ദേഹം. പൊതുസേവനത്തിനായ് ജീവിതം ഉഴിഞ്ഞുവെച്ച മനുഷ്യൻ, മുസ്ലിമാണ് കക്ഷി. ആൾക്കൂട്ടം മനുഷ്യരെ പ്രത്യേകിച്ചും മുസ്ലിംങ്ങളെ വളഞ്ഞ് നിർബന്ധിച്ച് 'ജയ് ശ്രീറാം' വിളിപ്പിക്കുന്ന പുതിയ പ്രതിഭാസത്തെക്കുറിച്ചായിരുന്നു ഞങ്ങളുടെ സംസാരം. സൈന്യത്തിന്റെ പിടിയിലാണ് കാശ്മീരെങ്കിൽ, ഇന്ത്യ ഇത്തരം അക്രമിസംഘങ്ങളുടെ പിടിയിലാണ്. അപ്പോൾ അദ്ദേഹവും അതിനെക്കുറിച്ചാലോചിക്കുകയായിരുന്നു, കാരണം ദില്ലിയിൽനിന്നുള്ള ഹൈവേയിലൂടെ മിക്കപ്പോഴും വണ്ടിയോടിച്ച് മണിക്കൂറുകൾ അകലെയുള്ള കുടുംബത്തെ മിക്കപ്പോഴും സന്ദർശിക്കാറുള്ള ഒരാളാണദ്ദേഹം.

''എന്നെ എളുപ്പം പിടികൂടാം,'' അയാൾ പറഞ്ഞു.

''എന്നാൽ അങ്ങനെ പറഞ്ഞേക്കണം,'' ഞാൻ പറഞ്ഞു. ''എന്നാലേ ജീവൻ കാണൂ''

''ഇല്ല,'' അയാൾ തുടർന്നു, ''കാരണം, അവരെന്തായാലും എന്നെ കൊല്ലും. അതാണല്ലോ അവർ തബ്രീസ് അൻസാരിയോട് ചെയ്തത്.''

കാശ്മീർ സ്വയം സംസാരിക്കുന്നത് കേൾക്കാൻ കാത്തിരിക്കുന്ന ഞങ്ങൾക്ക് ഇന്ത്യയിലിരുന്ന് സംസാരിക്കാനുള്ളത് ഇതൊക്കെയാണ്. അവർ അവരുടെകാര്യം പറയുകതന്നെ ചെയ്യും.

**വിവർത്തനം: സമീർ കാവാഡ്**

◆

ലേഖനം

എളമരം കരീം എം.പി.

# കാഷ്മീർ നൽകുന്ന പാഠം

ജമ്മു കാഷ്മീരിലേക്ക് 35000 അർദ്ധ സൈനികരെ കൂടി അയക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ച വിവരം പുറത്ത് വന്നപ്പോൾ തന്നെ, പലവിധ അഭ്യൂഹങ്ങളും പ്രചരിക്കാൻ തുടങ്ങിയിരുന്നു. ഏഴ് ലക്ഷത്തോളം പട്ടാളക്കാരെ വിന്യസിപ്പിച്ചിട്ടുള്ള കാഷ്മീരിൽ എന്തോ സംഭവിക്കാൻ പോകുന്നു എന്ന തോന്നലുണ്ടായി. എന്നാൽ ഭീകരരുടെ ആക്രമണ സാധ്യതയുണ്ടെന്നും അത് തടയാനാണ് കൂടുതൽ സൈനികരെ അയക്കുന്നതെന്നുമായിരുന്നു സർക്കാർ ഭാഷ്യം. എന്നാൽ പിന്നീട് പുറത്ത് വന്ന വാർത്തകൾ സംഭ്രമജനകമായിരുന്നു. മുഖ്യ രാഷ്ട്രീയ പാർടി നേതാക്കളെ വീട്ടു തടങ്കലിലാക്കി. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വന്ന തൊഴിലാളികളോടും, വിദ്യാർത്ഥികളോടും ഉടൻ സംസ്ഥാനം വിടാൻ ഭരണകൂടം ആവശ്യപ്പെട്ടു. അമർനാഥ് തീർത്ഥയാത്ര നിർത്തിവെച്ചു. എല്ലാ ടൂറിസ്റ്റുകളോടും സംസ്ഥാനം വിടാൻ കാഷ്മീർ ഭരണകൂടം കല്പിച്ചു. ജനങ്ങൾ പരിഭ്രാന്തരായി. ഭക്ഷണ വസ്തുക്കൾ സംഭരിക്കാൻ ജനങ്ങൾ കടകളിലേക്കോടി. പല കടകളും, പെട്രോൾ പമ്പുകളും വളരെ പെട്ടെന്ന് കാലിയായി. ജനങ്ങളെ പുറത്തിറങ്ങാൻ പട്ടാളം അനുവദിച്ചില്ല.

ശ്രീനഗറിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഇംഗ്ലീഷ്, ഉറുദു ഭാഷയിലുള്ള എല്ലാ പത്രങ്ങളുടെയും പ്രസിദ്ധീകരണം സർക്കാർ തടഞ്ഞു. പത്രമാപ്പീസുകളും ന്യൂസ് ബ്യൂറോകളും ബലമായി അടപ്പിച്ചു. ശ്രീനഗർ നഗരത്തിലെ സ്ഥിതിഗതികൾ നേരിട്ടു മനസിലാക്കാൻ ക്യാമറകളുമായി റോഡിലിറങ്ങിയ മാധ്യമ പ്രവർത്തകരെ പട്ടാളക്കാർ ഭീഷണിപ്പെടുത്തി മടക്കി അയച്ചു. ടെലഫോൺ, ഇന്റർനെറ്റ് ബന്ധം പൂർണമായി വിച്ഛേദിച്ചു. കാഷ്മീരിൽ എന്താണ് നടക്കുന്നതെന്ന് പുറം ലോകത്തിനറിയാൻ കഴിയാത്ത സാഹചര്യം സൃഷ്ടിച്ചു. ജനാധിപത്യ വ്യവസ്ഥയെ തന്നെ ബിജെപി സർക്കാർ അട്ടിമറിച്ചു. ഇതെല്ലാം കേന്ദ്ര സർക്കാർ ആസൂത്രണം ചെയ്ത ഒരു നിഗൂഢ പദ്ധതിയുടെ ഭാഗമായിരുന്നു.

ആഗസ്റ്റ് 6 ന് പാർലമെന്റ് സമ്മേളനം ആരംഭിക്കുന്ന ഘട്ടത്തിൽ കാഷ്മീരിലെ സംഭവങ്ങൾ സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് കൊണ്ട് ഇടത്പക്ഷ പാർടികളും കോൺഗ്രസും നോട്ടീസ് നൽകിയിരുന്നു.

അന്ന് കാലത്ത് 9.30 ന് കേന്ദ്ര മന്ത്രിസഭയുടെ അടിയന്തിര യോഗം ചേരുന്ന വിവരം പുറത്ത് വന്നു. ആഭ്യന്തര മന്ത്രി കാലത്ത് 11 മണിക്ക് രാജ്യസഭയിലും പിന്നീട് ലോകസഭയിലും കാഷ്മീർ പ്രശ്നം സംബന്ധിച്ച പ്രസ്താവന നടത്തുമെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഈ പശ്ചാത്തലത്തിലാണ് പാർലമെന്റ് സമ്മേളനം ആരംഭിച്ചത്.

രാജ്യസഭ ആഗസ്റ്റ് 6 ന് പരിഗണിക്കേണ്ട വിഷയങ്ങളിൽ ഒന്നാമത്തേത് കാഷ്മീരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ജനങ്ങൾക്ക് സംവരണം നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്ന ഒരു നിയമനിർമാണമായിരുന്നു. കാലത്ത് രാജ്യസഭ സമ്മേളിച്ച ഉടനെ, അടിയന്തിര പ്രമേയം ചർച്ചക്കെടുക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. ചെയർമാൻ അനുമതി നിഷേധിച്ചപ്പോൾ പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യങ്ങൾ മുഴക്കി പ്രതിഷേധിച്ചു. ഇതിനിടെ ജമ്മുകാഷ്മീർ സംവരണ ബില്ലവതരിപ്പിക്കാൻ ആഭ്യന്തര മന്ത്രിയെ ചെയർമാൻ ക്ഷണിച്ചു. പ്രതിപക്ഷ ബഹളം വകവെക്കാതെ, സംവരണ ബില്ലവതരിപ്പിക്കാൻ എഴുന്നേറ്റ അമിത്ഷാ, എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട്, ഭരണഘടനയുടെ 370-ാം വകുപ്പ് പ്രകാരമുള്ള പ്രത്യേക പദവി കാഷ്മീരിന് മേലിൽ ഉണ്ടായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്യുന്ന പ്രമേയവും സംസ്ഥാനം വിഭജിക്കുന്ന ബില്ലും അവതരിപ്പിക്കുകയാണുണ്ടായത്. ഈ വിഷയങ്ങൾ ഇന്നത്തെ നടപടികളിൽ ഇല്ല എന്ന് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചപ്പോൾ താൻ അനുവാദം നൽകിയതായി ചെയർമാൻ റൂളിംഗ് നൽകി. ഇത് കഴിഞ്ഞ് പത്ത് മിനുട്ടിന് ശേഷമാണ് പുതുക്കിയ നടപടിക്രമങ്ങളുടെ ലിസ്റ്റും ഭരണഘടനാ പ്രമേയവും കാഷ്മീർ വിഭജന ബില്ലും അംഗങ്ങൾക്ക് വിതരണം ചെയ്തത്. രാജ്യസഭയുടെ ചരിത്രത്തിൽ ഇങ്ങനെ ഒരു സംഭവമുണ്ടായിട്ടില്ല. ചട്ടങ്ങളും കീഴ്വഴക്കങ്ങളും കാറ്റിൽ പറത്തിക്കൊണ്ടാണ് ബിജെപി സർക്കാർ കാഷ്മീരിനെ ഗുരുതരമായി ബാധിക്കുന്ന നിയമനിർമാണം നടത്താൻ തുനിഞ്ഞത്. തങ്ങൾക്ക് ഭൂരിപക്ഷമുള്ളതിനാൽ എന്തും ചെയ്യുമെന്ന ഭാവത്തിലാണ് ബിജെപി സർക്കാർ.

**ആഗസ്റ്റ് 6 ന് പാർലമെന്റ് സമ്മേളനം ആരംഭിക്കുന്ന ഘട്ടത്തിൽ കാഷ്മീരിലെ സംഭവങ്ങൾ സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് കൊണ്ട് ഇടത്പക്ഷ പാർടികളും കോൺഗ്രസും നോട്ടീസ് നൽകിയിരുന്നു. അന്ന് കാലത്ത് 9.30 ന് കേന്ദ്ര മന്ത്രിസഭയുടെ അടിയന്തിര യോഗം ചേരുന്ന വിവരം പുറത്ത് വന്നു. ആഭ്യന്തര മന്ത്രി കാലത്ത് 11 മണിക്ക് രാജ്യസഭയിലും പിന്നീട് ലോകസഭയിലും കാഷ്മീർ പ്രശ്നം സംബന്ധിച്ച പ്രസ്താവന നടത്തുമെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.**

ഭരണഘടനയുടെ 370-ാം അധ്യായത്തിന്റെ 1-ാം വകുപ്പ് അനുസരിച്ച് ഇന്ത്യൻ പ്രസിഡന്റിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് രാഷ്ട്രപതി പുറപ്പെടുവിച്ച ഉത്തരവിലൂടെ 370-ാം അധ്യായം കാഷ്മീരിന് നൽകിയ പ്രത്യേക പദവി

റദ്ദാക്കി. കാഷ്മീരിന് ചില പ്രത്യേക അവകാശങ്ങൾ നൽകുന്ന ഭരണഘടനയുടെ 35 A വകുപ്പും റദ്ദാക്കി. ഈ നടപടികൾ അംഗീകരിക്കണമെന്ന പ്രമേയമാണ് അമിത്ഷാ രാജ്യസഭയിൽ കൊണ്ടുവന്നത്.

ഭരണഘടനയുടെ 370-ാം അധ്യായം റദ്ദ് ചെയ്യുന്നതിന് ജമ്മു കാഷ്മീർ അസംബ്ലിയുടെ ശുപാർശ വേണമായിരുന്നു. അസംബ്ലി പിരിച്ച് വിട്ടതിനാൽ, സംസ്ഥാന ഗവർണറുടെ ശുപാർശമതി എന്ന വാദമുപയോഗിച്ചാണ് രാഷ്ട്രപതി വിജ്ഞാനപനം ഇറക്കിയത്. അതോടൊപ്പം ജമ്മു കാഷ്മീരിന്റെ സംസ്ഥാന പദവി എടുത്തു കളയുകയും ലഡാക്ക്, ജമ്മു കാഷ്മീർ എന്നീ രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങൾ നിലവിൽ വരുന്ന നിയമം പാസാക്കുകയും ചെയ്തു. കേന്ദ്ര ഭരണപ്രദേശമായി മാറുന്ന ജമ്മു കാഷ്മീരിൽ അസംബ്ലി ഉണ്ടാവും; പോണ്ടിച്ചേരി പോലെ. മുഖ്യ ഭരണാധികാരി കേന്ദ്രം നിയോഗിക്കുന്ന ഗവർണറായിരിക്കും. കാഷ്മീർ ജനതയുടെ ജനാധിപത്യ അവകാശങ്ങളെയാണ് ബിജെപി സർക്കാർ ചവിട്ടി മെതിച്ചത്. 1956 ൽ സംസ്ഥാനങ്ങൾ അംഗീകരിക്കപ്പെട്ടതിന് ശേഷം ആദ്യമായിട്ടാണ് ഒരു സംസ്ഥാനത്തിന് ആ പദവി നഷ്ടപ്പെടുന്നത്.

**ഭരണഘടനയുടെ 370-ാം അധ്യായത്തിന്റെ 1-ാം വകുപ്പ് അനുസരിച്ച് ഇന്ത്യൻ പ്രസിഡന്റിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് രാഷ്ട്രപതി പുറ പ്പെടുവിച്ച ഉത്തരവിലൂടെ 370-ാം അധ്യായം കാഷ്മീരിന് നൽകിയ പ്രത്യേക പദവിറദ്ദാക്കി. കാഷ്മീരിന് ചില പ്രത്യേക അവകാശങ്ങൾ നൽകുന്ന ഭരണഘടനയുടെ 35 A വകുപ്പും റദ്ദാക്കി. ഈ നടപടികൾ അംഗീകരിക്കണമെന്ന പ്രമേയമാണ് അമിത്ഷാ രാജ്യസഭയിൽ കൊണ്ടുവന്നത്.**

1947 ൽ ഇന്ത്യ സ്വതന്ത്രമാവുന്ന ഘട്ടത്തിൽ കാഷ്മീർ, ഹരിസിംഗ് എന്ന രാജാവിന്റെ ഭരണാധികാരത്തിന് കീഴിലായിരുന്നു. കാഷ്മീരിനെ പാകിസ്ഥാന്റെ ഭാഗമാക്കാൻ പാക് പിന്തുണയോടെ പഷ്തൂൺ ഗോത്രവർഗക്കാർ സായുധ ആക്രമണത്തിലൂടെ ശ്രമിച്ചു. കാഷ്മീരിന്റെ ഒരു ഭാഗം അവർ കയ്യടക്കി. ഇന്നത്തെ പാക് അധീന കാഷ്മീർ അതാണ്. ഈ സാഹചര്യത്തിലാണ് 1947 ഒക്ടോബർ 26 ന് കാഷ്മീരിനെ ഇന്ത്യയുമായി കൂട്ടിചേർക്കാനുള്ള കരാറിന് ഹരിസിംഗ് സന്നദ്ധമായത്. പ്രസ്തുത കരാറിലെ വ്യവസ്ഥകൾ അനുസരിച്ചാണ് ഇന്ത്യൻ ഭരണഘടന രൂപം കൊള്ളുമ്പോൾ 370-ാം അധ്യായവും 35-A വകുപ്പും എഴുതി ചേർക്കപ്പെട്ടത്. കാഷ്മീരികൾക്ക് നൽകിയ എന്തോ സൗജന്യമല്ല ഇത്.

ഭരണഘടനയുടെ 370-ാം വകുപ്പും 35-എ വകുപ്പും നൽകുന്ന പ്രത്യേക പദവി, കാഷ്മീരിൽ ഭൂമി വാങ്ങുന്നതിനും കൈവശം വെക്കുന്നതിനും കാഷ്മീരിലെ സ്ഥിരവാസികൾക്ക് മാത്രമെ അവകാശമുള്ളൂ എന്ന് വ്യവസ്ഥ ചെയ്യുന്നു. കാഷ്മീർ ജനതക്ക് മറ്റ് ഇന്ത്യക്കാർക്കില്ലാത്ത അവകാശം എന്തിനാണെന്നാണ് പലരുടെയും ചോദ്യം. മുസ്ലീംകൾ ഭൂരിപക്ഷമായ കാഷ്മീരിന് നൽകിയ ഈ അവകാശം, മുസ്ലീംകൾക്ക് മാത്രമായി നൽകിയ എന്തോ സൗജന്യമാണെന്നാണ് ആർഎസ്എസ് പ്രചരിപ്പിക്കുന്നത്. ഹരിസിംഗ് രാജാവായിരുന്ന കാലത്തും ഭൂമിവാങ്ങാനുള്ള അവകാശം കാഷ്മീരിലെ സ്ഥിരവാസികൾക്ക് മാത്രമായി വ്യവസ്ഥ ചെയ്തിരുന്നു. ബ്രിട്ടീഷുകാർ വൻതോതിൽ ഭൂമി വാങ്ങുന്നത് തടയാനായിരുന്നു അത്. ഭൂമിശാ

സ്ത്രപരവും രാജ്യരക്ഷയെ ആസ്പദമാക്കിയും വടക്ക് കിഴക്കൻ സംസ്ഥാനങ്ങ ളിൽ ഇത്തരം നിയന്ത്രണങ്ങളുണ്ട്. അവിടെയൊന്നും മുസ്ലീംകളല്ല ഭൂരിപക്ഷം.

ഭരണഘടനയുടെ ആർട്ടിക്കിൾ 371- എ പ്രകാരം നാഗാലാണ്ടിൽ അവി ടുത്തെ സ്ഥിരവാസികളായ ഗോത്രവർഗക്കാർക്ക് മാത്രമെ ഭൂമി വാങ്ങാനും കൈ വശം വെക്കാനും അവകാശമുള്ളൂ. 1975 ൽ ഇന്ത്യയിൽ ലയിച്ച അവസാനത്തെ സംസ്ഥാനമാണ് സിക്കിം. ഈ സംസ്ഥാനത്തിന് ഭരണഘടന പല പ്രത്യേക അവകാശങ്ങളും നൽകിയിട്ടുണ്ട്. സംസ്ഥാനം ഇന്ത്യയിൽ ലയിച്ചതിനെ തുടർന്ന് ഭൂമിയിന്മേലുള്ള സമസ്ത അവകാശങ്ങളും- മുമ്പ് മറ്റുള്ളവരുടെ ഉടമസ്ഥതയിലു ണ്ടായിരുന്നതുൾപ്പെടെ- ഭരണഘടനയുടെ 371-എ വകുപ്പിനനുസരിച്ച് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായി. പ്രസ്തുത ഭരണഘടനാ വകുപ്പ് സംസ്ഥാന അസം ബ്ലിയുടെ കാലാവധി 4 വർഷമായി നിജപ്പെടുത്തി യിട്ടുണ്ട്. എന്നാൽ അഞ്ച് വർഷത്തേക്ക് തെരഞ്ഞെ ടുപ്പ് നടത്തുന്ന കീഴ്വഴക്കം ഇപ്പോഴും തുടരുന്നു. സിക്കിമുമായി ബന്ധപ്പെട്ട കരാറുകളിലെ വ്യവസ്ഥക ളിൽ ഇടപെടാൻ സുപ്രീം കോടതിക്കോ, മറ്റേതെ ങ്കിലും കോടതിക്കോ അവ കാശമില്ലെന്നും 371-എ വ്യവസ്ഥ ചെയ്യുന്നു.

**ഭരണഘടനയുടെ ആർട്ടിക്കിൾ 371- എ പ്രകാരം നാഗാലാണ്ടിൽ അവിടുത്തെ സ്ഥിരവാസികളായ ഗോത്രവർഗക്കാർക്ക് മാത്രമെ ഭൂമി വാങ്ങാനും കൈവശം വെക്കാനും അവകാശമുള്ളൂ. 1975 ൽ ഇന്ത്യയിൽ ലയിച്ച അവസാനത്തെ സംസ്ഥാന മാണ് സിക്കിം. ഈ സംസ്ഥാനത്തിന് ഭരണ ഘടന പല പ്രത്യേക അവകാശങ്ങളും നൽകിയിട്ടുണ്ട്. സംസ്ഥാനം ഇന്ത്യയിൽ ലയിച്ചതിനെ തുടർന്ന് ഭൂമിയിന്മേലുള്ള സമസ്ത അവകാശങ്ങളും- മുമ്പ് മറ്റുള്ളവ രുടെ ഉടമസ്ഥതയിലുണ്ടായിരുന്നതുൾപ്പെടെ- ഭരണഘടനയുടെ 371-എ വകുപ്പിനനുസരിച്ച് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായി.**

ഭരണഘടനയുടെ 371-ഏ വകുപ്പ് മിസോ റാമിൽ ഭൂമിയുടെ ഉടമ സ്ഥാവകാശം മിസോറാം ഗോത്രവർഗക്കാർക്ക് മാത്ര മായിരിക്കുമെന്ന് വ്യവസ്ഥ ചെയ്യുന്നു. വ്യവസായങ്ങൾ സ്ഥാപിക്കാൻ മാത്രം ഭൂമി ഏറ്റെടുക്കാൻ സംസ്ഥാന സർക്കാരിന് അവകാശമുണ്ട്. 371- എ, 371- ജി, വകു പ്പുകൾ ഗോത്രവർഗക്കാരുടെ മതപരമായ നിയമങ്ങളിൽ ആചാരങ്ങളിൽ പാർല മെന്റിന് ഇടപെടാൻ അധികാരമില്ലെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ബിജെപി ഭരിക്കുന്ന ഹിമാചൽ പ്രദേശിൽ സംസ്ഥാന നിവാസികളല്ലാത്ത വർക്ക് കൃഷിഭൂമി വാങ്ങാൻ അവകാശമില്ലെന്ന് ഭരണഘടനയുടെ അദ്ധ്യായം 371- ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥകളൊന്നും ആരെയും പ്രീണിപ്പിക്കാൻ വേണ്ടി അംഗീകരിച്ചതല്ല. മറിച്ച് രാജ്യത്തിന്റെ വൈവിദ്ധ്യവും, ബഹുസ്വരതയും കണക്കിലെടുത്ത്, നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തെ അടിസ്ഥാനപ്പെടുത്തി യാണ്. ഭരണഘടന നിർമാണ സഭയിലെ ചർച്ചകളുടെ രേഖകൾ പരിശോധിച്ചാൽ ഇത് ബോദ്ധ്യപ്പെടും. വ്യത്യസ്ഥ ദേശീയതകളുടെ സംഘാതമായ ഭാരതത്തിൽ വ്യത്യസ്ത മത-ജാതി-ഉപജാതി-ഗോത്രവർഗ്ഗ-ആദിവാസി ജനത തലമുറകളായി

ജീവിക്കുന്നു. ഇവരെയെല്ലാം ഐക്യപ്പെടുത്തി ഭാരതത്തെ ഒരു രാഷ്ട്രമായി നിലനിർത്താനാണ് ഭരണഘടന ഫെഡറൽ തത്വവും, മതനിരപേക്ഷതയും അംഗീകരിച്ചത്. ഭരണഘടനയുടെ 370-ാം വകുപ്പ് കാഷ്മീരിന് മേലിൽ ബാധകമല്ലെന്നും 35-A വകുപ്പ് റാദ്ദായതായും പ്രഖ്യാപിച്ച ബിജെപി സർക്കാർ ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങളെയാണ് നിഷേധിച്ചിരിക്കുന്നത്. ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്ത് ഇന്ത്യയെ സവർക്കർ വിഭാവനം ചെയ്ത ''ഹിന്ദുത്വ'' രാഷ്ട്രമാക്കിമാറ്റാനുള്ള നീക്കത്തിന്റെ ഭാഗമായിട്ടാണ്.

ഭരണഘടനയുടെ 370-ാം വകുപ്പിന്റെ പരിധിയിൽ നിന്നും കാഷ്മീരിനെ ഒഴിവാക്കിയ മോഡിസർക്കാർ സമാനമായ അവകാശങ്ങൾ അംഗീകരക്കുന്ന വടക്ക് കിഴക്കൻ സംസ്ഥാനങ്ങളെയും 371-ാം വകുപ്പ് അനുസരിച്ചുള്ള പ്രത്യേക അവകാശങ്ങളിൽ നിന്ന് ഒഴിവാക്കുമോ? അന്തർദേശീയ അതിർത്തി പങ്കിടുന്ന വടക്ക്കിഴക്കൻ സംസ്ഥാനങ്ങളുടെ അതിർത്തിയിൽ ഏതെങ്കിലും സ്വകാര്യ വ്യക്തികളോ–കമ്പനികളോ ഭൂമി വാങ്ങിക്കൂട്ടുകയും, അവ രാജ്യവിരുദ്ധ പ്രവർത്തനങ്ങളുടെ കേന്ദ്രമാക്കി മാറ്റുകയും ചെയ്താലുണ്ടാകുന്ന വിപത്തിനെക്കുറിച്ച് ബിജെപിയും അവരുടെ സർക്കാരും ആലോചിക്കുന്നുണ്ടോ? ''ഒരു രാജ്യം, ഒരു ഭരണഘടന, ഒരു നിയമം'' എന്ന മുദ്രാവാക്യം കാഷ്മീരിന്റെ കാര്യത്തിൽ മാത്രമാണോ? അങ്ങിനെയാണെങ്കിൽ അത് മുസ്ലീം ജനതയെ ലക്ഷ്യം വെച്ചുള്ള വർഗ്ഗീയ അജണ്ടയാണെന്ന് ആരെങ്കിലും കുറ്റപ്പെടുത്തിയാൽ നിഷേധിക്കാനാവുമോ?

ഭൂരിപക്ഷ വർഗ്ഗീയ വികാരം ആളിക്കത്തിക്കുന്ന ബിജെപി യുടെയും, കേന്ദ്രസർക്കാരിന്റെയും ഗൂഡാലോചന തിരിച്ചറിയാൻ കോൺഗ്രസ്സിനും, ബൂർഷ്വാ പ്രതിപക്ഷ പാർട്ടികൾക്കും കഴിയുന്നില്ല. മുസ്ലീം ജനത മതത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സംഘടനകളുടെ വേദികളിൽ നിന്ന് ഈ പ്രശ്നമുയർത്തിയാൽ വർഗ്ഗീയ മുദ്രകുത്തി അവരെ ഒറ്റപ്പെടുത്താനും, ഉന്മൂലനം ചെയ്യാൻ പോലും എളുപ്പമാണ്. ജർമനിയിൽ ജൂതപ്രശ്നത്തിന് ഹിറ്റ്ലർ കണ്ട പരിഹാരമാണ് ഇന്ത്യക്ക് മാതൃക എന്ന് കരുതുന്നവരാണ് ആർഎസ്സ്എസ്സ്. മതനിരപേക്ഷതയിൽ ഉറച്ച് നിന്നുകൊണ്ടേ ഈ പ്രശ്നങ്ങളെ നേരിടാനാവൂ.

**ഭൂരിപക്ഷ വർഗ്ഗീയ വികാരം ആളിക്കത്തിക്കുന്ന ബിജെപി യുടെയും, കേന്ദ്രസർക്കാരിന്റെയും ഗൂഡാലോചന തിരിച്ചറിയാൻ കോൺഗ്രസ്സിനും, ബൂർഷ്വാ പ്രതിപക്ഷ പാർട്ടികൾക്കും കഴിയുന്നില്ല. മുസ്ലീം ജനത മതത്തെ അടിസ്ഥാനപ്പെടുത്തിയുള്ള സംഘടനകളുടെ വേദികളിൽ നിന്ന് ഈ പ്രശ്നമുയർത്തിയാൽ വർഗ്ഗീയ മുദ്രകുത്തി അവരെ ഒറ്റപ്പെടുത്താനും, ഉന്മൂലനം ചെയ്യാൻ പോലും എളുപ്പമാണ്. ജർമനിയിൽ ജൂതപ്രശ്നത്തിന് ഹിറ്റ്ലർ കണ്ട പരിഹാരമാണ് ഇന്ത്യക്ക് മാതൃക എന്ന് കരുതുന്നവരാണ് ആർഎസ്സ്എസ്സ്. മതനിരപേക്ഷതയിൽ ഉറച്ച് നിന്നുകൊണ്ടേ ഈ പ്രശ്നങ്ങളെ നേരിടാനാവൂ.**

രാജ്യത്തെ വൻ സാമ്പത്തിക ശക്തിയാക്കുമെന്ന് വീമ്പടിക്കുന്ന മോഡി ഭരണത്തിൽ രാജ്യത്തിന്റെ സമ്പദ്ഘടന വലിയ തകർച്ചയിലാണ്. വ്യവസായ

വളർച്ചാനിരക്ക് ഇടിഞ്ഞു. ഓട്ടോമൊബൈൽ വ്യവസായം വലിയ തകർച്ചയിലാണ്. വാഹനങ്ങൾ കെട്ടിക്കിടക്കുന്നു. ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെട്ടു. ഈ പ്രതിസന്ധി ഉടനെയൊന്നും അവസാനിക്കില്ല. ലോക സാമ്പത്തിക രംഗവും വലിയ പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ്. ഇന്ത്യയിലെ തൊഴിലില്ലായ്മ കഴിഞ്ഞ 45 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കിലാണ്. കാർഷിക മേഖലയും പ്രതിസന്ധിയിലാണ്. ഇത്തരം ജീവിത പ്രശ്നങ്ങളെയെല്ലാം പിന്നിലാക്കി ജനങ്ങളെ ഭിന്നിപ്പിക്കാനും, രാജ്യവ്യാപകമായി വർഗ്ഗീയ വികാരം ആളിക്കത്തിക്കാനുമാണ് കാഷ്മീർ പ്രശ്നത്തെ ബിജെപി ഉപയോഗിക്കുന്നത്.

**ഇന്ത്യൻ ജനതയെ ഭിന്നിപ്പിക്കുന്നതിന്റെ പിന്നിലുള്ള കോർപറേറ്റ് താല്പര്യം തിരിച്ചറിയാനും, അതിനെ വിട്ടുവീഴ്ചയില്ലാതെ എതിർക്കാനും ശ്രമിക്കുന്നത് ഇടത്പക്ഷ പാർടികൾ മാത്രമാണ്. പാർലമെന്റിനകത്തും, പുറത്തും വർഗ്ഗീയതക്കും, കോർപറേറ്റ് മൂലധന ശക്തികൾക്കുമെതിരെ പോരാടുന്നതും ഇടത് പക്ഷമാണ്.**

ഇന്ത്യൻ ഭരണഘടനയെ തകർക്കുന്ന പ്രശ്നമായിട്ട് പോലും, രാജ്യത്തെ പ്രധാന പ്രതിപക്ഷ പാർടിയായ കോൺഗ്രസ്സിന് അതിനെതിരെ ശക്തമായ നിലപാടെടുക്കാൻ കഴിയുന്നില്ല. ബിജെപി ഉയർത്തുന്ന ''തീവ്ര ഹിന്ദുത്വ'' നിലപാടിനെതിരെ ''മൃദു ഹിന്ദുത്വ'' നിലപാടാണ് കോൺഗ്രസ്സിന്റേത്. മതനിരപേക്ഷതയിൽ ഉറച്ച് നിൽക്കാൻ വർഗ്ഗ പരിമിതിമൂലം അവർക്ക് കഴിയുന്നില്ല. പ്രാദേശിക ബൂർഷ്വാ പാർടികളും അവസരവാദ നിലപാടുകളിൽ നിന്ന് ഒരിഞ്ച് മാറുന്നവരല്ല.

ഇന്ത്യൻ ജനതയെ ഭിന്നിപ്പിക്കുന്നതിന്റെ പിന്നിലുള്ള കോർപറേറ്റ് താല്പര്യം തിരിച്ചറിയാനും, അതിനെ വിട്ടുവീഴ്ചയില്ലാതെ എതിർക്കാനും ശ്രമിക്കുന്നത് ഇടത്പക്ഷ പാർടികൾ മാത്രമാണ്. പാർലമെന്റിനകത്തും, പുറത്തും വർഗ്ഗീയതക്കും, കോർപറേറ്റ് മൂലധന ശക്തികൾക്കുമെതിരെ പോരാടുന്നതും ഇടത് പക്ഷമാണ്. സമകാലീന ഇന്ത്യയിൽ ഇടത്പക്ഷത്തിന്റെ പ്രസക്തി മനസ്സിലാക്കാൻ ഏവർക്കും കഴിയും. കാഷ്മീർ നല്കുന്ന പാഠം അതാണ്.

◆

ലേഖനം

കെ.എൻ.ഗണേഷ്

# കാശ്മീരും ഫെഡറൽ ദേശീയ സങ്കൽപങ്ങളുടെ തകർച്ചയും

ഭരണഘടനിലെ 370-ാം വകുപ്പും 35എയും റദ്ദ് ചെയ്ത പാർലമെന്റ് തീരുമാനത്തിനുശേഷം കാശ്മീരിൽ പുതുയുഗപ്പിറവിയാണെന്നാണ് പ്രധാനമന്ത്രി ഉദ്ഘോഷിച്ചത്. ഈ രണ്ടു വകുപ്പും എടുത്തുകളഞ്ഞതിൽ താൻ അപാകതയൊന്നും കാണുന്നില്ലെന്ന് ആഭ്യന്തരമന്ത്രി അമിത്ഷായും പറഞ്ഞു. അവർ രണ്ടുപേരുടെയും പ്രസ്താവനകളിൽ അത്ഭുതമില്ല. സംഘപരിവാർ ഉണ്ടായകാലം മുതൽ പിന്തുടർന്നുവന്ന നിലപാടിനെ സാഹചര്യങ്ങളൊത്തുവന്നപ്പോൾ നടപ്പിലാക്കുകയാണ് ഇവർ ചെയ്തത്.

ഒത്തുവന്ന സാഹചര്യങ്ങൾ എന്തായിരുന്നുവെന്ന് മനസ്സിലാക്കണമെങ്കിൽ കാശ്മീർ വളർന്നുവന്ന വഴികൾകൂടി തിരിച്ചറിയേണ്ടതുണ്ട്. പ്രാചീനകാലം മുതൽ കാശ്മീർ ഒരു ജനവാസകേന്ദ്രമായിരുന്നു. ക്രി.പി. എട്ടാം നൂറ്റാണ്ടുമുതൽ കാശ്മീരിൽ പ്രത്യേക രാജവംശത്തിന്റെ കീഴിൽ ഫ്യൂഡൽ സ്വഭാവമുള്ള ഭരണകൂടം നിലനിന്നു. കാശ്മീരിനു വടക്കുള്ള തക്ലമാക്കൽ, സിൻജിയാങ്ങ് പ്രദേശങ്ങളും ഉസ്ബെക്കിസ്ഥാനും കാശ്മീർ രാജാക്കന്മാരുടെ ആക്രമണങ്ങൾക്കു വിധേയമായി. രാജതരംഗിണി, നിലമതപുരാണം തുടങ്ങിയ ചരിത്രഗ്രന്ഥങ്ങൾ ഈ രാജവംശത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പന്ത്രണ്ടാം നൂറ്റാണ്ടിനുശേഷം യൂസഫ്സായ്, ഖോക്കർ, തുർക്കികൾ തുടങ്ങിയവർ കാശ്മീരിൽ കുടിയേറി. അതുവരെ ബുദ്ധമതക്കാരും ശൈവവൈഷ്ണവരും നിലനിന്ന പ്രദേശത്തിൽ ഇവരിലൂടെ ഇസ്ലാംമതവും എത്തി. ഡൽഹി സുൽത്താനേറ്റിന്റെയും പിന്നീട് മുഗൾവംശത്തിന്റെയും കീഴിൽ കാശ്മീർ വന്നു. ഇവരെല്ലാവരും കാശ്മീരിന്റെ തനതു സംസ്കാരം നിലനിർത്തിയതായാണ് സൂചന. ഔറംഗ്സെബിന്റെ സഹോദരനായ ദാരാഷിക്കോ ഉപനിഷത്തുക്കൾ പേർസ്യനിലേക്ക് വിവർത്തനം ചെയ്തപ്പോൾ സഹായിച്ചത് കാശ്മീരി പണ്ഡിതന്മാരായിരുന്നു. ബുദ്ധമതവും ഇസ്ലാം മതവുമുൾപ്പെടെ എല്ലാ മതങ്ങൾക്കും സ്വാധീനമുണ്ടായിരുന്നുവെങ്കിലും മതസ്പർദ്ധയുണ്ടായിരുന്നില്ല.

ബ്രിട്ടീഷുകാർ പഞ്ചാബ് കീഴടക്കുന്നതിന്റെ ഭാഗമായി രാജാരഞ്ജിത്സിംഗുമായി ഉണ്ടാക്കിയ സന്ധിയാണ് കാശ്മീരിൽ മാറ്റങ്ങൾ ഉണ്ടാക്കിയത്. അന്ന് പഞ്ചാബികളോടൊപ്പം നിന്ന ജമ്മുവിലെ ഡോഗ്രകളുടെ സർദാറിന് കാശ്മീരിന്റെ മഹാരാജപദവി നൽകാൻ ബ്രിട്ടീഷുകാർ സമ്മതിച്ചു. 1846-ൽ സർദാർ ഗുലാബ് സിംഗ് കാശ്മീർ മഹാരാജാവായി. ഡോഗ്രാ രാജാവിന് കാശ്മീർ താഴ്വരയുടെയോ ലഡാക്കിന്റെയോ മേൽ പരമ്പരാഗത അവകാശങ്ങളൊന്നുമില്ലായിരുന്നു. കാശ്മീർ ഒരു മുഗൾസുബ (സംസ്ഥാനം) ആയിരുന്നു. മറ്റു മുഗൾസുബകളുടെ മേൽ അവകാശം സ്ഥാപിച്ച ബ്രിട്ടീഷുകാർക്ക് കാശ്മീരിനെ ബ്രിട്ടീഷ് ഇന്ത്യയുടെ ഭാഗമാക്കുന്നതിൽ പ്രയാസമില്ലായിരുന്നു. അതിനുപകരം കാശ്മീർ താഴ്വര ഒരു രാജവാഴ്ചയുടെ കീഴിൽ വെച്ചുകെട്ടുകയാണ് ചെയ്തത്. സിംലയും ഡെഹ്റാഡൂണും പോലുള്ള ഹിൽസ്റ്റേഷനുകൾ കാശ്മീരിലില്ലാത്തത് കാരണമാകാം.

**പ്രാചീനകാലം മുതൽ കാശ്മീർ ഒരു ജനവാസകേന്ദ്രമായിരുന്നു. ക്രി.പി. എട്ടാം നൂറ്റാണ്ടുമുതൽ കാശ്മീരിൽ പ്രത്യേക രാജവംശത്തിന്റെ കീഴിൽ ഫ്യൂഡൽ സ്വഭാവമുള്ള ഭരണകൂടം നിലനിന്നു. കാശ്മീരിനു വടക്കുള്ള തക്ലമാക്കൽ, സിൻജിയാങ്ങ് പ്രദേശങ്ങളും ഉസ്ബെക്കിസ്ഥാനും കാശ്മീർ രാജാക്കന്മാരുടെ ആക്രമണങ്ങൾക്കു വിധേയമായി. രാജതരംഗിണി, നിലമതപുരാണം തുടങ്ങിയ ചരിത്രഗ്രന്ഥങ്ങൾ ഈ രാജവംശത്തെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. പന്ത്രണ്ടാം നൂറ്റാണ്ടിനുശേഷം യൂസഫ്സായ്, ഖോക്കർ, തുർക്കികൾ തുടങ്ങിയവർ കാശ്മീരിൽ കുടിയേറി. അതുവരെ ബുദ്ധമതക്കാരും ശൈവവൈഷ്ണവരും നിലനിന്ന പ്രദേശത്തിൽ ഇവരിലൂടെ ഇസ്ലാംമതവും എത്തി. ഡൽഹി സുൽത്താനേറ്റിന്റെയും പിന്നീട് മുഗൾവംശത്തിന്റെയും കീഴിൽ കാശ്മീർ വന്നു. ഇവരെല്ലാവരും കാശ്മീരിന്റെ തനതു സംസ്കാരം നിലനിർത്തിയതായാണ് സൂചന.**

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തോടെ സ്ഥിതിയിൽ മാറ്റം വന്നു. ഹിമാലയൻ താഴ്വരകളിൽ പലതും ബ്രിട്ടീഷ് തോട്ടമുടമകളും മൃഗവേട്ടക്കാരും കയ്യടക്കി. ജിംകോർബറ്റിന്റെയും മറ്റും കഥകൾ ഇക്കാലത്താണ് വളർന്നുവരുന്നത്. സിംലയും മണ്ഡിയും മണാലിയും കുജവും വരെ എത്തിയ അവർ കാശ്മീർ താഴ്വരയിലുമെത്താൻ ശ്രമിച്ചു. ഇത് താഴ്വരയിൽ സൃഷ്ടിച്ച പ്രശ്നങ്ങളാണ് അന്നത്തെ ഡോഗ്ര മഹാരാജാവായിരുന്ന ഹരിസിംഗും ബ്രിട്ടീഷ് ഗവൺമെന്റും തമ്മിൽ 1927-ൽ ഒരു കാരാറുണ്ടാക്കാൻ സഹായിച്ചത്. ഇതനുസരിച്ച് പുറംനാട്ടുകാർ കാശ്മീർ താഴ്വരയിൽ ഭൂമി വാങ്ങുന്നതു നിരോധിക്കപ്പെട്ടു. കാശ്മീരികളുമായി വിവാഹബന്ധങ്ങളിലേർപ്പെടുന്നതും നിരോധിച്ചു. ഈയർത്ഥത്തിൽ ഡോഗ്ര രാജാക്കന്മാരുടെ ഭരണം കാശ്മീരിന് സ്വന്തം വ്യക്തിത്വം നിലനിർത്തുന്നതിൽ സഹായിച്ചു.

നാട്ടുരാജ്യങ്ങളിൽ സ്വന്തം സംഘടന ആരംഭിക്കേണ്ടതില്ലെന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നയം മൂലം കാശ്മീരിൽ ഒരു പ്രത്യേക ദേശീയ പാർടി

യുണ്ടായില്ല. അതേസമയം, ആദ്യകാല കമ്യൂണിസ്റ്റ് പ്രവർത്തകരായിരുന്ന മുഹാജിറുകൾക്ക് കാശ്മീരിൽ സ്വാധീനമുണ്ടായിരുന്നു. ശൈഖ് അബ്ദുള്ളയുടെ കീഴിൽ സെക്കുലർ ദേശീയ സ്വഭാവമുള്ള നാഷണൽ കോൺഫറൻസ് രൂപം കൊണ്ടപ്പോൾ അവരിൽ പലരും നാഷണൽ കോൺഫറൻസിൽ പ്രവർത്തിച്ചു. ശൈഖ് അബ്ദുള്ളക്കുശേഷം കുറച്ചുകാലം കാശ്മീർ മുഖ്യമന്ത്രിയായിരുന്ന ജി.എം.സാദിഖ് ഉദാഹരണമാണ്. കാശ്മീരിന് ബ്രിട്ടീഷുകാരിൽ നിന്നു സ്വാതന്ത്ര്യം വേണമെന്നല്ലാതെ ഇന്ത്യൻ യൂണിയനിൽ ചേരണമോ വേണ്ടയോ എന്നതിനെപ്പറ്റി അന്തിമ തീരുമാനം അന്നുണ്ടായില്ല.

1941–ൽ പാക്കിസ്ഥാൻ എന്ന രാഷ്ട്രത്തെക്കുറിച്ചുള്ള ആവശ്യം ആദ്യം ഉയർന്നു. പാക്കിസ്ഥാനിൽ ഉൾക്കൊള്ളേണ്ട പ്രദേശങ്ങളുടെ ചർച്ചയിൽ പ്രധാനമായും ഉയർന്നുവന്നത് വടക്കുപടിഞ്ഞാറൻ പ്രവിശ്യകൾ, സിന്ധ്, പഞ്ചാബ്, ബംഗാൾ, ഹൈദരാബാദ്, ജൂനാഗഡ് എന്നീ പ്രദേശങ്ങളായിരുന്നു. ഹൈദരാബാദിലെ നൈസാമും ജൂനാഗഡിലെ നവാബും ഈ ആവശ്യമുന്നയിച്ചു. മറ്റിടങ്ങളിലെല്ലാം ശക്തമായ ഒരു മുസ്ലീം മധ്യവർഗവും ഇതിനുവേണ്ടി വാദിച്ചു. കാശ്മീരിൽ നിന്ന് ഈ വാദം ശക്തമായി ഉയർന്നുവന്നില്ല. സ്വാതന്ത്ര്യത്തെക്കുറിച്ചും അതിനോടൊപ്പം വിഭജനത്തെക്കുറിച്ചുമുള്ള ചർച്ചകൾ ഉയർന്നുവന്നപ്പോഴാണ് കാശ്മീർ ചർച്ചാവിഷയമാകുന്നത്. മുസ്ലീം ഭൂരിപക്ഷ പ്രദേശം, ഹിന്ദു ഭൂരിപക്ഷപ്രദേശം എന്ന നിലയിലുള്ള വേർതിരിവിന്റെ ആശയം ബ്രിട്ടീഷ് ഗവൺമെന്റിനു വേണ്ടി സർസ്റ്റാഫോർഡ് ക്രിപ്സ് വെച്ച നിർദ്ദേശങ്ങളിൽ ഉണ്ടായിരുന്നു. ബ്രിട്ടീഷ് രാഷ്ട്രമീമാംസാവിദഗ്ധനായ റെജിനാൾഡ് കൗപ്ലാൻഡ് ഈ നിലപാടിന് ന്യായീകരണവും നൽകി. ആർ.എസ്.എസും ഹിന്ദുമഹാസഭയും ഈ വാദത്തെ അതിവേഗത്തിൽ ഉൾക്കൊള്ളുകയും മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളെ വേർതിരിക്കണമെന്ന നിലപാടിലേക്ക് നീങ്ങുകയും ചെയ്തു. മുസ്ലീം ഭൂരിപക്ഷ പ്രദേശമായ കാശ്മീർ അപ്പോഴാണ് ചർച്ചയിൽ വരുന്നത്.

**നാട്ടുരാജ്യങ്ങളിൽ സ്വന്തം സംഘടന ആരംഭിക്കേണ്ടതില്ലെന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നയം മൂലം കാശ്മീരിൽ ഒരു പ്രത്യേക ദേശീയ പാർടിയുണ്ടായില്ല. അതേസമയം, ആദ്യകാല കമ്യൂണിസ്റ്റ് പ്രവർത്തകരായിരുന്ന മുഹാജിറുകൾക്ക് കാശ്മീരിൽ സ്വാധീനമുണ്ടായിരുന്നു. ശൈഖ് അബ്ദുള്ളയുടെ കീഴിൽ സെക്കുലർ ദേശീയ സ്വഭാവമുള്ള നാഷണൽ കോൺഫറൻസ് രൂപം കൊണ്ടപ്പോൾ അവരിൽ പലരും നാഷണൽ കോൺഫറൻസിൽ പ്രവർത്തിച്ചു.**

കാശ്മീർ മുസ്ലീം ഭൂരിപക്ഷ പ്രദേശമായിരുന്നെങ്കിലും ഡോഗ്ര രാജാവായ ഹുക്കുംസിംഗിന്റെ കീഴിലായിരുന്നു. ജൂനാഗഡും ഹൈദരാബാദും ഭരിച്ചത് മുസ്ലീങ്ങളായരുന്നെങ്കിലും ഹിന്ദു ഭൂരിപക്ഷ പ്രദേശങ്ങളായിരുന്നു. ഇത് ശക്തമായ വിലപേശലിനു കാരണമായി. 1946–ലെ ക്യാബിനറ്റ് മിഷൻ ശുപാർശകളിൽ ബ്രിട്ടീഷ് ഇന്ത്യ ഇന്ത്യയും പാക്കിസ്ഥാനുമായി വിഭജിക്കപ്പെടുമെന്നും നാട്ടുരാജ്യങ്ങൾക്ക് അവരുടെ ഇഷ്ടപ്രകാരം ഏതെങ്കിലും ഒരു രാജ്യത്തിൽ ചേരുകയോ സ്വതന്ത്രമായി നിൽക്കുകയോ ചെയ്യാമെന്നും നിർദ്ദേശിച്ചു. കാശ്മീർ ആദ്യം സ്വതന്ത്രമായി നിൽക്കുമെന്നാണ് പ്രഖ്യാപിച്ചത്.

കേരളത്തിൽ തിരുവിതാംകൂർ രാജാവും ഹൈദരാബാദിൽ നൈസാമും എടുത്ത നിലപാടിന് സമാനമായ നിലപാടാണ് കാശ്മീർ രാജാവും സ്വീകരിച്ചത്. ഹൈദരാബാദിലും തിരുവിതാംകൂറിലുമുണ്ടായതുപോലെ കാശ്മീരിലും നാഷണൽ കോൺഫറൻസിന്റെ നേതൃത്വത്തിൽ രാജഭരണത്തിനെതിരായ പോരാട്ടം നടന്നു. പോരാട്ടത്തെ പിന്തുണയ്ക്കാൻ കോൺഗ്രസ് തയ്യാറായി. ഇതാണ് നെഹ്റു-ഷെയ്ക്ക് അബ്ദുള്ള സഖ്യം എന്നു വിളിക്കപ്പെടുന്ന ഐക്യത്തിലേക്ക് നയിച്ചത്.

1947-ൽ ഇന്ത്യ സ്വതന്ത്രമായതോടെ പിന്നീട് പാക്കിസ്ഥാനായ പ്രദേശങ്ങളിലെ ഹിന്ദുവിരുദ്ധ വികാരവും ഇന്ത്യയിലെ മുസ്ലീം വിരുദ്ധ വികാരവും അതിന്റെ പാരമ്യത്തിലെത്തി. ഇന്ത്യയിൽ ആർ.എസ്.എസും പാക്കിസ്ഥാനിൽ പുതുതായി രൂപംകൊണ്ട ജമാഅത്തെ ഇസ്ലാമിയും ഇതിൽ പ്രധാന പങ്കുവഹിക്കുകയും ചെയ്തു. ഈ സമയത്താണ് മുസ്ലീം ഭൂരിപക്ഷ പ്രദേശമായ കാശ്മീർ എവിടെ ചേരണമെന്ന പ്രശ്നം ഉയരുന്നത്. പാക്കിസ്ഥാൻ സൈനികമായി കാശ്മീർ പിടിച്ചെടുക്കാൻ ശ്രമിച്ചു. ഇന്ത്യൻ ഗവൺമെന്റ് പൂഞ്ചിലേക്ക് സൈന്യങ്ങളെ അയക്കുകയും പാക്കിസ്ഥാൻ സൈന്യം പിൻവാങ്ങുകയും ചെയ്തു. പൂഞ്ചിനപ്പുറമുള്ള പ്രദേശങ്ങൾ മുസഫറബാദടക്കം പാക്കിസ്ഥാന്റെ കൈവശം നിലനിന്ന പ്രദേശങ്ങൾ ആസാദ് കാശ്മീർ എന്നറിയപ്പെടുകയും ചെയ്തു. ആസാദ് കാശ്മീരും വടക്കുഭാഗത്തുള്ള ഗിൽഗിത്-ബാൾട്ടിസ്താൻ പ്രദേശങ്ങളും (ഇപ്പോൾ ഉള്ള ലൈൻ ഓഫ് കൺട്രോളിനപ്പുറം) പാക്കിസ്ഥാന്റെ കൈവശമായി. ഇന്ത്യയെ സംബന്ധിച്ചിടത്തോളം അത് പാക്ക് അധീന കാശ്മീരായി. പാക്കിസ്ഥാനികൾക്ക് ഇപ്പോഴും ശേഷിച്ച കാശ്മീർ ഇന്ത്യൻ അധീന കാശ്മീരാണ്.

**കാശ്മീരികൾ ഭാഷാപരമായും സാംസ്കാരികമായും വ്യത്യസ്തരായ ജനതയാണ്. അവർക്ക് പഞ്ചാബികൾ, സിന്ധികൾ, ബലൂചികൾ, പഖ്തൂണികൾ തുടങ്ങിയ പാക്കിസ്ഥാനിന്റെ ഭാഗമായ ജനതയുമായി ബന്ധം ഇല്ല. ഇന്ത്യയ്ക്കകത്തും ബഹുദേശീയ സ്വഭാവമുള്ള സംസ്കൃതിയുടെ ഭാഗമായി തന്നെയാണ് അവരുടെ സ്ഥാനം. കാശ്മീരികളിൽ ഭൂരിപക്ഷവും മുസ്ലീങ്ങളാണെന്നത് നേരാണ്. ഏതെങ്കിലും വിധത്തിലുള്ള ഇസ്ലാമിസ്റ്റ് സ്വാധീനം അവിടെ ഉണ്ടായിരുന്നതായി തെളിവില്ല.**

ഇതിൽ കാശ്മീർ ജനതയ്ക്ക് എന്തു പങ്കാണുണ്ടായിരുന്നത്? കാശ്മീരികൾ ഭാഷാപരമായും സാംസ്കാരികമായും വ്യത്യസ്തരായ ജനതയാണ്. അവർക്ക് പഞ്ചാബികൾ, സിന്ധികൾ, ബലൂചികൾ, പഖ്തൂണികൾ തുടങ്ങിയ പാക്കിസ്ഥാനിന്റെ ഭാഗമായ ജനതയുമായി ബന്ധം ഇല്ല. ഇന്ത്യയ്ക്കകത്തും ബഹുദേശീയ സ്വഭാവമുള്ള സംസ്കൃതിയുടെ ഭാഗമായി തന്നെയാണ് അവരുടെ സ്ഥാനം. കാശ്മീരികളിൽ ഭൂരിപക്ഷവും മുസ്ലീങ്ങളാണെന്നത് നേരാണ്. ഏതെങ്കിലും വിധത്തിലുള്ള ഇസ്ലാമിസ്റ്റ് സ്വാധീനം അവിടെ ഉണ്ടായിരുന്നതായി തെളിവില്ല. കാശ്മീരികൾ സമരം ചെയ്തത് ബ്രിട്ടീഷ് ആധിപത്യത്തിനും ഡോഗ്രാ രാജഭരണത്തിനും എതിരെയാണ്. തിരുവിതാംകൂറിൽ നടന്ന സമരത്തോടു സമാനമായിരുന്നു അതെന്നു പറയാം. എന്നാൽ 1947-നുശേഷം വടക്കുകിഴക്കേ ഇന്ത്യയിലും കിഴക്കേ ഇന്ത്യ

യിലും വളർന്നുവന്ന സംഘർഷഭരിതമായ അന്തരീക്ഷത്തിൽ പ്രശ്നത്തിന് മത വർഗീയതയുടെ മുഖം കൈവരികയായിരുന്നു.

ഇതിൽ നെഹ്റുവിന്റെയും സർദാർപട്ടേലിന്റെയും പങ്കിനെക്കുറിച്ച് ചർച്ച കൾ നടക്കുന്നുണ്ട്. നെഹ്റുവും ശൈഖ് അബ്ദുള്ളയും തമ്മിലുണ്ടായി വന്ന ഐക്യമാണ് കാശ്മീരിനെ ഇന്ത്യയിൽ നിലനിർത്തിയത് എന്ന വാദം ശക്തമാണ്. സർദ ാർ പട്ടേലിന്റെ പങ്കും എടുത്തുപറയുന്നുണ്ട്. നെഹ്റു കുടുംബം കാശ്മീരി പണ്ഡിറ്റുകളായതുകൊണ്ട് ജവഹർലാൽ നെഹ്റുവിന് കാശ്മീരിനോട് വൈകാരികമായ അടുപ്പമുണ്ടായിരുന്നുവെന്നും അതാണ് കാശ്മീരിനെ ഇന്ത്യയോടൊപ്പം നിലനിർത്താൻ പ്രേരിപ്പിച്ചതെന്നുമാണ് വാദം. ഈയിടെയായി സർദാർ പട്ടേലാണ് കാശ്മീരിനെ ഇന്ത്യയിൽ നിലനിർത്തിയതെന്നു വാദിക്കുന്നുണ്ട്. നെഹ്റുവിന്റെ സ്വത്വവാദത്തിൽ കാശ്മീർ പ്രശ്നത്തെ ചാർത്തുന്നതിന് അടിത്തറയില്ല. ഒന്ന് ശരിയാണ് ബ്രിട്ടീഷ് ആധിപത്യത്തിനെതിരെ ശൈഖ് അബ്ദുള്ള നടത്തിയ സമരത്തിൽ നെഹ്റു പങ്കെടുക്കുകയും അറസ്റ്റ് ചെയ്യപ്പെടുകയുമുണ്ടായി. സമരത്തെ പിന്തുണയ്ക്കാനുള്ള കോൺഗ്രസ് തീരുമാനപ്രകാരമാണ് നെഹ്റു അവിടെ പോയത്. രാഷ്ട്രീയമാണ്, സ്വത്വവാദമല്ല നെഹ്റുവിന്റെ നിലപാടിനു പിന്നിൽ. സർദാർ പട്ടേൽ കാശ്മീർ പാക്കിസ്ഥാനു ചേരുന്നതിനു അനുകൂലമായിരുന്നിരിക്കാം എന്ന സൂചനയുണ്ട്. ഹിന്ദു ഭൂരിപക്ഷ പ്രദേശങ്ങളായിരുന്ന ഹൈദരാബാദും ജൂനഗഡും ഇന്ത്യയിൽ നിലനിൽക്കണമെന്നായിരുന്നു പട്ടേലിന്റെ താൽപര്യം. പട്ടേലിന്റെ വലതുപക്ഷ ഹിന്ദു നിലപാടിനോടും പൊരുത്തപ്പെടുന്നതാണത്.

**കാശ്മീർ തർക്കത്തിലിടപെട്ടുകൊണ്ട് ഐക്യരാഷ്ട്ര സഭയുടെ നിർദ്ദേശം കാശ്മീർ ജനതയുടെ ഇടയിൽ ഹിതപരിശോധന നടത്തുക എന്നതായിരുന്നു. കാശ്മീരിൽ അത്തരത്തിലുള്ള ഇടപെടൽ ആവശ്യമില്ലെന്നു പറഞ്ഞ് കോൺഗ്രസ് അതിനെ എതിർത്തു. രാജ്യത്തെ ശിഥിലീകരിക്കാനുള്ള സാമ്രാജ്യത്വ തന്ത്രമായി കണക്കാക്കി കമ്യൂണിസ്റ്റ് പാർടിയും ഹിതപരിശോധനയെ എതിർത്തു. ഹിതപരിശോധന ഇന്ത്യൻ യൂണിയനിൽ ചേരണോ പാക്കിസ്ഥാനിൽ ചേരണോ സ്വതന്ത്രമായി നിൽക്കണോ എന്നതിനെ സംബന്ധിച്ചായിരുന്നു. അത്തരം ഒരു ഹിതപരിശോധനയിൽ അർത്ഥമില്ല. കാശ്മീർ ജനതയും അവരിൽ ഭൂരിപക്ഷം പിന്തുണച്ച നാഷണൽ കോൺഫറൻസും വാദിച്ചത് ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നും രാജവാഴ്ച യിൽ നിന്നുമുള്ള സ്വാതന്ത്ര്യമായിരുന്നു. ഹിതപരിശോധന അതിനെക്കുറിച്ചല്ല. കാശ്മീർ ഒന്നുകിൽ ഇന്ത്യയോടോ പാകിസ്ഥാനോടോ ചേരണം അല്ലെങ്കിൽ നിലവിലുള്ള ഡോഗ്രാ ഭരണകൂടത്തിൻ കീഴിൽ സ്വതന്ത്രമാകണം.**

കാശ്മീർ തർക്കത്തിലിടപെട്ടുകൊണ്ട് ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശം കാശ്മീർ ജനതയുടെ ഇടയിൽ ഹിതപരിശോധന നടത്തുക എന്നതായിരുന്നു. കാശ്മീരിൽ അത്തരത്തിലുള്ള ഇടപെടൽ ആവശ്യമില്ലെന്നു പറഞ്ഞ് കോൺഗ്രസ് അതിനെ എതിർത്തു. രാജ്യത്തെ ശിഥിലീകരിക്കാനുള്ള സാമ്രാജ്യത്വ തന്ത്രമായി കണക്കാക്കി കമ്യൂണിസ്റ്റ് പാർടിയും ഹിതപരിശോധനയെ എതിർത്തു. ഹിതപരി

ശോധന ഇന്ത്യൻ യൂണിയനിൽ ചേരണോ പാക്കിസ്ഥാനിൽ ചേരണോ സ്വതന്ത്രമായി നിൽക്കണോ എന്നതിനെ സംബന്ധിച്ചായിരുന്നു. അത്തരം ഒരു ഹിതപരിശോധനയിൽ അർത്ഥമില്ല. കാശ്മീർ ജനതയും അവരിൽ ഭൂരിപക്ഷം പിന്തുണച്ച നാഷണൽ കോൺഫറൻസും വാദിച്ചത് ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നും രാജവാഴ്ചയിൽ നിന്നുമുള്ള സ്വാതന്ത്ര്യമായിരുന്നു. ഹിതപരിശോധന അതിനെക്കുറിച്ചല്ല. കാശ്മീർ ഒന്നുകിൽ ഇന്ത്യയോടോ പാകിസ്ഥാനോടോ ചേരണം അല്ലെങ്കിൽ നിലവിലുള്ള ഡോഗ്രാ ഭരണകൂടത്തിൻ കീഴിൽ സ്വതന്ത്രമാകണം. അതായത് ഭൂട്ടാനെപ്പോലെയോ നേപ്പാളിനെപ്പോലെയോ ഉള്ള രാജഭരണത്തിൻകീഴിൽ കാശ്മീരിനു തുടരേണ്ടിവരും.

ശെയ്ഖ് അബ്ദുള്ളക്കും നാഷണൽ കോൺഫറൻസിനും ഇതു സമ്മതമായിരുന്നില്ല. അവർ മതനിരപേക്ഷ ജനാധിപത്യവാദികളായതുകൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഭരണ സംവിധാനത്തിനുവേണ്ടി നിലകൊള്ളുകയും നെഹ്റു അതിനെ പിന്തുണക്കുകയും ചെയ്തു. ഹിതപരിശോധന ഉണ്ടായില്ല. അതിനു പകരം ജനാധിപത്യ ഭരണസംവിധാനം നടപ്പിൽവരുത്തുന്നതിന് ഡോഗ്ര രാജാവ് സമ്മതിച്ചു. രണ്ടു നിബന്ധനകളാണ് അദ്ദേഹം വെച്ചത്.

**കാശ്മീർ പ്രശ്നത്തോടുള്ള കമ്യൂണിസ്റ്റ് നിലപാടിന്റെ വളർച്ചയും പരിശോധിക്കേണ്ടതാണ്. പാക്കിസ്ഥാൻ വാദത്തെ കമ്യൂണിസ്റ്റ്പാർടി പുന്തുണച്ചത് മതവാദത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല, സവിശേഷപ്രദേശങ്ങളിൽ തൊട്ടടുത്തുകിടക്കുന്ന ആവാസവ്യവസ്ഥയിലെ ജനങ്ങൾ പിന്തുടരുന്ന ഭാഷയും സംസ്കാരവും ജീവിതരീതിയും ഒരേ പോലെയാവുകയും അവർ സ്വയംനിർണായവകാശം ആഗ്രഹിക്കുകയും ചെയ്യുകയാണെങ്കിൽ അതനുവദിക്കണമെന്നായിരുന്നു പാർടിയുടെ നിലപാട്.**

ഒന്ന്: തിരുവിതാംകൂർ-കൊച്ചിയിലെ രാജ്പ്രമുഖ് പോലെ ഡോഗ്ര രാജാവിനെ ഭരണസംവിധാനത്തിൽ നിലനിർത്തണം. സർദാർ-ഇ-റിയാസത്ത് എന്ന പേരിൽ ഗവർണറിനു തുല്യമായ പദവിയിൽ അദ്ദേഹം നിലിനിർത്തപ്പെട്ടു. രണ്ട്: 1927-ൽ ഡോഗ്ര രാജാവ് ബ്രിട്ടീഷുകാരുമായി ഉണ്ടാക്കിയ കരാർ മാനിക്കണം. അതായത് കാശ്മീരിന് ഭരണസംവിധാനത്തിൽ പ്രത്യേകപദവി നൽകണം. നാഷണൽ കോൺഫറൻസുമായുള്ള ചർച്ചയിൽ ഇവ അംഗീകരിക്കാൻ ശെയ്ഖ് അബ്ദുള്ള തയ്യാറായതോടെ കാശ്മീരിൽ ജനാധിപത്യപരമായ ഭരണസംവിധാനം നിലവിൽവരാനുള്ള വഴിയൊരുങ്ങി. 1959-ൽ പ്രസിഡന്റ് രാജേന്ദ്രപ്രസാദ് ഒപ്പുവെച്ച വിജ്ഞാപനത്തിൽ കാശ്മീരിന് പ്രത്യേകപദവി നൽകുന്ന 370-ാം വകുപ്പും 35എ എന്ന നിബന്ധനയും നിലവിൽവന്നു.

കാശ്മീരിന്റെ സവിശേഷ പദവി നിലവിൽവന്ന പൊതുസാഹചര്യങ്ങളും പരിശോധിക്കേണ്ടതാണ്. ഭാഷാ ദേശീയതയുടെ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾക്കുവേണ്ടിയുള്ള സമരങ്ങളും ബഹുജനസമരങ്ങളും വ്യാപിക്കുന്ന കാലമായിരുന്നു അത്. ഹൈദരാബാദിലെ കർഷകസമരം നൈസാമിനെ പുറത്താക്കുന്നതിനുള്ള സമരം കൂടിയായിരുന്നു. ഗുജറാത്ത്, മഹാരാഷ്ട്ര, വിദർഭ എന്നീ സംസ്ഥാന

ങ്ങൾക്കും പെപ്സുവിലെ രാജവാഴ്ചക്കെതിരെയും സമരങ്ങളാരംഭിച്ചിരുന്നു. കിഴക്കൻ പഞ്ചാബിലെ ജാട്ട് വിഭാഗം ഒരു പ്രത്യേക സംസ്ഥാനത്തിനുള്ള വാദം ഉന്നയിച്ചിരുന്നു. രായലസീമ, ആന്ധ്ര, ഹൈദരാബാദ് എന്നീ തെലുങ്ക് സംസാരിക്കുന്ന പ്രദേശങ്ങൾ ചേർത്ത് വിശാല ആന്ധ്രക്കുവേണ്ടിയുള്ള സമരം ആരംഭിച്ചിരുന്നു. നാഗാ, മിസോ, മണിപ്പൂർ തുടങ്ങിയ പ്രദേശങ്ങളിലും പ്രത്യേക ഭരണസംവിധാനത്തിലുള്ള ശ്രമങ്ങളാരംഭിച്ചിരുന്നു. മുൻ രാജഭരണ പ്രദേശങ്ങളെ പലവിധത്തിൽ ഇന്ത്യൻ യൂണിയനിൽ ഉൾക്കൊള്ളിക്കാനും നീക്കങ്ങൾ നടന്നു. ഈ സാഹചര്യങ്ങളിലാണ് കാശ്മീരിന്റെ സവിശേഷപദവിയെക്കുറിച്ചുള്ള ചർച്ചകൾ നടന്നത്. സവിശേഷപദവിയുടെ ഭാഗമായി അംഗീകരിക്കപ്പെട്ട നിബന്ധനകൾ കാശ്മീരികളുടെ സ്വത്തും ജീവിനും സാംസ്കാരികവും ഭാഷാപരവുമായ സവിശേഷതകളും സംരക്ഷിക്കുന്നതിനുവേണ്ടിയായിരുന്നതുകൊണ്ട് പൊതുവിൽ അവയ്ക്ക് സ്വീകാര്യത ലഭിച്ചു.

ഇത്തരത്തിലുള്ള സവിശേഷപദവിയും ചില സവിശേഷ നീക്കങ്ങളും സംസ്ഥാന രൂപീകരണത്തിൽ തുടർച്ചയായി ഉണ്ടായി എന്നതും ഓർക്കേണ്ടതാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ത്രിപുര ഒഴികെ മറ്റെല്ലാം ഭരണഘടനയിലെ 371-ാം വകുപ്പ് അനുസരിച്ച് സവിശേഷപദവിയുള്ള സംസ്ഥാനങ്ങളാണ്. ത്രിപുര ഒരു നാട്ടുരാജ്യമായിരുന്നതുകൊണ്ട് അതേപടി ഒരു സംസ്ഥാനമായി മഹാരാഷ്ട്രയ്ക്ക് മറാത്ത്‌വാഡയിലും വിദർഭയിലും സവിശേഷ അവകാശങ്ങളുണ്ട്. വളർന്നുവന്ന വിദർഭ-മറാത്ത്‌വാഡ പ്രസ്ഥാനങ്ങളുമായി എത്തിയ സമവായത്തിനനുസരിച്ച് ആ പ്രദേശങ്ങളിലുള്ളവർക്ക് പ്രത്യേക അവകാശങ്ങൾ നൽകി. ബോംബെ മഹാരാഷ്ട്ര സംസ്ഥാനവുമായി ലയിച്ചത് ബോംബെ സംസ്ഥാന തലസ്ഥാനമാകുമെന്ന വ്യവസ്ഥയിലായിരുന്നു. പുണെയാണ് ആദ്യം ആലോചിച്ചിരുന്നത്. ആന്ധ്ര, രായലസീമ, ഹൈദരാബാദ് എന്നിവ ലയിപ്പിക്കുന്നതിനും ഇതേതരത്തിലുള്ള വ്യവസ്ഥകൾ ഉണ്ടാക്കി. തിരുവനന്തപുരം ഐക്യകേരള സംസ്ഥാനത്തിന്റെ തലസ്ഥാനമാകണമെന്ന തിരുവിതാംകൂർ രാജകുടുംബത്തിന്റെ ആവശ്യം അംഗീകരിച്ചതിനുശേഷമാണ് ഐക്യകേരളമുണ്ടായത്. പിന്നീട് കാശ്മീരിൽ രാജാവിനുണ്ടായിരുന്ന സർദാർ ഇ റിയാസത് സ്ഥാനം എടുത്തുകളഞ്ഞ് അതിനെ ഗവർണമാരുടെ കീഴിലാക്കുകയും ചെയ്തിട്ടുണ്ട്.

**കാശ്മീരിനകത്തുള്ള വ്യത്യസ്ത പ്രവണതകളെ തിരിച്ചറിഞ്ഞ് അവരെ പൂർണവിശ്വാസത്തിലെടുത്ത് സാമൂഹ്യമായ സമവായത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാനുള്ള നീക്കങ്ങൾ കേന്ദ്രഗവൺമെന്റിൽ നിന്നുണ്ടയില്ല. നെഹ്റുവിന്റെയും ഷൈഖ് അബ്ദുള്ളയുടെയും മരണത്തിനുശേഷം ഇത്തരം സംവാദങ്ങൾക്കുള്ള സാധ്യതകളും മങ്ങി. നാഷണൽ കോൺഫറൻസ് കുടുംബാധിപത്യമായി മാറുകയും കാശ്മീരികളുടെ പൊതു അഭിപ്രായത്തിന്റെ പ്രതിനിധി എന്ന സ്ഥാനം തകരുകയും ചെയ്തു.**

ഇത്തരം നിബന്ധനകളെല്ലാം വേണ്ടിവന്നത് ഇന്ത്യയുടെ രൂപീകരണത്തിന്റെ ഭാഗമായിരുന്നുവെന്ന് മറക്കരുത്. ഇന്ത്യ ഒരു ബഹുദേശീയ ബഹുഭാഷാ സാംസ്കാരിക രാഷ്ട്രമാണ്. ഈ വൈവിധ്യത്തെ മാനിച്ചുകൊണ്ടു മാത്രമെ ഏക

ത്വം സൃഷ്ടിക്കാൻ കഴിയൂ. ഇതിനെക്കുറിച്ച് നെഹ്റുവിനും അന്നത്തെ കോൺഗ്രസിനും പൊതുവിലും ബോധ്യമുണ്ടായിരുന്നു. ഈ ബോധ്യമാണ് ഭരണഘടനയിൽ ന്യൂനപക്ഷങ്ങളെയും സംവരണത്തെയും കുറിച്ചുള്ള വകുപ്പുകൾ സൃഷ്ടിക്കാൻ കാരണമായത്. പിന്നീട് ഭാഷാ സംസ്ഥാനങ്ങൾ സൃഷ്ടിക്കുന്നതിനും കാരണം ഈ ആശയമാണ്. അതേസമയം നിലവിൽവന്ന രാഷ്ട്രത്തിനെ എന്തുവിലകൊടുത്തും കാത്തുസൂക്ഷിക്കണമെന്നുള്ള നിലപാടും നെഹ്റുവിനും ഭരണവർഗത്തിനുമുണ്ടയിരുന്നു. നാഗാലാൻഡിലും മണിപ്പൂരിലും ഉണ്ടായ വേറിട്ടുപോകൽ പ്രവണതകളെയും സിഖ് രാഷ്ട്രവാദത്തെ നേരിടുന്നതിനും നെഹ്റുവിനെ പ്രേരിപ്പിച്ചത് ഇതേ നിലപാടാണ്. ഇതുതന്നെയാണ് കാശ്മീർ പ്രശ്നത്തോടും നെഹ്റുവിന്റെ സമീപനം. അതേസമയം ഈ സമീപനം ഇന്ത്യയുടെ അടിസ്ഥാന ഫെഡറൽ സ്വഭാവത്തെയും ബഹുദേശീയ ബഹുഭാഷാ സാംസ്കാരിക രൂപങ്ങളെയും അംഗീകരിക്കുകയും ചെയ്തിരുന്നു.

**ഇന്ത്യാഗവൺമെന്റിന്റെ പിടിപ്പുകേടും അവലംബിച്ച മർദ്ദനമുറകളുമാണ് കാശ്മീർ പ്രശ്നം വഷളാക്കുന്നതിൽ പ്രധാനപങ്കുവഹിച്ചത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. 370-ാം വകുപ്പ് ഉപയോഗിച്ച് കാശ്മീർ ജനതയുടെ ജീവിതഗുണനിലവാരം വർദ്ധിപ്പിക്കുകയും അവിടെയുള്ള വിഭവങ്ങളെ തന്നെ ഉപയോഗിച്ച് സമ്പന്നമായ പ്രദേശമാക്കി മാറ്റി ജനജീവിതം സുസ്ഥിരമാക്കുകയും ചെയ്യാമായിരുന്നു. ഇത്രയും ദുരിതങ്ങളുടെ ഇടയിലും ഇന്ത്യയിലെ മറ്റുപല സംസ്ഥാനങ്ങളെയും (ഉദാഹരണം ഗുജറാത്ത്) അപേക്ഷിച്ച് കാശ്മീരിലെ ജീവിത നിലവാരം മെച്ചപ്പെട്ടതാണ് കോൺഗ്രസിന് കാര്യമായ സ്വാധീനം കാശ്മീരിലുണ്ടായിരുന്നില്ല. കൂടുതൽ സ്വാധീനമുണ്ടായിരുന്ന നാഷണൽ കോൺഫറൻസ് സെക്കുലർ ജനാധിപത്യ നിലപാടുകളാണ് പൊതുവെ സ്വീകരിച്ചത്.**

കാശ്മീർ പ്രശ്നത്തോടുള്ള കമ്യൂണിസ്റ്റ് നിലപാടിന്റെ വളർച്ചയും പരിശോധിക്കേണ്ടതാണ്. പാക്കിസ്ഥാൻ വാദത്തെ കമ്യൂണിസ്റ്റ്പാർടി പുന്തുണച്ചത് മതവാദത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല, സവിശേഷപ്രദേശങ്ങളിൽ തൊട്ടടുത്തു കിടക്കുന്ന ആവാസവ്യവസ്ഥയിലെ ജനങ്ങൾ പിന്തുടരുന്ന ഭാഷയും സംസ്കാരവും ജീവിതരീതിയും ഒരേപോലെയാവുകയും അവർ സ്വയംനിർണായവകാശം ആഗ്രഹിക്കുകയും ചെയ്യുകയാണെങ്കിൽ അതനുവദിക്കണമെന്നായിരുന്നു പാർടിയുടെ നിലപാട്. മതത്തെ സാംസ്കാരിക ബോധത്തിന്റെ ഭാഗമായും വിലയിരുത്തി. ഈ രീതിയിലാണ് പാക്കിസ്ഥാനെ പിന്തുണച്ചത്. എന്നാൽ കാശ്മീരിന്റെ പ്രശ്നം വ്യത്യസ്തമാണ്. സ്വാതന്ത്ര്യാനന്തരം രൂപംകൊണ്ട ജമ്മുകാശ്മീരിൽ മൂന്നു ഭാഷാ സാംസ്കാരിക വിഭാഗങ്ങളുണ്ട്. പഞ്ചാബി ഹിന്ദു സംസ്കാരമുള്ള ജമ്മു, മുസ്ലീം സാംസ്കാരിക പ്രദേശമായ കാശ്മീർ, ബുദ്ധിസ്റ്റ് സ്വാധീനമുള്ള ലഡാക്ക്. ഇവയെ ഏകപക്ഷീയമായി ഏതെങ്കിലും ഭാഗത്ത് വിളക്കി ചേർക്കുക സാധ്യമല്ല. അതേസമയം യു.എൻ നിർദ്ദേശിച്ചതുപോലുള്ള ഹിതപരിശോധനവഴി തീരുമാനമെടുക്കുക ഭൂരിപക്ഷ നിലപാട് മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കലായിരിക്കും. അത് നിരന്തര സംഘർഷങ്ങളിലേക്കാണ് നയിക്കുക. അതുകൊണ്ട് മൂന്നു മേഖലകൾക്കും

ഒരു പൊതുഭരണത്തിൻ കീഴിൽ ഓട്ടോണമസ് കൗൺസിലുകൾ രൂപീകരിക്കാൻ അവകാശം നൽകണമെന്ന് നിർദ്ദേശിച്ചു. കമ്യൂണിസ്റ്റ്പാർടി ഗോത്രമേഖലകൾക്ക് പൊതുവിൽ കൈക്കൊണ്ട നിലപാടുകൾക്ക് സമാനമായിരുന്നു അത്. പിന്നീട് 370-ാം വകുപ്പും 35എയും നിർണയിക്കപ്പെട്ടപ്പോൾ കമ്യൂണിസ്റ്റ്പാർടി അതിനെ പിന്തുണച്ചു. കാശ്മീരികൾ പൊതുഭരണത്തിൻ കീഴിൽ സ്വതന്ത്രമായ വികസനം സാധ്യമാക്കുന്ന നിബന്ധനകളായാണ് പാർടി കണ്ടത്, 370-ാം വകുപ്പിനെ പിന്തുണയ്ക്കുകയും ചെയ്തു.

370-ാം വകുപ്പിനെ പിന്തുണയ്ക്കാത്തവർ കാശ്മീരിൽ തന്നെയുണ്ടായിരുന്നു എന്നതും മറന്നുകൂട. അതിലൊന്ന് ആർ.എസ്.എസാണ്. ജമ്മു-പൂഞ്ച് പ്രദേശങ്ങളിൽ പിന്തുണയുണ്ടായിരുന്ന ആർ.എസ്.എസ് അന്നുമുതൽ തന്നെ 370-ാം വകുപ്പിനെ കാശ്മീരി മുസ്ലീങ്ങൾക്കു നൽകിയ ആനുകൂല്യമായി വ്യാഖ്യാനിച്ചു. അവർ ഉണർത്തിവിട്ട മുസ്ലീം വിരുദ്ധ വികാരമാണ് കാശ്മീരി പണ്ഡിറ്റുകൾ കാശ്മീരിൽ നിന്നു മാറിതാമസിക്കുന്നതിന് ഇടയാക്കിയത്. കാശ്മീരികൾ പുറമെ നിന്നു വിവാഹം കഴിക്കരുതെന്ന് 1927 മുതൽ ഉള്ള നിബന്ധനയും പുറമെ നിന്നുള്ളവർക്ക് കാശ്മീരിൽ സ്വത്തുസമ്പാദിക്കുന്നതിനുള്ള നിയന്ത്രണവും പണ്ഡിറ്റുകളുടെ ഒഴിച്ചുപോക്കിനു കാരണമായി. കാശ്മീരി പണ്ഡിറ്റുകളുടെ പുനരധിവാസം ആർ.എസ്.എസ് ഒരു പ്രധാന പ്രശ്നമായി ഏറ്റെടുത്തു. അതുവഴി 370-ാം വകുപ്പ് നീക്കം ചെയ്യുകയായിരുന്നു അവരുടെ ലക്ഷ്യം.

മറ്റൊരു വിഭാഗം യു.എൻ നിർദ്ദേശിച്ച ഹിതപരിശോധന നടപ്പിലാക്കുന്നതിനുവേണ്ടി വാദിച്ചു. കാശ്മീരികളുടെ ജനാധിപത്യാവകാശങ്ങൾ സ്ഥാപിക്കലായിരുന്നു അവരുടെ ലക്ഷ്യം. അവരുടെ നേതാവായ അമാനുള്ളഖാൻ ലണ്ടനിലേക്കു പോകുകയും അവിടെ നിന്ന് കാശ്മീർ പ്ലെബിസൈറ്റ് ഫ്രണ്ട് രൂപീകരിക്കുകയും ചെയ്തു. താമസിയാതെ പ്ലെബിസൈറ്റ് ഫ്രണ്ട് കാശ്മീരിലും പ്രവർത്തനമാരംഭിച്ചു. 370-ാം വകുപ്പ് നടപ്പിലായതിനുശേഷം കാശ്മീരികളുടെ അംഗീകാരമില്ലാതെ ജമ്മുകാശ്മീരിനെ കൂട്ടിച്ചേർത്തതാണെന്ന് അവർ വാദിച്ചു. നാഷണൽ കോൺഫറൻസ് സ്വീകരിച്ചുവെന്നു കരുതപ്പെട്ട ഇന്ത്യാ അനുകൂല നിലപാടുകളെയും അവർ വിമർശിച്ചു. ജമ്മുകാശ്മീർ സ്വതന്ത്രരാഷ്ട്രമാകണമെന്നു വാദിച്ച ജമ്മുകാശ്മീർ ലിബറേഷൻഫ്രണ്ട് (ജെ.കെ.എൽ.എഫ്) അമാനുള്ളഖാനും മുഹമ്മദ് മക്ബുൽബട്ടും ചേർന്ന് രൂപീകരിച്ചു. സെക്കുലർ ജനാധിപത്യ വീക്ഷണമായിരുന്നു ജെ.കെ.എൽ.എഫിന് ആദ്യഘട്ടത്തിൽ ഉണ്ടായിരുന്നത്.

കാശ്മീരിനകത്തുള്ള വ്യത്യസ്ത പ്രവണതകളെ തിരിച്ചറിഞ്ഞ് അവരെ പൂർണവിശ്വാസത്തിലെടുത്ത് സാമൂഹ്യമായ സമവായത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കാനുള്ള നീക്കങ്ങൾ കേന്ദ്രഗവൺമെന്റിൽ നിന്നുണ്ടയില്ല. നെഹ്റുവിന്റെയും ശൈഖ് അബ്ദുള്ളയുടെയും മരണത്തിനുശേഷം ഇത്തരം സംവാദങ്ങൾക്കുള്ള സാധ്യതകളും മങ്ങി. നാഷണൽ കോൺഫറൻസ് കുടുംബാധിപത്യമായി മാറുകയും കാശ്മീരികളുടെ പൊതു അഭിപ്രായത്തിന്റെ പ്രതിനിധി എന്ന സ്ഥാനം തകരുകയും ചെയ്തു. 1965-ലെ ഇന്തോ-പാക്കിസ്ഥാൻ യുദ്ധവും അതിനുശേഷം തുടർച്ചയായി നടന്ന അതിർത്തി സംഘർഷങ്ങളും ഏറ്റവുമധികം ബാധിച്ചത് കാശ്മീരികളെയായിരുന്നു. കാശ്മീർ വിഭജിക്കപ്പെട്ടു കിടന്നു എന്നുമാത്രമല്ല അതിർത്തിയിൽ പട്ടാളത്തിന്റെയും പിന്നീട് ഇസ്ലാമിസ്റ്റുകളുടെയും പ്രവർത്തനം

ജനങ്ങളുടെ അരക്ഷിതാവസ്ഥയെ വർദ്ധിപ്പിച്ചു. 1959 മുതൽ കാശ്മീരിന്റെ വടക്കു കിഴക്കൻ ഭാഗത്തുള്ള ലഡാക്ക് ഇന്ത്യയും ചൈനയും തമ്മിലുള്ള സംഘർഷഭൂമിയായത് കാശ്മീരികളുടെ അരക്ഷിതാവസ്ഥ വർദ്ധിപ്പിക്കുകയാണ് ചെയ്തത്.

1970-കൾ വരെ കാശ്മീർ പ്രശ്നം അന്താരാഷ്ട്ര പ്രബന്ധങ്ങളുടെ പശ്ചാത്തലത്തിലുള്ള ജനാധിപത്യ പൗരാവകാശ പ്രശ്നം തന്നെയായിരുന്നു. ഇന്തോ-പാക്കിസ്ഥാൻ, ഇന്ത്യ-ചൈന സംഘർഷങ്ങളുടെ അടിസ്ഥാനത്തിൽ കാശ്മീർ പ്രശ്നം പരിഹരിക്കുക സാധ്യമല്ലെന്നും അത് പൗരാവകാശ പ്രശ്നമായി കണക്കാക്കി ചർച്ചകളിലൂടെയും സമവായത്തിലൂടെയും പരിഹരിക്കുകയാണ് വേണ്ടതെന്ന പൊതുബോധം അന്നുണ്ടായിരുന്നു. കാശ്മീർപ്രശ്നം അന്താരാഷ്ട്ര പ്രാധാന്യമുള്ളതാണെന്നും അതുകൊണ്ട് അന്താരാഷ്ട്രതലത്തിലുള്ള ഇടപെടലുകളിലൂടെ മാത്രമേ ശാശ്വതപരിഹാരമുണ്ടാകുകയുള്ളൂ എന്ന നിലപാടിലേക്കാണ് ഇന്ത്യാഗവൺമെന്റ് മാത്രമല്ല പാക്കിസ്ഥാനും അന്താരാഷ്ട്ര ഏജൻസികളും എത്തിച്ചേർന്നത്. ഇത് കാശ്മീരിലെ അരക്ഷിതാവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തി. പാക്കിസ്ഥാനിൽ സുൽഫിക്കർ അലി ഭൂട്ടോയുടെ സമവായ നിലപാട് പ്രതീക്ഷ ഉണർത്തിയിരുന്നു. ഇക്കാലത്താണ് ഇന്ത്യാഗവൺമെന്റും പാക്കിസ്ഥാനും തമ്മിൽ സമവായത്തിലെത്തുന്നു എന്ന പ്രതീതി ജനിപ്പിച്ചത്. എന്നാൽ പട്ടാള അട്ടിമറിയുടെ ഭാഗമായി ഭൂട്ടോ ഭരണകൂടം തകർന്നു. ഭൂട്ടോയെ കുറ്റവാളിയാക്കി വിചാരണ ചെയ്യുകയും വധശിക്ഷയ്ക്കു വിധിക്കുകയും ചെയ്തു.

അട്ടിമറിക്ക് നേതൃത്വം നൽകിയ ജനറൽ സിയാ ഉൽ ഹഖിന്റെ കാലത്താണ് കാശ്മീർ പ്രശ്നം മറ്റൊരു ദിശയിലേക്ക് നീങ്ങാനാരംഭിച്ചത്. സിയാ ഉൽ ഹഖ് സാമ്രാജ്യത്വത്തിന്റെയും സൗദിഅറേബ്യയിൽ നിന്നു വളർന്നുവന്ന പാൻ ഇസ്ലാമിസത്തിന്റെയും വക്താവായി. പാക്ക് അധീന കാശ്മീരിലെ മുസഫറാബാദിൽ ഇസ്ലാമിസ്റ്റുകളുടെ പ്രവർത്തനമാരംഭിക്കുന്നതും എഴുപതുകളുടെ അവസാനമാണ്. കാശ്മീരിൽ നിലനിന്ന അരക്ഷിതാവസ്ഥയെ അടിച്ചമർത്താനായി ഇന്ത്യാഗവൺമെന്റ് ഗവർണറായി നിയോഗിച്ചത് അടിയന്തിരാവസ്ഥക്കാലത്തെ ഡൽഹി ഭരണാധികാരിയും സഞ്ജയ്ഗാന്ധിയുടെ അടുത്ത സുഹൃത്തുമായിരുന്ന ജഗ്മോഹനെയായിരുന്നു. ജഗ്മോഹൻ പ്രതിരോധ സമരങ്ങളെ മർദ്ദനം കൊണ്ട് നേരിട്ടു. സമരങ്ങൾക്ക് നേതൃത്വം കൊടുത്ത ജെ.കെ.എൽ.എഫ് നേതാവ് മക്ബുൽബട്ടിനെ രാജ്യദ്രോഹ കുറ്റത്തിന് വിചാരണ ചെയ്യുകയും പിന്നീട് വധശിക്ഷക്ക് വിധിക്കുകയും ചെയ്തു.

ഇന്ത്യാഗവൺമെന്റിന്റെ പിടിപ്പുകേടും അവലംബിച്ച മർദ്ദനമുറകളുമാണ് കാശ്മീർ പ്രശ്നം വഷളാക്കുന്നതിൽ പ്രധാനപങ്കുവഹിച്ചത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. 370-ാം വകുപ്പ് ഉപയോഗിച്ച് കാശ്മീർ ജനതയുടെ ജീവിതഗുണനിലവാരം വർദ്ധിപ്പിക്കുകയും അവിടെയുള്ള വിഭവങ്ങളെ തന്നെ ഉപയോഗിച്ച് സമ്പന്നമായ പ്രദേശമാക്കി മാറ്റി ജനജീവിതം സുസ്ഥിരമാക്കുകയും ചെയ്യാമായിരുന്നു. ഇത്രയും ദുരിതങ്ങളുടെ ഇടയിലും ഇന്ത്യയിലെ മറ്റുപല സംസ്ഥാനങ്ങളെയും (ഉദാഹരണം ഗുജറാത്ത്) അപേക്ഷിച്ച് കാശ്മീരിലെ ജീവിത നിലവാരം മെച്ചപ്പെട്ടതാണ് കോൺഗ്രസിന് കാര്യമായ സ്വാധീനം കാശ്മീരിലുണ്ടായിരുന്നില്ല. കൂടുതൽ സ്വാധീനമുണ്ടായിരുന്ന നാഷണൽ കോൺഫറൻസ് സെക്കുലർ ജനാധിപത്യ നിലപാടുകളാണ് പൊതുവെ സ്വീകരിച്ചത്. സ്വതന്ത്ര കാശ്മീരിനുവേണ്ടി വാദിച്ച ജെ.കെ.എൽ.എഫും സെക്കുലർ നിലപാടിൽ ഉറച്ചുനിന്നു. പഞ്ചാബിൽ ജമാ അത്തെ ഇസ്ലാമി

യും സിന്ധിൽ ക്വാമി മുഹാജിർ പ്രസ്ഥാനവും പോലെ ഇസ്ലാമിക സ്വാധീനമുള്ള പ്രസ്ഥാനങ്ങൾ കാശ്മീരിൽ വളർന്നുവന്നില്ല. ജമാ അത്തെ ഇസ്ലാമിക്ക് കാര്യമായ സ്വാധീനം കാശ്മീരിലുണ്ടായിരുന്നില്ല.

എന്നാൽ പ്രസിഡണ്ട് ഭരണത്തിൻ കീഴിൽ ജഗ്മോഹൻ ഗവർണറായിരുന്ന കാലത്തിനുശേഷം ഈ സ്ഥിതി മാറിമറിയുന്നതായി കാണാം. ജെ.കെ.എൽ. എഫ് ഇസ്ലാമിസ്റ്റായി മാറുന്നത് ഇതിനുശേഷമാണ്. വിവിധ മുള്ളാമാരുടെ സംഘടനകൾക്ക് സ്വാധീനം വർദ്ധിപ്പിക്കുന്നതും അതിനുശേഷം മുസഫറബാദിലെ ജമാഅത്ത്ദവയുടെ സ്വാധീനത്തിൽ ചെറുപ്പക്കാർ ഇസ്ലാമിസ്റ്റ് തീവ്രവാദി പ്രവർത്തനത്തിലേക്കാകർഷിക്കപ്പെടുന്നതും ഇതിന്റെ തുടർച്ചയാണ്. ഇതിനെ തടഞ്ഞുനിർത്താൻ നാഷണൽ കോൺഫറൻസിനോ കോൺഗ്രസിനോ കഴിഞ്ഞില്ല. കമ്യൂണിസ്റ്റുപാർടിയുടെ പ്രവർത്തനം ചില പ്രദേശങ്ങളിലൊതുങ്ങി നിന്നു. മുൻ കോൺഗ്രസുകാരനായ മുഫ്തിമുഹമ്മദ് സയിദ് ജനതാപാർടിയിലെത്തുകയും അവസാനം സ്വന്തം പാർടി രൂപീകരിക്കുകയും ചെയ്തു. മുഫ്തി മരിക്കുകയും പാർടി ഭരണം നിലനിർത്തുന്നതിന്റെ ഭാഗമായി ബി.ജെ.പി യുമായിസഖ്യത്തിൽഏർപ്പെടുകയും ചെയ്തതോടെ അതിന്റെ ജനപിന്തുണയും നഷ്ടപ്പെട്ടു. കാശ്മീരികളുടെ ഇടയിൽ വേരുകളുണ്ടായിരുന്ന സെക്കുലർ ജനാധിപത്യം ഇത്തരത്തിൽ ശിഥിലീകരിക്കപ്പെട്ട അവസ്ഥയിലാണ് വിവിധ തീവ്രവാദി സംഘങ്ങൾക്ക് വേരോട്ടമുണ്ടായത്. അത് കാശ്മീരിനെ ഒരു സൈനികപ്പാളയമാക്കി മാറ്റുകയും അക്ഷരാർത്ഥത്തിൽ ഒരു മിലിട്ടറി രാജാവിന്റെ കീഴിൽ കൊണ്ടുവരികയും ചെയ്തു. ഈ അവസ്ഥയിലും കാശ്മീരിലെ കുറെ ചെറുപ്പക്കാർ തക്ബീർ വിളിക്കാതെ 'ആസാദി' എന്ന മുദ്രാവാക്യം ഉയർത്തിയത് ഇസ്ലാമിസത്തിന് പൂർണമായി അവർ അടിമപ്പെട്ടിട്ടില്ലെന്നാണ് കാണിക്കുന്നത്.

**370 റദ്ദാക്കാനുള്ള തീരുമാനത്തിൽ പ്രകടമായ ജനാധിപത്യ ലംഘനവുമുണ്ട്. കാശ്മീരിലെ കോൺസ്റ്റിറ്റുവന്റ് അസംബ്ലി എടുത്ത തീരുമാനപ്രകാരമാണ് 370-ാം വകുപ്പിനെ സംബന്ധിച്ച വിജ്ഞാപനമുണ്ടായത്.**

370-ാം വകുപ്പും 35എയും എടുത്തുകളഞ്ഞതിനുശേഷം കാശ്മീർ 'നിശ്ശബ്ദ' മാണെന്നാണ് റിപ്പോർട്ടുകൾ വരുന്നത്. ആഗസ്റ്റ് 5-നുശേഷം 4000 ആളുകളെ അറസ്റ്റുചെയ്തുവെന്നാണ് റിപ്പോർട്ട്. അങ്ങനെയെങ്കിൽ കാശ്മീർ നിശ്ശബ്ദമല്ല. കാശ്മീരിൽ നിന്നുള്ള വിനിമയ സംവിധാനങ്ങളില്ലാതായതോടെ വാർത്തകൾ പുറത്തുവരാത്തതാണ് വിവിധ പത്രപ്രവർത്തകരും വിവിധ സ്ത്രീ സംഘടനാ പ്രതിനിധികളടങ്ങിയ ഒരു വിവരശേഖരണ സമിതിയും നമുക്കുനൽകുന്ന വിവരങ്ങൾ ജനങ്ങൾ ഭയചകിതരും ഉള്ളിൽ ശക്തമായ അമർഷമുള്ളവരുമാണെന്നാണ്. ഇതിന്റെ കാരണം ഇസ്ലാമിക തീവ്രവാദമല്ല. കാശ്മീരികളുടെ പോരാട്ടങ്ങൾക്കും സ്വാതന്ത്ര്യത്തിനുംവേണ്ടി അവർ കൈക്കൊണ്ട നിലപാടുകൾക്കും ഭരണകൂടം നൽകിയ അംഗീകാരമാണ് കാശ്മീരിന്റെ സവിശേഷപദവി. ഒരു നാടിനെ സ്വന്തം തീരുമാനപ്രകാരവും പുറംനാട്ടിൽ നിന്നുള്ള അധിനിവേശത്തിന്റെ ഭയമില്ലാതെയും വളർത്തിക്കൊണ്ടുവരാനുള്ള അവസരമായിരുന്നു അത്. ഇതിനനുകൂലമായ ജനാ

ധിപത്യപരമായ സാഹചര്യങ്ങൾ വളർത്തിക്കൊണ്ടുവരുന്നതിൽ ഭരണകൂടത്തിനും രാഷ്ട്രീയപാർടികൾക്കും സംഭവിച്ച പരാജയവും അതിനോടുള്ള തദ്ദേശീയവും ഇസ്ലാമികവുമായ പ്രതികരണങ്ങളാണ് അവരുടെ ജീവിതത്തെ താറുമാറാക്കിയത്. കാശ്മീർ ഒരു മിലിട്ടറി ക്യാമ്പായി മാറുകയും ചെയ്തു. ഇപ്പോൾ സംഭവിച്ചിരുന്നത് കാശ്മീരിന് ഒരു സവിശേഷപദവിയുമില്ല, നിങ്ങൾ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെപ്പോലെ ഇന്ത്യയുടെ ഭാഗമാണ് എന്ന പ്രഖ്യാപനമാണ്. ഇത് കാശ്മീരി പെൺകുട്ടികളെ കല്യാണം കഴിക്കാനുള്ള അവസരമാണെന്ന് ഒരു ബി.ജെ.പി എം.എൽ.എ പ്രഖ്യാപിച്ചു. കാശ്മീരിൽ റിയൽ എസ്റ്റേറ്റ് ലോബികൾ താവളമടിക്കുമെന്നതിൽ സംശയമില്ല. സാക്ഷാൽ മുകേഷ് അംബാനി തന്നെ കാശ്മീരിനുവേണ്ടി പ്രത്യേക പ്രോജക്ട് പ്രഖ്യാപിച്ചിരിക്കുന്നു. ഇതിൽ കൂടുതൽ എങ്ങനെയാണ് കാശ്മീർ ഇന്ത്യയുടെ ഭാഗമാകേണ്ടത്? മറുവശത്ത് പാക്കിസ്ഥാനും വെറുതെയിരിക്കുന്നില്ല. 'ഇന്ത്യൻ അധീന കാശ്മീരിൽ' ജനതയുടെ മേലുള്ള മർദ്ദനത്തിനെതിരായി യു.എൻ അടക്കമുള്ള ഏജൻസികളോട് പാക്കിസ്ഥാൻ പരാതിപ്പെടുന്നു. കാശ്മീർ ജനതയുടെ മോചനത്തിനായി ഇംമ്രാൻഖാൻ ആഹ്വാനം ചെയ്യുന്നു. ലഡാക്ക് കേന്ദ്രഭരണ പ്രദേശമായി പ്രഖ്യാപിച്ചതിൽ ചൈന അതൃപ്തരാണ്. അത് ചൈനക്കെതിരായ പട്ടാളക്യാമ്പ് ആയി മാറുമോ എന്നതിൽ അവർക്ക് സംശയമുണ്ട്. ഇസ്ലാമിസ്റ്റുകൾ ഇതുവരെ നേരിട്ടുവന്നിട്ടില്ലെങ്കിലും എപ്പോൾ വേണമെങ്കിലും അവർക്ക് പ്രത്യക്ഷപ്പെടാം. അത്തരത്തിലൊരു നീക്കം അവരുടെ ഭാഗത്തുനിന്നുണ്ടായാൽ കാശ്മീർ യുദ്ധക്കളമാകും. സവിശേഷ പദവിയുള്ള പ്രദേശത്തിന്റെ പ്രശ്നമായല്ല, ഇന്ത്യയുടെ പ്രശ്നമായി അതുമാറും.

**നാം ഏറെ കൊട്ടിഘോഷിക്കുന്ന ഇന്ത്യയിലെ സെക്കുലർ ജനാധിപത്യത്തിന്റെ പരാജയവുമാണത്. കാശ്മീർ മാത്രമല്ല, ഇന്ത്യ മൊത്തമാണ് നിശ്ശബ്ദമായത്. ഇടതുപക്ഷത്തിന്റെയും ജനാധിപത്യവാദികളുടെയും ഭാഗത്തുനിന്നുവന്ന ചില പ്രതിഷേധങ്ങളൊഴിച്ചാൽ മറ്റാരും അതിനോട് പ്രതികരിച്ചില്ല.**

370 റദ്ദാക്കാനുള്ള തീരുമാനത്തിൽ പ്രകടമായ ജനാധിപത്യ ലംഘനവുമുണ്ട്. കാശ്മീരിലെ കോൺസ്റ്റിറ്റുവന്റ് അസംബ്ലി എടുത്ത തീരുമാനപ്രകാരമാണ് 370-ാം വകുപ്പിനെ സംബന്ധിച്ച വിജ്ഞാപനമുണ്ടായത്. 370 റദ്ദു ചെയ്യുമ്പോൾ കോൺസ്റ്റിറ്റുവന്റ് അസംബ്ലി മാത്രമല്ല, തെരഞ്ഞെടുക്കപ്പെട്ട നിയമസഭ പോലുമില്ല. ഗവർണർ സത്യപാൽമാലിക്കിന്റെ ശുപാർശ പ്രകാരമാണ് തീരുമാനമെടുത്തത്. നിയമസഭ നിലവിലില്ലാത്ത സാഹചര്യത്തിൽ അധികാരം ഗവർണർക്കാണെന്നു വാദിക്കാം. നമ്മുടെ കോടതിയിൽ അതൊക്കെ ധാരാളം മതിയാകും. പക്ഷെ, ഇതു ഫെഡറലിസത്തിന്റെ പ്രശ്നമാണ്. ഒരു ജനതയുടെ ജീവന്റെയും സ്വത്തിനെയും സംബന്ധിച്ച അവകാശങ്ങളുടെ പ്രശ്നമാണ്. ഇന്ത്യയെപ്പോലുള്ള ബഹുദേശീയ ബഹുഭാഷാ സാംസ്കാരിക രാഷ്ട്രത്തിൽ ഏതൊരു ദേശീയജനവിഭാഗത്തിന്റെയും ആവശ്യങ്ങൾക്ക് അർഹമായ പരിഗണന നൽകി വേണ്ടിവന്നാൽ പ്രത്യേക സംവിധാനങ്ങളൊരുക്കേണ്ടിവരും. അത് കാശ്മീരിൽ മാത്രമല്ല മറ്റെല്ലാ പ്രദേശങ്ങളിലും

വേണ്ടിവരും. കഴിഞ്ഞ വാജ്പേയി സർക്കാരിന്റെ കാലത്താണ് ഝാർഖണ്ഡ്, ഛത്തീസ്ഗഢ്, ഉത്തരഖണ്ഡ് എന്നീ സംസ്ഥാനങ്ങളുണ്ടായതെന്നും ഓർക്കുക. അത് ജനാധിപത്യത്തിന്റെ വികാസമാണ്, ജനാധിപത്യധ്വംസനമല്ല. ഈ ഫെഡറൽ സമീപനത്തെ മറികടക്കുകയാണ് ഇപ്പോൾ ചെയ്തിരിക്കുന്നത്. സംസ്ഥാനങ്ങൾക്കുനൽകുന്ന പ്രത്യേക അവകാശങ്ങൾ ഇല്ലാതാക്കുക എന്നാൽ ഒരു ജനതയുടെ വികസനത്തിന്റെ സവിശേഷ പ്രശ്നങ്ങളെ മുഴുവൻ കേന്ദ്രഭരണകൂടത്തിന്റെ തീരുമാനങ്ങൾക്ക് വിധേയമാക്കുക എന്നാണർത്ഥം. എല്ലാ തലങ്ങളിലും കേന്ദ്ര സർക്കാർ ഇപ്പോൾ തന്നെ നടത്തിവരുന്ന കേന്ദ്രീകരണത്തിന്റെ തുടർച്ചയായും ഇതിനെ കാണാം.

കാശ്മീർ ഒരു മുസ്ലീം ഭൂരിപക്ഷ പ്രദേശമാണെന്നതല്ല ഇതിന്റെ പ്രശ്നം. ബംഗാളിലെ മുർഷിദാബാദും ദിനാജ്പൂരും കേരളത്തിലെ മലപ്പുറവും യു.പിയിലെ മൊറാദാബാദും മുസ്ലീം ഭൂരിപക്ഷമുള്ള, അല്ലെങ്കിൽ മുസ്ലീങ്ങൾക്ക് ശക്തമായ സ്വാധീനമുള്ള പ്രദേശങ്ങൾ ഇന്ത്യയിൽ ധാരാളമുണ്ട്. അവയ്ക്കൊന്നും കാശ്മീരിന്റെ അവസ്ഥ നേരിടേണ്ടിവരുന്നില്ല. കാശ്മീർ ചരിത്രപരമായ വേരുകളുള്ള, വേറിട്ട പരിസ്ഥിതിയും കാലാവസ്ഥയുമുള്ള ഭാഷാസംസ്കാരികരൂപങ്ങളിലും ജീവിതരീതികളിലും സവിശേഷതകളുള്ള, അതേസമയം ഭൂമിശാസ്ത്രപരവും രാഷ്ട്രീയവുമായ ചേരിതിരിവുകളുടെ നടുവിൽപ്പെട്ട പ്രദേശമാണ്. ഇതേ സവിശേഷത ലഡാക്കിനുമുണ്ട്. രാജഭരണ കേന്ദ്രമായിരുന്ന ജമ്മുവിനാണ് സവിശേഷതകൾ അധികം ഇല്ലാത്തത്. അതുകൊണ്ട് ഈ അവസ്ഥ നേരിടുന്നത് കാശ്മീർ മാത്രമല്ല ലഡാക്ക് കൂടിയാണെന്നത് നമ്മുടെ ചർച്ചകളിൽ അധികം കടന്നുവരാറില്ല. ഇന്ത്യയും മ്യാൻമറും തമ്മിലോ ഇന്ത്യയും തായ്ലണ്ടും തമ്മിലോ തർക്കങ്ങളില്ലാത്തതുകൊണ്ട് നമുക്ക് നാഗാലാൻഡും മണിപ്പൂരും സമാനപ്രദേശങ്ങളല്ല. എന്നിട്ടും രോഹിൻഗ്യൻ അഭയാർത്ഥികൾ ചർച്ചാവിഷയമായി. രാഷ്ട്രങ്ങൾ തമ്മിലും മതങ്ങൾ തമ്മിലുമുള്ള തർക്കങ്ങളുടെ ഫലമായി ഒരു ജനത മുഴുവൻ അഭയാർത്ഥികളായി മാറുകയും എന്നിട്ട് ഒരു സൈനിക പാളയത്തിലെന്നപോലെ ഒരു പ്രദേശത്തുതന്നെ കുടിയിരിക്കേണ്ടിവരുന്ന അവസ്ഥ ഭീതിദമാണ്. അടുത്ത ലക്ഷ്യം പാക്ക് അധീന കാശ്മീരാണെന്ന ബി.ജെ.പിയുടെയും കാശ്മീർ ജനതയെ സഹായിക്കുമെന്ന ഇംമ്രാൻ ഖാന്റെ നിലപാടും ചേർത്തു വായിക്കുമ്പോൾ ഒരു യുദ്ധം നിഴലിക്കുന്നു എന്ന് വ്യക്തമാകും. അവർക്കു ലഭിച്ച ചില ജീവിതാവകാശങ്ങൾ വിച്ഛേദിക്കപ്പെട്ട് മൂലധന-റിയൽഎസ്റ്റേറ്റ് പുരുഷമേധാവിത്വ താൽപര്യങ്ങളുടെ അടിയാരായി മാറുന്ന അവസ്ഥ അതിലും ഭീതിദമാണ്. ഇതാണ് ഇപ്പോൾ കാശ്മീരും ലഡാക്കും അഭിമുഖീകരിക്കുന്നത്.

നാം ഏറെ കൊട്ടിഘോഷിക്കുന്ന ഇന്ത്യയിലെ സെക്കുലർ ജനാധിപത്യത്തിന്റെ പരാജയവുമാണത്. കാശ്മീർ മാത്രമല്ല, ഇന്ത്യ മൊത്തമാണ് നിശ്ശബ്ദമായത്. ഇടതുപക്ഷത്തിന്റെയും ജനാധിപത്യവാദികളുടെയും ഭാഗത്തുനിന്നുവന്ന ചില പ്രതിഷേധങ്ങളൊഴിച്ചാൽ മറ്റാരും അതിനോട് പ്രതികരിച്ചില്ല. കാശ്മീർ മുസ്ലീം തീവ്രവാദികളുടെ ഒരു കോട്ടയാണെന്നും അതിനെ തകർക്കാൻ നവലിബറൽ ഹിന്ദുസർക്കാർ ചെയ്ത സമർത്ഥമായ നീക്കമാണെന്നുമുള്ള സാമാന്യബോധം മാധ്യമങ്ങൾ വഴി സൃഷ്ടിച്ചെടുത്തതിനുശേഷമാണ് ഇതു നടക്കുന്നത്. തിരിഞ്ഞു നോക്കുമ്പോൾ പുൽവാമയിലെ ചാവേർ ആക്രമണം ഇത്തരം ആഖ്യാനസൃഷ്ടി

ക്കുള്ള ശക്തമായ മറയുമായി. സെക്കുലർ ജനാധിപത്യ സങ്കൽപങ്ങൾക്ക്, ഒരു ബഹുദേശീയ ബഹുഭാഷാ സാംസ്കാരിക രാഷ്ട്രമെന്ന നിലയിലുള്ള ഇന്ത്യയുടെ വളർച്ചയ്ക്ക് ഏറ്റ കനത്ത തിരിച്ചടിയാണിത്. ഇതിന്റെ ഫലമായുണ്ടാകുന്ന ധ്രുവീകരണം ന്യൂനപക്ഷങ്ങളടങ്ങുന്ന ഇന്ത്യൻ ജനതയ്ക്കെതിരായ ആക്രമണമാകുമെന്നതിൽ സംശയമില്ല.

◆

ലേഖനം

ഹുസൈൻ രണ്ടത്താണി

# കശ്മീർ: കാലുഷ്യങ്ങൾ ആരുടെ സൃഷ്ടി?

'ക' (വെള്ളം) 'ഷിമിർ' (വരണ്ടത്/ഉണങ്ങിയത്) എന്നീ വാക്കുകളിൽ നിന്നാണ് കശ്മീർ നിഷ്പന്നമായത്. വെള്ളത്തിൽ നിന്നുയർന്ന് വന്നതാണ് ഈ പ്രദേശം എന്ന വിശ്വാസമാണ് ഈ പേരിന് പിന്നിൽ. ഏകദേശം രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് കശ്മീർ ഒരു ബുദ്ധമത കേന്ദ്രമായിരുന്നു. പിന്നീടത് ബ്രാഹ്മണാധീനത്തിൽ ഒരു സംസ്കൃത പഠനകേന്ദ്രമായി വളർന്നു. പേർഷ്യക്കാരും അറബികളും വന്നതോടെ കശ്മീർ പേർഷ്യൻ സംസ്കാരത്തിന്റെ കേന്ദ്രമായി. ഷാ മീർ രാജവംശം ഭരിച്ച കാലത്ത് വിത്യസ്ത സംസ്കാരങ്ങളുടെ സമന്വയ ഭൂമിയായി കശ്മീർ മാറി. സുൽതാൻ സൈനുൽ ആബിദീൻ (1418-1470) ആണ് ഈ സമന്വയം പ്രയോഗവത്കരിച്ചത്. മുഗൾ ചക്രവർത്തി അക്ബർ ബുദ്ധിമാൻമാരായ ബ്രാഹ്മണ പണ്ഡിററുമാരുടെ സഹായത്തോടെ കശ്മീരിനെ സമൃദ്ധമാക്കി. ഷാജഹാൻ ചക്രവർത്തിയാണ് ആദ്യമായി കശ്മീരിനെ പ്രത്യേക പ്രവിശ്യയാക്കിയത്. കശ്മീരിനെ കെട്ടിടങ്ങളും ഉദ്യാനങ്ങളും കൊണ്ട് കൂടുതൽ മോടി പിടിപ്പിച്ചതും മുഗൾ കാലത്ത് തന്നെ. മധ്യേഷ്യയിൽ നിന്നും പേർഷ്യയിൽ നിന്നും വന്ന സൂഫികളുടെ സന്ദേശങ്ങൾ കശ്മീരിലെ ഉച്ചനീചത്വങ്ങളകററാൻ സഹായിച്ചു. നാദിർഷായുടെ ആക്രമണങ്ങളും മുഗൾ ഭരണാധികാരികളുടെ തകർച്ചയും മൂലം കശ്മീരിനെ യാരും ശ്രദ്ധിച്ചില്ല. ഈ തക്കം നോക്കി 1819-ൽ പഞ്ചാബിലെ സിക്ക് രാജാവ് രഞ്ജിത് സിങ്ങ് കശ്മീർ പിടിച്ചടുത്തു. കശ്മീരിലെ മുസ്ലിംകൾക്കെതിരെയുള്ള രഞ്ജിത് സിങ്ങിന്റെ നിലപാടുകൾ കശ്മീരിൽ അശാന്തിക്ക് കാരണമായി. മുസ്ലിം ആചാരങ്ങൾ അദ്ദേഹം നിരോധിച്ചു. നിസ്കാര പ്രാർഥനയും വാങ്കു വിളിയും നിഷേധിക്കപ്പെട്ടു. ഇത് കശ്മീരി മുസ്ലിംകളുടെ കൂട്ട പലായനത്തിന് കാരണമായി. 1846-ൽ ആംഗ്ലോ സിക്ക് യുദ്ധത്തെത്തുടർന്ന് ഗുലാബ് സിങ്ങിന്റെ നേതൃത്വത്തിൽ ബ്രിട്ടീഷ് സഹായത്തോടെ ദോഗ്ര രജപുത്രൻമാർ ഭരണം തുടങ്ങി. ഗുലാബ് സിങ്ങ് രഞ്ജിത് സിങ്ങിന്റെ പ്രധാന മന്ത്രിയായിരുന്നു. അദ്ദേഹമാണ് മുസ്ലിം വിരുദ്ധ

ഭരണത്തിന് നേതൃത്വം നല്കിയിരുന്നുത്. ബ്രിട്ടീഷുകാരുടെ നേതൃത്വത്തിലുള്ള ഒരു നാട്ടു രാജ്യമായിരുന്നു ദോഗ്ര രാജവംശം. ഇവരും മുസ്ലിം പീഡനം തുടർന്നു. 1947–ൽ രാജ്യം സ്വാതന്ത്ര്യം നേടുമ്പോൾ ഹരിസിങ്ങ് ആയിരുന്നു ദോഗ്ര രാജാവ്.

### ശൈഖ് അബ്ദുല്ല

കശ്മീരിലെ ജനങ്ങളോട് അവിടത്തെ പ്രഭുവർഗവും ഭരണാധികാരികളും കാണിച്ച അവഗണനക്കെതിരെ 1932–ൽ കശ്മീർ മുസ്ലിം കോൺഫറൻസ് സ്ഥാപിച്ച് കൊണ്ട് ശൈഖ് അബ്ദുല്ല രംഗത്ത് വന്നു. മുസ്ലിംകളടക്കമുള്ള കശ്മീരി ജനതയുടെ സാംസ്കാരികവും സാമ്പത്തികവുമായ സുരക്ഷിതത്വമായിരുന്നു മുസ്ലിം കോൺഫറൻസിന്റെ ലക്ഷ്യം. മുസ്ലിം കോൺഫറൻസിന് കൂടുതൽ ദേശീയ അടിത്തറയുണ്ടാക്കാനായി 1939–ൽ നാഷണൽ കോൺഫറൻസ് എന്ന് പുനർനാമകരണം ചെയ്തു. 1937–ൽ ശൈഖ് അബ്ദുല്ല, ജവഹർലാൽ നെഹ്റുവുമായി ബന്ധപ്പെടുകയും നാട്ടുരാജ്യങ്ങളിൽ ജനാധിപത്യ സമ്പ്രദായം കൊണ്ടുവരുന്നതിന് കോൺഗ്രസിനോടൊപ്പം ചേർന്നു പ്രവർത്തിക്കാൻ നാഷണൽ കോൺഫറൻസ് തീരുമാനിക്കുകയും ചെയ്തു. നാഷണൽ കോൺഫറൻസ് കശ്മീരിലെ ഹിന്ദു സിക്ക് മുസ്ലിം വിഭാഗങ്ങളെ ഒന്നിപ്പിച്ച് കശ്മീരിന്റെ പ്രാതിനിധ്യത്തിനായി രാജാവിനെതിരെ നയാകശ്മീർ എന്ന പേരിൽ പ്രക്ഷോഭം ആരംഭിച്ചു. ഇവരുടെ ആവശ്യം രാജാവ് അംഗീകരിച്ചില്ലെന്ന് മാത്രമല്ല; ശൈഖ് അബ്ദുല്ലയെ അടക്കം ഹിന്ദു സിക്ക് നേതാക്കളേയും അറസ്റ്റ് ചെയ്തു. അവസാനം ഗാന്ധിജി ഇടപെട്ട് ഒത്തുതീർപ്പുണ്ടാക്കി. ശൈഖ് അബ്ദുല്ല ജയിൽ മോചിതനായി. 1944–ൽ മുസ്ലിംലീഗ് നേതാവ് മുഹമ്മദലി ജിന്ന കശ്മീർ സന്ദർശിച്ചപ്പോൾ കശ്മീർ ജനതയെ മുസ്ലിം ലീഗിനോടൊപ്പം നിറുത്താനും പാകിസ്ഥാൻ ആവശ്യം ഉന്നയിക്കാനും ശൈഖ് അബ്ദുല്ലയുമായി ചർച്ച ചെയ്തു. തികഞ്ഞ ദേശീയവാദിയായിമാറിയ അബ്ദുല്ല അതിന് തയാറായില്ലെന്ന് മാത്രമല്ല; ജിന്നയുടെ നയങ്ങളെ എതിർക്കുകയും ചെയ്തു.

ശൈഖ് അബ്ദുല്ലക്ക് കശ്മീരിനെ സ്വതന്ത്ര രാജ്യമാക്കണമെന്ന് ആഗ്രഹമില്ലാഞ്ഞിട്ടല്ല. പക്ഷേ പാകിസ്ഥാന്റെയും ഗോത്രവർഗക്കാരുടേയും ആക്രമണം ചെറുക്കണമെങ്കിൽ ഇന്ത്യയുടെ സഹായം വേണം. അതേസമയം കശ്മീർ പാകിസ്ഥാനുമായി ചേർക്കണമെന്ന വാദവുമായി ചില പണ്ഡിററുകളും രംഗത്തും വന്നു. പണ്ഡിററു വിഭാഗക്കാരനും എഴുത്തുകാരനുമായ പ്രേംനാഥ് ബാസാസ് എഴുതിയ കശ്മീരിലെ സ്വാതന്ത്ര്യ സമരം എന്ന പുസ്തകത്തിൽ കശ്മീരിലുള്ള പാകിസ്ഥാൻ നിലപാടിനെ അനുകൂലിച്ചു. അതിന്റെ പേരിൽ അദ്ദേഹത്തേയും മററൊരു പണ്ഡിററ് കുഞ്ഞയലാൽ കൗളിനേയും ശൈഖ് അബ്ദുല്ല രാജ്യത്ത് നിന്ന് പുറത്താക്കിയിരുന്നു. ചില സോഷ്യലിസ്റ്റ് ഗ്രൂപ്പുകളും പാകിസ്ഥാനെ അനുകൂലിച്ചു. (പ്രിയങ്ക ബക്കായ് , സുമിത് ഭാട്ടി, കശ്മീർ കോൺഫ്ളിക്റ്റ്)

### ഇൻസ്ട്രുമെന്റ് ഓഫ് ആക്സെഷൻ

1946–ൽ ക്വിറ്റ് കശ്മീർ എന്നപേരിൽ രാജാവായ ഹരിസിങ്ങിനെതിരായി ശൈഖ് അബ്ദുല്ല പ്രക്ഷോഭം ശക്തിപ്പെടുത്തി. അബ്ദുല്ലയെ രാജാവ് അറസ്റ്റ് ചെയ്തു.

പ്രക്ഷോഭം ശക്തമായപ്പോൾ ഹരിസിങ്ങ് സഹായത്തിനായി ഇന്ത്യയുടെ ഗവർണർ ജനറൽ മൗണ്ട്ബാറ്റനോടഭ്യർഥിച്ചു. ഇൻസ്ട്രുമെന്റ് ഓഫ് ആക്സെഷൻ എന്ന രേഖ പ്രകാരം ഹരിസിങ്ങ് 1947 ഒക്ടോബറിൽ ഇന്ത്യയുമായി ചേരാനും നിശ്ചയിച്ചു. ഇക്കാര്യം അന്നത്തെ മൗണ്ട്ബാറ്റനെ അറിയിക്കുകയും ചെയ്തു. പാകിസ്താനോടോ ഇന്ത്യയോടോ ചേരുമ്പോൾ അതാത് രാജാക്കൻമാരുടെ ഇംഗീതം മാത്രം അറിഞ്ഞാൽ പോരാ, ജനങ്ങളുടെ ഇംഗീതം കൂടി അറിയണം എന്നാണ് മൗണ്ട്ബാറ്റൻ മറുപടി പറഞ്ഞത്. അതിന് ജനഹിത പരിശോധന നടത്തണം. അത് കാര്യങ്ങൾ സാധാരണഗതിയിൽ വന്നതിന് ശേഷം മാത്രം മതി. എന്നാൽ ജനഹിത പരിശോധന പല കാരണങ്ങളാലും നടന്നില്ല. നടന്നിരുന്നെങ്കിൽ ശൈഖ് അബ്ദുല്ലയുടെ സ്വാധീനവും പാകിസ്ഥാനോട് അന്ന് ജനങ്ങൾക്കുള്ള അമർഷവും വച്ച് കശ്മീരികൾ ഇന്ത്യക്കൊപ്പം ചേരുമായിരുന്നു എന്നാണ് വി.പി. മേനോൻ എഴുതുന്നത് (വി.പി.മേനോൻ, ദി സ്റ്റോറി ഓഫ് ഇന്റഗ്രേഷൻ ഓഫ് ഇന്ത്യൻ സ്റ്റേറ്റ്സ്, ന്യൂയോർക്ക്, 1956). 1947-ൽ പാകിസ്ഥാൻ പട്ടാളവും ഗോത്രവർഗങ്ങളും ചേർന്ന് കശ്മീരിൽ നരനായാട്ട് നടത്തിയപ്പോൾ രാജാവും ജനങ്ങളും ഇന്ത്യയുടെ സഹായം തേടിയെന്ന് മാത്രമല്ല, ശൈഖ് അബ്ദുല്ലയുമായി രാജാവ് ഒത്തു തീർപ്പിലാവുകയും അബ്ദുല്ലയെ പ്രധാന മന്ത്രിയാക്കുകയും സഹായം തേടി ഡൽഹിയിലയക്കുകയും ചെയ്തു. ഒട്ടും താമസിയാതെ ഇന്ത്യൻ സൈന്യം കശ്മീരിൽ കുതിച്ചെത്തി ഗോത്രവർഗത്തെയും പാക് പട്ടാളത്തെയും തുരത്തി കശ്മീരിനെ രക്ഷിച്ചു. 1947 ഓക്ടോബറിൽ ഗാന്ധിജി കശ്മീർ സന്ദർശിച്ചപ്പോൾ വമ്പൻ സ്വീകരണമാണ് അദ്ദേഹത്തിന് ലഭിച്ചത്. കശ്മീരിലെ ജനങ്ങളുടെ മതങ്ങൾക്കതീതമായ സൗഹൃദവും സ്വഭാവവും ഗാന്ധിജിയെ ഹഠാദാകർഷിച്ചു. ഇന്ത്യ ചുറ്റുപാടും കറുത്തിരിക്കുന്നു. കശ്മീർ മാത്രമാണ് ഒരേയൊരു പ്രതീക്ഷ. കാരണം ഇവിടെ മതങ്ങൾക്കിടയിലുള്ള സൗഹൃദം തന്നെ എന്ന് ഗാന്ധിജി പറയുക കൂടി ചെയ്തു. (പ്രിയങ്ക ബകായ, സുമീത് ഭാട്ടി, കശ്മീർ കോൺഫ്ളിക്റ്റ്). സാഹചര്യങ്ങൾ കശ്മീരിനെ ഇന്ത്യയുടെ അവിഭാജ്യ ഘടകമാക്കി മാറ്റുകയായിരുന്നു എന്നതാവും ശരി.

**കശ്മീരിലെ ജനങ്ങളോട് അവിടത്തെ പ്രഭുവർഗവും ഭരണാധികാരികളും കാണിച്ച അവഗണനക്കെതിരെ 1932-ൽ കശ്മീർ മുസ്‌ലിം കോൺഫറൻസ് സ്ഥാപിച്ച് കൊണ്ട് ശൈഖ് അബ്ദുല്ല രംഗത്ത് വന്നു. മുസ്‌ലിംകളടക്കമുള്ള കശ്മീരി ജനതയുടെ സാംസ്കാരികവും സാമ്പത്തികവുമായ സുരക്ഷിതത്വമായിരുന്നു മുസ്‌ലിം കോൺഫറൻസിന്റെ ലക്ഷ്യം. മുസ്‌ലിം കോൺഫറൻസിന് കൂടുതൽ ദേശീയ അടിത്തറയുണ്ടാക്കാനായി 1939-ൽ നാഷണൽ കോൺഫറൻസ് എന്ന് പുനർ നാമകരണം ചെയ്തു.**

### വൈരുധ്യങ്ങൾ

കശ്മീർപ്രശ്നം പല വൈരുദ്ധ്യങ്ങളും കണ്ടേക്കും. ഓരോരുത്തരും അവരവരുടെ ഇംഗിതത്തിനനുസരിച്ചാണ് വസ്തുതകളെ വ്യാഖ്യാനിക്കുന്നത്. രാജ്യ

സ്നേഹത്തിന്റെ പേരിലും ന്യായീകരണങ്ങളേറെയുണ്ട്. പാകിസ്ഥാൻ അവർക്കനുകൂലമായും ഇന്ത്യക്ക് അവരുടെ ഇഷ്ടത്തിനും പ്രശ്നത്തെ വ്യാഖ്യാനിക്കുന്നു. തങ്ങളുടെ പ്രശ്നത്തെ വ്യാഖ്യാനിക്കാൻ കശ്മീരികളെ ഇരുരാജ്യങ്ങളും സമ്മതിക്കുന്നുമില്ല. കശ്മീർ ഇന്ത്യയുടെ അവിഭാജ്യഘടകമാണെന്നതിൽ ഇപ്പോൾ ആർക്കും തർക്കമുണ്ടാവില്ല. പക്ഷേ അതിന്റെ കാര്യങ്ങളൊന്നും പൂർത്തിയായിട്ടില്ല. പൂർത്തിയാവാത്തത് ഇന്ത്യയും പാകിസ്താനും നടത്തുന്ന പകിടകളികൊണ്ടാണെന്ന് പറയേണ്ടി വരുന്നു (എ.ജി.നൂറാനി, ദി കശ്മീർ ക്വസ്റ്റ്യൻ, ബോംബെ, 1964. 10). കശ്മീരിന്റെ ചൊല്ലി രണ്ട് രാജ്യങ്ങളും കലഹിക്കുകയും ഒത്തുതീർപ്പുകളുണ്ടാക്കുകയും ചെയ്യുന്നു. എന്നാൽ കശ്മീരികളോട് ആരെങ്കിലും അഭിപ്രായം ചോദിക്കുന്നുണ്ടോ? കശ്മീരികളുടെ സ്ഥിതിയെകുറിച്ച് രണ്ട് കൂട്ടർക്കും ബേജാറുമില്ല. കശ്മീർ ഇന്ത്യയുടെ ഭാഗമായതിന് ശേഷം അവിടെ ഭരിച്ചവർ കശ്മീരികളാണെങ്കിലും അവർ കിട്ടിയതൊക്കെ തങ്ങൾക്ക് സ്വന്തമായി മാറ്റുകയായിരുന്നു. അങ്ങനെ കണക്കറ്റ ധനമാണ് ഇവർ സ്വന്തമാക്കിയത്. കശ്മീരികളുടെ പ്രശ്നത്തിൽ ഒരു താല്പര്യവും ഇവർക്കുണ്ടായില്ല. അബ്ദുല്ലക്ക് ശേഷം വന്ന ബക്ഷി ഗുലാം മുഹമ്മദ് സർക്കാർ കള്ളൻമാരുടേതായിരുന്നു. അദ്ദേഹത്തിന്റെ കൂട്ടാളിയായ ഷംസുദ്ദീനാണ് ഹസ്രത്ബാൽ മസ്ജിദിലെ തിരുകേശം കട്ടുകൊണ്ടു പോയത്. അതോടെ ചീട്ടു കൊട്ടാരം പോലെ ആ ഭരണം തകർന്നു വീണു. നാഷണൽ കോൺഫറൻസ് അവിടെ ഏകാധിപത്യ പാർട്ടിയായിരുന്നു. അട്ടിമറി നടത്തിയാണ് അവർ മേധാവിത്തം നിലനിർത്തിയത്. ജനങ്ങൾ മൊത്തം ഇവർക്കെതിരായിട്ടും ഇലക്ഷനിൽ വഞ്ചനയിലൂടെ വിജയം സ്ഥാപിക്കുകയാണ് ചെയ്തത്. ഇന്ത്യയിൽ നിന്ന് കശ്മീരിലേക്ക് വലിയ സഹായം ഒഴുകിയിട്ടുണ്ട്. എന്നാൽ അതൊന്നും കശ്മീരികൾക്കെത്തിയില്ല. ഭരണവൃന്ദം എല്ലാം സ്വന്തമാക്കുകയായിരുന്നു. വിമർശിക്കുന്നവരെ ജയിലിലടച്ചും വധിച്ചും ജനാധിപത്യത്തെ ഹിംസിക്കുകയായിരുന്നു നാഷണൽ കോൺഫറൻസ്.

**കശ്മീർപ്രശ്നം പല വൈരുദ്ധ്യങ്ങളും കണ്ടേക്കും. ഓരോരുത്തരും അവരവരുടെ ഇംഗിതത്തിനനുസരിച്ചാണ് വസ്തുതകളെ വ്യാഖ്യാനിക്കുന്നത്. രാജ്യസ്നേഹത്തിന്റെ പേരിലും ന്യായീകരണങ്ങളേറെയുണ്ട്. പാകിസ്ഥാൻ അവർക്കനുകൂലമായും ഇന്ത്യക്ക് അവരുടെ ഇഷ്ടത്തിനും പ്രശ്നത്തെ വ്യാഖ്യാനിക്കുന്നു. തങ്ങളുടെ പ്രശ്നത്തെ വ്യാഖ്യാനിക്കാൻ കശ്മീരികളെ ഇരുരാജ്യങ്ങളും സമ്മതിക്കുന്നുമില്ല. കശ്മീർ ഇന്ത്യയുടെ അവിഭാജ്യഘടകമാണെന്നതിൽ ഇപ്പോൾ ആർക്കും തർക്കമുണ്ടാവില്ല. പക്ഷേ അതിന്റെ കാര്യങ്ങളൊന്നും പൂർത്തിയായിട്ടില്ല. പൂർത്തിയാവാത്തത് ഇന്ത്യയും പാകിസ്താനും നടത്തുന്ന പകിടകളികൊണ്ടാണെന്ന് പറയേണ്ടി വരുന്നു**

കശ്മീരിനെ ഇന്ത്യയോട് കൂട്ടിച്ചേർത്തത് മറ്റു നാട്ടുരാജ്യങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമായ അന്തരീക്ഷത്തിലാണ്. ഒരു ഭാഗത്ത് പാകിസ്താൻ ഇസ്ലാമിന്റെ പേര് പറഞ്ഞ് കശ്മീരിന്റെ മേൽ അവകാശ വാദം ഉന്നയിക്കുന്നു. കശ്മീർ

മുസ്‌ലിം ഭൂരിപക്ഷപ്രദേശമായതുകൊണ്ട് പാകിസ്താന് അവകാശപ്പെട്ടതാണെന്ന് ജിന്ന ന്യായീകരിക്കുന്നുണ്ടായിരുന്നു. ഇതേ ജിന്നയാണ് ഹിന്ദു ഭൂരിപക്ഷ നാട്ടു രാജ്യങ്ങളായ ജോധ്പൂരും ജയ്‌സാൽ മീറും പാകിസ്ഥാന് വേണമെന്നാവശ്യ പ്പെട്ടത്. അപ്പോൾ ഇന്ത്യയിലവശേഷിക്കുന്ന വലിയ മുസ്‌ലിം ന്യൂനപക്ഷം തനിക്കവകാശപ്പെതാണെന്ന് ജിന്ന പറയുമോ? വി. പി മേനോൻ ഉന്നയിച്ചതാണ് ഈ ചോദ്യങ്ങളൊക്കെ (വി.പി.മേനോൻ, ദി സ്റ്റോറി ഓഫ് ഇന്റഗ്രേഷൻ ഓഫ് ഇന്ത്യൻ സ്റ്റേറ്റ്സ്, ന്യൂയോർക്ക്, 1956, 412–413). മറുഭാഗത്ത് ഗോത്രവർഗങ്ങൾ കശ്മീരികളെ പാകിസ്താൻ സഹായത്തോടെ ആക്രമിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ രാജ്യരക്ഷ, വിദേശകാര്യം, വാർത്താവിനിമയം എന്നീ മൂന്ന് വകുപ്പുകൾ ഏറെറടുത്തുകൊണ്ടും കശ്മീരിന് പൂർണമായ സ്വയം ഭരണം നൽകിക്കൊണ്ടുമാ ണ് കശ്മീരിന്റെ സംയോജനം നടന്നത്. മൗണ്ട് ബാറ്റൻ മുന്നോട്ടുവച്ച ഹിത പരി ശോധനയോ കശ്മീർ രാജാവിനോ, നാഷണൽ കോൺഫറൻസ് നേതാവ് ശൈഖ് അബ്ദുല്ലക്കോ ഒരു താല്പര്യവുമില്ല. ഒന്നാമത്, ജനങ്ങളാൽ തിരഞ്ഞെടുത്ത നിയമ സഭയാണ് ഇന്ത്യയോടൊപ്പം നിൽക്കണമെന്ന് ആവശ്യപ്പെട്ടത്. ഗോത്രക്കാരും പാകി സ്താനും ഒരുമിച്ച് കശ്മീരിനെ നശിപ്പിക്കാൻ ശ്രമിക്കുന്നത് കശ്മീർ ജനത നേരിൽ കാണുന്നുണ്ട്. പാകിസ്താനാവട്ടെ കശ്മീരികളെ കശ്മീരികളായി പരിഗണിക്കാൻ തയാറുമല്ല. അതേ സമയം കശ്മീരികൾ കശ്മീരികളായി തന്നെ നിലനിൽ ക്കണമെന്ന് കശ്മീരികൾ ആഗ്രഹിക്കുന്നു. അവർ മുസ്‌ലിംലീഗിന്റെ ദ്വിരാഷ്ട്ര സിദ്ധാന്തത്തിൽ വിശ്വസിക്കുന്നവരല്ല. അവർ തികഞ്ഞ മതനിരപേക്ഷ വിഭാഗമാ ണ്. അവരെ സംബന്ധിച്ചിടത്തോളം തങ്ങൾ ഏത് മതക്കാരായാലും കശ്മീരികൾ തന്നെയാണ്. പത്ത് ലക്ഷം വരുന്ന മുസ്‌ലിംകളല്ലാത്ത കശ്മീരികളെ സ്വീകരി ക്കാൻ പാകിസ്താൻ തയാറാവില്ലതാനും. ഇക്കാരണങ്ങളാൽ കശ്മീരികൾ ഇന്ത്യയോടൊപ്പമാണെന്ന് ശൈഖ് അബ്ദുല്ല ഉറച്ചുവിശ്വസിക്കുന്നു. ഗോത്ര വർഗക്കാർ പാകിസ്താന്റെ സഹായത്തോടെ നടത്തിയ ആക്രമണങ്ങളെ ചെറു ക്കാൻ കഴിഞ്ഞത് ഇന്ത്യ സഹായിച്ചത് കൊണ്ടാണെന്നും കശ്മീരികൾക്കറിയാം. ഇക്കാര്യങ്ങൾ ഇന്ത്യൻ സർക്കാറിനും അറിയാമായിരുന്നു. അതാണ് ജനഹിത പരി ശോധന നടത്താൻ ഇന്ത്യ ആവശ്യപ്പെട്ടത്. ജനഹിത പരിശോധന നടത്തുന്ന കാ ര്യത്തിൽ പാകിസ്താന് താല്പര്യമുണ്ടായിരുന്നില്ല. ഇന്ത്യയുടെ നിലപാട് യു.എൻ പ്രതിനിധി ഗോപാലസ്വാമി അയ്യങ്കാർ സെക്യൂരിറ്റി കൗൺസിലിൽ വളരേ വ്യക്ത മാക്കിയതാണ്; 'നാശത്തിന്റെ വക്കിലാണ് ഇന്ത്യയോട് ചേരാമെന്ന കശ്മീരിന്റെ വാഗ്ദാനമുണ്ടായത്. കശ്മീർ ഇല്ലാതാവുന്നതിൽ നിന്ന് രക്ഷപ്പെടുത്തലായിരുന്നു ഒന്നാമതായി ചെയ്യാനുള്ളത്. അതേ സമയം കശ്മീരിന്റെ കൂട്ടിച്ചേർക്കൽ സ്ഥി രമായുള്ളതല്ല. അടിയന്തിര ഘട്ടം അവസാനിച്ചതിന് ശേഷം ജനഹിത പരിശോധന നടത്തി കശ്മീരികൾക്ക് ഇഷ്ടം പോലെ ചെയ്യാം. അവർക്ക് ഇന്ത്യയുടെ കൂടെ പോവാം; അല്ലെങ്കിൽ പാകിസ്ഥാന്റെ ഭാഗമാവാം. അതുമല്ലെങ്കിൽ സ്വതന്ത്രമായി നിൽക്കാം' (എ.ജി.നൂറാനി, ദി കശ്മീർ ക്വസ്റ്റ്യൻ, ബോംബെ, 1964,12). കശ്മീർ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ആദ്യം തന്നെ കശ്മീരിന്റെ ഇന്ത്യൻ സംയോജനം അംഗീകരിച്ചു. തുടർന്നുള്ള രണ്ട് ഇലക്ഷനുകൾ നടന്നതും ഇന്ത്യയോടുള്ള സംയോജനം അംഗീകരിച്ചുകെണ്ടാണ്. അത് കൊണ്ട് ഇനിയും വേറൊരു ഹിതപ

രിശോധന ആവശ്യമില്ലെന്നാണ് കശ്മീർ അസംബ്ലി വ്യക്തമാക്കിയത്. 1965ൽ ഒരു മുന്നറിയിപ്പുമില്ലാതെ പാകിസ്ഥാൻ കശ്മീർ ആക്രമിച്ചപ്പോൾ ഇന്ത്യ ശക്തമായി തന്നെ തിരിച്ചടിച്ചു. ഈ യുദ്ധത്തിൽ കശ്മീരികൾ ഇന്ത്യയോടൊപ്പം നിലയുറപ്പിച്ചു. പാകിസ്ഥാന്റെ തന്ത്രങ്ങൾ പരാജയപ്പെടുകയായിരുന്നു. അതോടെ പാകിസ്ഥാനിനെതിരായ കശ്മീരി രോഷം വർദ്ധിച്ചു. പാകിസ്താനെ അക്രമികളായും കശ്മീരികളുടെ ശത്രുക്കളായും അവർ പ്രഖ്യാപിച്ചു.

കശ്മീരിനെ ഇന്ത്യയോട് ചേർത്തത് ചതിയിലൂടെയാണെന്ന പാകിസ്ഥാൻ വാദത്തിന് (ടൈംസ് ഓഫ് ഇന്ത്യ, 1947 ഒക്ടോബർ 31) വാദത്തിൽ ഒരു കഴമ്പുമില്ല. കശ്മീരിന്റെ സംയോജനം താൽകാലികവും ഉപാധികളോടെയുമാണ്. മഹാരാജാവ് ആവശ്യപ്പെട്ട പ്രകാരം ഒരു പ്രതിസന്ധിഘട്ടത്തിൽ താൽകാലികമായ സംയോജനം നടന്നതാണെന്നും അത് താൽകാലികം മാത്രമാണെന്നും ജനങ്ങളുടെ ഇഷ്ടപ്രകാരമാണ് സംയോജനം നടക്കേണ്ടതതെന്നും നെഹ്റു ആവർത്തിച്ചിരുന്നു. (വൈറ്റ് പേപ്പർ ഓൺ ജമ്മു & കശ്മീർ, 45). ശൈഖ് അബ്ദുല്ലയുടെ പിന്തുണയോടെ കശ്മീർ ജനതയെ ന്യായമായി തന്നെ ഇന്ത്യക്കൊപ്പം നിർത്താമെന്ന് നെഹ്റു കരുതുകയും ചെയ്തിരുന്നു. ഇതേ വസ്തുത നെഹ്റു പാകിസ്ഥാനിലെ ലിയാഖത്തലിഖാനെഴുതിയ കത്തിലും വ്യക്തമാക്കി. മഹാരാജാവ് ക്ഷണിച്ചത് കൊണ്ടാണ് തങ്ങൾ താൽകാലികമായി കശ്മീരിനെ ഇന്ത്യയോട് ചേർത്തതെന്നും ജനങ്ങളാണ് അക്കാര്യം തീരുമാനിക്കേണ്ടതെന്നും സമാധാനം കൈവന്നശേഷം യുണൈറ്റഡ് നാഷൻസിന്റെ മേൽനോട്ടത്തിലോ മറ്റോ ഹിതപരിശോധന നടത്തി പാകിസ്ഥാന്റെയോ ഇന്ത്യയുടേയോ കൂടെ നിൽക്കണോ അതോ സ്വതന്ത്രമായി നിൽക്കണോ എന്ന് കശ്മീരികൾക്ക് തന്നെ തീരുമാനിക്കാമെന്നും നെഹ്റു വ്യക്തമാക്കി (വൈറ്റ് പേപ്പർ, 53).

**മറുഭാഗത്ത് ഗോത്രവർഗങ്ങൾ കശ്മീരികളെ പാകിസ്താൻ സഹായത്തോടെ ആക്രമിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ രാജ്യരക്ഷ, വിദേശകാര്യം, വാർത്താവിനിമയം എന്നീ മൂന്ന് വകുപ്പുകൾ ഏറെറടുത്തുകൊണ്ടും കശ്മീരിന് പൂർണമായ സ്വയം ഭരണം നൽകിക്കൊണ്ടുമാണ് കശ്മീരിന്റെ സംയോജനം നടന്നത്. മൗണ്ട് ബാറ്റൻ മുന്നോട്ടുവച്ച ഹിത പരിശോധനയോ കശ്മീർ രാജാവിനോ, നാഷണൽ കോൺഫറൻസ് നേതാവ് ശൈഖ് അബ്ദുല്ലക്കോ ഒരു താല്പര്യവുമില്ല. ഒന്നാമത്, ജനങ്ങളാൽ തിരഞ്ഞെടുത്ത നിയമസഭയാണ് ഇന്ത്യയോടൊപ്പം നിൽക്കണമെന്ന് ആവശ്യപ്പെട്ടത്.**

### യു.എന്നിലേക്ക്

യു.എന്നിന്റെ നേതൃത്വത്തിൽ ഹിതപരിശോധന നടത്തുക എന്ന ആശയത്തോട് എല്ലാവരും യോജിച്ചു. കശ്മീരിന്റെ മേലുള്ള ഗോത്രവർഗങ്ങളുടേയും ബാഹ്യ ശക്തികളുടേയും ആക്രമണങ്ങൾ അവസാനിപ്പിച്ച് ഹിതപരിശോധനയിലൂടെ കശ്മീരിന്റെ കാര്യം തീരുമാനിക്കണമെന്ന് യു.എന്നിനോട് അഭ്യർഥിച്ചു. എല്ലാ നാട്ടുരാജ്യങ്ങളും ചെയ്ത പോലെ ഏത് രാജ്യത്തിന്റെ കൂടെ നിൽക്കണമെന്ന്

അതാത് രാജ്യക്കാർക്ക് സ്വന്തമായ തീരുമാനങ്ങളെടുക്കാൻ സ്വാതന്ത്ര്യമുണ്ടെന്ന് ഇന്ത്യൻ പ്രതിനിധി അയ്യങ്കാർ അർഥശങ്കക്കിടമില്ലാത്തവിധം പ്രസ്താവിച്ചു. 1948 ജനുവരി 20ന് ചേർന്ന സെക്യൂരിറ്റി കൗൺസിൽ ഒരു കമ്മീഷനെ വയ്ക്കാൻ തീരുമാനിച്ചു. മൂന്ന് പേരടങ്ങുന്ന കമ്മീഷനിൽ ഓരോ ആൾവീതം ഇരു രാജ്യങ്ങളിൽ നിന്നുമുണ്ടാവും. മൂന്നാമനെ രണ്ട് രാജ്യങ്ങളും കൂടി തിരഞ്ഞെടുക്കണം. ഈ കമ്മീഷന് കശ്മീരിന്റെ കാര്യത്തിൽ തീരുമാനമെടുക്കാനുള്ള സർവ സ്വാതന്ത്ര്യങ്ങളും നൽകി. പിന്നീടത് അഞ്ചംഗ സമിതിയാക്കി. കമ്മീഷന്റെ നിർദേശപ്രകാരം ഇന്ത്യയും പാകിസ്ഥാനും കശ്മീരിൽ വെടിനിർത്തി. സൈന്യത്തെ പിൻവലിക്കാൻ രണ്ടു രാജ്യങ്ങളും ധരണയായി. കശ്മീരിനെ ആക്രമിച്ചിരുന്ന ഗോത്രവർഗക്കാരെ പരിച്ചുവിട്ടു. ശേഷം ജനഹിതപരിശോധന നടത്താനായി തീരുമാനം. രണ്ടുരാജ്യങ്ങളും സഹകരിക്കാമെന്നേററു. പരിശോധന എങ്ങനെ വേണമെന്നകാര്യം വന്നപ്പോൾ രണ്ടുരാജ്യങ്ങളും തമ്മിൽ തർക്കമായി. പരിഹാരമെന്നോണം രണ്ടുപേരുടെയുമിടയിൽ ഒരു മധ്യസ്ഥനെ നിയമിക്കാമെന്നായി. മധ്യസ്ഥന്റെ തരുമാനം അംഗീകരിക്കാൻ ഇരു രാജ്യങ്ങളും തയ്യാറാവണമെന്ന് അമേരിക്കൻ പ്രസിഡണ്ടും ഇംഗ്ലണ്ട് പ്രധാനമന്ത്രിയും രണ്ടുരാജ്യങ്ങളോടും ആവശ്യപ്പെട്ടു. അമേരിക്കയും ഇംഗ്ലണ്ടും തീർപ്പു കൽപിക്കുന്നതിനെ നെഹ്റു എതിർത്തു. മധ്യസ്ഥ തീരുമാനങ്ങൾ ഇന്ത്യ അംഗീകരിച്ചതുമില്ല.

**1949 ഒക്ടോബർ 17ന് 370-ാം വകുപ്പ് ചർച്ചക്കെടുത്തപ്പോൾ ഗോപാലസ്വാമി അയ്യങ്കാർ കശ്മീരികൾക്ക് പ്രത്യേകപദവി കൊടുക്കുന്നത് തെറ്റല്ലെന്ന് വാദിച്ചു. കശ്മീരിൽ ഇരു രാജ്യങ്ങളും വെടി നിർത്തിയിട്ടുണ്ടെങ്കിലും അവിടെ ഇപ്പോഴും വിമതരും ഗോത്രവർഗങ്ങളും അഴിഞ്ഞാടുകയാണ്. അതുകൊണ്ട് ഇപ്പോൾ ഇന്ത്യയുമായി ഒത്തു പോകുന്നത് തെററല്ലെന്ന് മാത്രമല്ല; കശ്മീരിനെ പ്രത്യേകമായി പരിഗണിക്കണ്ടതും ആവശ്യമാണ്.**

കമ്മീഷൻ പരാജയപ്പെട്ടപ്പോൾ പുതിയ ഫോർമുലകളുമായി വന്നു. ഒന്നും നടന്നില്ല. 1949ൽ ഭരണഘടനാ അസംബ്ലിയിൽ കശ്മീർ പ്രതിനിധികളെ ഇന്ത്യ ഉൾപ്പെടുത്തി. ഇവരടങ്ങുന്ന സഭയിൽ വച്ച് കശ്മീരികൾക്ക് പ്രത്യേക പദവിനൽകുന്ന 370 ാം വകുപ്പടങ്ങുന്ന ഭരണഘടനയും അംഗീകരിച്ചു. തത്വത്തിൽ കശ്മീർ ഇന്ത്യയുടെ ഭാഗമായി എന്നർഥം. ഇന്ത്യയുടെ ഈ ചെയ്തികളെ കുറിച്ച് പാകിസ്ഥാൻ യു.എൻ കമ്മീഷനിൽ പരാതി ഉന്നയിക്കുകയും കമീഷൻ ഇന്ത്യയുമായി ബന്ധപ്പെടുകയും ചെയ്തു. എന്നാൽ അനുകൂലമായ പ്രതികരണമൊന്നും ഇന്ത്യയുടെ ഭാഗത്ത് നിന്ന് ഉണ്ടായില്ലത്രേ. 1949 ഒക്ടോബർ 17ന് 370-ാം വകുപ്പ് ചർച്ചക്കെടുത്തപ്പോൾ ഗോപാലസ്വാമി അയ്യങ്കാർ കശ്മീരികൾക്ക് പ്രത്യേകപദവി കൊടുക്കുന്നത് തെറ്റല്ലെന്ന് വാദിച്ചു. കശ്മീരിൽ ഇരു രാജ്യങ്ങളും വെടി നിർത്തിയിട്ടുണ്ടെങ്കിലും അവിടെ ഇപ്പോഴും വിമതരും ഗോത്രവർഗങ്ങളും അഴിഞ്ഞാടുകയാണ്. അതുകൊണ്ട് ഇപ്പോൾ ഇന്ത്യയുമായി ഒത്തു പോകുന്നത് തെററല്ലെന്ന് മാത്രമല്ല; കശ്മീരിനെ പ്രത്യേകമായി പരിഗണിക്കണ്ടതും ആവശ്യമാണ്. ഇതെല്ലാം അവിടത്തെ സാഹചര്യങ്ങൾ ശാന്തമാകുന്നതുവരെ മാത്രമാണ്. അതോടൊപ്പം

കശ്മീരിലെ അരാജകത്വം അവസാനിപ്പിക്കാൻ അവിടെ ഒരു ഭരണഘടനാ അസംബ്ലി ആവശ്യമാണ്. ഇതൊന്നും ജനഹിത പരിശോധനക്ക് പകരമല്ല. അത് സമയമാവുമ്പോൾ നടക്കുക തന്നെ ചെയ്യും. ഇങ്ങനെയാണ് അയ്യങ്കാറുടെ പ്രസംഗമുണ്ടായത് (നൂറാനി, 48). ജനഹിതപരിശോധനക്ക് വേണ്ടി കളമൊരുക്കാൻ യു.എൻ കമ്മീഷൻ ആവർത്തിച്ച് ശ്രമിച്ചെങ്കിലും സംഗതി നടന്നില്ല. അങ്ങനെ കമ്മീഷൻ പിരിച്ചുവിടുകയായിരുന്നു.

പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ യു.എൻ വീണ്ടും സർ ഓവൻ ഡിക്സനെ പ്രതിനിധിയായി പറഞ്ഞയച്ചു. ഇന്ത്യ സൈന്യത്തെ പിൻവലിച്ചിരുന്നെങ്കിലും പാകിസ്താൻ അപ്രകാരം ചെയ്തിരുന്നില്ല. പാകിസ്ഥാൻ സൈന്യത്തെ പിൻവലിക്കാതെ പ്രശ്നം പരിഹരിക്കില്ലെന്ന് ഇന്ത്യ ശഠിച്ചു. പാകിസ്ഥാൻ അന്താരാഷ്ട്ര നിയമം ലംഘിക്കുകയാണെന്നും അവർ സൈന്യത്തെ പിൻവലിക്കണമെന്നും ഡിക്സൻ ആവശ്യപ്പെട്ടു. ഇന്ത്യയുടേയും പാകിസ്ഥാന്റെയും പ്രധാനമന്ത്രിമാരുടെ യോഗം വിളിക്കാൻ ഡിക്സൺ ശ്രമിച്ചെങ്കിലും ഇന്ത്യ സമ്മതിച്ചില്ല. പാകിസ്ഥാൻ അക്രമിയാണെന്നും അവരുടെകൂടെ ഇരിക്കുന്നത് ശരിയല്ലെന്നുമുള്ള വാദമാണ് ഇന്ത്യ ഉയർത്തിയത്. സമാധാനം കൈവരാതെ ഹിതപരിശോധന നടക്കില്ലെന്ന് ഇന്ത്യ ശഠിച്ചപ്പോൾ ഡിക്സനും പിൻവലിഞ്ഞു. പാകിസ്ഥാൻ, തങ്ങളുടെ സൈന്യത്തിന്റെ സഹായത്തോടെ പരിശോധന തങ്ങൾക്കനുകൂലമാക്കാനുള്ള ശ്രമത്തിലായിരുന്നു. അതിനിടക്ക് പ്രദേശികമായ ഹിതപരിശോധന നടത്താനുള്ള അഭിപ്രായം ഡിക്സൻ അവതരിപ്പിച്ചപ്പോൾ ഇന്ത്യ സമ്മതിച്ചിരുന്നു. പാകിസ്ഥാൻ തയ്യാറായില്ല.

**1952 ജൂണിലെ ലോക്സഭയിലും നെഹ്റു പറഞ്ഞു; 'ഇപ്പോൾ കശ്മീർ അസംബ്ലി ഇന്ത്യയോടൊപ്പമാണ്. അസംബ്ലി ജനങ്ങളിൽ ഹിത പരിശോധന നടത്തട്ടെ അവർ ഇന്ത്യയിലേക്കില്ല എന്ന് തീരുമാനിക്കുകയാണെങ്കിൽ വേദനയോടെ തങ്ങളത് അംഗീകരിക്കും. അതിനെതിരായി നമ്മൾ കശ്മീരിലേക്ക് ഒരു സൈന്യത്തേയും അയക്കില്ല'.**

ഇതിനിടെ കശ്മീരിന്റെ ഭരണഘടന തീരുമാനിക്കാൻ അവിടെ ഒരു ഭരണഘടനാ അസംബ്ലി വേണമെന്ന ആവശ്യം ഇന്ത്യ മുന്നോട്ടു വച്ചു. വി.കെ.കൃഷ്ണമേനോൻ അത് യു.എന്നിൽ പ്രസ്താവിക്കുകയും ചെയതു. ഈ അസംബ്ലിയുടെ ലക്ഷ്യം കശ്മീരിന് യോജിച്ച ഒരു ഭരണസംവിധാനം ഏർപ്പെടുത്തുക എന്നതാണെന്നും മറ്റൊന്നല്ലെന്നും അദ്ദേഹം പറഞ്ഞു. അവരുടെ ഭരണഘടന ഇന്ത്യൻ ഭരണഘടനക്കകത്തുള്ള ഒരു ഉപ ഭരണഘടനയായിരിക്കും. ഭരണഘടന നിർമിച്ചതിന് ശേഷം ഒരു ദേശീയസർക്കാർ സ്ഥാപിച്ച് ആ സർക്കാരിന്റെ കീഴിൽ ഹിതപരിശോധന നടത്തി കശ്മീരികൾക്ക് അവരുടെ കാര്യം തീരുമാനിക്കാമെന്ന് ഇന്ത്യക്ക് വേണ്ടി അയ്യങ്കാർ യു.എൻ സെക്യൂരിറ്റി കൗൺസിലിൽ പറഞ്ഞു. ഹരിസിങ്ങ് രാജാവും ഇതംഗീകരിച്ചു. 1951ൽ ഫ്രാങ്ക് ഗ്രഹാം യു.എൻ മധ്യസ്ഥനായി വന്നു. അദ്ദേഹത്തിന്റെ ശ്രമങ്ങളും വിജയിച്ചില്ല. കശ്മീരിന്റെ ഭരണഘടനാ അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പിൽ ശൈഖ് അബ്ദുല്ലയുടെ നാഷണൽ കോൺഫറൻസ് തന്നെ വിജയിച്ചു. അബ്ദുല്ല പ്രധാനമന്ത്രിയായി. അദ്ദേഹം കശ്മീരിനെ ഇന്ത്യയോട് ചേർക്കണമെന്ന പക്ഷക്കാരനായതിനാൽ അക്കാര്യം അസംബ്ലിയിൽ തുറന്ന് പറയു

കയും ചെയ്തു. അത് അവരുടെ കാര്യമാണെന്നും അക്കാര്യത്തിൽ ഇന്ത്യ ഇടപെടില്ലെന്നും നെഹ്റു സെക്യൂരിറ്റി യു.എന്നിനോട് പറഞ്ഞു. ശൈഖ് അബ്ദുല്ലയിലൂടെ നിയമ പരമായി കശ്മീർ സംയോജനം സാധ്യമാക്കുകയായിരുന്നു നെഹ്റുവിന്റെ ലക്ഷ്യം. 1952 ജൂലൈ 24ന് കശ്മീർ ഗവൺമെന്റും, ഇന്ത്യാഗവൺമെന്റും ഡൽഹിയിൽ വച്ച് നടത്തിയ ഉടമ്പടിപ്രകാരം ഇന്ത്യൻ യൂണിയനിൽ കശ്മീരിന് പ്രത്യേക സ്ഥാനം നൽകാൻ തീരുമാനിച്ചു. ഹിതപരിശോധനയെ കുറിച്ച് പത്രസമ്മേളനത്തിൽ നെഹ്റുവിനോട് ചോദിച്ചപ്പോൾ അത് വേണമെന്ന കാര്യത്തിൽ തങ്ങൾ ഉറച്ചു നിൽക്കുന്നു എന്ന മറുപടി തന്നെയാണ് അപ്പോഴും നെഹ്റു നൽകിയത്. 1952 ജൂണിലെ ലോക്സഭയിലും നെഹ്റു പറഞ്ഞു; 'ഇപ്പോൾ കശ്മീർ അസംബ്ലി ഇന്ത്യയോടൊപ്പമാണ്. അസംബ്ലി ജനങ്ങളിൽ ഹിത പരിശോധന നടത്തട്ടെ അവർ ഇന്ത്യയിലേക്കില്ല എന്ന് തീരുമാനിക്കുകയാണെങ്കിൽ വേദനയോടെ തങ്ങളത് അംഗീകരിക്കും. അതിനെതിരായി നമ്മൾ കശ്മീരിലേക്ക് ഒരു സൈന്യത്തേയും അയക്കില്ല'. കശ്മീരികൾക്കിഷ്ടമില്ലെങ്കിൽ ഇന്ത്യയെ ഒഴിവാക്കാമെന്നും ആരുമായും നിർബന്ധ വിവാഹം തങ്ങളാഗ്രഹിക്കുന്നില്ലെന്നും അതിന്റെ പേരിൽ ആരുമായും അക്രമത്തിനില്ലെന്നും നെഹ്റു ആവർത്തിച്ചു. (നൂറാനി, 60)

**അബ്ദുല്ലക്കെതിരെ**

ശൈഖ് അബ്ദുല്ലയെ ഉപയോഗിച്ച് കശ്മീർ സംയോജനം നിയമപരമാക്കാൻ ഇന്ത്യക്ക് വളരെ ചിലവുണ്ടായിരുന്നു. പല വകുപ്പുകളിലായി കണക്കറ്റ ധനം കശ്മീരിലേക്കൊഴുകി. നാഷണൽ കോൺഫറൻസിനെ എങ്ങനെയെങ്കിലും നിലനിർത്തുക ഇന്ത്യയുടെ ലക്ഷ്യമായിരുന്നു. കശ്മീരിൽ ഇന്ത്യൻ സൈന്യം നിലനിൽക്കണമെങ്കിൽ അത് കശ്മീർ സർക്കാറിന്റെ ആവശ്യപ്രകാരമാണെന്ന് വരുത്തുകയും വേണം. സത്യത്തിൽ 1950 തൊട്ടേ നാഷണൽ കോൺഫറൻസിനോട് കശ്മീരികൾക്ക് മടുത്തിട്ടുണ്ട്. ഒരു ാസഹായം കശ്മീരികളുടെ കൈകളിലെത്തിയിരുന്നില്ല. എല്ലാം പാർട്ടിക്കാരായ ഒരു സംഘം പങ്കിട്ടെടുക്കുകയായിരുന്നു. അഴിമതിയും ഉദ്യോഗസ്ഥരുടെ മേധാവിത്തവും, കശ്മീരികളെ നന്നായി വിഷമിപ്പിച്ചിരുന്നു. അവർക്ക് രോഷം ശൈഖ് അബ്ദുല്ലയുടെ സർക്കാറിനോടായിരുന്നു; ഇന്ത്യയോടായിരുന്നില്ല. സർക്കാറിനെ എതിർക്കുന്നവരെ പാകിസ്ഥാൻ അനുകൂലി എന്ന് പറഞ്ഞ് കശ്മീർ സർക്കാർ നിരന്തരം ജയിലിലടച്ചു. ജനഹിത പരിശോധനയിലുള്ള വിശ്വാസം കശ്മീരികൾക്ക് നഷ്ടപ്പെട്ടിരുന്നു. എല്ലാം നാഷണൽ കോൺഫറൻസ് അട്ടിമറിക്കുകയായിരുന്നു. കശ്മീരി ഭാഷക്ക് പകരം ഉർദു കശ്മീരിന്റെ പ്രദേശിക ഭാഷയാക്കാനുള്ള തീരുമാനവും കശ്മീരിലെ വളരുന്ന ബുദ്ധിജീവി സമൂഹത്തെ സർക്കാറിനെതിരെ തിരിച്ചു.

നിലവിലുള്ള പ്രശ്നങ്ങൾ ശൈഖ് അബ്ദല്ല നാഷണൽ കോൺഫറൻസിന്റെ വർക്കിങ്ങ് കമ്മറ്റിയിൽ ചർച്ച ചെയ്തു. അത് പ്രകാരം ഒരു എട്ടംഗ കമ്മറ്റി രൂപീകരിച്ചു. അതിന്റെ യോഗത്തിലേക്ക് നെഹ്റുവിനേയും ക്ഷണിച്ചു. അബ്ദുല്ലയെ ജനങ്ങൾ തഴഞ്ഞതായി നെഹ്റുവിന് മനസ്സിലായി. അതിനാൽ അദ്ദേഹവുമായി ഉള്ള ചങ്ങാത്തം അവസാനിപ്പിക്കാനും തീരുമാനമായി. ശൈഖ് അബ്ദുല്ല അമേരിക്കയുമായി ഗൂഢാലോചന നടത്തി എന്ന് ആരോപിച്ചും, അഴിമതി, സ്വജനപക്ഷപാതം എന്നിവയുടെ പേരിലും അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. നെഹ്റു തന്നെ

യാണിതിന് മുൻകൈയെടുത്തത്. അറസ്റ്റ് ചെയ്തതോടെ നാഷണൽ കോൺ ഫറൻസിലെ തന്നെ മുഹമ്മദ് ഗുലാം ബക്ഷിനെ പ്രധാനമന്ത്രിയാക്കി. അദ്ദേഹം ഇന്ത്യയുമായുള്ള സൗഹൃദം തുടർന്നു. ബക്ഷിയുടെ നേതൃത്വത്തിലുള്ള നാഷ ണൽ കോൺഫറൻസ് സർക്കാർ കശ്മീരിനെ ആധുനികവത്കരിച്ചു. റോഡുകളും സ്കൂളുകളും വന്നു. കശ്മീരിന്റെ ഒരു ഭാഗം സ്വന്തമാക്കിയ പാകിസ്ഥാൻ അപ്പോഴും കശ്മീരിന്റെ മേൽ പൂർണമായ ആധിപത്യത്തിനായി ശ്രമിച്ചുകൊണ്ടിരുന്നു.

**നെഹ്റുവിയൻ തന്ത്രങ്ങൾ**

നെഹ്റു പാകിസ്ഥാൻ പ്രധാനമന്ത്രിയുമായി ചേർന്ന് പ്രസ്താവന നടത്തുകയും അതിൽ ജനഹിതത്തിലൂടെ കശ്മീർപ്രശ്നം പരിഹരിക്കുമെന്ന് അസന്നിഗ്ധമാക്കുകയും ചെയ്തിരുന്നു. അപ്പോഴാണ് പാകിസ്താൻ അമേരിക്കയു മായി ആയുധക്കരാറുണ്ടാക്കുന്നത്. ഇത് തങ്ങളെ അടിക്കാൻ വേണ്ടിയാണെന്ന് ന്യായമായും നെഹ്റു മനസ്സിലാക്കി. പാകിസ്ഥാന്റെ ശ്രമങ്ങളെ നെഹ്റു പരസ്യമായി തന്നെ എതിർത്തു. എന്നാൽ അത് കശ്മീർപ്രശ്നവുമായി ബന്ധപ്പെടുത്തേണ്ടെന്ന് ഇരുവരും തീരുമാനിക്കുകയും ചെയ്തു. ആയിടക്ക് കശ്മീർ ഭരണഘടനാ അസംബ്ലി ചേർന്ന് ഇന്ത്യയോടുള്ള തങ്ങളുടെ അഭിനിവേശം ആവർത്തിച്ചപ്പോഴും നെഹ്റു പറഞ്ഞത് തങ്ങൾ യു.എന്നിനോടും ലോകത്തോടും കൊടുത്ത വാക്ക് കശ്മീരിന്റെ കാര്യം കശ്മീരികൾ തീരുമാനിക്കുമെന്നാണ്. ആർ എങ്ങനെ ചോദിച്ചാലും ഇക്കാര്യം ആവർത്തിക്കുകയായിരുന്നു നെഹ്റു. നെഹ്റു യഥാർഥത്തിൽ ഒരു ഹിതപരിശോധന ആഗ്രഹിച്ചിരുന്നോ എന്ന സംശയം അപ്പോഴും ബാക്കി. 1955ൽ ആഭ്യന്തര മന്ത്രി ഗോവിന്ദ് വല്ലഭ് പാന്ത് ഒരു പ്രസ്താവനയിൽ പറഞ്ഞു; 'കശ്മീർ ഇന്ത്യക്കൊപ്പമാണെന്ന് അവിടത്തെ നാഷണൽ അസംബ്ലി തീരുമാനിച്ചിട്ടുണ്ട്. ജനങ്ങൾ തിരഞ്ഞെടുത്ത അസംബ്ലിയാണത്' ഹിതപരിശോധനയെന്ന ആവശ്യം ഈ പ്രസ്താവനയിലൂടെ തള്ളുകയായിരുന്നു മന്ത്രി. ഇക്കാര്യം ടൈംസ് ഓഫ് ഇന്ത്യ നെഹ്റുവിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ നെഹ്റു അപ്പോഴും മുമ്പ് പറഞ്ഞത് തന്നെ ആവർത്തിക്കുകയായിരുന്നു. അതേ സമയം അഭ്യന്തരമന്ത്രിയെ അദ്ദേഹം ന്യായീകരിക്കുകയും ചെയ്തു. ആയിടയ്ക്ക് കശ്മീർ പ്രധാനമന്ത്രി ഗുലാം മുഹമ്മദ് ബക്ഷി 1955 ആഗസ്ത് 24ന് ശ്രീനഗറിൽ വച്ച് പ്രഖ്യാപിച്ചു; ഇനി ലോകാവസാനം വരെ ഒരു ഹിതപരിശോധന ഉണ്ടാവില്ല (നൂറാനി,70). നെഹ്റു ഇതിനൊന്നും പ്രതികരിച്ചില്ല. 1956ലെ ലോക്സഭയിലും നെഹ്റു ഹിതപരി

**വി.പി.മേനോൻ പറയുന്നത് കശ്മീർ ഇന്ത്യയോട് ചേർക്കണമെന്ന വാശിയൊന്നും ഇന്ത്യക്കില്ലാ എന്നാണ്. കശ്മീർ രാജാവും അവിടത്തെ നിയമസഭയുംഇന്ത്യയോട് സഹായം ആവശ്യപ്പെടുക മാത്രമല്ല; ഇന്ത്യയോട് ചേരാൻ തയാറാണെന്ന് കൂടി പറഞ്ഞു. ഇന്ത്യ അത് താൽകാലികമായേ അംഗീകരിച്ചുള്ളു. ജനഹിതം നോക്കണമെന്ന് ഇന്ത്യ ആവശ്യപ്പെടുകയും ചെയ്തതാണ്. കശ്മീരിനെ വടക്കുപടിഞ്ഞാറൻ ഭാഗത്ത് നിന്ന് ശത്രുക്കൾ നിരന്തരമായി ആക്രമിക്കുകയാണ്.**

ശോധന നടത്തുമെന്ന പഴയ പല്ലവി ആവർത്തിച്ചു. 1956 എപ്രിൽ 2ന് ഡൽഹിയിൽ വച്ച് ജനഹിത പരിശോധനക്ക് പറ്റിയ സന്ദർഭമല്ലെന്ന് നെഹ്റു പറഞ്ഞത് ടൈംസ് ഓഫ് ഇന്ത്യ റിപ്പോർട്ട് ചെയ്തു (എപ്രിൽ 3 , 1956). അധികം കഴിയാതെ ജനഹിത പരിശോധനക്കുള്ള സാധ്യത തള്ളിക്കൊണ്ട് വെടിനിർത്തലിനുശേഷമുള്ള അതിർത്തി വച്ച് കശ്മീരിനെ ഇന്ത്യക്കും പാകിസ്ഥാനുമിടക്ക് വിഭജിക്കാമെന്ന ആശയം നെഹ്റു മുന്നോട്ട് വച്ചു. പാകിസ്ഥാൻ അമേരിക്കയുമായി ആയുധക്കരാറുണ്ടാക്കിയത് കൊണ്ട് ജനഹിത പരിശോധനക്കുള്ള സാധ്യത ഇല്ലാതായി എന്നാണ് നെഹ്റു സൂചിപ്പിച്ചത്.

നെഹ്റുവിന്റെ ഇംഗിതം പാകിസ്ഥാൻ അംഗീകരിച്ചില്ല. നെഹ്റു യു.എൻ തീരുമാനം അവഗണിച്ചതായി പാകിസ്ഥാൻ കുറ്റപ്പെടുത്തി. പക്ഷേ നെഹ്റുവിന്റെ പ്രതികരണമിതായിരുന്നു; 'കശ്മീരിനോടുള്ള അന്താരാഷ്ട്ര ബാധ്യത താൻ അംഗീകരിക്കില്ല എന്ന് തെളിയിക്കുകയാണെങ്കിൽ ഞാനെന്റെ പ്രധാനമന്ത്രി സ്ഥാനം ഒഴിയാൻ തയാറാണ്. കശ്മീർ ജനതയുടെ ഹിതത്തിനെതിരായി ഒരു തീരുമാനവും ഞാനെടുക്കില്ല.' അപ്പോൾ അപ്പുറത്ത് നെഹ്റു പറഞ്ഞതോ? യഥാർഥത്തിൽ ഇന്ത്യയും പാകിസ്ഥാനും കശ്മീരിനെ വച്ച് പകിടകളിക്കുകയായിരുന്നു. 1957 ജനുവരി 24ന് യു.എൻ സെക്യൂരിറ്റി കൗൺസിൽ പാസാക്കിയപ്രമേയത്തിലുംകശ്മീരിന്റെ കാര്യത്തിൽ ജനഹിത പരിശോധന വേണമെന്നാണ് ആവർത്തിച്ചത്. 1957 ഫെബ്രുവരി 21ന് ഗുണാർ ജാറിങ്ങിനെ വീണ്ടും യു.എൻ ഇന്ത്യയിലേക്കും പാകിസ്ഥാനിലേക്കും അയച്ചു. ഒന്നും നടക്കാതിരുന്നപ്പോൾ അദ്ദേഹം തിരിച്ചു പോരുകയും ചെയ്തു. ജാറിങ്ങിന് ശേഷം ഫ്രാങ്ക് ഗ്രഹാം വന്നു. അദ്ദേഹവും തഥൈവ.

**രാജ്യത്ത് ഇസ്‌ലാം ഭീകരത സൃഷ്ടിച്ച് കൊണ്ട് അമേരിക്ക രംഗത്ത് വന്നപ്പോൾ സഊദി അറേബ്യയും പാകിസ്താനും അമേരിക്കയുടെ ഏജന്റുമാരായി പ്രവർത്തിച്ചുതുടങ്ങി. സഊദി അറേബ്യയെ ഉപയോഗിച്ച് ലോകത്ത് പലഭാഗത്തും വഹാബിസത്തിലൂടെ ഭീകരതക്ക് വളമിട്ടു.**

വി.പിമേനോൻ പറയുന്നത് കശ്മീർ ഇന്ത്യയോട് ചേർക്കണമെന്ന വാശിയൊന്നും ഇന്ത്യക്കില്ലാ എന്നാണ്. കശ്മീർ രാജാവും അവിടത്തെ നിയമസഭയും ഇന്ത്യയോട് സഹായം ആവശ്യപ്പെടുക മാത്രമല്ല; ഇന്ത്യയോട് ചേരാൻ തയാറാണെന്ന് കൂടി പറഞ്ഞു. ഇന്ത്യ അത് താൽകാലികമായേ അംഗീകരിച്ചുള്ളൂ. ജനഹിതം നോക്കണമെന്ന് ഇന്ത്യ ആവശ്യപ്പെടുകയും ചെയ്തതാണ്. കശ്മീരിനെ വടക്കുപടിഞ്ഞാറൻ ഭാഗത്ത് നിന്ന് ശത്രുക്കൾ നിരന്തരമായി ആക്രമിക്കുകയാണ്. അലക്സാണ്ടറും മഹ്മൂദ് ഗസ്നിയുമൊക്കെ ഈ വഴിക്കാണ് വന്നത്. ഇപ്പോൾ കശ്മീരിനെ ആക്രമിക്കുന്ന ഗോത്രങ്ങളും ഇത് വഴിയാണ് കശ്മീർ വരെ എത്തിയത്. നാളെ അവർ ഡൽഹിയിലേക്കും വന്നേക്കും. അതിനാൽ വടക്കു പടിഞ്ഞാറ് ഭാഗം സുരക്ഷിതമാക്കാൻ കശ്മീർ ഇന്ത്യയുടൊപ്പം വരേണ്ടത് ആവശ്യമാണ്. വടക്കു പടിഞ്ഞാറൻ ഭീഷണി ഇല്ലായിരുന്നെങ്കിൽ കശ്മീരിന്റെ കാര്യത്തിൽ ഇന്ത്യക്ക് ബേജാറൊന്നുമില്ല. കശ്മീരിന് ആരുടെ കൂടെയും പോവാം. (വി.പി.മേനോൻ, 414).

വി.പി.മേനോൻ പറഞ്ഞത് തികച്ചും ന്യായമായ ഒന്നാണ്. വടക്കു പടിഞ്ഞാറൻ അതിർത്തി സുരക്ഷിതമാക്കേണ്ടത് ഇന്ത്യയുടെ ആവശ്യമാണ്. ഗിയാസുദ്ദീൻ ബാൽബന്റെ കാലം മുതൽ അവിടെ കാവൽ ഏർപ്പെടുത്തിയിട്ടുണ്ട്. അവിടം ഭേദിച്ച് ശത്രുക്കൾ ശ്രീനഗറിലെത്തിയാൽ അവർക്ക് പിന്നെ ഡൽഹിയിലെത്താൻ ഒരു പ്രയാസവുമില്ല. അതിനാൽ കശ്മീർ ഇന്ത്യക്കൊപ്പം തന്നെ നിൽക്കണം. അപ്പുറത്ത് യു.എൻ തീരുമാനങ്ങളെ അംഗീകരിക്കുകയും വേണം. അത് കൊണ്ടാവുമോ നെഹ്റു ഈ സൂത്രങ്ങളൊക്കെ പയറ്റി കശ്മീരിനെ ഇന്ത്യയുമായി സംയോജിപ്പിച്ചത്? പാകിസ്ഥാൻ കശ്മീരിന്റെ ഒരു ഭാഗം ആദ്യമേ കൈയിലാക്കിയിട്ടുണ്ട്. അക്കാര്യത്തിൽ ഇന്ത്യക്ക് പ്രശ്നവുമില്ല. പിന്നെ എന്ത് കൊണ്ട് പാകിസ്ഥാൻ ഇന്ത്യയുടെ അവകാശത്തെ എതിർക്കണം?

**കശ്മീർ അക്കോഡ്**

1971ൽ പാകിസ്ഥാന്റെ ആക്രമണത്തെ ഇന്ത്യ പരാജയപ്പെടുത്തി എന്ന് മാത്രമല്ല; അതോടെ പാകിസ്ഥാൻ തന്നെ രണ്ടായി മുറിഞ്ഞു. ബംഗ്ലാദേശ് രൂപീകൃതമായി. 1972ൽ ശൈഖ് അബ്ദുല്ലയും ഇന്ദിരാഗാന്ധിയും തമ്മിൽ കശ്മീർ അക്കോഡ് നടന്നു. അതോടെ കശ്മീരിന്റെ പേരിലുള്ള ഇന്ത്യൻ ബന്ധം കൂടുതൽ ദൃഢമായി. ജനഹിത പരിശോധന ഉപേക്ഷിക്കുകയും ചെയ്തു. 370–ാം വകുപ്പ് ഉപേക്ഷിക്കാനുള്ള അധികാരം കശ്മീരിൽ പിരിച്ചുവിട്ട നിയമനിർമാണ അസംബ്ലിക്ക് മാത്രമായിരുന്നു. പിരിച്ചുവിടുന്നതിന് മുമ്പ് അസംബ്ലി 370ന്റെ കാര്യത്തിൽ ഒരു തീരുമാനവുമെടുത്തില്ല. അതിനാൽ നിയമ പ്രകാരം 370 പിൻവലിക്കാൻ കഴിയാതായി. ആ സ്ഥിതിക്ക് ഇന്ദിരാഗാന്ധിയും 370 അപ്പടി നില നിർത്തുകയായിരുന്നു. ഇത്രകാലം നിലനിന്ന ഒരു വകുപ്പ് ഒരു ആലോചനയുമില്ലാതെ പെട്ടെന്ന് പിൻവലിച്ചതും പ്രതിഷേധിക്കാനുള്ള ജനാധിപത്യ അവകാശങ്ങൾ ഇല്ലാതാക്കി അടിയന്തിരാവസ്ഥക്ക് സമാനമായ അന്തരീക്ഷം സൃഷ്ടിച്ചതും ചോദ്യം ചെയ്യപ്പെടുകയാണ്. അബ്ദുല്ല–ഇന്ദിരാ അക്കോഡ് വന്നതോടെ കശ്മീരികൾ ഇന്ത്യയോട് കൂടുതൽ അടുത്തു. ഇന്ത്യൻ ഫിലിമുകളിലും നോവലുകളിലും കശ്മീർ നിറഞ്ഞുനിന്നു. ഇന്ത്യയുടെ ടൂറിസ്റ്റ് ഭൂപടത്തിലും കശ്മീർ മുഖ്യസ്ഥാനം നേടി. ഒരു തരത്തിലുള്ള പ്രശ്നങ്ങളും കശ്മീരിലുണ്ടായിരുന്നില്ല.

**അമേരിക്കൻ തന്ത്രങ്ങൾ**

രാജ്യത്ത് ഇസ്ലാം ഭീകരത സൃഷ്ടിച്ച് കൊണ്ട് അമേരിക്ക രംഗത്ത് വന്നപ്പോൾ സഊദി അറേബ്യയും പാകിസ്താനും അമേരിക്കയുടെ ഏജന്റുമാരായി പ്രവർത്തിച്ചുതുടങ്ങി. സഊദി അറേബ്യയെ ഉപയോഗിച്ച് ലോകത്ത് പലഭാഗത്തും വഹാബിസത്തിലൂടെ ഭീകരതക്ക് വളമിട്ടു. വഹാബിസത്തിന്റെ വക്താക്കളായ പാകിസ്ഥാനിലെ അഹ്‌ലേ ഹദീസ് ശക്തിപ്പെടുകയും അവർ ഹിന്ദുക്കൾ, ഷിയാക്കൾ, പാരമ്പര്യ മുസ്ലിംകൾ എന്നിവർക്കെതിരെ തിരിയുകയും ചെയ്തു. ഇസ്ലാമിന്റെ പേര് വച്ചുതന്നെ പല ഭീകര പ്രഖ്യാപനങ്ങളും വന്നു. 1979ൽ വഹാബി സലഫി ചിന്തകൾ പ്രചരിപ്പിക്കാൻ കശ്മീരിൽ സഊദി സഹായത്തോടെ സമ്മേളനം നടന്നു. വഹാബി പണ്ഡിതൻമാർ സഊദിയിൽ നിന്ന്

കശ്മീരിലേക്ക് പ്രവഹിക്കാൻ തുടങ്ങി. 1980ൽ ഝലം തീരത്ത് ഒരു മെഡിക്കൽ കോളജ് സ്ഥാപിച്ചുകൊണ്ട് അതുവഴി സഊദി പണം അനധികൃതമായി തീവ്രവാദ കേന്ദ്രങ്ങളിലെത്തിച്ചു കൊണ്ടിരുന്നു. സർക്കാർ മെഡിക്കൽ കോളജുകളിൽ സീറ്റ് കിട്ടാത്ത കശ്മീരി മക്കൾക്ക് ഈ കോളജിൽ വ്യാപകമായി സീറ്റുകൾ നൽകി അവരെ സലഫിസത്തിന്റെ വാഹകരാക്കി. കശ്മീരിലെങ്ങും ഇസ്‌ലാമിന്റെ പേരിൽ സഊദി സഹായത്തോടെ മദ്രസകൾ സ്ഥാപിച്ചു. പാരമ്പര്യ ഇസ്‌ലാം നശിപ്പിക്കണമെന്നും ദർഗകൾ തകർക്കണമെന്നും സമന്വയ സംസ്കാരം ഉപേക്ഷിക്കണമെന്നും മുസ്‌ലിംകൾക്കിടയിൽ നിരന്തരം പ്രചരിപ്പിച്ചു തുടങ്ങി. മററു മതക്കാരോടും ഷിയാ വിഭാഗങ്ങളോടും കടുത്ത ശത്രുതയാണ് വഹാബി സലഫികൾ പുലർത്തിയത്. അവർ പണ്ഡിറ്റുകളുടേയും ക്ഷേത്രങ്ങളുടേയും നേർക്ക് തിരിഞ്ഞു. പലയിടത്തും പണ്ഡിറ്റുകളെ വധിക്കുകയും ക്ഷേത്രങ്ങൾ നശിപ്പിക്കുകയുംചെയ്തു. സൗഹൃദവും പരസ്പര സ്നേഹവും മുറ്റി നിന്ന കശ്മീരിനെ മതത്തിന്റെ പേരിൽ വ്രണപ്പെടുത്താൻ തുടങ്ങി. ഷിയാക്കളേയയും വെറുതെ വിട്ടില്ല. അവരുടെ പള്ളികളും കേന്ദ്രങ്ങളും തകർത്തു. കശ്മീരിലെ അഹ്‌ലേ ഹദീസ് ജമാഅത്തേ ഇസ്‌ലാമി സംഘങ്ങൾ ഇന്ത്യക്കെതിരായ നിരന്തര പ്രവർത്തനങ്ങളിൽ മുഴുകി. സഊദി സഹായം ഇവർക്ക്നിർലോപംലഭിച്ചുകൊണ്ടിരുന്നു. കശ്മീരി ദാരിദ്ര്യത്തെ ഭീകരവാദികൾ വിലക്കുവാങ്ങി എന്ന് പറയാം. അതിനെ മതത്തിന്റെ മൂശയിലിട്ട് കൂടുതൽ മൂർച്ചയുള്ളതാക്കി. കശ്മീരി മുസ്‌ലിം സംസ്കാരം നിലനിർത്തണമെന്നാഗ്രഹിച്ച നിരവധി മുസ്‌ലിം പണ്ഡിതൻമാരേയും ബുദ്ധി ജീവികളേയുംഇവർ വധിച്ചു. മൗലാനാ മസൂദി (സ്വാതന്ത്ര്യസമര നേതാവ്), മൌലവി ഫാറൂഖ് മിർവായിസ്, മൗലാനാ സയ്യിദ് മസൂദ്, ശൈഖ് അബ്ദുൽ ജബ്ബാർ (മന്ത്രി), എ.കെ.ഗാസി (ഫീൽഡ് ഓഫീസർ), അലി മുഹമദ് ബച്ച്റൂ, കശ്മീർ യൂണിവേഴ്സിറ്റി വി.സി മുഷിറുൽ ഹഖ് എന്നിവർ ചിലർ മാത്രം. കമ്യൂണിസ്റ്റ് നേതാവായ അബ്ദു സത്താർ റൻജുവിനേയും ഭീകരവാദികൾ വധിച്ചു. ഭീകര പരിശീലനം നേടുന്നതിനായി കശ്മീരി യുവാക്കൾ പാകിസ്താനിലെത്തി. പാകിസ്ഥാനിലാണ് കശ്മീർ ഭീകര സംഘങ്ങൾ പലതും പിറന്നത് തന്നെ. കശ്മീരിന്റെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചുകൊണ്ട് സ്വാതന്ത്ര്യദിനം ആഘോഷിക്കാൻ ചില സംഘടനകൾ തയ്യാറായി. കശ്മീരിലെ സർക്കാർ പലപ്പോഴും അപ്രസക്തമാവുകയായിരുന്നു. പണ്ഡിറ്റുകൾ കശ്മീരിൽ നിന്ന് കൂട്ടത്തോടെ പലായനം ചെയ്തു.

**കശ്മീരികളുടെ ദാരിദ്ര്യം മാറ്റാനും അവരുടെ സുരക്ഷിതത്വത്തിനും, സംസ്കാരം നിലനിർത്താനും വേണ്ടിയാണ് 370-ാം വകുപ്പ് കൊണ്ടുവന്നതെങ്കിൽ, കശ്മീരിലെ ഭരണവൃന്ദം അതെല്ലാം തങ്ങൾക്ക് വേണ്ടി സ്വന്തമാക്കുകയായിരുന്നു. കശ്മീരികളുടെ ദാരിദ്ര്യം മാറ്റാൻ ഒരു ഫണ്ടും ഉപകരിച്ചില്ല. അവരെ ഭീകരതയുടെ മുന്നിലേക്കിട്ട് തടിച്ചുകൊഴുക്കുകയായിരുന്നു കശ്മീരിലെ കുത്തക രാഷ്ട്രീയക്കാർ. ഇവരുടെ ജീവിതം പരിശോധിച്ചാൽ തന്നെ മതി ചൂഷണങ്ങൾ വ്യക്തമാവും.**

## ഇന്ത്യൻ പട്ടാളത്തിന്റെ വക

ഭീകരവാദം തടയുന്നതിന് കശ്മീരിലെ ഇന്ത്യൻ പട്ടാളത്തിന് സർവസ്വാതന്ത്ര്യവുമുണ്ട്. ജഗ്മോഹൻ ഗവർണറായി വന്ന കാലത്താണ് പട്ടാളം കൂടുതലായി കശ്മീരികൾക്ക് നേരെ തിരിഞ്ഞത്. ഹിന്ദുത്വ വക്താവായ ജഗ്മോഹൻ 370-ാം വകുപ്പ് എടുത്ത് കളയണമെന്ന് നിരന്തരം വാദിച്ചിരുന്നു. കശ്മീരിലെ സിവിലിയൻ പ്രക്ഷോഭത്തിന് നേരെ പട്ടാളം നടത്തിയ ഗാവ്കദൽ കൂട്ടക്കൊല ജഗ്മോഹന്റെ സ്പോൺസർഷിപ്പിലാണ് നടന്നത്. ഭീകരവാദികൾ ചെയ്യുന്നതുപോലെ പട്ടാളവും കശ്മീരികളെ തോക്കിൻ മുനയിൽ നിർത്തി. ഇപ്പോഴും പട്ടാളം അത് തുടരുന്നു. ഭീകരവാദികളെ പിടിക്കാനെന്ന പേരിൽ വീടുകൾ തകർക്കുകയും നിരപരാധികളെ പിടിച്ചുകൊണ്ടുപോവുകയും സ്ത്രീകളെ ബലാൽസംഗത്തിനിരയാക്കുയും ചെയ്യുന്നത് പട്ടാളത്തിൽ ചിലർക്ക് തമാശയായി മാറിയിരിക്കുന്നു. കശ്മീരിലെ മനുഷ്യാവകാശ പ്രവർത്തക ഷഹ്‌ലാ റഷീദ് അക്കാര്യം തുറന്ന് പറഞ്ഞപ്പോൾ മിലിട്ടറി കേന്ദ്രങ്ങൾ നിഷേധിക്കാൻ ശ്രമിച്ചു. തെളിവ് ഹാജരാക്കാൻ ഷഹ്‌ല തയ്യാറായപ്പോൾ പട്ടാളം മിണ്ടിയില്ല. 1990 മുതൽ ഇന്ത്യൻ സൈന്യം നിരപരാധികളായ കശ്മീരികളുടെ മേൽ നടത്തിയ അക്രമങ്ങളെ കുറിച്ച് അഭിഭാഷകനായ പർവേസ് ഇംറോസ് നടത്തിയ പഠനങ്ങളാണ് ഇത് സംബന്ധിച്ച ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുകൊണ്ടുവന്നത്. (സ്ട്രക്ച്ചർ ഓഫ് വയലൻസ്, ദി ഇന്ത്യൻ സ്റ്റേറ്റ് ജമ്മു & കശ്മീർ). കൂട്ടക്കുരുതികളുടേയും കൂട്ട ബലാൽസംഗങ്ങളുടേയും വിവരങ്ങൾ തെളിവ്സഹിതം ഈ കൃതി നിരത്തുന്നു. 1991 ഫെബ്രുവരി 23ന് ഇന്ത്യൻസേന (നാലാം റെജിമെന്റൽ റൈഫിൾ) കുന്നാൻ പോഷ്പോറ ഗ്രാമങ്ങളിൽ 31 പെൺകുട്ടികളെ കൂട്ട ബലാൽസംഗം ചെയ്ത സംഭവം കരളലിയിക്കുന്നതാണ്. അഫ്സ്പാ (AFSPA) അധികാരത്തിന്റെ മറവിൽ സൈന്യത്തിന് എന്ത് അക്രമവും ചെയ്യാമെന്ന അവസ്ഥയാണ് കശ്മീരിലുള്ളത്. സൈന്യവും ഭീകരരും കൂടി 70,000ത്തോളം കശ്മീരി യുവാക്കളെ കൊന്നിട്ടുണ്ട്. 20,000 പേരെ കാണാനില്ല. അത്രയും പേർക്ക് ആക്രമണങ്ങളിൽ അംഗഭംഗം സംഭവിച്ചിരിക്കുന്നു. ഓരോ കുടുംബവും ഈ കുരുതികൾക്കിരയായിട്ടുണ്ട്. സ്കൂൾ കുട്ടികളെയടക്കം തട്ടിക്കൊണ്ടുപോയി ബലാൽസംഗത്തിനിരയാക്കി വധിച്ച സംഭവങ്ങളും, വ്യാജ ഏറ്റുമുട്ടലുകൾ നടത്തി നിരപരാധികളെ ഭീകരരാക്കി വധിച്ച സംഭവങ്ങളും കശ്മീരിൽ നിരവധിയാണ്.

**സൈന്യത്തിന്റെ അതിക്രമങ്ങൾ ഇല്ലാതാക്കാൻ അഫ്സ്പ തുടങ്ങിയ സൈനിക അധികാരങ്ങളിൽ ആവശ്യമായ ഭേദഗതികൾ ആവശ്യമാണ്. ഒരു ഭീകരനെ പിടിക്കാൻ ഒരു ഗ്രാമം മുഴുവൻ ചാമ്പലാക്കുന്ന രീതി സൈന്യം കൈവെടിയണം. അതോടൊപ്പം ജനങ്ങളിൽ ആത്മവിശ്വാസം വളർത്തനാവശ്യമായ കാര്യങ്ങൾ സർക്കാർ ചെയ്യണം.**

### പരിഹാരത്തിന് ശ്രമിക്കാതെ

കശ്മീരികളുടെ ദാരിദ്ര്യം മാറ്റാനും അവരുടെ സുരക്ഷിതത്വത്തിനും, സംസ്കാരം നിലനിർത്താനും വേണ്ടിയാണ് 370-ാം വകുപ്പ് കൊണ്ടുവന്നതെങ്കിൽ, കശ്മീരിലെ ഭരണവൃന്ദം അതെല്ലാം തങ്ങൾക്ക് വേണ്ടി സ്വന്തമാക്കുകയായിരുന്നു. കശ്മീരികളുടെ ദാരിദ്ര്യം മാറ്റാൻ ഒരു ഫണ്ടും ഉപകരിച്ചില്ല. അവരെ ഭീകരതയുടെ മുന്നിലേക്കിട്ട് തടിച്ചുകൊഴുക്കുകയായിരുന്നു കശ്മീരിലെ കുത്തക രാഷ്ട്രീയക്കാർ. ഇവരുടെ ജീവിതം പരിശോധിച്ചാൽ തന്നെ മതി ചൂഷണങ്ങൾ വ്യക്തമാവും. ഇന്ത്യയുടെ സഹായം വലിയ തോതിൽ കശ്മീരിനു ലഭിച്ചിട്ടുണ്ട്. പഞ്ചവത്സരപദ്ധതികളുടെ തൊണ്ണൂറ് ശതമാനവും രാജ്യം നേരിട്ട് വഹിച്ചതാണ്. വിദ്യാഭ്യാസരംഗത്തും വലിയ തുക വകയിരുത്തിയതാണ്. ഇതൊന്നും കശ്മീരിലെ ജനങ്ങൾക്കെത്തിയില്ല. നേതാക്കൾ പങ്കിട്ടെടുക്കുകയായിരുന്നു. ഓരോ മുഖ്യമന്ത്രിയും മന്ത്രിയും വമ്പൻ മുതലാളിമാരായി മാറി. എല്ലാറ്റിനും ഡൽഹിയെ ആശ്രയിച്ച കശ്മീരികൾക്ക് സ്വന്തമായ ഒരു നേട്ടവുമുണ്ടായില്ല.  കാർഷിക വ്യവസായ പുരോഗതിക്ക് ശ്രമിച്ചില്ല. നികുതിവരുമാനം കൂട്ടാൻ ശ്രമിച്ചില്ല. ഡൽഹിയിൽ നിന്ന് കടമായി കൊടുത്തസംഖ്യകളൊന്നും കശ്മീർ സർക്കാർ തിരിച്ചടച്ചിട്ടുമില്ല. കൊടുക്കുന്ന പണം യഥാവിധി നാട്ടിന് ഉപകരിക്കുന്നുണ്ടോ എന്ന് റിവ്യൂ ചെയ്യാൻ കേന്ദ്രവും ശ്രദ്ധിച്ചില്ല. തത്ഫലമായി കശ്മീർ ജനത മുഴുവൻ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തി. വ്യാപാരവും വ്യവസായവും വികസിച്ചില്ലെന്ന് മാത്രമല്ല; ഉള്ളത് നിലനിർത്താനുമായില്ല. അതിനാൽ നഗരവാസികൾ തീരെ ദാരിദ്ര്യത്തിലാണ്. അവരാണ് കൂടുതലും ഭീകരവാദികളുടെ കെണിയിൽ വീഴുന്നത്. കൃഷിനാശം മൂലം ഗ്രാമങ്ങളും പട്ടിണിയിലാണ്. നിരാശ മൂലം ആത്മഹത്യകളും കശ്മീർ താഴ്വരയിൽ വർദ്ധിക്കുകയാണ്.  കശ്മീരിനെ സ്വതന്ത്രമായ ഒരു സാമ്പത്തിക മേഖലയായി കണ്ട് കേന്ദ്രം ദാരിദ്ര്യനിർമാർജനത്തിനുള്ള  ശ്രമങ്ങൾ നടത്തണം.

കശ്മീരികളെ പങ്കെടുപ്പിക്കാതെയാണ് കശ്മീരിനെ കുറിച്ച് ഇന്ത്യയും പാകിസ്താനും ചർച്ച ചെയ്യുന്നത്. എന്തുകൊണ്ട് തങ്ങളെ പരിഗണിക്കുന്നില്ല എന്ന കശ്മീരികളുടെ ചോദ്യത്തിന് എന്ത് മറുപടിയാണ് ഇന്ത്യക്കും പാകിസ്ഥാനും നൽകാനുള്ളത്? ഇത് സംബന്ധിച്ച് കശ്മീർ ഇനീഷ്യേറ്റീവ് ഗ്രൂപ്പ് എന്ന സംഘടന ലഘുലേഖ പ്രസിദ്ധീകരിച്ചിരുന്നു (ബാക് ഗ്രൗണ്ട് റ്റു ദി കശ്മീർ കോൺഫ്ളിക്റ്റ്, ചാലഞ്ചസ് & ഓപർച്യൂണിറ്റീസ്). കശ്മീരിലെ പ്രശ്നം പരിഹരിക്കാനാണോ അതോ നീട്ടിക്കൊണ്ട് പോവാനാണോ രണ്ട് രാജ്യങ്ങളും ശ്രമിക്കുന്നത് എന്ന് ലഘുലേഖ ചോദിക്കുന്നുണ്ട്. കശ്മീരിൽ ഉരുണ്ടു കൂടുന്ന ഭീകരമായ അവസ്ഥയെക്കുറിച്ചും ഈ ലഘുലേഖ മുന്നറിയിപ്പു നൽകുന്നു. കശ്മീരിന്റെ കാര്യത്തിൽ മുൻ പ്രധാനമന്ത്രി വാജ്പേയി കാണിച്ച ആർജവത്തെ ഇവർ അഭിനന്ദിക്കുന്നു. 199ൽ നവാസ് ഷരീഫും വാജ്പേയിയും നടത്തിയ ലാഹോർ പ്രഖ്യാപനം പ്രതീക്ഷ നൽകിയിരുന്നു. എന്നാൽ ഇപ്പോൾ ഇന്ത്യ എടുത്ത തീരുമാനമാകട്ടെ ജനാധിപത്യത്തേയും വാഗ്ദാനങ്ങളേയും അവഗണിച്ചും കശ്മീരികളെ മുൾമുനയിൽ നിറുത്തിയുമാണ്. പാകിസ്താനിലെ പി.പി പാർട്ടിയും പി.ടി.ഐ പാർട്ടിയും നവാസിന്റെ ശ്രമങ്ങളെ അന്ന് അഭിനന്ദിക്കുകയും ചെയ്തു. മുസഫറാബാദ് ശ്രീനഗർ ബസ് സർവീസും അതേ തുടർന്നുണ്ടായ ഗതാഗത സ്വാതന്ത്ര്യവും കശ്മീരികളുടെ വ്യക്തി

ത്വത്തേയും സ്വാതന്ത്ര്യത്തേയും ഒരു പാട് ഉയർത്തിപ്പിടിച്ചു. അതിർത്തിക്കിപ്പുറവും അപ്പുറവും തമ്മിൽ മതിലുകളില്ലാതായി. വിനിമയസൗകര്യം കൂടിയപ്പോൾ പരസ്പരമുള്ള വ്യാപാര ബന്ധങ്ങളും പുരോഗതിപ്പെട്ടു. ബോംബെയിലെ താജ്ഹോട്ടൽ അക്രമണവും മറ്റും ഇന്ത്യാ പാക് ബന്ധം കൂടുതൽ വഷളാക്കിയതോടെ വാജ്പേയി നവാസ് ഷരീഫ് പദ്ധതികൾ മുന്നോട്ട് പോയില്ല.

സൈന്യത്തിന്റെ അതിക്രമങ്ങൾ ഇല്ലാതാക്കാൻ അഫ്സ്പ തുടങ്ങിയ സൈനിക അധികാരങ്ങളിൽ ആവശ്യമായ ഭേദഗതികൾ ആവശ്യമാണ്. ഒരു ഭീകരനെ പിടിക്കാൻ ഒരു ഗ്രാമം മുഴുവൻ ചാമ്പലാക്കുന്ന രീതി സൈന്യം കൈവെടിയണം. അതോടൊപ്പം ജനങ്ങളിൽ ആത്മവിശ്വാസം വളർത്തനാവശ്യമായ കാര്യങ്ങൾ സർക്കാർ ചെയ്യണം. ഗതാഗതം, വിനിമയം, വ്യാപാരം എന്നിവ കശ്മീർ വാലിയിൽ വികസിപ്പിക്കാനും തീർഥാടകർക്ക് സ്വാതന്ത്ര്യവും സുരക്ഷിതതവും നൽകാനും സാഹചര്യമുണ്ടാക്കണം. കശ്മീരിന്റെ ഓരോ ഭാഗം ഇരുരാജ്യങ്ങളും പങ്കിട്ടെടുത്ത സ്ഥിതിക്ക് അത് പരസ്പരം അംഗീകരിക്കുകയും ഇരു ഭാഗത്തുമുള്ള കശ്മീരികളെ ഭിന്നിപ്പിക്കാതെ അവർ തമ്മിലുള്ള സമ്പർക്കത്തിന് വിഘ്നം സൃഷ്ടിക്കാതെയും നോക്കണം. കശ്മീർ താഴ്വരയിൽ കൃഷിഭൂമി തരിശായിക്കിടക്കുകയാണ്. പഞ്ചാബിലേത് പോലെ ഒരു ഹരിതവിപ്ലവത്തിലൂടെ കശ്മീരിനെയും വികസിപ്പിക്കണം. തൊഴിൽ സംരംഭങ്ങൾ വളർത്താൻ വ്യവസായവും മറ്റും വർദ്ധിപ്പിക്കണം. കശ്മീരിന് ലഭിക്കുന്ന സഹായങ്ങൾ കശ്മീരികളുടെ തന്നെ സ്വയംപര്യാപ്തതക്ക് വേണ്ടി ഉപയോഗപ്പെടുത്തണം. സഹായത്തെ മാത്രം ആശ്രയിച്ചു കഴിയുന്നത് അവരെ കൂടുതൽ മടിയൻമാരാക്കുകയേ ഉള്ളു. കാലി വളർത്തൽ, പഴകൃഷി, തുടങ്ങിയ പരമ്പരാഗത തൊഴിലുകൾ വികസിപ്പിക്കാനുള്ള സൗകര്യങ്ങളും ഏർപ്പെടുത്തണം. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളേ കശ്മീരികൾക്കും അതുവഴി ഇരുരാജ്യങ്ങൾക്കും ഗുണം ചെയ്യുകയുള്ളു.

**സത്യത്തിൽ കശ്മീർ ജനത തീരെ നിരാശയിലാണ് കഴിയുന്നത്. ഇരുരാജ്യങ്ങളിൽ നിന്നുള്ള അവഗണനയും കശ്മീരിലെ തന്നെ ജനാധിപത്യ സംവിധാനങ്ങളുടെ പരാജയവും, ഭീകരവാദികളുടെ സാന്നിധ്യവും സർക്കാറുകളുടെ അഴിമതിയും, സർവോപരി ഇന്ത്യൻസൈന്യത്തിന്റെ അതിക്രമങ്ങളും കശ്മീർ ജനതയെ വല്ലാതെ നിരാശപ്പെടുത്തിയിരിക്കുന്നു.**

**ഇടത് പക്ഷം**

കശ്മീർപ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി 2016 സെപ്തംബറിൽ ഇടതുപാർട്ടികൾ ഒരു സംയുക്ത ഫോർമുല മുന്നോട്ടു വച്ചിരുന്നു. അത് പ്രകാരം ഉന്നമില്ലാത്ത പെല്ലെറ്റ് തോക്കുകൾ ഇന്ത്യൻ സൈന്യം ഉപയോഗിക്കുന്നത് നിറുത്തണമെന്നാവശ്യപ്പെട്ടു. ഈ തോക്കുകൾ അംനെസ്റ്റി ഇന്റർനാഷണൽ നേരത്തെ നിരോധിച്ചതാണ്. ഇതിന്റെ ഉപയോഗംമൂലം നിരവധി നിരപരാധികളും സിവി

ലയൻമാരും കൊല്ലപ്പെടുകയാണ്. അഫ്സ്പ എന്ന കരിനിയമം പിൻവലിക്കണമെന്നും സിവിലിയൻ മേഖലകളിൽ നിന്ന് സൈന്യത്തെ പിൻവലിക്കണമെന്നും, സിവിലിയൻമാർക്കെതിരെ സൈന്യം നടത്തിയ ആക്രമണങ്ങൾ അന്വേഷിക്കണമെന്നും ഇടത് പക്ഷം ആവശ്യപ്പെട്ടു. കൊല്ലപ്പെട്ട നിരപരാധികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകാനും മുറിവേറ്റ കുടുംബങ്ങൾക്ക് ജീവിത വിഭവം നൽകാനും സാമ്പത്തിക വികസനത്തിനും തൊഴിലിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കാനും ഐ.ഐ.എം, ഐ.ഐ.ടി സ്ഥാപനങ്ങൾ ശ്രീനഗറിൽ കൊണ്ടുവരണമെന്നും ആവശ്യപ്പെട്ടു. 370-ാം വകുപ്പ് ഉറപ്പാക്കിയുള്ള ഡയലോഗുകളാണ് ഇടത് പക്ഷം ആഗ്രഹിച്ചത്. പക്ഷേ അവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. ലഡാക്കിനും ജമ്മുവിനും സ്വയംഭരണാധികാരം വേണം. എക്കാലത്തും സ്നേഹവും സൗഹൃദവും പകർന്ന കശ്മീരികളെ തീവ്രവാദികളാക്കാനുള്ള ശ്രമങ്ങളെയും സുധാകർറെഡ്ഡി, സീതാറാം യെച്ചൂരി എന്നിവർ ഒപ്പ് വച്ച പ്രസ്താവനയിൽ അപലപിക്കുന്നുണ്ട്.

സത്യത്തിൽ കശ്മീർ ജനത തീരെ നിരാശയിലാണ് കഴിയുന്നത്. ഇരു രാജ്യങ്ങളിൽ നിന്നുള്ള അവഗണനയും കശ്മീരിലെ തന്നെ ജനാധിപത്യ സംവിധാനങ്ങളുടെ പരാജയവും, ഭീകരവാദികളുടെ സാന്നിധ്യവും സർക്കാറുകളുടെ അഴിമതിയും, സർവോപരി ഇന്ത്യൻസൈന്യത്തിന്റെ അതിക്രമങ്ങളും കശ്മീർ ജനതയെ വല്ലാതെ നിരാശപ്പെടുത്തിയിരിക്കുന്നു. ജനാധിപത്യപരമായി പ്രതിഷേധിക്കാനുള്ള അവകാശവും അവർക്ക് നിഷേധിക്കുകയാണ്. പത്ത് വർഷം മുമ്പ് കശ്മീർ സർക്കാർ നടത്തിയ ജനാധിപത്യധ്വംസനങ്ങൾക്കെതിരെ പ്രതിഷേധിച്ചതിനാണ് പോലീസും പരാമിലിട്ടറിയും ചേർന്ന് 120 പ്രക്ഷോഭകരെ നിർദാക്ഷിണ്യം വെടിവെച്ചു കൊന്നത്. അതേതുടർന്ന് വീണ്ടും പ്രക്ഷോഭങ്ങൾ തല്ലിക്കെടുത്താനുള്ള ശ്രമമാണ് അഴിമതിയിൽ മുങ്ങിയ സർക്കാരുകളും മിലിട്ടറിയും ചേർന്ന് നടത്തിയത്. പലപ്പോഴും മിലിട്ടറി കശ്മീരികളെയല്ല രക്ഷിച്ചത്; സർക്കാറുകളുടെ ജനാധിപത്യധ്വംസനങ്ങളേയും കശ്മീരിലെ കുത്തകകളെയുമാണ്. കശ്മീരിലെ രാഷ്ട്രീയപാർട്ടികളിലും യുവാക്കൾക്ക് വിശ്വാസം നഷ്ടപ്പെട്ടിരിക്കുന്നു. 370-ാം വകുപ്പ് എടുത്തുകളഞ്ഞാൽ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുമെന്നത് ശുദ്ധ തട്ടിപ്പാണെന്നേ പറയാനുള്ളു. അത് നടപ്പാക്കാൻ വേണ്ടി കശ്മീരികളുടെ നാവും കൈകളും പിടിച്ചു കെട്ടി ഭീകരാന്തരീക്ഷം സൃഷ്ടിച്ചതും മിച്ചം. കശ്മീരികളെ എന്ത് ചെയ്യാൻ പോവുന്നു എന്ന് ഈ പ്രവൃത്തിയിൽ നിന്ന് തന്നെ മനസ്സിലാക്കാവുന്നതേയുള്ളു. ഇന്ത്യക്ക് വേണ്ടി മരിക്കേണ്ട കശ്മീരികളെ രമിക്കാൻ വേണ്ടി ഇന്ത്യക്കാരാക്കുന്ന പ്രക്രിയയാണ് ഇനിയും തുടരുന്നത്.

ശുഭപ്രതീക്ഷകൾ വെടിയേണ്ട കാര്യമില്ല. അതിന് ആത്മാർഥമായ സമീപനങ്ങളാവശ്യമാണ്. കശ്മീരിനെ വെച്ച് വിലപേശുന്ന പരിപാടി ഇന്ത്യയും പാകിസ്ഥാനും അവസാനിപ്പിക്കണം. സാമ്രാജ്യത്വ ശക്തികളോടുള്ള അമിത ബാന്ധവം ഇരുരാജ്യങ്ങളും ഉപേക്ഷിച്ചാൽ കശ്മീരിൽ മാത്രമല്ല; ഇന്ത്യയിലും പാകിസ്ഥാനിലും ശാന്തി വിളങ്ങും. പക്ഷേ ഇരുസർക്കാരുകളും അമേരിക്കയെ പ്രീതിപ്പെടുത്താനുള്ള മത്സരത്തിലാണ്. അമേരിക്കക്ക് തങ്ങളുടെ ആയുധവ്യാപാരം വികസിപ്പിക്കാനും ഇരുരാജ്യങ്ങളിലേയും സമ്പത്ത് ചോർത്താനും ഇതവസരവുമാണ്.

◆

ലേഖനം

ഡോ.കെ.എം.അനിൽ

# കാശ്മീർ: പഠിക്കാത്ത പാഠങ്ങൾ

'ഒരുമ' എന്ന സങ്കൽപ്പം നമ്മെ ആവേശം കൊള്ളിക്കേണ്ടതാണ്. വ്യത്യാസങ്ങൾക്കപ്പുറം പൊതുവായി പങ്കുവെക്കാവുന്ന ചില ഘടകങ്ങൾ കണ്ടെത്താൻ കഴിയുമ്പോഴാണ് 'ഒരുമ'യുണ്ടാകുന്നത്. 'ഒരൊറ്റ രാജ്യം ഒരൊറ്റ ജനത' എന്നത് സാമാന്യമായി ഐക്യത്തിന്റേയും സംഘബോധത്തിന്റെയും അർത്ഥ സൂചനയാണ് നൽകുക എന്നാൽ ഇന്ന് ഇന്ത്യയിൽനിന്നുയരുന്ന 'ഒറ്റ' എന്ന ശബ്ദം നമ്മെ ഭയപ്പെടുത്തുന്നതും നിരാശപ്പെടുത്തുന്നതുമാണ്. 'ഒറ്റ രാജ്യം, ഒറ്റ നികുതി' എന്ന ലക്ഷ്യം നാം നേടിക്കഴിഞ്ഞു' എന്നും ഇനി 'ഒറ്റ രാജ്യം ഒറ്റ തെരഞ്ഞെടുപ്പ്', 'ഒറ്റ രാജ്യം ഒറ്റ നിയമം' എന്നീ ലക്ഷ്യങ്ങളാണ് നമുക്ക് നേടിയെടുക്കാനുള്ളതെന്നും സ്വാതന്ത്രദിന പ്രഭാഷണത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി സൂചിപ്പിച്ചു. ഒറ്റയെ പുരസ്കരിച്ചുകൊണ്ട് രാജ്യത്തിന് പെരുകിവരുന്ന ഈ ആഖ്യാനങ്ങൾ 'ഇന്ത്യ' യുടെ ഭാവാർത്ഥത്തെ മൗലികമായി തന്നെ മാറ്റിത്തീർക്കുകയും സാമൂഹ്യരാഷ്ട്രീയ ജീവിതത്തിന്റെ ഭാവിയെ സന്ദിഗ്ദ്ധമാക്കുകയും ചെയ്തിരിക്കുന്നു. ഭരണഘടനയിലെ 370-ാം വകുപ്പും 35(A) വകുപ്പും എടുത്തുമാറ്റുന്നതോടെ ഇന്ത്യൻ ഫെഡറൽ സ്റ്റേറ്റിനെക്കുറിച്ചും അതുവഴി ഇന്ത്യുടെ ഭാവിയെക്കുറിച്ചും നാം സൃഷ്ടിച്ചുവെച്ച അനേകം മാതൃകകൾ തകർന്നടിഞ്ഞു. ജനാധിപത്യവിനിമയത്തിനുപകരം അടിച്ചേൽപ്പിക്കലും വികേന്ദ്രീകരണത്തിന് പകരം കേന്ദ്രീകരണവും ഇന്ത്യൻഭരണകൂടത്തിന്റെ സവിശേഷതയായിക്കഴിഞ്ഞു. മറ്റൊർത്ഥത്തിൽ ഇന്ത്യൻ ഫാഷിസത്തിന് പ്രായപൂർത്തിയായിക്കഴിഞ്ഞതിന്റെ തെളിവാണ് അത് നടത്തിയ കാശ്മീർ അധിനിവേശം. ഒരു രാജ്യത്തെ എല്ലാവർക്കും ഒറ്റ നിയമമാകുന്നതല്ലേ നല്ലത്? കാശ്മീർ എന്തിനാണിങ്ങനെ വേറിട്ട് കിടക്കുന്നത്? കാശ്മീരിൽ മറ്റുള്ളവർ ഭൂമി വാങ്ങുകയും അധിവസിക്കുകയും ചെയ്യുന്നതിലെന്താണ് കുഴപ്പം? എന്നിങ്ങനെ സാമാന്യബുദ്ധിയിലുയരുന്ന സംശയങ്ങൾക്ക് ഒറ്റ വാക്കിൽ ഉത്തരം പറയുക പ്രയാസമാണ്. കാരണം നമ്മുടെ ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളത് ചില ധാർമ്മിക മൂല്യങ്ങളുടെ അടിസ്ഥാനത്തിൽക്കൂടിയാണ്. ഈ ഭരണഘടനാധാർമ്മികതയെ പരിത്യജിച്ചാൽ

ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളുടെ ഇന്നത്തേതിനേക്കാൾ പ്രാകൃതവും മനുഷ്യത്വരഹിതവുമായ ഒരു ഇരുണ്ട യുഗത്തിലേക്ക് പിടഞ്ഞു വീഴും. ആയതിൽ ഭരണഘടനാധാർമ്മികതയിലൂന്നിക്കൊണ്ടുള്ള ഒരന്വേഷണത്തിലൂടെ മാത്രമേ കാശ്മീരിനെ സംബന്ധിച്ച് സാമാന്യബുദ്ധിയിലുയരുന്ന ചോദ്യങ്ങൾക്ക് മറുപടി പറയാനാവൂ. മേൽപ്പറഞ്ഞ ഭരണഘടനാധാർമ്മികത ഒരു സവിശേഷചരിത്രസന്ദർഭത്തിൽ ഉയർന്നുവന്നതായതുകൊണ്ട് ഭരണഘടനാധാർമ്മികതയെക്കുറിച്ചുള്ള ഏത് ചോദ്യവും ചരിത്രവൽക്കരണത്തിലേക്ക് നയിക്കും. കേരളത്തിൽ ശബരിമലയിലെ സ്ത്രീപ്രവേശത്തെ മുൻനിർത്തി ഉയർന്നു വന്ന തർക്കങ്ങളുടെയും കേന്ദ്രപ്രമേയം ഭരണഘടനാധാർമികതയായിരുന്നുവല്ലോ. 370-ാം വകുപ്പിന്റെ ഉന്മൂലനം ഉയർത്തുന്ന ഉൽക്കണ്ഠകളും ഇതേ ചട്ടക്കൂടിനകത്തുവെച്ചാണ് ചർച്ചചെയ്യേണ്ടിയിരുന്നത്. സാമാന്യബുദ്ധിയിൽ പടുത്തുയർത്തുന്ന മിത്തുകൾക്കകത്തുവെച്ചല്ല.

### അൽപ്പം ചരിത്രം

ബ്രിട്ടീഷ് രാജ്യത്തിന്റെ നേരിട്ടുള്ള അധീനതയിലുണ്ടായിരുന്ന നാട്ടുരാജ്യമായിരുന്നില്ല കാശ്മീർ. 'ഇന്ത്യ' എന്ന ആധുനിക സങ്കൽപ്പം രൂപപ്പെട്ടുവരുന്നത് ദേശീയപ്രസ്ഥാനത്തിലൂടെയാണല്ലോ. അപ്രകാരമൊരു ബ്രിട്ടീഷ് വിരുദ്ധ ദേശീയപ്രസ്ഥാനം കാശ്മീരിലുണ്ടായിരുന്നില്ല. കാരണം ബ്രിട്ടീഷ് അധീനതക്കപ്പുറത്തുള്ള ഒരു സ്വാതന്ത്രനാട്ടുരാജ്യമായാണ് കാശ്മീർ ചരിത്രത്തിൽ നിലനിന്നത്. സിക്ക്, ഹിന്ദു, മുസ്ലീം രാജാക്കന്മാരെല്ലാം പല കാലങ്ങളിലായി കാശ്മീർ ഭരിച്ചിട്ടുണ്ട്. 1845-46 കാലത്ത് കാശ്മീർ ഭരിച്ചിരുന്നത് ദിലീപ് സിംഹൻ എന്ന സിക്ക് രാജാവായിരുന്നു. അക്കാലത്ത് ബ്രിട്ടീഷുകാരുമായി നടന്ന യുദ്ധത്തിൽ ദിലീപ് സിംഹൻ തോൽപ്പിക്കപ്പെടുകയും കാശ്മീർ ബ്രിട്ടീഷുകാരുടെ അധീനതയിൽ വരികയും ചെയ്തു. എന്നാൽ ഈ പ്രദേശം ഏറെ വൈകാതെ ബ്രിട്ടീഷുകാർ വിറ്റുകളയുകയാണ് ചെയ്തത്. ലാഹോറിലെ സർദാറായിരുന്ന ഗുലാബ് സിംഹന്റെ കുടുംബമാണ് കാശ്മീർ രാജാവ് എന്നറിയപ്പെട്ടത്. ഈ കുടുംബം ബ്രിട്ടീഷുകാർക്ക് വിധേയമായാണ് നിലക്കൊണ്ടതെങ്കിലും ബ്രിട്ടീഷ് സാമ്രാജ്യവുമായി ഭരണപരമായ ഒരു ബന്ധവും അവർ സൂക്ഷിച്ചിരുന്നില്ല. കാശ്മീരിൽ വളർന്നു വന്ന ദേശീയ പ്രസ്ഥാനം രാജാവിനെതിരെയായിരുന്നു എന്ന കാര്യം പ്രത്യേകം ഓർക്കണം.

**ഭരണഘടനാധാർമ്മികത ഒരു സവിശേഷ ചരിത്രസന്ദർഭത്തിൽ ഉയർന്നുവന്നതായതുകൊണ്ട് ഭരണഘടനാധാർമ്മികതയെക്കുറിച്ചുള്ള ഏത് ചോദ്യവും ചരിത്രവൽക്കരണത്തിലേക്ക് നയിക്കും. കേരളത്തിൽ ശബരിമലയിലെ സ്ത്രീപ്രവേശത്തെ മുൻനിർത്തി ഉയർന്നു വന്ന തർക്കങ്ങളുടെയും കേന്ദ്രപ്രമേയം ഭരണഘടനാധാർമികതയായിരുന്നുവല്ലോ. 370-ാം വകുപ്പിന്റെ ഉന്മൂലനം ഉയർത്തുന്ന ഉൽക്കണ്ഠകളും ഇതേ ചട്ടക്കൂടിനകത്തുവെച്ചാണ് ചർച്ചചെയ്യേണ്ടിയിരുന്നത്.**

ബ്രിട്ടീഷുകാർ ഇന്ത്യവിട്ടുപോകണമെന്നല്ല രാജാവ് കാശ്മീർ വിട്ടുപോകണമെന്നാണ് അവിടുത്തെ ജനത ആവശ്യപ്പെട്ടത്. അതുകൊണ്ടുതന്നെ 'കാശ്മീർ ദേശീയപ്രസ്ഥാന'ത്തെ ബ്രിട്ടീഷുകാരുടെ പിന്തുണയോടെ അടിച്ചമർത്താൻ രാജാവ് ശ്രമിച്ചു.

ജമ്മുകാശ്മീരിന്റെ സ്വാതന്ത്ര്യത്തിനായി രൂപംകൊണ്ട സംഘടനയാണ് 'ആൾ ജമ്മു ആന്റ് കാശ്മീർ മുസ്ലീം കോൺഫറൻസ്' എന്നത് 1931ൽ ഷേക്ക് അബ്ദുള്ളയുടെ നേതൃത്വത്തിലാണ് ഈ സംഘടന രൂപംകൊണ്ടത്. എന്നാൽ പിന്നീടത് ഇത് 'ആൾ ഇന്ത്യാ സ്റ്റേറ്റ്സ് പീപ്പിൾസ് കോൺഫറൻസ്' എന്ന രീതിയിൽ പുനർനാമകരണം ചെയ്യപ്പെട്ടു. ഗാന്ധിജി, നെഹ്റു എന്നീ ഇന്ത്യൻ ദേശീയ നേതാക്കളുമായി ഷേക്ക് അബ്ദുള്ള അടുത്ത സൗഹൃദം പുലർത്തി. മതേതര ഇന്ത്യ എന്ന ആദർശത്തെ നാഷണൽ കോൺഫറൻസ് പങ്കുവെച്ചതുകൊണ്ടാണ് മേൽപ്പറഞ്ഞവിധം ഒരു പുനർനാമകരണം നടന്നതെന്ന കാര്യം വിസ്മരിച്ചു കൂടാത്തതാണ്.

1937-ൽ നടന്ന തെരഞ്ഞെടുപ്പിൽ നേഷണൽ കോൺഫറൻസിനെതിരെ കാശ്മീരിൽ മുസ്ലീം ലീഗും മൽസരിക്കുകയുണ്ടായി. കാശ്മീർ പാകിസ്ഥാനോടാണ് ചേരേണ്ടതെന്ന അഭിപ്രായമുണ്ടായിരുന്ന പാർട്ടിയാണ് മുസ്ലീം ലീഗ്. എന്നാൽ 73 ലക്ഷത്തിലധികം വരുന്ന കാശ്മീർ മുസ്ലീങ്ങളിൽ മൂന്ന് ലക്ഷം പേരാണ് ലീഗിന് വോട്ട് ചെയ്തത്. ഷേക്ക് അബ്ദുള്ളയുടെ നേതൃത്വത്തിലുള്ള മതേതര നാഷണൽ കോൺഫൻസിന് മൃഗീയഭൂരിപക്ഷം നേടാനായി.

നേഷണൽ കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ 'ക്വിറ്റ് കാശ്മീർ' പ്രസ്ഥാനം ഉയർന്നുവന്നു. കാശ്മീരിലെ രാജഭരണം അവസാനിപ്പിക്കുക എന്നതായിരുന്നു ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. കാശ്മീരിലെ ദേശീയവാദികൾ ജനങ്ങളിൽനിന്ന് പിരിവെടുത്ത് ഹരിസിങിന്റെ മുത്തച്ഛൻ ബ്രിട്ടീഷുകാർക്കു നൽകിയ തുക തിരിച്ചുനൽകി, അദ്ദേഹത്തോട് ഭരണം ഉപേക്ഷിക്കാൻ ആവശ്യപ്പെട്ടു. ഈ പ്രസ്ഥാനത്തെ രാജാവ് അതിശക്തമായി രാജാവ് നേരിട്ടു. ഷേക്ക് അബ്ദുള്ളയും കൂട്ടരും അറസ്റ്റ് ചെയ്യപ്പെട്ടു. കാശ്മീരിൽ നിലനിൽക്കുന്ന അടിയന്തര സാഹചര്യത്തെ കുറിച്ച് നെഹ്റു വേവൽ പ്രഭുവിന് കത്തെഴുതി. നെഹ്റുവിന്റെ കാശ്മീർ സന്ദർശനത്തെ രാജാവ് തടഞ്ഞു. മാത്രമല്ല നാട്ടുരാജ്യങ്ങളുടെ സംഘടന ഇക്കാര്യത്തിൽ ഇടപെടണമെന്ന് ഹരിസിങ് ആവശ്യപ്പെട്ടു.

ഇത്രയും സൂചിപ്പിച്ചതിൽ നിന്നും കാശ്മീരിന്റെ ചരിത്രം ഇന്ത്യയുടെ പൊതു ചരിത്രത്തിൽ നിന്ന് വ്യത്യസ്തമാണെന്ന് ബോധ്യപ്പെട്ടു. എന്നാൽ അവിഭക്ത ഇന്ത്യയിൽ രൂപപ്പെട്ടുവന്ന വിവിധങ്ങളായ ആശയങ്ങൾ അക്കാലത്ത് കാശ്മീരിന്റെ രാഷ്ട്രീയാന്തരീക്ഷത്തിൽ മാറ്റൊലിക്കൊണ്ടു. തുടക്കം തൊട്ടേ കാശ്മീരിൽ ഹിന്ദു സംഘടനകളും മുസ്ലീം സംഘടനങ്ങളും പ്രവർത്തിച്ചിരുന്നു. ഹിന്ദുസംഘടനങ്ങൾ രാജാവിനെയും മുസ്ലീം സംഘടനകൾ പാകിസ്ഥാൻ വാദത്തെയും പിന്തുണച്ചു. എന്നാൽ ജനസംഖ്യയിലേറെയും മുസ്ലീങ്ങളായിട്ടും അവർ മാനസികമായി ഐക്യപ്പെട്ടത് ഇന്ത്യയുടെ മതനിരപേക്ഷപാരമ്പര്യത്തോടായിരുന്നു എന്നത് ചരിത്രം.

1947-യിൽ ബ്രിട്ടീഷുകാർ ഇന്ത്യയെ സ്വതന്ത്രമാക്കുമ്പോഴേക്കും ഈ രാജ്യം രണ്ടായി വെട്ടിമുറിക്കപ്പെട്ടിരുന്നു. ഇന്ത്യ അന്ന് നിരവധി നാട്ടുരാജ്യങ്ങളുടെ ഒരു സമുച്ചയമായിരുന്നു. ബ്രിട്ടീഷ് ഗവൺമെന്റ് ഇന്റിപെന്റൻസ് ആക്റ്റിലെ 7-ാം വകുപ്പിൽ നാട്ടുരാജാക്കന്മാർക്ക് ഇരുരാജ്യങ്ങളിൽ ഒന്നിൽ ലയിക്കുകയോ സ്വത

ന്ത്രമായി നിൽക്കുകയോ ചെയ്യാമെന്ന് വ്യവസ്ഥ ചെയ്തു. ഇതിന്റെ പിൻബലത്തിലാണ് നാട്ടുരാജ്യങ്ങളിൽ പലതും സ്വതന്ത്രമായ നിലനിൽപ്പിന് അവകാശം ഉന്നയിച്ചത്. തിരുവിതാംകൂറും ഹൈദരാബാദും ജുനഗഡും കാശ്മീരുമാണ് സ്വതന്ത്ര ഇന്ത്യയുമായി നിൽക്കാൻ തീരുമാനിച്ചത്. ഇവയിൽ ഹൈദരാബാദും ജുനഗഡും മുസ്ലീം രാജാക്കന്മാർ ഭരിച്ച നാട്ടുരാജ്യങ്ങളായിരുന്നു. പക്ഷെ ജനങ്ങളിലധികവും ഹിന്ദുവിഭാഗത്തിൽപ്പെട്ടവരും. ഇവയെ രണ്ടിനേയും ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കാൻ അതിശക്തമായി ശ്രമം നടത്തി. ഒരു പരിധിവരെ വിജയിച്ചു. (ജുനഗഡിനെ കാര്യത്തിൽ ഇപ്പോഴും യു.എന്നിൽ പ്രശ്നം നിലനിൽക്കുന്നുണ്ട്). തിരുവിതാംകൂറിലും ഹൈദരാബാദിലും നടന്ന ജനകീയ പ്രക്ഷോഭമാണ് അവിടുത്തെ നാടുവാഴിത്ത ശക്തികളെ പരാജയപ്പെടുത്തിയത്. എന്നാൽ കാശ്മീരിന്റെ സ്ഥിതി വ്യത്യസ്തമായിരുന്നു. അവിടെ മുസ്ലീം ഭൂരിപക്ഷപ്രദേശം ഹിന്ദുരാജാവ് ഭരിക്കുകയായിരുന്നു. ആ നാട്ടുരാജ്യം സ്വതന്ത്രമായി നിൽക്കട്ടെ എന്നാണ് സംഘപരിവാരം ആഗ്രഹിച്ചത്. അങ്ങിനെ കഴിയാതെ വന്നാൽ ജമ്മുവിനേയും കാശ്മീരിനേയും വിഭജിച്ച് കാശ്മീർ പാകിസ്ഥാന് വിട്ടുകൊടുത്ത് പ്രശ്നം അവസാനിപ്പിക്കണം ഇതായിരുന്നു അവരുടെ കാഴ്ചപ്പാട്. കാരണം, വിഭജനാനന്തരം അവിടവിടെ 'കുട്ടിപാകിസ്ഥാനു'കളെ നിലനിർത്തി ഇന്ത്യ എന്ന ഹിന്ദുരാഷ്ട്രത്തെ ശിഥിലമാക്കാനും നീക്കമാണ് പാകിസ്ഥാൻ നടത്തുന്നത്. അതൊഴിവാക്കുകയായിരുന്നു ആർ. എസ്. എസിന്റെ പദ്ധതി.

**അവിഭക്ത ഇന്ത്യയിൽ രൂപപ്പെട്ടുവന്ന വിവിധങ്ങളായ ആശയങ്ങൾ അക്കാലത്ത് കാശ്മീരിന്റെ രാഷ്ട്രീയാന്തരീക്ഷത്തിൽ മാറ്റൊലിക്കൊണ്ടു. തുടക്കം തൊട്ടേ കാശ്മീരിൽ ഹിന്ദു സംഘടനകളും മുസ്ലീം സംഘടനങ്ങളും പ്രവർത്തിച്ചിരുന്നു. ഹിന്ദുസംഘടനങ്ങൾ രാജാവിനെയും മുസ്ലീം സംഘടനകൾ പാകിസ്ഥാൻ വാദത്തെയും പിന്തുണച്ചു. എന്നാൽ ജനസംഖ്യയിലേറെയും മുസ്ലീങ്ങളായിട്ടും അവർ മാനസികമായി ഐക്യപ്പെട്ടത് ഇന്ത്യയുടെ മതനിരപേക്ഷപാരമ്പര്യത്തോടായിരുന്നു എന്നത് ചരിത്രം.**

കാശ്മീരിനെ ഇന്ത്യയുടെ ഭാഗമാക്കുന്നത് ഏതുവിധേനയും തലവേദനയാണെന്ന നിലപാടാണ് പട്ടേലും സ്വീകരിച്ചത്. തന്റെ 'ഉരുക്കുമുഷ്ടി' കാശ്മീരിനു മേൽ പ്രയോഗിക്കാൻ പട്ടേൽ ഒരിക്കലും തയ്യാറായില്ല. മൗണ്ട് ബാറ്റണും പട്ടേലും ഒരുവേള കാശ്മീർ രാജാവിനോട് പാകിസ്ഥാനിൽ ലയിച്ചുകൊള്ളാൻ ആവശ്യപ്പെടുന്നുണ്ട്. എന്നാൽ കാശ്മീർ ജനതയുടെ സമ്മർദ്ദമാണ് അവർക്ക് തലവേദനയായത്. നാഷണൽ കോൺഫറൻസിന്റെ പിന്നിൽ അണിനിരന്ന കാശ്മീരിജനതയാണ് തീർത്തും മതനിരപേക്ഷ നിലപാടുയർത്തിപ്പിടിച്ച് രാജാവിന്റെ താൽപര്യങ്ങളെ പരാജയപ്പെടുത്തിയത്.

ഈ സന്ദർഭത്തിലാണ് ഷേക്ക് അബ്ദുള്ള ഗാന്ധിജിയെ കാശ്മീരിലേക്ക് ക്ഷണിക്കുന്നത്. ആ ക്ഷണം സ്വീകരിച്ച് പതിനഞ്ചു ദിവസം കാശ്മീരിൽ പര്യടനം നടത്താനാണ് ഗാന്ധിജി തീരുമാനിച്ചത്. എന്നാൽ ഗാന്ധിജി കാശ്മീരിൽ വരുന്നത് തടയണമെന്ന നിലപാടാണ് രാജാവ് സ്വീകരിച്ചത്. അദ്ദേഹം മൗണ്ട് ബാറ്റ

ണിൽ സമ്മർദ്ദം ചെലുത്തി ഒടുവിൽ 15 ദിവസത്തെ സന്ദർശനം ഗാന്ധിജിക്ക് മൂന്ന് ദിവസമായി വെട്ടിക്കുറക്കേണ്ടിവന്നു. കാശ്മീരിലുടനീളം അദ്ദേഹത്തിന് ഊഷ്മള മായ വരവേൽപ്പ് ലഭിച്ചു. ഷേക്ക് അബ്ദുള്ളയുടേയും സഹപ്രവർത്തകരുടേയും സാന്നിധ്യത്തിൽ ഗാന്ധിജി കാശ്മീരി ജനതയോട് സംസാരിച്ചു. 'കാശ്മീരി ജനത ഇന്ത്യയോട് ചേരണമെന്ന് പറയാനല്ല ഞാൻ വന്നത്. തീരുമാനമെന്തായാലും അത് കൈക്കൊള്ളേണ്ടത് കാശ്മീരിലെ ജനതയാണ്, രാജാവല്ല. ഇത്രയും നിങ്ങളെ ഓർമിപ്പിക്കാൻ മാത്രമേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളൂ.' ഗാന്ധിജിയുടെ വാക്കുകൾ ഹർഷാരവത്തോടെയാണ് കാശ്മീരി ജനത ശ്രവിച്ചത്. കാശ്മീരിയൻ സംസ്കാരമാണ് ഞാൻ സ്വപ്നം കാണുന്ന ഇന്ത്യൻ മതേതരത്വത്തിന്റെ മഹനീയ മാതൃക എന്ന് പിന്നീട് ഗാന്ധിജി സൂചിപ്പിക്കുകയുണ്ടായി. കാശ്മീരി ജനതയുടെ ജനാധിപത്യാവകാശങ്ങൾക്കൊപ്പം നിന്നതു കൊണ്ടാണ് ഗാന്ധിജി സ്വീകരിക്കപ്പെട്ടത്. എക്കാലത്തും ആ ജനത ആഗ്രഹിച്ചത്, സ്വതന്ത്രാസ്തിത്വമാണെന്നാണ് ഇത് സൂചിപ്പിക്കുന്നത്.

കാശ്മീരിലെ മുസ്ലീങ്ങളെ ആക്രമിക്കാനും അതുവഴി മുസ്ലീങ്ങൾക്കിടയിൽ ഐക്യബോധം സൃഷ്ടിക്കാനുമായി ആഭ്യന്തര കലാപങ്ങളുണ്ടാക്കാൻ ഹിന്ദുമുന്നണികളും പാകിസ്ഥാൻ അനുകൂലം ഘടനകളും എല്ലായ്പ്പോഴും അവസരം കാത്തിരുന്നു. ഇതിന്റെ ഭാഗമായാണ് അഫ്ഗാനിലെ പത്താൻ ഗോത്രക്കാർ പാകിസ്ഥാന്റെ പിന്തുണയോടെ കാശ്മീരിനെ ആക്രമിച്ചതും 'ആസാദ് കാശ്മീർ' എന്ന പ്രദേശം പിടിച്ചെടുത്തതും. ഈ ആക്രമണം തടഞ്ഞു നിർത്താൻ കാശ്മീർ രാജാവിന് കഴിഞ്ഞില്ല. പത്താൻകാരുടെ ആക്രമണത്തെ ധീരമായി ചെറുത്തത് നാഷണൽ കോൺഫറൻസായിരുന്നു. മുസ്ലീങ്ങളുടെ ശവത്തിൽ ചവിട്ടി മാത്രമേ അമുസ്ലീങ്ങളെ അക്രമിക്കാൻ കഴിയൂ എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് നാഷണൽ കോൺഫറൻസിന്റെ ഹോം ഗാർഡുകൾ പ്രതിരോധം തീർത്തത്. ഈ മതേതര നിലപാടിന്റെ രക്തസാക്ഷിയാണ് മക്ബുൽ ഷെർവാനി. ഇതേക്കുറിച്ച് ഗാന്ധി ഇങ്ങനെ പ്രതികരിച്ചു: 'ഏതൊരു ഹിന്ദുവിനും മുസ്ലീമിനും ക്രിസ്ത്യാനിക്കും സിക്കുകാരനും അഭിമാനം കൊള്ളാവുന്ന മഹത്തായ രക്തസാക്ഷിത്വം'

**കാശ്മീരിലെ മുസ്ലീങ്ങളെ ആക്രമിക്കാനും അതുവഴി മുസ്ലീങ്ങൾക്കിടയിൽ ഐക്യബോധം സൃഷ്ടിക്കാനുമായി ആഭ്യന്തര കലാപങ്ങളുണ്ടാക്കാൻ ഹിന്ദുമുന്നണികളും പാകിസ്ഥാൻ അനുകൂലസംഘടനകളും എല്ലായ്പ്പോഴും അവസരം കാത്തിരുന്നു. ഇതിന്റെ ഭാഗമായാണ് അഫ്ഗാനിലെ പത്താൻ ഗോത്രക്കാർ പാകിസ്ഥാന്റെ പിന്തുണയോടെ കാശ്മീരിനെ ആക്രമിച്ചതും 'ആസാദ് കാശ്മീർ' എന്ന പ്രദേശം പിടിച്ചെടുത്തതും. ഈ ആക്രമണം തടഞ്ഞു നിർത്താൻ കാശ്മീർ രാജാവിന് കഴിഞ്ഞില്ല. പത്താൻകാരുടെ ആക്രമണത്തെ ധീരമായി ചെറുത്തത് നാഷണൽ കോൺഫറൻസായിരുന്നു. മുസ്ലീങ്ങളുടെ ശവത്തിൽ ചവിട്ടി മാത്രമേ അമുസ്ലീങ്ങളെ അക്രമിക്കാൻ കഴിയൂ എന്ന് പ്രഖ്യാപിച്ചുകൊണ്ടാണ് നാഷണൽ കോൺഫറൻസിന്റെ ഹോം ഗാർഡുകൾ പ്രതിരോധം തീർത്തത്.**

ഹിന്ദുകൾക്കും സിക്കുകാർക്കും സംരക്ഷണം നൽകിയ നാഷണൽ കോൺഫറൻസ് നേതാവ് അബ്ദുൽ അസീസും ഇതേവിധം വധിക്കപ്പെട്ടു. പത്താൻകാരുടെ ഈ ആക്രമണവേളയിലാണ് രാജാവ് ഇന്ത്യയുടെ സൈനിക സഹായം ആവശ്യപ്പെട്ടത്. ഈ കത്ത് നെഹ്റുവിന് ലഭിച്ചപ്പോൾ, പ്രശ്നം ചർച്ച ചെയ്യുന്നതിനായി അദ്ദേഹം വിളിച്ചു ചേർത്തയോഗത്തിൽ, ഇന്ത്യ കാശ്മീർ പ്രശ്നത്തിൽ ഇടപെടുന്നത് ശരിയല്ലെന്ന് നിലപാടാണ് മൗണ്ട് ബാറ്റൺ സ്വീകരിച്ചത്. എന്നാൽ ഇതിനകം ഷേക്ക് അബ്ദുള്ള ഗാന്ധിജിയോട് ഇന്ത്യൻ സൈന്യത്തെ കാശ്മീരിലേക്ക് അയക്കാനുള്ള ഇടപെടൽ നടത്തണമെന്ന് അഭ്യർത്ഥിച്ചിരുന്നു. ഷേക്ക് അബ്ദുള്ളയുടെ ആവശ്യം നിറവേറ്റണമെന്ന് ഗാന്ധിജി നെഹ്റുവിനോട് പറഞ്ഞു. അഹിംസാവാദിയായ ഗാന്ധി സൈനിക നടപടിയെ പിന്തുണച്ചത് പലരേയും ആശ്ചര്യപ്പെടുത്തി. എന്തിലുമേറെ ഗാന്ധിജി വിലകൽപ്പിച്ചത് ഷേക്ക് അബ്ദുള്ളയുടെ മതനിരപേക്ഷ കാഴ്പ്പാടിനെയായിരുന്നു. കാശ്മീരിന്റെ അന്നത്തെ അവസ്ഥയെക്കുറിച്ച് നെഹ്റു ഇങ്ങനെ സൂചിപ്പിക്കുന്നു: ''ശ്രീനഗർ കടുത്ത ആപത്തിലായിരുന്നു. ആക്രമണകാരികൾ അതിന്റെ ഉമ്മറപ്പടിയോളം എത്തിയിരിക്കുന്നു. അവിടെ ഒരു ഭരണകൂടമോ പട്ടാളമോ പോലീസോ അവശേഷിച്ചിരുന്നുമില്ല. വൈദ്യുതി വിതരണമില്ലാത്തതുകൊണ്ട് വെളിച്ചമുണ്ടായിരുന്നില്ല. കൂടാതെ അസംഖ്യം അഭയാർത്ഥികളും എന്നിട്ടും പറയത്തക്ക വിഭ്രമങ്ങളില്ലാതെ ശ്രീനഗർ സാധാരണപോലെ പ്രവർത്തിച്ചു. കടകമ്പോളങ്ങൾ തുറക്കുകയും ജനങ്ങൾ തെരുവിലിറങ്ങുകയും ചെയ്തു. എന്തത്ഭുതമാണ് ഇത് സാധ്യമാക്കിയത്? നാഷനൽ കോൺഫറൻസിന്റെ ഷേക്ക് അബ്ദുള്ളയും അദ്ദേഹത്തിന്റെ കൂട്ടുകാരും അവരുടെ നേതൃത്വത്തിൽ നിരായുധരായ മുസ്ലീം സിക്ക് സന്നദ്ധഭടന്മാരും ആപൽസന്ധിയിൽ നേതൃത്വമേറ്റെടുക്കുകയും ജനങ്ങളിലെ പരിഭ്രാന്തി അകറ്റി സമാധാനാവസ്ഥ നിലനിർത്തുകയും ചെയ്തു''-ഗാന്ധിയും നെഹ്റുവും വാനോളം പുകഴ്ത്തിയ, മതനിരുപക്ഷതയുടെ പ്രതീകമായ, കാശ്മീർ ഇന്ന് പൂർണ്ണമായും ഇന്ത്യയിൽ നിന്ന് അന്യവൽക്കരിക്കപ്പെട്ട സമൂഹമായി മാറി. ബുർഷ്വാ ലിബറലിസത്തിന് ചുമക്കാൻ കഴിയുന്ന ഒരു മൂല്യമല്ല 'മതനിരപേക്ഷത'. അതുകൊണ്ടുതന്നെ ഒരു ഘട്ടം കഴിഞ്ഞപ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് തന്നെ അതുപേക്ഷിച്ചു. ബൂർഷ്വാ ലിബറിലസത്തിനകത്തുനിന്നു തന്നെയാണ് ഫാസിസം വളർന്നുവരുന്നതെന്ന് ഐജാസ് അഹമ്മദ് സൂചിപ്പിക്കുന്നുണ്ട്. 'സോഷ്യലിസ്റ്റ് ആശയങ്ങൾക്ക് വേരില്ലാത്ത ഒരു സമൂഹത്തിന് മതേതര സമൂഹമാകാൻ കഴിയില്ല. കാരണം മതേതരത്വമെന്നത് വിശാലമായ അർത്ഥത്തിൽ 'സാഹോദര്യം' തന്നെയാണ്. വിഭവങ്ങൾക്കുമേൽ തുല്യമായ അവകാശം നിലനിൽക്കാത്ത ഒരു സമൂഹത്തിൽ എങ്ങിനെയാണ്

**കാശ്മീർ തന്ത്രപ്രധാനമായ ഒരു പ്രദേശമാണെന്നതുകൊണ്ട് തുടക്കം മുതലേ സാമ്രാജ്യത്വശക്തികൾക്ക് കാശ്മീരിന്റെ കാര്യത്തിൽ താൽപര്യമുണ്ടായിരുന്നു. ഒരു കാരണവശാലും സോവിയറ്റ് യൂണിയൻ ഈ വിഷയത്തിൽ ഇടപെടാനിടയാകരുതെന്ന് അമേരിക്കക്ക് നിർബന്ധമുണ്ടായിരുന്നു.**

സാഹോദര്യം നിലനിൽക്കുക? ആയതിനാൽ മുതലാളിത്ത ഉൽപ്പാദനക്രമത്തിൽ നിന്ന് സോഷ്യലിസ്റ്റ് സാമൂഹ്യക്രമത്തിലേക്ക് ഒരു സമൂഹം വികസിക്കുമ്പോൾ മാത്രമേ അതിൽ 'സാഹോദര്യ'വും അതുവഴി 'മതനിരപക്ഷത'യും പുലരൂ. എന്നാൽ ഇന്ത്യയിലെ കോൺഗ്രസ് ഭരണകൂടം നവലിബറൽ നയങ്ങൾ പിന്തുടർന്നതോടെ അത് സോഷ്യലിസ്റ്റ് ആശയങ്ങളിൽ നിന്ന് പിന്മടങ്ങി. സമൂഹത്തിൽ വളർന്നുവന്ന ഭീമമായ അസമത്വം മനുഷ്യരെ ശത്രുക്കളാക്കി മാറ്റുകയും അത് വർഗ്ഗീയ ശക്തികൾക്ക് വളർന്നുവരാനുള്ള സാഹചര്യമൊരുക്കുകയും ചെയ്തു. അതായത് ബൂർഷ്വാ ലിബറലിസം തന്നെയാണ് ഫാസിസത്തെ വളർത്തിയതെന്നർത്ഥം'-ഇതാണ് ഐജാസിന്റെ നിരീക്ഷണം. ഇക്കാര്യം സാധൂകരിക്കുന്നതാണ് ഇന്ത്യയുടെ വർത്തമാനകാല രാഷ്ട്രീയ സാഹചര്യം.

കാശ്മീരിന്റെ അഭ്യർത്ഥന മാനിച്ച് ഇന്ത്യൻസൈന്യം വിമാനം മാർഗ്ഗം കാശ്മീരിലെത്തി. ജനങ്ങളുടെ പിന്തുണയോടെ അക്രമകാരികളെ തുരത്തി. ഈ സൈനികസഹായത്തിന്റെ പശ്ചാത്തലത്തിലാണ് കാശ്മീർ ആദ്യമായി ഇന്ത്യയുമായി ഔപചാരികമായ കരാറുണ്ടാക്കുന്നത്. ഈ കരാറനുസരിച്ച് വിദേശകാര്യം, വാർത്താവിനിമയം, പ്രതിരോധം എന്നിവയുടെ ഉത്തരവാദിത്തം മാത്രം ഇന്ത്യൻ സർക്കാരിൽ നിക്ഷിപ്തവും ബാക്കിയെല്ലാം കാശ്മീരിന്റെ സ്വതന്ത്രമായ തീരുമാനവുമായിരിക്കുമെന്നാണ് വ്യവസ്ഥ.

ഇന്ത്യൻ സൈന്യവും കാശ്മീരിജനതയും നടത്തിയ ധീരമായ ചെറുത്തുനിൽപ്പിനെ മുൻനിർത്തി ഗാന്ധിജി ഇങ്ങനെ പറഞ്ഞു: 'കാശ്മീരിനെ ധീരോദാത്തമായി സംരക്ഷിക്കുന്ന നിങ്ങൾ - ഇന്ത്യയുടെ ഈ കൊച്ചു സൈന്യം-പഴയ സ്പാർട്ടക്കാരെപ്പോലെ പരിപൂർണ്ണമായും തുടച്ചു നീക്കപ്പെട്ടാലും ഒരു തുള്ളി കണ്ണീരും ഞാൻ പൊഴിക്കുകയില്ല. അതേപോലെ കാശ്മീരിന്റെ രക്ഷക്കായി പടപൊരുതി തങ്ങളുടെ തറയിൽത്തന്നെ വീണു മരിച്ചുകൊണ്ടിരിക്കുന്ന ഷേക്ക് സാഹിബ്ബിന്റെ സഖാക്കളായ മുസ്ലീം-ഹിന്ദു-സിക്കുകാരെക്കുറിച്ചും ഞാൻ വേവലാതിപ്പെടില്ല. അത് ഇന്ത്യയുടെ ഇതര ഭാഗങ്ങൾക്ക് ഒരു മഹത്തായ മാതൃകയായിരിക്കും. അത്തരത്തിലുള്ള ധീരോദാത്തമായ പ്രതിരോധത്തിന്റെ അല ഇന്ത്യയിൽ മുഴുവൻ സംക്രമിക്കുകയും അതുവഴി ഹിന്ദുക്കളും മുസ്ലീങ്ങളും സിക്കുകാരും തങ്ങൾ പരസ്പരം എപ്പോഴെങ്കിലും ശത്രുക്കളായി പെരുമാറിയിട്ടുണ്ടെങ്കിൽ അത് മറക്കുകയും ചെയ്യും.''

എന്നാൽ ഇതേസമയം കാശ്മീരിൽ തങ്ങൾക്ക് സ്വാധീനമുള്ള പ്രദേശത്ത് മുസ്ലീങ്ങൾക്കെതിരെ കലാപമഴിച്ചുവിട്ട് ഇന്ത്യക്കെതിരാക്കാനുള്ള ശ്രമമാണ് ഹിന്ദുത്വശക്തികൾ നടത്തിയത്. ജമ്മുവിലെ സൗഭയിൽ അത്തരമൊരു സംഭവം നടന്നു. എന്നാൽ അക്കാലത്ത് ഷേക്ക് അബ്ദുള്ളയുടെ പ്രഭാവത്തിൽ അണിനിരന്ന കാശ്മീരി ജനത ഇത്തരം ശ്രമങ്ങളെ അനായാസം പരാജയപ്പെടുത്തി.

മേൽപ്പറഞ്ഞ യുദ്ധം നടന്നതോടെ കാശ്മീർ ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ഒരു തർക്കവിഷയമായി പരാമർശിക്കപ്പെട്ടു. ഈ തർക്കം പരിഹരിക്കാൻ വിഷയം യു.എന്നിൽ അവതരിപ്പിക്കണമെന്ന് അമേരിക്കയും ബ്രിട്ടനും നിർദ്ദേശിച്ചു. ഈ നിർദ്ദേശത്തോട് ഇന്ത്യക്ക് യോജിപ്പുണ്ടായിരുന്നില്ല. എന്നാൽ മൗണ്ട് ബാറ്റന്റെ നിർബന്ധത്തിന് വഴങ്ങി ഇന്ത്യ 1947 ഡിസംബർ 31 ന് ഇന്ത്യ യു.എന്നിൽ

കാശ്മീർ പ്രശ്നത്തിലുള്ള അന്യായം ഫയൽ ചെയ്തു.

കാശ്മീർ തന്ത്രപ്രധാനമായ ഒരു പ്രദേശമാണെന്നതുകൊണ്ട് തുടക്കം മുതലേ സാമ്രാജ്യത്വശക്തികൾക്ക് കാശ്മീരിന്റെ കാര്യത്തിൽ താൽപര്യമുണ്ടായിരുന്നു. ഒരു കാരണവശാലും സോവിയറ്റ് യൂണിയൻ ഈ വിഷയത്തിൽ ഇടപെടാനിടയാകരുതെന്ന് അമേരിക്കക്ക് നിർബന്ധമുണ്ടായിരുന്നു. എന്നാൽ കാശ്മീർ ഇന്ത്യക്കും പാകിസ്ഥാനുമിടയിലുള്ള ഒരു പ്രശ്നമാണെന്നും അതിന് മധ്യസ്ഥനെ ആവശ്യമില്ലെന്നുമുള്ള നിലപാടാണ് ഇതുവരെയായും ഇന്ത്യ സ്വീകരിച്ചത്. ഇക്കാര്യം ലോകത്തെ ബോധ്യപ്പെടുത്താനാണ് വി.കെ. കൃഷ്ണമേനോൻ യു.എന്നിൽ ദീർഘനേരം സംസാരിച്ചത്. എന്നാൽ പാകിസ്ഥാൻ ഇക്കാര്യത്തിൽ അന്താരാഷ്ട്ര മധ്യസ്ഥത്തിനായി എല്ലായ്പ്പോഴും വാദിച്ചു. ഏതായാലും കാശ്മീർ വിഷയത്തിൽ അമേരിക്കക്കുള്ള താൽപര്യത്തെ മാറ്റിവെച്ചുകൊണ്ട് പുതിയ സംഭവവികാസങ്ങൾ ചർച്ച ചെയ്യാൻ കഴിയില്ല.

**യു. എന്നിന്റെ ഇടപെടൽ**

'ആസാദ്കാശ്മീർ' എന്നറിയപ്പെടുന്ന പ്രദേശം പാകിസ്ഥാൻ സൈന്യത്തെ ഉപയോഗിച്ച് കൈവശപ്പെടുത്തിയതിനെതിരായാണ് ഇന്ത്യ യു.എന്നിൽ പരാതി ഉന്നയിച്ചത്. രണ്ടാഴ്ചക്കകം ആരോപണങ്ങൾ നിഷേധിച്ച് പാകിസ്ഥാൻ മറുപടി നൽകി. രണ്ടുപേരുടേയും വാദങ്ങൾ കേട്ടശേഷം യു.എൻ സുരക്ഷാസമിതി ഇതുസംബന്ധിച്ച് ആദ്യപ്രമേയം പാസ്സാക്കുന്നത് 1948 ജനുവരി 17 നാണ്. 'ഇരുരാജ്യങ്ങളും സംയമനം പാലിക്കണ'മെന്ന നിലപാടാണ് പ്രമേയത്തിന്റെ ഉള്ളടക്കം. പിന്നീട് 1948 ജനുവരി 20 ന് ഐക്യരാഷ്ട്രസഭ മറ്റൊരു പ്രമേയത്തിലൂടെ UNCIP (United Nations Commission For India and Pakistan) എന്ന സമിതിക്ക് രൂപം നൽകി. ആദ്യം ഈ സമിതിയിൽ അമേരിക്കൻ പ്രതിനിധി ഉണ്ടായിരുന്നില്ല. എന്നാൽ പിന്നീട് അമേരിക്ക അതിൽ കയറിക്കൂടി. ഹിതപരിശോധന എന്ന പരിഹാരമാണ് UNCIP കൂടക്കൂടെ ഉന്നയിച്ചതെങ്കിലും 'ആസാദ് കാശ്മീരി'ൽനിന്ന് പാകിസ്ഥാൻ പിൻവാങ്ങാതെ ഹിതപരിശോധനക്കില്ല എന്ന നിലപാടാണ് ഇന്ത്യ സ്വീകരിച്ചത്. പിന്നീട് എ.ജി.സി. മാക്നോട്ടൻ, ഓവൻ സിക്സൻ, ഫ്രാങ്ക് ഗ്രഹാം, ഗണ്ണർ ജാറിങ് എന്നിവരെല്ലാം യു.എന്നിന്റെ നിർദ്ദേശപ്രകാരം വിവിധ കാലങ്ങളിൽ കാശ്മീർ പ്രശ്നം ഒത്തുതീർക്കാൻ ഇടപെട്ടവരാണ്. 1962 ൽ സോവിയറ്റ് യൂണിയൻ കാശ്മീർ പ്രശ്നത്തിൽ വീറ്റോ പ്രഖ്യാപിച്ചതോടെയാണ് യു.എൻ ഇക്കാര്യത്തിൽനിന്ന് പിന്മാറാൻ തുടങ്ങിയത്. 1965 ലെ ഇന്ത്യാ-പാക് യുദ്ധം താഷ്കന്റ് കരാറോടെയാണ്

> **വാസ്തവത്തിൽ ഇന്ത്യൻ ഫെഡറൽ സംവിധാനം തികവുറ്റ ഒന്നാണെന്ന് പറയാനാവില്ല. ചില ഫെഡറൽ സ്വഭാവങ്ങളുള്ള യൂണിറ്ററി സംവിധാനമെന്നേ ഇന്ത്യയെക്കുറിച്ച് പറയാനാവൂ. ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ വശങ്ങൾ ഭരണഘടനയിൽ ഉൾക്കൊള്ളിക്കാൻ ഭരണഘടനാ നിർമ്മാതാക്കൾക്ക് പ്രേരകമായത് സ്വാതന്ത്ര്യലബ്ധിയുടെ വേളയിലെ വിഭജനത്തിന്റെ അനുഭവമാണ്.**

അവസാനിച്ചത്. യു.എസ്.എസ്.ആർ ആണ് അതിന് മധ്യസ്ഥം വഹിച്ചത്. 1971 ൽ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ വീണ്ടും യുദ്ധമുണ്ടായി. അത് സിംലാകരാറോടുകൂടിയാണ് അവസാനിച്ചത്. ഇതിനുശേഷം യു.എൻ ഒരിക്കലും കാശ്മീർ പ്രശ്നത്തിൽ ഇടപെട്ടിട്ടില്ല.

ഇന്ന് 'ശീതസമരം' എന്നത് അപ്രസക്തമായിരിക്കുന്നു. അമേരിക്ക ലോക പോലീസായി മാറി. അതുകൊണ്ടുതന്നെ യു.എൻ എന്നത് ഇന്ന് അപ്രസക്തമായിരിക്കുന്നു. അമേരിക്കയിൽ ട്രംപ് അധികാരത്തിൽ വന്നതോടെയാണ് കാശ്മീർ പ്രശ്നം വീണ്ടും ഉയർന്നുവരുന്നത്. ബറാക് ഒബാമയുടെ കാലത്ത് റിച്ചാർഡ് ഹോൾ ബ്രൂക്ക് കാശ്മീർ പ്രശ്നത്തിൽ ഇന്ത്യക്കുമേൽ സമ്മർദ്ദം സൃഷ്ടിക്കാൻ ശ്രമിച്ചെങ്കിലും ഇന്ത്യ അതിന്റെ നിലപാട് കടുപ്പിച്ചതോടെ അമേരിക്ക പിൻവാങ്ങിയിരുന്നു. എന്നാൽ ട്രംപും മോദിയും തമ്മിലുള്ള ഇടപാടുകൾ മേഖലയിൽ ശക്തിപ്പെട്ടപ്പോഴാണ് കാശ്മീർ പ്രശ്നം വീണ്ടും ഉയർന്നുവരുന്നത്. 370-ാം വകുപ്പ് പിൻവലിക്കാൻ ഇന്ത്യാ ഗവൺമെന്റ് തീരുമാനമെടുത്ത ആഗസ്റ്റ് 6 ന് അഫ്ഘാൻ, പാകിസ്ഥാൻ മേഖലകളിലേക്ക് നിയോഗിക്കപ്പെട്ട അമേരിക്കൻ പ്രതിനിധി സൽമയ്ഖലിൽസാദ് ദില്ലിയിലുണ്ടായിരുന്നുവെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ട വസ്തുതയാണ്. തീവ്രവാദത്തിന്റെ പേരിൽ പാകിസ്ഥാനെ ഒറ്റപ്പെടുത്തി അഫ്ഘാനുമായി പുതിയ നയതന്ത്രബന്ധത്തിലേർപ്പെടാനാണ് ട്രംപ് ശ്രമിക്കുന്നത്. അതിനായി ഇന്ത്യ നടത്തിയ അധിനിവേശത്തെ അപലപിക്കാൻ ഇതുവരെ അന്താരാഷ്ട്രസമൂഹം തയ്യാറായിട്ടില്ലെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. എല്ലായിടങ്ങളിലും പാകിസ്ഥാൻ ഒറ്റപ്പെടുന്ന കാഴ്ചയാണ് നാം കാണുന്നത്. മാത്രമല്ല, തീവ്രവാദത്തിന്റെ പേരിൽ പാരിസ് ആസ്ഥാനമായ 'ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ്' എന്ന സാമ്പത്തിക സംഘടന പാകിസ്ഥാനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതും ഇതിന്റെ പശ്ചാത്തലത്തിൽ വേണം കാണാൻ. ചുരുക്കത്തിൽ ദക്ഷിണേഷ്യൻ മേഖലയിൽ ചൈനക്കും പാകിസ്ഥാനുമെതിരെ അമേരിക്കയുടെ നേതൃത്വത്തിൽ രൂപപ്പെട്ടുവരുന്ന ഒരു പുതിയ നീക്കത്തിന്റെ ഭാഗമാണ് കാശ്മീരും എന്നുവേണം കരുതാൻ. ഹോങ്കോങ്ങിലെ കലാപങ്ങളും ഇതേസമയത്താണ് സംഭവിക്കുന്നത് എന്നത് തീർത്തും ആകസ്മികമാകാൻ വഴിയില്ല.

**കാശ്മീരും ഭരണഘടനയും**

കാശ്മീരിനെ സംബന്ധിച്ച് ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള 370, 35(A) വകുപ്പുകൾ താൽക്കാലികമാണെന്ന് ഭരണഘടനയിൽ സൂചിപ്പിച്ചിട്ടുണ്ടത്രേ; വാസ്തവത്തിൽ ഭരണഘടനയിൽ ഈ വകുപ്പ് എങ്ങിനെ വന്നുവെന്ന് വിശദീകരിച്ചാൽ മാത്രമേ കാര്യങ്ങൾക്ക് തെളിച്ചമുണ്ടാവുകയുള്ളൂ. കാശ്മീർ രാജാവിനെ യുദ്ധത്തിൽ സഹായിച്ചതിന്റെ മുന്നോടിയായി ഇന്ത്യയുണ്ടാക്കിയ കരാറും ആ കരാറിനെ അംഗീകരിക്കാത്ത പാകിസ്ഥാൻ നിലപാടുമാണ് ഇന്ത്യൻ ഭരണഘടന തയ്യാറാക്കുന്നവരുടെ മുന്നിലുണ്ടായിരുന്നത്. അവരെ സംബന്ധിച്ചിടത്തോളം കാശ്മീർ ഇന്ത്യയുടെ ഭാഗമായിക്കഴിഞ്ഞിട്ടില്ല. എന്നാൽ രാജാവ് ഇന്ത്യയുമായുണ്ടാക്കിയ കരാറനുസരിച്ച് ചില പ്രധാന കാര്യങ്ങൾ ഇന്ത്യാഗവൺമെന്റിന്റെ നിയന്ത്രണത്തിലാണുതാനും. ഇത് കാശ്മീരിന്റെ സ്ഥാനത്തെ സന്ദിഗ്ധമാക്കി. ഈ സന്ദിഗ്ധത വെളിപ്പെടുത്തുന്നതായിരുന്നു 1949 ഒക്ടോ. 17 ന്

ആർട്ടിക്കിൾ 370 അവതരിപ്പിച്ചുകൊണ്ട് ഗോപാലസ്വാമി അയ്യങ്കാർ നടത്തിയ പ്രസംഗം. ''ഞാൻ സൂചിപ്പിച്ചതുപോലെ കാശ്മീരിലെ അവസ്ഥ വ്യത്യസ്തമാണ്. ആയതിനാൽ അത് സവിശേഷമായ പരിചരണം ആവശ്യപ്പെടുന്നു. സവിശേഷ സാഹചര്യമെന്താണെന്ന് ഞാനൊന്ന് ചുരുക്കിപ്പറയാം. ജമ്മു-കാശ്മീർ സംസ്ഥാനത്തിന്റെ അതിർത്തിക്കുള്ളിൽ ഒരു യുദ്ധം നടന്നുകൊണ്ടിരിക്കുന്നു എന്നതാണ്'' ഒന്നാമത്തെ കാര്യം. ഈ വർഷത്തിന്റെ ആരംഭത്തിൽ അവിടെ ഒരു വെടിനിർത്തലിനുള്ള ധാരണയുണ്ടായി. ആ സ്ഥിതി തുടരുന്നു. എന്നാൽ സംസ്ഥാനത്തിനകത്തെ സാഹചര്യം ഇപ്പോഴും അസാധാരണവും അസ്വാഭാവികവുമായി തുടരുന്നു. പ്രശ്നങ്ങൾ അവസാനിച്ചിട്ടില്ല. മറ്റ് സംസ്ഥാനങ്ങളുടേതുപോലുള്ള സ്ഥിതിയിലേക്ക് വരാൻ കാശ്മീരിന് ഇനിയും ശ്രമം തുടരേണ്ടതുണ്ട്. ആ പ്രദേശത്തിന്റെ ഒരു വിഭാഗം ഇപ്പോഴും ശത്രുക്കളുടെ കയ്യിലാണ്. ജമ്മു-കാശ്മീർ പ്രശ്നത്തിന്റെ കാര്യത്തിൽ നാം ഐക്യരാഷ്ട്രസഭയോടും കടപ്പെട്ടിരിക്കുന്നു. ഈ ഊരാക്കുടുക്കിൽനിന്ന് എന്ന് മോചിതമാകുമെന്ന് പറയാൻ കഴിയില്ല. കാശ്മീർ പ്രശ്നം തൃപ്തികരമായി പരിഹരിച്ചാൽ മാത്രമേ അത് സംഭവിക്കൂ. മാത്രമല്ല കാശ്മീരിലെ ജനതയോട് ഇന്ത്യാഗവർമെണ്ട് ചില കാര്യങ്ങളിൽ കടപ്പെട്ടിരിക്കുന്നു. കാശ്മീരിലെ ജനതക്ക് ഇന്ത്യൻ യൂണിയനോട് ചേരണോ വേണ്ടയോ എന്ന് തീരുമാനിക്കാനുള്ള അവസരം നൽകുമെന്ന് നാം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിനായി ഒരു ഹിതപരിശോധന നടത്തേണ്ടതുണ്ട്. എന്നാൽ സമാധാനാന്തരീക്ഷം പുനഃസ്ഥാപിച്ചാൽ മാത്രമേ ഈ ഹിതപരിശോധന നിഷ്പക്ഷമായി നടന്നു എന്ന് പറയാനാവൂ. അതേവിധം അവിടുത്തെ ജനതയുടെ ഇച്ഛയെ പ്രകടിപ്പിക്കാൻ കഴിയും വിധം കാശ്മീരിന് ഒരു അസംബ്ലിയുണ്ടാകുമെന്നും അതിന്റെ തീരുമാനപ്രകാരമേ കേന്ദ്രഗവർമ്മെണ്ടിന് അധികാരപരിധി തീരുമാനിക്കാൻ കഴിയൂ എന്നും നാം വാക്കു കൊടുത്തിട്ടുണ്ട്. ഇപ്പോൾ പ്രജാസഭ എന്ന പേരിലറിയപ്പെടുന്ന നിയമസഭ നിശ്ചലമാണ്. സമാധാനാന്തരീക്ഷം പുലരാതെ ഈ പ്രജാസഭക്ക് ഇനി പ്രവർത്തിക്കാൻ കഴിയില്ല. ആയതിനാൽ സംസ്ഥാനത്തെ ഏറ്റവും വലിയ കക്ഷിയുടെ പ്രതിനിധികൾ ഉൾപ്പെടുന്ന മന്ത്രിസഭയോട് ഇക്കാര്യങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട്. ഒരു നിയമസഭ രൂപപ്പെടുന്നതിന്റെ ഇടവേളയിൽ ചില താൽക്കാലിക സംവിധാനങ്ങൾ ഉണ്ടാക്കാൻ മാത്രമേ കഴിയൂ. ഇത് മറ്റ് സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായ അവസ്ഥയാണ്. ചുരുക്കത്തിൽ കാശ്മീരിനെ പ്രതി ഒരു താൽക്കാലിക സംവിധാനം ഒരുക്കാൻ മാത്രമേ നമുക്കിപ്പോൾ കഴിയൂ. 306 A (ഇതാണ് പിന്നീട് 370 ആയത്) വകുപ്പ് ഈയർത്ഥത്തിൽ രൂപംകൊടുത്തതാണ്.

കാശ്മീരിൽ ഹിതപരിശോധന നടത്തുന്നതുവരെ, കാശ്മീർ പ്രശ്നം തൃപ്തികരമായി പരിഹരിക്കുന്നതുവരെ, നിലനിൽക്കുന്ന താൽക്കാലിക/ഇടക്കാല വകുപ്പാണ് 306 A''.

ഗോപാലസ്വാമി ഇത് അവതരിപ്പിച്ചപ്പോൾ ഏറെ ചർച്ചയോ തർക്കങ്ങളോ ഇല്ലാതെ പാർലമെന്റ് ഏകകണ്ഠമായി അംഗീകരിക്കുകയാണുണ്ടായത്. അദ്ദേഹം തന്റെ പ്രഭാഷണത്തിൽ സൂചിപ്പിച്ചതുപോലെ കാശ്മീരി ജനതക്കിടയിൽ ഹിതപരിശോധന നടത്തി, കാശ്മീർ പ്രശ്നം സമാധാനപൂർവ്വം പരിഹരിച്ചതിനുശേഷമേ 370-ാം വകുപ്പ് പിൻവലിക്കാനാവൂ. ഇവ രണ്ടും നടന്നു കഴിഞ്ഞിട്ടില്ല. 370-ാം വകുപ്പിന് രൂപം നൽകുമ്പോഴുള്ള സാഹചര്യം കൂടുതൽ വഷളാവുകയാണ് ചെ

യ്തത്. സാഹചര്യം നിലനിൽക്കുന്നിടത്തോളം വകുപ്പും നിലനിൽക്കുമെന്നാണ് ഗോപാലസ്വാമി അയ്യങ്കാർ സൂചിപ്പിച്ചത്. അതാണ് 'താൽക്കാലികം' എന്നതിന്റെ അർത്ഥം. എന്തുകാര്യവും കാശ്മീരിലെ നിയമസഭയുടെ അഭിപ്രായം കണക്കിലെടുത്തേ ചെയ്യൂ എന്നും അദ്ദേഹം ഉറപ്പുനൽകുന്നുണ്ട്. കാശ്മീരികളെ മുഴുവൻ തടവിലാക്കി, നിയമസഭ പിരിച്ചുവിട്ട് ഭരണകൂട ഭീകരതയുടെ തണലിൽ 370–ാം വകുപ്പ് എടുത്തുകളഞ്ഞത് ഒരർത്ഥത്തിലും ഗോപാലസ്വാമി അയ്യങ്കാർ പാർലമെന്റിൽ നടത്തിയ പ്രഖ്യാപനത്തിലെ ഉറപ്പുകൾക്ക് നിരക്കുന്നതല്ല.

മറ്റൊരു പ്രധാനവാദം 35(A) എന്ന വകുപ്പിനെക്കുറിച്ചാണ്. കാശ്മീരിൽ ഭൂമി ക്രയവിക്രയം ചെയ്യുന്നതിനും മറ്റും ഏർപ്പെടുത്തിയ ചില നിയന്ത്രണങ്ങൾ കാശ്മീരി ജനതയുടെ പ്രത്യേക അവകാശമായാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്. ഇത് കാശ്മീരിനുമാത്രമുള്ള ഒരു ഔദാര്യമായാണ് പലരും അവതരിപ്പിക്കുന്നത്. വാസ്തവത്തിൽ ഇന്ത്യൻ ഫെഡറലിസത്തെപ്പറ്റി ധാരണയില്ലാത്തതുകൊണ്ടാണ് ഇങ്ങനെ വാദിക്കുന്നത്.

വാസ്തവത്തിൽ ഇന്ത്യൻ ഫെഡറൽ സംവിധാനം തികവുറ്റ ഒന്നാണെന്ന് പറയാനാവില്ല. ചില ഫെഡറൽ സ്വഭാവങ്ങളുള്ള യൂണിറ്ററി സംവിധാനമെന്നേ ഇന്ത്യയെക്കുറിച്ച് പറയാനാവൂ. ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ വശങ്ങൾ ഭരണഘടനയിൽ ഉൾക്കൊള്ളിക്കാൻ ഭരണഘടനാ നിർമ്മാതാക്കൾക്ക് പ്രേരകമായത് സ്വാതന്ത്ര്യലബ്ധിയുടെ വേളയിലെ വിഭജനത്തിന്റെ അനുഭവമാണ്. ''പാർലമെന്റ് മുഖേന സംസ്ഥാനങ്ങളെ പുനഃസംഘടിപ്പിക്കുവാൻ കേന്ദ്രത്തിന് അധികാരമുണ്ട്. സംസ്ഥാന നിയമ നിർമാണസഭകൾ പാസാക്കുന്ന നിയമങ്ങൾക്ക് അംഗീകാരം നൽകാതിരിക്കാൻ കേന്ദ്രം നിയമിച്ച ഗവർണർമാർക്ക് സാധിക്കും. സംസ്ഥാനങ്ങൾ നിർമിച്ച നിയമങ്ങൾ ദേശീയ താൽപര്യം മുൻനിർത്തി പാർലമെന്റിന് മറികടക്കാം. സംസ്ഥാന സർക്കാർ രൂപീകരണത്തിൽ ഗവർണർക്ക് പങ്കുവഹിക്കാൻ കഴിയും. ഭരണഘടനയുടെ 356 –ാം അനുച്ഛേദപ്രകാരം സംസ്ഥാന ഗവർമെണ്ടുകളെ പിരിച്ചുവിടുന്നതിനുള്ള അധികാരം കേന്ദ്രത്തിൽ നിക്ഷിപ്തമാണ്. പ്രധാന നികുതി നിർണ്ണയാധികാരങ്ങൾ കേന്ദ്രഭരണത്തിനാണ്. യൂണിറ്ററിയായി മാറിയ ഈ സ്വഭാവവിശേഷങ്ങൾക്കൊപ്പം തന്നെ കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിൽ പങ്കിടുന്ന വിഷയങ്ങളും ഒരു സംയുക്ത പട്ടികയുമുണ്ട്. ഒരു ഫെഡറൽ സംവിധാനത്തിലെന്നപോലെ കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾ ജുഡീഷ്യൽ പരിശോധനക്ക് വിധേയവുമാണ്. മൊത്തത്തിലെടുത്താൽ, യൂണിറ്ററിയായ തന്ത്രപ്രധാന മേഖലക്കുമേൽ കെട്ടിപ്പടുത്ത ഫെഡറൽ സ്വഭാവവിശേഷങ്ങളോടുകൂടിയതാണ് ഇന്ത്യൻ രാഷ്ട്രീയവ്യവസ്ഥ'' (പ്രകാശ് കാരാട്ട്, 2006ൽ എഴുതിയ ലേഖനത്തിൽനിന്ന്)

ഫെഡറലിസത്തിനുമേൽ, യൂണിറ്ററിക്ക് ലഭിച്ച ഈ മേൽക്കൈ ഇന്ത്യയിൽ ദേശീയോദ്ഗ്രഥനത്തിന് പലപ്പോഴും ഭീഷണിയായിത്തീർന്നിട്ടുണ്ട്. പ്രാദേശിക രാഷ്ട്രീയകക്ഷികളുടെ അഭൂതപൂർവ്വമായ വളർച്ച, വിഘടനവാദം എന്നിവയെല്ലാം ഇതിന്റെ ഫലമാണ്. കോൺഗ്രസിന്റെ തളർച്ചയും പ്രാദേശികകക്ഷികളുടെ വളർച്ചയും അധികാര കേന്ദ്രീകരണത്തെ ഒരു പരിധിവരെ തടയുന്നതിന് സഹായകമായി. എന്നാൽ ബി.ജെ.പി. ഒറ്റകക്ഷി എന്ന നിലക്ക് ഭരണത്തിലെത്തുമ്പോൾ, ഇന്ത്യൻ ഭരണകൂടത്തിന്റെ ഫെഡറൽ സംവിധാനം തകരുകയും യൂണിറ്ററി

ഭരണത്തിന് മേൽക്കൈ ലഭിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം നവ ഉദാര സാമ്പത്തികനയങ്ങൾ സംസ്ഥാനങ്ങളുടെ നില കൂടുതൽ പാപ്പരാക്കുന്നു. കേന്ദ്രത്തെ അമിതമായി ആശ്രയിക്കുന്ന അനുബന്ധ ഭരണസംവിധാനമായി സംസ്ഥാനഭരണം മാറുന്നു.

ഇന്ത്യയിൽ പ്രാദേശിക - ഇടതുപക്ഷ കക്ഷികളുടെ സമ്മർദ്ദത്തിന്റെ ഫലമായി ചില സംസ്ഥാനങ്ങൾക്ക് പ്രത്യേക പദവി നൽകിയിട്ടുണ്ട്. അത് കാശ്മീരിന് മാത്രമുള്ള ഒരു സവിശേഷതയല്ല. കോൺഗ്രസിന്റെ അധികാര കേന്ദ്രീകരണത്തിനെതിരെ വിവിധ കാലങ്ങളിൽ ഉയർന്നുവന്ന പ്രസ്ഥാനങ്ങളാണ് സംസ്ഥാനങ്ങൾക്ക് സവിശേഷാവകാശങ്ങൾ നൽകാൻ കേന്ദ്രഗവൺമെന്റിനെ പ്രേരിപ്പിച്ചത്. 371 (മഹാരാഷ്ട്ര, ഗുജറാത്ത്), 371 A (നാഗാലാന്റ്), 371 B (ആസാം), 371 C (മണിപ്പൂർ), 371 D (ആന്ധ്രാപ്രദേശ്), 371 F (സിക്കിം), 371 G (മിസോറാം), 371 H (അരുണാചൽ പ്രദേശ്) എന്നിവയെല്ലാം കാശ്മീരിന്റെ കാര്യത്തിലെന്നപോലെ സവിശേഷാധികാരങ്ങൾ അതത് സംസ്ഥാനങ്ങൾക്കു നൽകുന്ന വകുപ്പുകളാണ്. ഇവയിൽ പലതും സംസ്ഥാനങ്ങൾക്കോ അതിന്റെ ചില പ്രദേശങ്ങൾക്കോ സ്വയംഭരണത്തിനുള്ള അവകാശം നൽകുന്നുണ്ട്. അതേവിധം ആസ്സാം, മേഘാലയ, ത്രിപുര, മിസോറാം എന്നീ സംസ്ഥാനങ്ങളിൽ സ്വയംഭരണാവകാശമുള്ള ജില്ലകളോ പ്രവിശ്യകളോ ഉണ്ടാക്കാനുള്ള ഭരണഘടനാനുമതിയുണ്ട്. ആ ജില്ലകളിലെ/പ്രവിശ്യകളിലെ ക്രിമിനൽ/സിവിൽ നിയമങ്ങളും സ്വത്തവകാശ നിയമങ്ങളും അവർക്കു തന്നെ നിർമ്മിക്കാൻ അവകാശമുണ്ട്. ഇതനുസരിച്ച് ആസ്സാമിൽ കർബി - ആംഗ്ലോങ് സ്വയംഭരണ കൗൺസിൽ, ദിമ-ഹസാവോ ജില്ലാ സ്വയംഭരണ കൗൺസിൽ, ബോഡോലാന്റ് പ്രാദേശിക സ്വയംഭരണ കൗൺസിൽ എന്നിവ പ്രവർത്തിക്കുന്നുണ്ട്. ബംഗാളിലെ ദാർജിലിങ് ഗൂർഖാ ഹിൽ കൗൺസിൽ ഇതേ ഷഡ്യൂൾ പ്രകാരം നിലവിൽ വന്നതാണ്.

ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തിന്റെ ദൗർബല്യത്തിനെതിരെ വിവിധ കാലങ്ങളിൽ ഉയർന്നുവന്ന പ്രയോഗങ്ങളാണ് ഈ പ്രത്യേക വകുപ്പുകൾ ഉൾപ്പെടുത്തുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയത്. ഇപ്രകാരം പ്രത്യേകവകാശങ്ങൾ നിലനിൽക്കുന്ന നിരവധി പ്രദേശങ്ങൾ ഇന്ത്യയിൽ നിലനിൽക്കുന്നുണ്ടെന്നിരിക്കെ, കശ്മീരിന്റെ കാര്യത്തിൽ മാത്രം എന്തിനായിരുന്നു ഇത്ര ധൃതി? അത് തീർച്ചയായും ഒരു വർഗ്ഗീയ അജണ്ടയുടെ ഭാഗമാണ്. കാശ്മീർ മുസ്ലീം ഭൂരിപക്ഷ പ്രദേശമാണ്. അവർക്കുള്ള പ്രത്യേകാവകാശം എടുത്തുകളയുക വഴി ഹിന്ദുത്വരാഷ്ട്രീയത്തെ തൃപ്തിപ്പെടുത്താൻ തങ്ങൾക്കു കഴിയുമെന്ന് മോദിക്കും അമിതാഷാക്കും അറിയാം. മുത്തലാഖ്, ദേശസുരക്ഷാനിയമം എന്നിവക്ക് പിന്നാലെ 370-ാം വകുപ്പ് ധൃതിപിടിച്ച് നടപ്പിലാക്കിയത് ഇന്ത്യയെ ഹിന്ദു/മുസ്ലീം എന്ന രീതിയിൽ വെട്ടിപ്പിളർക്കാനും ഭൂരിപക്ഷത്തിന്റെ പിന്തുണ ഉറപ്പിക്കാനുമാണ്.

### കാശ്മീർ : ആഭ്യന്തര കോളനിവൽക്കരണത്തിന്റെ മാതൃക

ഹിന്ദുത്വവാദികൾ അവരുടെ വിദ്വേഷപ്രചരണത്തിന് എക്കാലത്തും കാശ്മീരിനെ ഉപയോഗിച്ചിട്ടുണ്ട്. ബി.ജെ.പി ഒരു ഹ്രസ്വകാലം കാശ്മീരിലെ പി.ഡി.പി എന്ന പാർട്ടിയുമായി മുന്നണിയുണ്ടാക്കി ഭരണം നിലനിർത്തുകയുണ്ടായി. 2014

മെയിൽ ബി.ജെ.പി കേന്ദ്രത്തിൽ അധികാരത്തിൽ വന്ന് ഏതാണ്ട് ആറുമാസം കഴിഞ്ഞാണ് കാശ്മീർ അസംബ്ലി തെരഞ്ഞെടുപ്പ് നടക്കുന്നത്. ഈ തെരഞ്ഞെടുപ്പിൽ ബി.ജെ.പി ജമ്മുവിൽനിന്ന്(ഹിന്ദു ഭൂരിപക്ഷപ്രദേശം) 25 സീറ്റ് നേടി വിജയിച്ചു. എന്നാൽ കാശ്മീരിൽ അവർക്ക് സീറ്റൊന്നും കിട്ടിയില്ല. തുടർന്നാണ് പി.ഡി.പി.യുമായി ചേർന്ന് ഒരു കൂട്ട മന്ത്രിസഭയുണ്ടാക്കിയത്. കെട്ടിവെച്ച തുകപോലും നഷ്ടമാകുന്ന തരത്തിലുള്ള തിരിച്ചടിയാണ് ബി.ജെ.പി.ക്ക് കാശ്മീരിലെ ജനങ്ങൾ നൽകിയതെങ്കിലും കേന്ദ്രം ബി.ജെ.പി. ഭരിക്കുന്നതുകൊണ്ട്, ബി.ജെ.പി–പി.ഡി.പി. ബാന്ധവം കാശ്മീരിന്റെ വികസനത്തിന് സഹായകമാകുമെന്ന് അവർ സങ്കൽപിച്ചു. എന്നാൽ അതൊന്നും സംഭവിച്ചില്ലെന്ന് മാത്രമല്ല ചരിത്രത്തിൽ ഇന്നുവരെ കാണാത്ത അധിനിവേശമാണ് കാശ്മീരി ജനതക്കുമേൽ ഇപ്പോൾ ഇന്ത്യ നടത്തിയിരിക്കുന്നത്.

ഇന്ത്യയുമായുള്ള ബന്ധം ഇത്രയൊക്കെ വഷളായിട്ടും പാക്കിസ്ഥാൻ ആനുകൂല്യമുള്ള ചെറുപ്പക്കാർ കാശ്മീർ താഴ്‌വരയിൽ ഇപ്പോഴും കുറവാണ്. കാരണം പാക്കിസ്ഥാൻ തകർന്നടിഞ്ഞ രാജ്യമാണെന്നും അതുമായി ചേർന്നുകൊണ്ട് കാശ്മീരിന് നേട്ടമൊന്നും ഉണ്ടാക്കാൻ കഴിയില്ലെന്നും അവർ വിശ്വസിക്കുന്നു. ആർട്ടിക്കിൾ 370ലാണ് അവരുടെ പൂർണ്ണവിശ്വാസം. അത് സംരക്ഷിക്കപ്പെട്ടാൽ കാശ്മീരിന്റെ പിന്നോക്കാവസ്ഥ മറികടക്കാൻ കഴിയുമെന്ന ഉത്തമബോധ്യമാണ് അവർക്കുള്ളത്. കഴിഞ്ഞവർഷം താൻ നടത്തിയ സർവ്വേക്കിടയിൽ ഒരു മധ്യവയസ്കൻ ഇപ്രകാരം പറഞ്ഞതായി അജയ്ഗുഡവർത്തി രേഖപ്പെടുത്തുന്നു: ''ദുനിയാ കി കോയി താഖത്ത് ആർട്ടിക്കിൾ 370 കോ ഹതാ നഹീം സക്തെ. ജോ യെ ഹസെ യേംഗെ അബ് വഖത് ഇൻക്വിലാബ് ആയേഗാ.'' (ലോകത്തിലെ ഒരു ശക്തിക്കും ആർട്ടിക്കിൾ 370 എടുത്തുമാറ്റാൻ കഴിയില്ല. അതിനാരെങ്കിലും ശ്രമിച്ചാൽ അവർക്ക് വലിയ തിരിച്ചടി നേരിടേണ്ടിവരും.) ആർട്ടിക്കിൾ 370 എടുത്തുമാറ്റാനുള്ള ശ്രമം രക്തരൂക്ഷിതമായിരിക്കുമെന്നും അത് 2008ലെ 'റഗ്ദോ റഗ്ദോ' കലാപത്തേക്കാൾ തീവ്രമായിരിക്കുമെന്നും ചിലർ മുന്നറിയിപ്പ് നൽകിയതായും ഗുഡവർത്തി തന്റെ കുറിപ്പിൽ പറയുന്നുണ്ട്. അമർനാഥ് തീർത്ഥാടകർക്ക് ഭൂമി അനുവദിക്കാനുള്ള ശ്രമത്തിനെതിരെ കാശ്മീരിൽ നടന്ന സമരമാണ് 'റഗ്ദോ റഗ്ദോ' എന്നത്.

**ഹിന്ദുത്വവാദികൾ അവരുടെ വിദ്വേഷപ്രചരണത്തിന് എക്കാലത്തും കാശ്മീരിനെ ഉപയോഗിച്ചിട്ടുണ്ട്. ബി.ജെ.പി ഒരു ഹ്രസ്വകാലം കാശ്മീരിലെ പി.ഡി.പി എന്ന പാർട്ടിയുമായി മുന്നണിയുണ്ടാക്കി ഭരണം നിലനിർത്തുകയുണ്ടായി.**

### കാശ്മീരും വികസനവും

കാശ്മീരാണ് രാജ്യത്തിലേറ്റവും പിന്നോക്കം നിൽക്കുന്ന സംസ്ഥാനമെന്നാണ് അമിത്ഷാ പറയുന്നത്. കാശ്മീരിന്റെ വികസന മുരടിപ്പില്ലാതാക്കി, അവിടെ പുതുവസന്തം സൃഷ്ടിക്കാനാണത്രേ 370–ാം വകുപ്പ് എടുത്തു കളഞ്ഞത്. ഈ വാദത്തിൽ എത്രമാത്രം കഴമ്പുണ്ട്?

കാശ്മീരിൽ ഷേക്ക് ആദ്യമായി അധികാരത്തിൽ വന്നപ്പോൾ 'നയാ കാശ്മീർ' എന്ന പദ്ധതിക്ക് രൂപംനൽകി. അതിലേറ്റവും പ്രധാനപ്പെട്ടത് ഭൂപരിഷ്കരണമായിരുന്നു. ഭൂസ്വാമിമാർക്ക് കൈവശം വെക്കാവുന്ന ഭൂമിക്ക് പരിധി കൽപ്പിക്കുകയും ബാക്കിയുള്ളത് പ്രതിഫലം നൽകാതെ സർക്കാർ പിടിച്ചെടുക്കുകയും ചെയ്തുകൊണ്ടാണ് കാശ്മീരിൽ ഭൂപരിഷ്കരണം നടപ്പാക്കിയത്. ഇത് വാസ്തവത്തിൽ ഇന്ത്യൻ ഭരണവർഗ്ഗത്തെത്തന്നെ ഞെട്ടിച്ചു കളഞ്ഞു. ഈ നടപടി നിർത്തിവെക്കണമെന്നും ചർച്ചക്കായി ദില്ലിയിലേക്ക് വരണമെന്നും ഇന്ത്യൻ യൂണിയൻ പ്രസിഡന്റ് രാജേന്ദ്രപ്രസാദ്, ഷേക്ക് അബ്ദുള്ളയോട് ആവശ്യപ്പെട്ടു. എന്നാൽ ഇത് കാശ്മീരിന്റെ ആഭ്യന്തരകാര്യമാണെന്നും ഇന്ത്യക്ക് അതിലിടപെടാൻ അവകാശമില്ലെന്നും ഷേക്ക് അബ്ദുള്ള അറിയിച്ചു. ന്യൂനപക്ഷം വരുന്ന ചില പണ്ഡിറ്റുകളുടെ കൈവശമായിരുന്നു ഭൂമിയലധികവും. ഭൂപരിഷ്കരണം ഷേക്ക് അബ്ദുള്ളയുടെ ജനപിന്തുണ വർധിപ്പിച്ചെങ്കിലും അത് കാശ്മീരിലെ ഹിന്ദുസംഘടനയേയും രാജാവിനെയും ഒരു വലിയ അളവോളം ഇന്ത്യൻ ഭരണകൂടത്തേയും ചൊടിപ്പിച്ചു. ഭൂപരിഷ്കരണത്തിന്റെ ഫലം കാശ്മീരിന്റെ തുടർന്നുള്ള വികസനത്തിലും പ്രകടമായി.

**കാശ്മീരിൽ ഷേക്ക് ആദ്യമായി അധികാരത്തിൽ വന്നപ്പോൾ 'നയാ കാശ്മീർ' എന്ന പദ്ധതിക്ക് രൂപംനൽകി. അതിലേറ്റവും പ്രധാനപ്പെട്ടത് ഭൂപരിഷ്കരണമായിരുന്നു. ഭൂസ്വാമിമാർക്ക് കൈവശം വെക്കാവുന്ന ഭൂമിക്ക് പരിധി കൽപ്പിക്കുകയും ബാക്കിയുള്ളത് പ്രതിഫലം നൽകാതെ സർക്കാർ പിടിച്ചെടുക്കുകയും ചെയ്തുകൊണ്ടാണ് കാശ്മീരിൽ ഭൂപരിഷ്കരണം നടപ്പാക്കിയത്.**

കാശ്മീരാണ് രാജ്യത്തേറ്റവും പിന്നോക്കം നിൽക്കുന്ന സംസ്ഥാനമെന്ന അമിത്ഷായുടെ വാദത്തെ പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ ജീൻ ഡ്രേസെ ഖണ്ഡിക്കുന്നു. (ഏറെക്കാലമായി കാശ്മീരിനെക്കുറിച്ച് പഠിക്കുന്ന യൂറോപ്യൻ ഗവേഷകനാണ് ഡ്രേസെ). അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വികസന കാര്യത്തിൽ ഗുജറാത്തിനേക്കാൾ എത്രയോ മുന്നിലാണ് കാശ്മീർ. കാശ്മീരിന് ഈ നേട്ടം കൈവരിക്കാനായത് 1950കളിലെ ഭൂപരിഷ്കരണംകൊണ്ടാണ്. അത് ചെയ്യാൻ കാശ്മീർ ഗവൺമെന്റിന് കഴിഞ്ഞതും 370-ാം വകുപ്പ് ഉണ്ടായതുകൊണ്ടാണ്.

ആയുർദൈർഘ്യം, പെൺകുട്ടികളുടെ വിദ്യാഭ്യാസം, ഗ്രാമങ്ങളിലെ കൂലി എന്നിങ്ങനെ ഏത് സൂചകമെടുത്താലും കാശ്മീർ ഗുജറാത്തിനേക്കാൾ ഏറെ മുന്നിലാണെന്ന് കാണാം. ഗുജറാത്തിനെയാണല്ലോ വികസനത്തിന്റെ പരമരൂപമായി ഇന്ത്യാഗവൺമെന്റ് അവതരിപ്പിക്കുന്നത്. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടിയുടെ മരണനിരക്ക് ഗുജറാത്തിൽ 33% ആണെങ്കിൽ കാശ്മീരിൽ അത് 26% ആണ്. കുട്ടികളുടെ സമ്പൂർണ്ണ പ്രതിരോധകുത്തിവെപ്പിന്റെ അളവ് ഗുജറാത്തിൽ 50% ആണെങ്കിൽ ജമ്മുകാശ്മീരിലത് 75% ആണ്. ഗുജറാത്തിൽ ദാരിദ്ര്യരേഖക്കടിയിലുള്ളവർ 22% ആണെങ്കിൽ ജമ്മുകാശ്മീരിൽ അത് 12% ആണ്. ഗുജറാത്തിൽ ഒരു ഗ്രാമീണതൊഴിലാളിയുടെ കൂലി 116 രൂപയാണെങ്കിൽ കാശ്മീരിൽ 209 രൂപയാണ്.

1944ൽ നാഷണൽ കോൺഫറൻസ് അംഗീകരിച്ച് ഷേക്ക് അബ്ദുള്ള അധി

കാരത്തിൽവന്നപ്പോൾ നടപ്പാക്കാനറിയിച്ചതും പാതിവഴിയിൽ നിലച്ചുപോയതുമായ 'നയാകാശ്മീർ' പദ്ധതിയുടേയും അതിന്റെ ഭാഗമായ ഭൂപരിഷ്കരണത്തിന്റേയും സദ്ഫലമാണ് മേൽപ്പറഞ്ഞ നേട്ടങ്ങൾ എന്നോർമ്മിക്കണം. ആയതിനാൽ കാശ്മീരിൽ വികസനമില്ലെന്നും അതുകൊണ്ടുവരാനാണ് 370-ാം വകുപ്പ് എടുത്തുകളഞ്ഞതെന്നുമുള്ള വാദം തീർത്തും അസംബന്ധമാണ്.

**നോക്കുകുത്തിയായ 370-ാം വകുപ്പ്**

കാശ്മീരിന്റെ സ്വയംഭരണ കാര്യത്തിൽ കോൺഗ്രസ് ഒരിക്കലും പ്രതിബദ്ധത സൂക്ഷിച്ചിട്ടില്ല. ഷേക്ക് അബ്ദുള്ള അധികാരത്തിൽ വന്നപ്പോൾ രാജാവിന്റെ അധികാരങ്ങൾ പരിമിതപ്പെടുത്തി പിന്നീടുദ്ദേശം സദർ-ഇ-റിയാസത് എന്ന പേരിൽ അറിയപ്പെട്ടു. രാജാവിന്റെ അധികാരം നഷ്ടപ്പെടുകയും ജനായത്ത ഭരണം ശക്തിപ്പെടുകയും ചെയ്തതോടെ കാശ്മീരിലെ ഹിന്ദുത്വവാദികൾ തീർത്തും പ്രകോപിതരായി. ആർ. എസ്. എസ്. നേതാവ് പ്രേംനാഥ് ദോഗ്രയുടെ നേതൃത്വത്തിൽ ഇതിനെതിരെ നിരവധി അക്രമസമരങ്ങൾ സംഘടിപ്പിച്ചു. ഈ സമരങ്ങളുടെ പശ്ചാത്തലത്തിൽ ഷേക്ക് അബ്ദുള്ള നിയമസഭയിൽ നടത്തിയ പ്രഭാഷണത്തിലെ ചില വസ്തുതകൾ ഇപ്പോഴും പ്രസക്തമാണ്. അദ്ദേഹം പറഞ്ഞു: 'കാശ്മീർ ഇന്ത്യയുമായി ചേരുന്നതിന്റെ ഗുണവും ദോഷവുമുണ്ട്. ഇന്ത്യ മതനിരപേക്ഷ രാജ്യമായതുകൊണ്ട് കാശ്മീരിലെ മുസ്ലീങ്ങൾ മതപരമായി വേട്ടയാടപ്പെടുമെന്ന് ഭയക്കേണ്ടതില്ല. സാമ്പത്തിക മേഖലയിലും ഇന്ത്യയുമായുള്ള ബന്ധമാണ് കാശ്മീരിന് കൂടുതൽ ഗുണം ചെയ്യുക. എന്നാൽ വേണ്ടത്ര ഗതാഗതസൗകര്യമില്ലാത്തത് ഇന്ത്യയുമായി ബന്ധമുണ്ടാക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു. ഇന്ത്യയിലെന്നെങ്കിലും ഹിന്ദുത്വവാദികൾ അധികാരത്തിൽ വന്നാൽ അത് കാശ്മീരിനെ അപകടത്തിലാക്കും. അങ്ങിനെ ഒരിക്കലും സംഭവിക്കില്ലെന്ന് പ്രത്യാശിക്കാം'.

ഷേക്ക് അബ്ദുള്ളയെ അന്ന് ഭയപ്പെട്ടതാണ് ഇന്ന് ഇന്ത്യയിൽ സംഭവിച്ചിരിക്കുന്നത്. ഇന്ത്യൻ മതേതരത്വം കാശ്മീർ ജനതക്ക് നൽകിയ ആത്മവിശ്വാസമാണ് ഷേക്ക് അബ്ദുള്ളയുടെ വാക്കുകളിൽ സ്ഫുരിച്ചത്. രാജാവ് ഇന്ത്യൻ യുണിയനുമായുണ്ടാക്കിയ കരാറിൽ നിരവധി അവ്യക്തകൾ നിലനിന്നിരുന്നു. ദേശീയ പതാക, ഇന്ത്യൻ ഭരണ ഘടനയിലെ മൗലികാവകാശങ്ങൾ, സദർ-ഇ-റിയാസത്തിന് ഇന്ത്യൻ യൂണിയനുമായുള്ള ബന്ധം എന്നിവയെല്ലാം ഒരു പ്രശ്നമായി തുടർന്ന പശ്ചാത്തലത്തിൽ 1952 ജൂലായ് 24ന് കാശ്മീർ പ്രധാനമന്ത്രിയും ഇന്ത്യൻ പ്രധാനമന്ത്രിയും ഒപ്പിട്ട കരാറാണ് ''ദില്ലികരാർ''. ഇതനുസരിച്ച് :

1) ഇന്ത്യൻ ദേശീയ പതാകക്കും സുപ്രീം കോടതിയുടെ അധികാരങ്ങൾക്കും അർഹമായ സ്ഥാനം നൽകാൻ കാശ്മീർ ഭരണഘടനയിൽ വ്യവസ്ഥയുണ്ടാക്കണമെന്ന് ധാരണയായി.
2) സദർ-ഇ-റിയാസത്തിനെ കാശ്മീർ നിയമസഭ തീരുമാനിക്കും. പക്ഷെ അത് പ്രഖ്യാപിക്കുന്നത് ഇന്ത്യൻ പ്രസിഡന്റായിരിക്കും.
3) ഇന്ത്യൻ ഭരണഘടനയുടെ 350-ാം വകുപ്പനുസരിച്ച് ഇന്ത്യൻ പ്രസിഡന്റിന് കാശ്മീരിൽ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കാം. ആഭ്യന്തരക്കുഴപ്പമാണ് അതിന് കാരണമെങ്കിൽ സംസ്ഥാന നിയമസഭയുടെ അംഗീകാരം വേണം.

ഈ വിപുലമായ കരാറാണ് ഇന്ത്യയും കാശ്മീരും തമ്മിലുള്ള ബന്ധത്തിന്റെ ആധാരം. എന്നാൽ ഈ കരാറനുസരിച്ച് ഏറെക്കാലം മുന്നോട്ടു പോകാൻ ഷേക്ക് അബ്ദുള്ളക്ക് കഴിഞ്ഞില്ല. ഷേക്ക് അബ്ദുള്ളയുടെ നയപരിപാടികളോട് വിയോജിപ്പുള്ളവർ ഇന്ത്യയിലെ കോൺഗ്രസിനകത്തുനിന്നുതന്നെ രൂപപ്പെട്ട് വന്നു.

ഒരമേരിക്കൻ പ്രതിനിധിയുമായി ചർച്ച നടത്തി എന്നതിന്റെ പേരിൽ രാജ്യദ്രോഹക്കുറ്റം ചുമത്തി 1953 ആഗസ്റ്റ് 9ന് ഷേക്ക് അബ്ദുള്ളയുടെ സർക്കാരിനെ ഇന്ത്യാ ഗവൺമെന്റ് പിരിച്ചു വിട്ടു. കാശ്മീർ രാജ്യത്തിന്റെ (സദർ-ഇ-റിയാസത്) സഹായത്തോടെയാണ് ഇത് നടന്നത്. പകരം ബക്ഷി ഗുലാം മുഹമ്മദിനെ തൽസ്ഥാനത്ത് വാഴിച്ചു. ഗാന്ധി വധത്തിനുശേഷം കോൺഗ്രസ് ഗവൺമെന്റ് കാശ്മീർ പ്രശ്നത്തിൽ ഹിന്ദുത്വവാദികളുടെ സ്വാധീനത്തിന് വഴങ്ങുന്നത് കാണാം. 1964-ലാണ് ഷേക്ക് അബ്ദുള്ളയെ വിട്ടയച്ചത്. പതിനൊന്നു വർഷം അദ്ദേഹം ജയിലിൽക്കഴിഞ്ഞു. ഇടക്ക് മൂന്ന് പ്രാവശ്യം നെഹ്റുവിന്റെ ഇടപെടലിൽ അദ്ദേഹം സ്വതന്ത്രനായെങ്കിലും വീണ്ടും അറസ്റ്റ് ചെയ്യുകയുണ്ടായത്. പതിയെപ്പതിയെ ഇന്ത്യയുടെ അധിനിവേശം മനോഭാവം കാശ്മീരിജനത തിരിച്ചറിഞ്ഞു തുടങ്ങി. കടുത്ത ഹിന്ദുത്വവാദിയായ ജഗൻമോഹനെ രണ്ടുതവണ കാശ്മീർ ഗവർണ്ണറായി നിയമിച്ചു. ഒരു ദശകത്തിലേറെക്കാലം തെരഞ്ഞെടുപ്പ് നടത്താതെ കാശ്മീരി ജനതയുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന് ഇന്ത്യ വിലങ്ങ് തീർത്തു. പിന്നീട് കാശ്മീരിൽ നിരവധി പാർട്ടികളും അഭിപ്രായങ്ങളും ഉയർന്നു വന്നു. ഹൂറിയത്ത് കോൺഫറൻസുതന്നെ 28 ഓളം പാർട്ടികളും ഒരു മുന്നണിയാണ് കാശ്മീർ ഇന്ത്യയുടെ ഭാഗമാകണമെന്നാഗ്രഹിക്കുന്നവരാരും ആ മുന്നണിയിലില്ല. ബഹുഭൂരിപക്ഷവും കാശ്മീർ ഒരു സ്വതന്ത്രദേശമായി നിൽക്കണമെന്ന് ആഗ്രഹിക്കുന്നവരാണ്. പാകിസ്ഥാൻ പക്ഷപാതികളും കുറവല്ല. കാലാകാലങ്ങളായി ഇന്ത്യയുടെ ഫെഡറൽ സംവിധാനത്തെ തകർത്ത് നിക്ഷിപ്ത രാഷ്ട്രീയതാൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കോൺഗ്രസ്സ് നടത്തിയ ശ്രമങ്ങൾ തന്നെയാണ് കാശ്മീർ പ്രശ്നത്തെ ഇന്ന് ഈ ഗതിയിലെത്തിച്ചത്. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ പിരിച്ചുവിട്ടതു മുതൽ ആരംഭിക്കുന്നതാണ് ഈ കയ്യേറ്റങ്ങളുടെ ചരിത്രം. അടിയന്തരാവസ്ഥ അതിന്റെ ഏറ്റവും ശക്തമായ രൂപത്തിൽ ഇപ്പോൾ പ്രകടമായിക്കൊണ്ടിരിക്കുന്നുവെന്ന് മാത്രം. ജനാധിപത്യത്തിൽ അതിന് വിശ്വാസമില്ല. അതുകൊണ്ടാണ് 370-ാം വകുപ്പിനെ കോൺഗ്രസ് ആദ്യം നോക്കുകുത്തിയാക്കിയതും ഇപ്പോൾ ബി.ജെ.പി അതെടുത്തുകളഞ്ഞതും. 1998 ഡിസംബർ 6ന് കാശ്മീർ സന്ദർശിച്ചപ്പോൾ അന്നത്തെ പ്രധാനമന്ത്രി വാജ്പേയ് 370-ാം വകുപ്പിന്റെ ആത്മാവ് സംരക്ഷിക്കുമെന്ന് പ്രതിജ്ഞ ചെയ്തത് അമിത്ഷാ മറന്നുപോയാലും

**ഒരമേരിക്കൻ പ്രതിനിധിയുമായി ചർച്ച നടത്തി എന്നതിന്റെ പേരിൽ രാജ്യദ്രോഹക്കുറ്റം ചുമത്തി 1953 ആഗസ്റ്റ് 9ന് ഷേക്ക് അബ്ദുള്ളയുടെ സർക്കാരിനെ ഇന്ത്യാ ഗവൺമെന്റ് പിരിച്ചു വിട്ടു. കാശ്മീർ രാജ്യത്തിന്റെ (സദർ-ഇ-റിയാസത്) സഹായത്തോടെയാണ് ഇത് നടന്നത്. പകരം ബക്ഷി ഗുലാം മുഹമ്മദിനെ തൽസ്ഥാനത്ത് വാഴിച്ചു.**

ഇന്ത്യയിലെ മതനിരപേക്ഷവാദികൾക്ക് മറക്കാനാകില്ല.

കാശ്മീർത്താഴ്‌വര ഇന്ത്യയുടെ ഒരു സൈനികത്താവളമായി മാറിയിട്ട് ദശകങ്ങളായി. അതിർത്തി സംരക്ഷിക്കാനെന്ന പേരിൽ വിന്യസിക്കപ്പെട്ട പട്ടാളം കാശ്മീരി ജനതക്കെതിരെ തിരിഞ്ഞു. സ്വന്തം ജനതയെ ഉന്മൂലനം ചെയ്യുന്ന ഹിംസാത്മക ദേശീയതയാണ് ഇന്ത്യ കാശ്മീരിൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. ഹിസ്ബുൾ മുജാഹിദീൻ പ്രവർത്തകൻ ബുർഹൻവാനി 2016 ജൂലൈ 8ന് ഇന്ത്യൻ പട്ടാളത്തിന്റെ വെടിയേറ്റ് മരിച്ചു. വാനിയുടെ മരണം കാശ്മീരിലാകെ അസ്വസ്ഥത വിതച്ചു. തുടർന്നു നടന്ന പ്രക്ഷോഭത്തിലും ഏറ്റുമുട്ടലിലും 96 സിവിലിയൻമാർ കൊല്ലപ്പെട്ടു. 15000 വരുന്ന സിവിലിയന്മാർക്കും 4000 സൈനികർക്കും പരിക്കേറ്റു. ബുർഹൻ വാനി ഒരു പാക്കിസ്ഥാൻ പക്ഷപാതിയായിരുന്നു. ഇന്ത്യൻ സൈന്യത്തിൽനിന്ന് തനിക്കും സഹോദരനും കുട്ടിക്കാലത്ത് അനുഭവിക്കേണ്ടിവന്ന തിക്താനുഭവങ്ങളാണ് ബുർഹൻ വാനിയെ ഇന്ത്യാ വിരുദ്ധനാക്കിയത്. ഇപ്രകാരം സൈന്യത്തിന്റെ ഇടപെടലിലൂടെ നിരന്തരം 'ജിഹാദി'കളെ സൃഷ്ടിച്ചെടുക്കുകയാണ് ഇന്ത്യൻ പട്ടാളം ചെയ്തത്.

**കാശ്മീർത്താഴ്‌വര ഇന്ത്യയുടെ ഒരു സൈനികത്താവളമായി മാറിയിട്ട് ദശകങ്ങളായി. അതിർത്തി സംരക്ഷിക്കാനെന്ന പേരിൽ വിന്യസിക്കപ്പെട്ട പട്ടാളം കാശ്മീരി ജനതക്കെതിരെ തിരിഞ്ഞു. സ്വന്തം ജനതയെ ഉന്മൂലനം ചെയ്യുന്ന ഹിംസാത്മക ദേശീയതയാണ് ഇന്ത്യ കാശ്മീരിൽ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നത്.**

കോൺഗ്രസിന്റെ കാലത്ത് കാശ്മീരിലെ എല്ലാ വിഭാഗങ്ങളുമായി ഔപചാരികമായെങ്കിലും ചർച്ചകൾ നടന്നിരുന്നു. എന്നാൽ കാശ്മീരിലെ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളേയും തീവ്രവാദികളായും പാക്കിസ്ഥാനനുകൂലികളായുമാണ് ബി.ജെ.പി. കാണുന്നത്. ആരുമായും അവർ കഴിഞ്ഞ പത്തുവർഷത്തിനകം ചർച്ച നടത്തിയിട്ടില്ല. 'ഇൻസാനിയത്ത്, ജംഹൂറിയത്, കാശ്മീരിയത്' എന്ന വാജ്പേയിയുടെ നയം പോലും അവർ കയ്യൊഴിഞ്ഞിരിക്കുന്നു. ഇന്ത്യയിലെ ഹിന്ദുത്വം ഫാഷിസ്റ്റ് ശക്തിയാണെന്ന് അർത്ഥശങ്കക്കിടയില്ലാതെ പ്രസ്താവിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. നിയമസഭയെ പിരിച്ചുവിട്ട്, അടിയന്തിരാവസ്ഥ പ്രഖ്യാപിച്ച്, പാർലമെന്റിനെ കബളിപ്പിച്ച് അമിത്ഷാ 370-ാം വകുപ്പ് എടുത്തകകളഞ്ഞ രീതി തീർത്തും ഭരണഘടനാ വിരുദ്ധമാണ്. ഭരണഘടനയെ അട്ടിമറിച്ച് സൈനികവും ഭരണകൂടപരവുമായ ഭീകരതയിലൂടെ ഇന്ത്യ കാശ്മീരിനുമേൽ നടത്തിയ അധിനിവേശമാണ് ഇപ്പോൾ നാം കണ്ടത്.

### കാശ്മീർ പ്രശ്നവും ഇടതുപക്ഷവും

കാശ്മീർ പ്രശ്നത്തെക്കുറിച്ച് തുടക്കംമുതൽ കൃത്യതയോടുകൂടിയ നിലപാട് മുന്നോട്ടുവെച്ചിട്ടുള്ളത് ഇടതുപക്ഷമാണ്. 18-ാം പാർട്ടി കോൺഗ്രസ്സിന്റെ രേഖകളിൽ 2.30, 2.31 ഖണ്ഡങ്ങൾ കാശ്മീർ പ്രശ്നത്തെക്കുറിച്ചുള്ള സി.പി.ഐ(എം)ന്റെ നിലപാട് വ്യക്തമാക്കുന്നതാണ്. ''ജമ്മു കാശ്മീരിന് പരമാവധി സ്വയംഭരണം എന്ന വ്യവസ്ഥക്കുവേണ്ടി സി.പി.ഐ(എം) ശക്തിയായി വാദിക്കുന്നു. കാശ്മീരി

ജനതക്ക് അവരുടെ സ്വത്വവും സംസ്കാരവും പൂർണമായി അംഗീകരിച്ചുകൊടുത്തുകൊണ്ടും ഇന്ത്യൻ യൂണിയനകത്ത് അവരുടെ ജനാധിപത്യാവകാശങ്ങൾക്ക് ഉറപ്പുണ്ടാക്കിക്കൊണ്ടും മാത്രമേ അവരുടെ അന്യതാബോധമില്ലാതാക്കാനും വിഭജനവാദികളെ എതിർക്കാനും കഴിയൂ. ജമ്മുവിനും ലഡാക്കിനും പ്രാദേശിക സ്വയംഭരണം നൽകുന്ന ഒരു സ്വയംഭരണ സംവിധാനം രൂപപ്പെടുത്തണം. നിയന്ത്രണ രേഖക്ക് ഇരുപുറവുമായി വിഭജിച്ചു കിടക്കുന്ന ജനങ്ങൾ തമ്മിൽത്തമ്മിൽ ബന്ധം പുനഃസ്ഥാപിക്കാനാവശ്യമായ നടപടികൾ പ്രോത്സാഹിപ്പിക്കണം. നിയന്ത്രണരേഖയിൽ വെടിനിർത്തലിനായും സേനയെ കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടിയും നടത്തിയ ചർച്ചക്കൊപ്പം അനുയോജ്യമായ രാഷ്ട്രീയ നടപടികളുമുണ്ടാവണം. ജമ്മു-കാശ്മീരിൽ സംസ്ഥാനത്തിന്റെ തകർന്നുപോയ സമ്പദ്‌വ്യവസ്ഥ, പ്രത്യേകിച്ച് തൊഴിൽ അവസര നിർമ്മിതിയുടെ കാര്യത്തിൽ, പുനർനിർമ്മിക്കുന്നതിനുള്ള കാര്യമായ ശ്രമം കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടാവണം.''

കാശ്മീർ പ്രശ്നം വിശദീകരിച്ചുകൊണ്ട് ഇ.എം.എസ്. എഴുതിയ കുറിപ്പുകൾ ഇപ്പോഴും പ്രസക്തമാണ്. 'പുതിയ കാശ്മീരിന്റെ പരിപാടിക്കുവേണ്ടി പോരാടുക' എന്ന പ്രബന്ധത്തിൽ അദ്ദേഹം പറയുന്നു: പുറത്തുനിന്നുള്ള ഭരണാധികാരിവർഗ്ഗങ്ങളുടെ കയ്യിടൽ ഒഴിവാക്കിക്കൊണ്ട് തങ്ങളുടെ സ്വന്തം അഭിലാഷങ്ങളെക്കുറിച്ച് തങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ജീവിതം ആസൂത്രണം ചെയ്യാൻ കാശ്മീർ ഗവൺമെന്റിന് കഴിയണമെന്നാണ് കാശ്മീരിലെ ജനങ്ങളുടെ അഭിലാഷം. ജീവൽപ്രധാനമായ ചില കാര്യങ്ങൾ വെച്ചുനോക്കുമ്പോൾ കാശ്മീർ ഇന്ത്യൻ യൂണിയന്റെ ഭാഗമാണെങ്കിലും ഭരണകാര്യത്തിൽ പരമാവധി സ്വാതന്ത്ര്യം അവർ ആവശ്യപ്പെടുന്നതിന് കാരണമതാണ്. ഇതിനേയും ഇന്ത്യൻ യൂണിയനിലെ ഭരണവലയത്തിൽ വമ്പിച്ച സ്വാധീനശക്തിയുള്ള ചില വിഭാഗങ്ങൾ അങ്ങേയറ്റം ചെറുക്കുകയുണ്ടായി. നീണ്ടുനിന്ന തുടർച്ചയായ ചർച്ചകൾക്കുശേഷമാണ് ഒടുവിൽ ഇന്ത്യാഗവൺമെന്റ് കാശ്മീരിന് പരിമിതമായ പ്രവേശനം നൽകുക എന്ന തത്വം അംഗീകരിക്കുകയും മറ്റ് സംസ്ഥാനങ്ങൾക്കില്ലാത്ത ചില പ്രത്യേകവകാശങ്ങൾ നൽകുകയും ചെയ്തത്.'' ഇതേ പ്രബന്ധത്തിന്റെ മറ്റൊരു ഭാഗത്ത് ഇന്ത്യൻ ഭരണവർഗ്ഗത്തിന് കാശ്മീരിലുള്ള താൽപര്യമെന്താണെന്നും ഇ.എം.എസ്. സൂചിപ്പിക്കുന്നുണ്ട്: ''ഇന്ത്യാ ഗവൺമെന്റിന് പുറത്ത് വമ്പിച്ച സ്വാധീനശക്തിയുള്ള ചില വിഭാഗങ്ങൾ ഗവൺമെൻറ് ഇതുവരെയും നൽകിയ സൗജന്യങ്ങളെ എതിർത്തുകൊണ്ട് നിലകൊള്ളുന്നുമുണ്ട്. ഒരു പ്രശ്നത്തിലും കാശ്മീരിന് പ്രത്യോക പരിഗണന നൽകരുതെന്നാണ് അവരുടെ പിടിവാദം. കാശ്മീരിൽ രാജപ്രമുഖസ്ഥാനം നിർത്താനും കാശ്മീർ സംസ്ഥാനത്തിന് പ്രത്യേകമായ മൗലികാവകാശങ്ങൾ അനുവദിക്കാനും ഇന്ത്യൻ ഭരണഘടനയിലെ മൗലികാവകാശങ്ങൾ കാ

**കാശ്മീർ പ്രശ്നത്തെക്കുറിച്ച് തുടക്കം മുതൽ കൃത്യതയോടുകൂടിയ നിലപാട് മുന്നോട്ടുവെച്ചിട്ടുള്ളത് ഇടതുപക്ഷമാണ്. 18-ാം പാർട്ടി കോൺഗ്രസ്സിന്റെ രേഖകളിൽ 2.30, 2.31 ഖണ്ഡങ്ങൾ കാശ്മീർ പ്രശ്നത്തെക്കുറിച്ചുള്ള സി.പി.ഐ(എം)ന്റെ നിലപാട് വ്യക്തമാക്കുന്നതാണ്.**

ശ്മീരിനുമേൽ കെട്ടിവെക്കാതിരിക്കാനും കാശ്മീരിന്റെ ഇന്ത്യൻ യൂണിയനംഗത്വം പൂർണ്ണമാക്കാതെ പരിമിതമാക്കാനും ഇന്ത്യയെടുത്തിരിക്കുന്ന തീരുമാനങ്ങളെ ഈ സ്വാധീനകേന്ദ്രങ്ങൾ എതിർക്കുകയുണ്ടായി. അവരാവശ്യപ്പെടുന്നത് കാശ്മീർ ഇന്ത്യയിൽ പൂർണമായി വേണമെന്നാണ്. അതിന്റെ അർത്ഥം വെറുക്കപ്പെട്ട മഹാരാജാവിനെ ആ സംസ്ഥാനത്തിന്റെ രാജപ്രമുഖനായി വാഴിക്കണമെന്നും ഭൂപരിഷ്കാരം പിൻവലിക്കണമെന്നും ധനപരവും ഭരണപരവുമായികാശ്മീരിനെപൂർണമായും ഇന്ത്യയോട് കൂട്ടിച്ചേർക്കണമെന്നുമാണ്. എന്നാൽ മാത്രമേ ഇന്ത്യയിലെ നാടുവാഴി–മുതലാളിത്ത കേന്ദ്രങ്ങൾക്ക് കാശ്മീരിന്റെ വിഭവങ്ങളിൽ ഇഷ്ടംപോലെ കൈവെക്കാൻ സാധിക്കുകയുള്ളല്ലോ?''

**കാശ്മീർ പ്രശ്നം വിശദീകരിച്ചുകൊണ്ട് ഇ.എം.എസ്. എഴുതിയ കുറിപ്പുകൾ ഇപ്പോഴും പ്രസക്തമാണ്. 'പുതിയ കാശ്മീരിന്റെ പരിപാടിക്കുവേണ്ടി പോരാടുക' എന്ന പ്രബന്ധത്തിൽ അദ്ദേഹം പറയുന്നു: പുറത്തുനിന്നുള്ള ഭരണാധികാരിവർഗ്ഗങ്ങളുടെ കയ്യിടൽ ഒഴിവാക്കിക്കൊണ്ട് തങ്ങളുടെ സ്വന്തം അഭിലാഷങ്ങളെക്കുറിച്ച് തങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ജീവിതം ആസൂത്രണം ചെയ്യാൻ കാശ്മീർ ഗവൺമെന്റിന് കഴിയണമെന്നാണ് കാശ്മീരിലെ ജനങ്ങളുടെ അഭിലാഷം.**

കാശ്മീരിന്റെ സ്വയംഭരണപദവിക്കായി ഇന്ത്യയിലെ മുഴുവൻ ജനാധിപത്യവാദികളും സമരം ചെയ്യണമെന്ന നിർദ്ദേശത്തോടെയാണ് ഇ.എം.എസ്. തന്റെ കുറിപ്പ് അവസാനിപ്പിക്കുന്നത്. 1953 ആഗസ്ത് 14ന് നവലോകത്തിലെഴുതിയ പ്രബന്ധം ''കാശ്മീരിലെ ജനങ്ങൾ സമരം ചെയ്യുമ്പോൾ നാം നമ്മുടെതന്നെ ജനാധിപത്യാവകാശങ്ങൾക്കുവേണ്ടിയാണ് അങ്ങിനെ ചെയ്യുന്നതെന്ന് ഇന്ത്യൻ യൂണിയനിലെ ജനാധിപത്യ പാർട്ടികളും വ്യക്തികളും മനസ്സിലാക്കണം'' എന്നോർമ്മിപ്പിച്ചുകൊണ്ടാണ് അവസാനിക്കുന്നത്. കാശ്മീരിലെ മുൻമുഖ്യമന്ത്രിമാരും യൂസുഫ് തരിഗാമിയെപ്പോലുള്ള കരുത്തുറ്റ നേതാക്കളും തടവിലാക്കപ്പെട്ടിട്ടും കാശ്മീരിലെ ഓരോ വീടും ഒരു തടവറയായി മാറിക്കഴിഞ്ഞിട്ടും ഇന്ന് ഇന്ത്യയിൽനിന്ന് പ്രതിഷേധത്തിന്റെ ശബ്ദങ്ങളൊന്നും ഉയരുന്നില്ല. 1953ൽ നിന്ന് 2019ലെത്തുമ്പോൾ ഇന്ത്യൻ ജനാധിപത്യം എത്രമാത്രം അധഃപതിച്ചിരിക്കുന്നു എന്നോർമ്മിപ്പിക്കുന്നതാണ് സമകാല ഇന്ത്യയിലെ ഈ ഭയാനകമായ നിശബ്ദതയും ജഡത്വവും. കാശ്മീരി ജനതയുടെ ജനാധിപത്യാവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടം രാജ്യത്തെ മുഴുവൻ ജനങ്ങളുടേയും കടമയാണെന്ന് കരുതിയിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു എന്നോർമിപ്പിക്കുന്നതാണ് ഇ.എം.എസിന്റെ കുറിപ്പ്.

## കാശ്മീർ പ്രശ്നവും ഇന്ത്യൻ സോഷ്യലിസ്റ്റുകളും

കാശ്മീർ പ്രശ്നത്തെക്കുറിച്ച് ഇന്ത്യൻസോഷ്യലിസ്റ്റുകളും ക്രിയാത്മകമായ നിലപാടാണ് ആദ്യകാലത്ത് സ്വീകരിച്ചിട്ടുള്ളത്. 1953ൽ കാശ്മീർ പ്രശ്നപരിഹാരത്തിനായി രാം മനോഹർ ലോഹ്യ മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ നോക്കുക:

1) കാശ്മീരിൽനിന്ന് 'കടക്ക് പുറത്ത്' എന്ന് അമേരിക്കയോട് പറയാൻ ഇന്ത്യക്ക് കഴിയണം. 2) വർഗ്ഗീയവാദികളായ ഹിന്ദുക്കളോട് 'ദില്ലിക്കരാറി'നപ്പുറമില്ല എന്ന് പറയണം. 3) കാശ്മീരിലെ പരാജയം ഗവൺമെന്റിന്റെ അന്ത്യമായിരിക്കുമെന്ന് ഓർമ്മിപ്പിക്കണം. 4) ഏക വ്യക്തിയിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള കാശ്മീരി രാഷ്ട്രീയം അവസാനിപ്പിക്കണം. നാഷണൻ കോൺഫറൻസിന്റെ കമ്മിറ്റിക്ക് കൂടുതൽ അധികാരം നൽകണം. 5) ഇന്ത്യാ-പാക് കോൺഫെഡറേഷൻ രൂപീകരിക്കണം.

ജയപ്രകാശ് നാരായണനും കാശ്മീർ പ്രശ്നപരിഹാരത്തിന് നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുകയുണ്ടായി. 1966ൽ ഷേക്ക് അബ്ദുള്ള തടവിൽക്കിടക്കുന്ന കാലത്ത് ദില്ലിയിലെ ഒരു സെമിനാറിൽ അദ്ദേഹം കാശ്മീരിനെക്കുറിച്ച് സംസാരിക്കുകയുണ്ടായി. 'കാശ്മീരിലെ ജനങ്ങളും ഇന്ത്യാഗവൺമെന്റും തമ്മിലാണ് യഥാർത്ഥ തർക്കം' എന്ന് സൂചിപ്പിച്ചുകൊണ്ടാണ് ജയപ്രകാശ് നാരായണൻ പ്രഭാഷണം തുടങ്ങിയത്. ''പാകിസ്ഥാൻ ഈ പ്രശ്നത്തിൽ ഒരു കക്ഷിയല്ല. കാരണം ബലപ്രയോഗത്തിലൂടെ കാശ്മീരിനെ കീഴടക്കാനാണ് പാകിസ്ഥാൻ ശ്രമിച്ചത്. അതിലവർ പരാജയപ്പെട്ടു. ആയതിനാൽ പാകിസ്ഥാന് ഇനി കാശ്മീരിനുമേൽ അവകാശവാദമുന്നയിക്കാൻ കഴിയില്ല. എന്നാൽ ഇതേനയം കാശ്മീരികൾക്കുമേൽ ഇന്ത്യയും പ്രയോഗിക്കുന്നു എന്നതിനർഥം ഇന്ത്യയുടെ ആത്മാവിനെ നഷ്ടപ്പെടുത്തുന്നു എന്നാണ്'. ഇന്ത്യ കാശ്മീരിന് മേൽ ഭരണകൂടം സമ്മർദ്ദം സൃഷ്ടിച്ചതുകൊണ്ടാണ് കഴിഞ്ഞ ഇരുപതുവർഷത്തിനുള്ളിൽ അവിടെ ഇന്ത്യാ വിരുദ്ധവികാരം വളർന്നുവന്നതെന്ന് ജെ. പി. നിരീക്ഷിക്കുന്നു. '1947-53 കാലത്തെ കരാറിലേക്ക് ഇന്ത്യ മടങ്ങിപ്പോകണമെന്നും പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയിലൊഴികെ മറ്റ് കാര്യങ്ങളിൽ ഇന്ത്യ ഇടപെടില്ലെന്നും ഉറപ്പുവരുത്തണം. സമ്പൂർണ്ണമായും ആഭ്യന്തരസ്വാധികാരമുള്ള ഒരു പ്രദേശമായി കാശ്മീരിനെ പരിഗണിക്കുക എന്നത് മാത്രമാണ് ഇപ്പോഴത്തെ പ്രശ്നം പരിഹരിക്കാനുള്ള ഏകമാർഗ്ഗം. കാശ്മീരിനെക്കുറിച്ച് പറയുമ്പോൾ 'ആസാദ് കാശ്മീർ' ഇപ്പോഴും പാകിസ്ഥാന്റെ കൈവശമാണെന്നോർക്കണം. അവിടെ സൈന്യങ്ങൾ മുഖാമുഖം നിൽക്കുകയാണ്. ഇരുരാജ്യങ്ങളിലേയും ഹിന്ദു-മുസ്ലീം പൗരന്മാരുടെ ജീവനെ ബാധിക്കുന്ന തീരുമാനമായിരിക്കും കാശ്മീരിനെ പ്രതി എടുക്കുന്ന ഏതൊരു തീരുമാനവും എന്ന കാര്യം ഇന്ത്യൻ ഭരണകൂടം ഓർക്കണം.' ജെ. പി. ഇന്ദിരാഗാന്ധിക്കെഴുതിയ ഒരു കത്തിൽ ഇങ്ങനെ പറഞ്ഞു: ''നാം കാലക്രമേണ ജനങ്ങളെ അവഗണിക്കുകയും ഇന്ത്യൻ യൂണിയനെ പതിയെ കാശ്മീരിനുമേൽ അടിച്ചേൽപ്പിക്കുകയും ചെയ്യുന്നത് ആത്മവഞ്ചനയായിരിക്കും. കാശ്മീർ ഭൂമിശാസ്ത്രപരമായി ഇപ്പോഴുള്ളിടത്തല്ലെങ്കിൽ ഒരു പക്ഷെ അത് സംഭവിക്കുമായിരുന്നുവെന്ന് സങ്കൽപ്പിക്കാവുന്നതേയുള്ളു. ഇപ്പോഴത്തെ അതിന്റെ സ്ഥാനവും അവിടെ ജനങ്ങളിൽ വർധിച്ചുവരുന്ന അതൃപ്തിയും പാകിസ്ഥാന് ഇടപെടാനുള്ള അവസര

**ജയപ്രകാശ് നാരായണനും കാശ്മീർ പ്രശ്നപരിഹാരത്തിന് നിരവധി നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുകയുണ്ടായി. 1966ൽ ഷേക്ക് അബ്ദുള്ള തടവിൽക്കിടക്കുന്ന കാലത്ത് ദില്ലിയിലെ ഒരു സെമിനാറിൽ അദ്ദേഹം കാശ്മീരിനെക്കുറിച്ച് സംസാരിക്കുകയുണ്ടായി.**

മുണ്ടാക്കലാണ്.'' 'നന്ദി' എന്ന ഒറ്റവാക്കിലൊതുക്കിയ മറുപടിയാണ് ഈ കത്തിന് ഇന്ദിര നൽകിയതെന്ന് ചരിത്രം. ചുരുക്കത്തിൽ ആദ്യകാല സോഷ്യലിസ്റ്റുകൾ കാശ്മീർ പ്രശ്നത്തിൽ സ്വീകരിച്ച മാതൃകാപരമായ നിലപാട്, പിൽക്കാലത്ത് പിൻഗാമികൾ ഉയർത്തിപ്പിടിച്ചില്ല. 370-ാം വകുപ്പിന്റെ ചർച്ച പാർലമെന്റിൽ വന്നപ്പോൾ അവരിൽ പലരും ബി. ജെ. പിക്കൊപ്പം കയ്യുയർത്തി. കോൺഗ്രസിൽ ജയറാം രമേഷും ശശിതരൂരും സിങ്‌വിയും മോദിയെ പുകഴ്ത്തുന്നതിൽ മത്സരിക്കുകയാണ്. ഇന്ത്യൻ രാഷ്ട്രീയം ഒരന്തരാള ഘട്ടത്തിലൂടെ കടന്നുപോവുകയാണ്. ലിബറൽ, സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ് ആശയങ്ങളുടെ മേൽക്കോയ്മ തകർത്ത് ഹിന്ദുത്വത്തിന്റെ ആശയഗതിക്ക് മേൽക്കോയ്മ നേടാൻ കഴിഞ്ഞിരിക്കുന്നു. ആശയങ്ങളുടെ മേൽക്കോയ്മയും രാഷ്ട്രീയാധികാരവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഗ്രാംഷി സൂചിപ്പിച്ച വസ്തുതകൾ ഈ ഘട്ടത്തിൽ ഓർമ്മിക്കാവുന്നതാണ്. ലിബറൽ ബുദ്ധിജീവികളായി പൊതുസ്വീകാര്യത നേടിയവർ പോലും എത്ര പെട്ടെന്നാണ് അടിപതറി വീഴുന്നത്!

**കാശ്മീരും ഹിന്ദുത്വ അജണ്ടയും**

മൃഗീയ ഭൂരിപക്ഷത്തിന്റെ പേരിൽ ഇപ്പോൾ ബി. ജെ. പി ഗവൺമെന്റ് കാശ്മീരിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് ആർ.എസ്.എസ് അജണ്ടയാണ്. കാശ്മീരിന്റെ പ്രത്യേക പദവി എടുത്തുമാറ്റുക എന്നത് ഹിന്ദുരാഷ്ട്ര നിർമ്മാണത്തിന്റെ മുന്നുപാധിയായാണ് സംഘപരിവാർ കാണുന്നത്. 1953-ലാണ് കാശ്മീരിന്റെ പ്രത്യേക പദവി എടുത്തു കളയണമെന്നാവശ്യപ്പെട്ട് ആർ. എസ്. എസ് രാജ്യവ്യാപകമായി അതിന്റെ പ്രചരണം തുടങ്ങിയത്. ഇതിന്റെ ഭാഗമായാണ് ശ്യാമപ്രസാദ് മുഖർജി കാശ്മീരിലെത്തിയത്. അവിടെയെത്തിയ അദ്ദേഹം അറസ്റ്റ് ചെയ്യപ്പെടുകയും കാശ്മീരിലെ ജയിലിൽ ഒരുമാസം തടവിൽ കിടക്കുകയും ചെയ്തു. തടവിലായിരിക്കുമ്പോൾ ഹൃദയാഘാതം മൂലം അദ്ദേഹം മരിച്ചു. 1964 'അഖില ഭാരതീയ പ്രതിനിധി സഭ' ഭാരതത്തിന്റെ കാശ്മീർ നയം എന്ന പേരിൽ ഒരു പ്രമേയം പാസാക്കി. 370-ാം വകുപ്പ് ഒരു താൽക്കാലിക സംവിധാനമാണെന്നും അത് കാലഹരണപ്പെട്ടതിനാൽ പിൻവലിക്കണമെന്നുമാണ് പ്രമേയത്തിലെ ആവശ്യം. 1962-ൽ ജമ്മുകാശ്മീർ ഗവൺമെന്റ് വിഭജനകാലത്ത് പാകിസ്ഥാനിലേക്ക് പോകേണ്ടിവന്ന ഇന്ത്യക്കാരെ തിരിച്ചുവിളിച്ചപ്പോൾ 'അഖില ഭാരതീയ കാര്യകാരി മണ്ഡൽ' വീണ്ടും ഈ പ്രമേയം ഉയർത്തിക്കൊണ്ടുവന്നു. ജമ്മു-കാശ്മീർ ഗവൺമെന്റ് 370-ാം വകുപ്പിന്റെ മറവിൽ മുസ്ലീം തീവ്രവാദം വളർത്തുന്നതായി ആർ. എസ്.എസ് എക്കാലത്തും പരാതിപ്പെട്ടിട്ടുണ്ട്. 1984, 1986, 1993 വർഷങ്ങളിലെല്ലാം സംഘത്തിന്റെ പ്രധാന പ്രമേയം കാശ്മീരിന്റെ പ്രത്യേകപദവിയെ മുൻനിർത്തിയായിരുന്നവെന്നോർക്കണം. 1995-ൽ ജമ്മുവിനെ സ്വയംഭരണാധികാര കൗൺസിലാക്കണമെന്ന് ആർ.എസ്.എസ്. വാദിച്ചു. 2002 ൽ ജമ്മുവിന് പ്രത്യേക സംസ്ഥാനപദവി നൽകണമെന്ന ആവശ്യം അവർ ഉയർത്തി. 2010-ലാണ് കാശ്മീരിനെ സംബന്ധിച്ച് അവസാന പ്രമേയം ആർ.എസ്.എസ് പാസാക്കിയത്. 2014-ൽ മോദി അധികാരത്തിൽ വന്നതിനുശേഷം അവർ ഇക്കാര്യത്തിൽ മൗനം പാലിച്ചു. 2019-ൽ കാശ്മീരിന്റെ പ്രത്യേക പദവി എടുത്തുകളഞ്ഞതിൽ ആഹ്ലാദം പ്രകടിപ്പിച്ച മോ

ഹൻഭഗത് 'ധീരമായ നടപടി' എന്ന് അതിനെ പ്രശംസിച്ചു. ഗാന്ധിയെ വധിച്ചപ്പോൾ കാശ്മീർ രാജാവിന്റെ കൊട്ടാരത്തിൽ മധുരം വിളമ്പിയിരുന്നു. ഗാന്ധിയൻ ആദർശത്തെ വധിച്ചു കളഞ്ഞതിന്റെ സന്തോഷമാണ് 2019-ൽ മോഹൻഭഗത് പങ്കിട്ടത്. 1980കൾ മുതൽ ബി.ജെ.പിയുടെ പ്രകടനപത്രികയിലുള്ള വാഗ്ദാനമാണ് 2019 ആഗസ്റ്റിൽ അവർ നടപ്പാക്കിയത്.

370-ാം വകുപ്പ് എടുത്തു കളയണമെന് ആദ്യം ആവശ്യപ്പെട്ടത് കാശ്മീരിലെ പ്രജാപരിഷത് പാർട്ടിയാണ്. ആർ.എസ്.എസിന്റെ നിയന്ത്രണത്തിലുള്ള സംഘമായിരുന്നു അത്. പ്രേംനാഥ് ദോഗ്രയായിരുന്നു അതിന്റെ നേതാവ്. ഷേക്ക് അബ്ദുള്ളയുടെ ഭരണത്തിൽ ഹിന്ദുക്കൾ നേരിട്ടു വിവേചനം ചൂണ്ടിക്കാട്ടി കാശ്മീരിൽ നിരവധി സമരങ്ങൾക്ക് അക്കാലം മുതൽ പ്രജാപരിഷത് നേതൃത്വം നൽകിയിട്ടുണ്ട്. 1952-ൽ പാർലമെന്റിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്യാമപ്രസാദ് മുഖർജിയും ഈ വിഷയം പലതവണ സഭയിൽ ഉന്നയിക്കുകയുണ്ടായി. 370-ാം വകുപ്പിന്റെ കാര്യത്തിൽ നെഹ്രുവുമായി യോജിക്കാത്തതുകൊണ്ടാണ് ശ്യാമപ്രസാദ് മുഖർജി ആദ്യത്തെ മന്ത്രിസഭയിൽ നിന്ന് രാജിവെച്ചത്. 1953 ജനുവരി 9-നും ഫെബ്രുവരി 23 നും ഇടയിൽ കാശ്മീരിലെ 'പീഡിപ്പിക്കപ്പെടുന്ന ഹിന്ദു' വിന് വേണ്ടി ശ്യാമപ്രസാദ് മുഖർജി പത്തോളം കത്തുകൾ നെഹ്റുവിനും ഷേക്ക് അബ്ദുള്ളക്കും എഴുതുകയുണ്ടായി അവഗണിക്കപ്പെടാവുന്ന മൂല്യമേ അവർ ആ കത്തുകൾക്ക് അന്ന് നൽകിയുള്ളു. 'ജമ്മുവിലെ ജനത ഇന്ത്യൻ ഭരണഘടനക്ക് കീഴിൽ വരാൻ- ഒരു കൊടി ഒരു ഭരണഘടന, ഒരു പ്രസിഡന്റ് എന്ന തത്വം അംഗീകരിക്കാൻ-തയ്യാറാണെങ്കിൽ നിങ്ങളെന്തിനാണ് അതിനെ തടയുന്നത്? കാശ്മീരി ജനത മറ്റൊരു തരത്തിൽ ചിന്തിക്കുന്നതിന് ജമ്മുവിലെ ജനങ്ങൾ എന്തുപിഴച്ചു? ഒരു കത്തിൽ ശ്യാമപ്രസാദ് മുഖർജി നെഹ്രുവിനോട് ചോദിക്കുന്നു. ജമ്മുവിനേയും കാശ്മീരിനേയും മതത്തിന്റെ അടിസ്ഥാനത്തിൽ വിഭജിക്കണമെന്നാണ് മുഖർജി സൂചിപ്പിക്കുന്നത്. ആർ. എസ്.എസിന്റെ ദീർഘകാല അജണ്ടയാണിതെന്നുള്ളതിന് ഇതിലേറെ എന്ത് തെളിവു വേണം? 370-ാം വകുപ്പിന്റെ പേരിൽ ശ്യാമപ്രസാദ് മുഖർജി 'രക്തസാക്ഷിത്വം' വരിച്ചു എന്നാണ് ആർ.എസ്.എസ്. ഉണ്ടാക്കിയ കഥ. 'കഥ' എന്നത് 'കാര്യ'ത്തിന്റെ വിപരീതമല്ല. 'കഥ'തന്നെയാണ് 'കാര്യം'. 'സെക്കുലറിസം' എന്ന സങ്കൽപ്പത്തെ ഒരു തരത്തിലും ഭരണഘടനയിലുൾപ്പെടുത്തരുതെന്ന പക്ഷക്കാരാണ് ആർ. എസ്. എസ്. അതിലേക്കുള്ള ദ്രുതഗതിയിലുള്ള ചുവടുവെപ്പാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്.

## കാശ്മീരിന്റെ ഭാവി, നാമ്മുടേതും

നൂറ്റാണ്ടുകളായി 'ഹിന്ദുത്വം' താലോലിക്കുന്ന സ്വപ്നങ്ങൾ ഒന്നൊന്നായി സാക്ഷാൽക്കരിക്കപ്പെടുന്നതിൽ അവർക്ക് ആശ്വസിക്കാം, ആഹ്ലാദിക്കാം. എന്നാൽ ദേശീയപ്രസ്ഥാനത്തിന്റെ കാലത്തോടുകൂടി നാം സൃഷ്ടിച്ചെടുത്ത മതനിരപേക്ഷത, ജനാധിപത്യം എന്നീ സങ്കൽപ്പങ്ങളുടെ അഭാവത്തിൽ ഇന്ത്യൻ വൈജാത്യത്തെ നാം എങ്ങിനെയാണ് പരിചരിക്കുക? സൈനികശക്തികൊണ്ടും ഭീഷണികൊണ്ടും ഈ വൈവിധ്യത്തെ അടക്കി നിർത്താനും 'ഇന്ത്യത്വം' അടിച്ചേൽപ്പിക്കാനും കഴിയുമോ? ജനാധിപത്യത്തിനുവേണ്ടി, ന്യൂനപക്ഷ അവകാശങ്ങൾക്കുവേണ്ടി, തൊഴിലാളിക

**നൂറ്റാണ്ടുകളായി 'ഹിന്ദുത്വം' താലോലിക്കുന്ന സ്വപ്നങ്ങൾ ഒന്നൊന്നായി സാക്ഷാൽക്കരിക്കപ്പെടുന്നതിൽ അവർക്ക് ആശ്വസിക്കാം, ആഹ്ലാദിക്കാം. എന്നാൽ ദേശീയപ്രസ്ഥാനത്തിന്റെ കാലത്തോടുകൂടി നാം സൃഷ്ടിച്ചെടുത്ത മതനിരപേക്ഷത, ജനാധിപത്യം എന്നീ സങ്കൽപ്പങ്ങളുടെ അഭാവത്തിൽ ഇന്ത്യൻ വൈജാത്യത്തെ നാം എങ്ങിനെയാണ് പരിചരിക്കുക? സൈനികശക്തികൊണ്ടും ഭീഷണികൊണ്ടും ഈ വൈവിധ്യത്തെ അടക്കിനിർത്താനും 'ഇന്ത്യത്വം' അടിച്ചേൽപ്പിക്കാനും കഴിയുമോ?**

ളുടെ അതിജീവനത്തിനുവേണ്ടി ഇനിയും നമുക്ക് സംസാരിക്കാനാവുമോ? അതെല്ലാം രാജ്യദ്രോഹപരമായിത്തീരുമോ? കാശ്മീരിലെ ഉടപ്പിറപ്പുകൾക്കുവേണ്ടി സംസാരിക്കുന്നത് തീവ്രവാദികളെ സഹായിക്കലും അതുവഴി രാജ്യദ്രോഹവുമാണെന്നുവന്നാൽ, പിന്നെ രാജ്യസ്നേഹത്തിന്റെ അർഥമെന്താണ്? 'ഓർത്താൽ ഒരു കിടിലം മാത്രം ബാക്കി'!


**സഹായകഗ്രന്ഥങ്ങൾ**

* ഇ.എം.എസ് ***ഇ.എം.എസ് സമ്പൂർണകൃതികൾ സഞ്ചിക-12,*** എ.കെ.ജി. പഠന ഗവേഷണകേന്ദ്രം(തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്, 1952).
* കുര്യൻ, പി.വി. ***ഡോ.റാം മനോഹർ ലോഹ്യ എന്ന സാർവ്വദേശീയ വിപ്ലവകാരി*** (പി.വി.കുര്യൻ, 1991).
* വേണു അമ്പലപ്പടി ***കാശ്മീർ പ്രശ്നം: ഒരു ചരിത്രാന്വേഷണം*** (തൃശ്ശൂർ: ബാങ്ക് വർക്കേഴ്സ് ഫോറം, 1999.)
* ***18-ാം പാർട്ടികോൺഗ്രസ് രേഖകൾ 6-11 ഏപ്രിൽ 2005*** (തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്)
* Ajay gudavarthy, ***India After Modi*** (Bloomsburry: 2018)
* A.G. Noorani, ***From Kasmir and 370 to Partition: BJP's Hatred of Nehru's Fuelled by Falsehood*** (http:// the wire.in 2019 Aug 10)
* John Cherian, ***'Regional Equations'*** Frontline(Aug 30, 2019).
* Purnima S. Tripathi ***'RSS agenda in Action'*** Frontline(Aug 30, 2019).
* Sreenath Raghavan, ***' Kasmir Policy of BJP'*** (http:// the print .in 2019 Aug 08)


◆

ലേഖനം

സി.പി.അബൂബക്കർ

# ബഹുസ്വരത തകർക്കപ്പെടുമ്പോൾ

2019 മെയ് മാസം നടന്ന തെരഞ്ഞെടുപ്പിൽ ബി ജെ പി പൂർവ്വാധികം ശക്തിയോടെ അധികാരത്തിൽ വന്നിരിക്കുന്നു. കാശ്മീരടക്കമുള്ളപ്രദേശങ്ങളിൽ സ്വീകരിച്ചസമീപനം ഒരുപക്ഷെ ജനങ്ങളിൽ സങ്കുചിതദേശീയത ഉണർത്തിയിരിക്കാം. അധികാരത്തിൽ വന്ന് മൂന്ന് മാസമാവുമ്പോഴേക്ക് സങ്കുചിതദേശീയതയുടെ നിർവ്വഹണം സംഘപരിവാർ ഭരണം കൂടുതൽ ശക്തിപ്പെടുത്തിയിരിക്കുന്നു.

ന്യൂനപക്ഷങ്ങൾക്കും ദളിതജനവിഭാഗങ്ങൾക്കുമെതിരെ കൂടുതൽ കടന്നാക്രമണങ്ങൾ ഉണ്ടായിരിക്കുന്നു. സംഘചിന്തയുടെ യാഥാർത്ഥ്യവൽക്കരണത്തിനായി സംവരണം എടുത്തുകളയാൻ തീരുമാനിച്ചിരിക്കുന്നു. മുന്നൂറ്റിമുപ്പതോളം എം പി മാരുള്ള ബി ജെ പി ക്ക് പാർലമെന്റിൽ ഒരു മുസ്ലിം സാമാജികൻപോലുമില്ല. മുസ്ലിം ന്യൂനപക്ഷം വളയം ചെയ്യപ്പെടിരിക്കുന്ന അവസ്തയിലായിരിക്കുന്നു. മതത്തെ പിടിച്ചാണയിടുന്നവർ ഭരിക്കുമ്പോൾ ഗണ്യമായ ബഹുജനശക്തിയുള്ള മുസ്ലിം കളെ ബോധപൂർവ്വം പാർലമെന്ററി പ്രാതിനിധ്യത്തിൽനിന്ന് മാറ്റി നിർത്തുന്നു. ദളിതജനവിഭാഗത്തെ മഹാദളിതരെന്നും സാധാരണദളിതരെന്നും മറ്റും പലവിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ജാതികളിൽ കടന്നു കയറി അവ അനുഭവിച്ചുവന്നിരുന്ന സംവരണാനുകൂല്യങ്ങൾ ഇല്ലായ്മചെയ്യാനുള്ള ശ്രമം ആരംഭിച്ചിരിക്കുന്നു.

ഈ കൃത്യങ്ങളുടെ പരമകാഷ്ഠയാണ് കാശ്മീരിലെ നടപടികൾ. കാശ്മീരിലെ പുതിയസംഭവവികാസങ്ങളെ പറ്റി ദേശാഭിമാനിവാരികയിലെഴുതിയ മുഖമൊഴി ചുവടെ ചേർക്കുന്നു:

**ബഹുസ്വരത തകർക്കപ്പെടുമ്പോൾ**

*ഇതേ കോളത്തിൽ മുമ്പൊരിക്കൽ എഴുതിയത് ഓർത്തുപോവുന്നു: 'സവിശേഷമായ ഭരണഘടനാ പദവിയുള്ള സംസ്ഥാനമാണ് കാശ്മീർ. ഈ സവിശേഷപദവികളെല്ലാം എടുത്തുകളയണമെന്ന് സംഘപരിവാർ നിരന്തരമായി ആവശ്യപ്പെട്ടു*

*കൊണ്ടിരിക്കുകയായിരുന്നു. കാശ്മീരികളുടേതായ ഒരുദേശീയത നിലനില്ക്കുന്നുണ്ടെന്നവസ്തുതയെ ആർക്കും നിഷേധിക്കാൻ കഴിയില്ല. ഈ ദേശീയതയെ പോഷിപ്പിച്ചുകൊണ്ടല്ലാതെ കാശ്മീരിനെ ഇന്ത്യയിൽ നിലനിർത്താൻ കഴിയില്ലെന്നവിവേകത്തിൽനിന്നാണ് കാശ്മീരിന് ഈ സവിശേഷതകൈവന്നത്. ഓരോ പ്രവിശ്യക്കുമുണ്ട് അതിന്റേതായ സവിശേഷത. മറ്റുസംസ്ഥാനങ്ങളിൽനിന്നെല്ലാം വ്യത്യസ്തവും അഗാധവുമായ ചിലഘടകങ്ങൾ കാശ്മീരിസവിഷേഷതയിൽ അന്തർഭവിച്ചിട്ടുണ്ട്. ഇതു പരിഗണിക്കാതെ, കാശ്മീരിനെ കേവലമൊരു കലാപഭൂമിയായിനിലനിർത്താനാണ് ബി ജെ പി ആഗ്രഹിക്കുന്നത്'.( കാശ്മീർ എന്ന ഹരിണഭൂമി)*

*ഇതെഴുതുമ്പോൾ കാശ്മീരിന്റെ സവിശേഷ പദവി ഇല്ലാതായിരിക്കുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 35 അ യും ആർട്ടിക്കിൾ 370 ഉം എടുത്തുകളയപ്പെട്ടിരിക്കുന്നു. ജനജീവിതത്തെ ബാധിക്കുന്ന പ്രശ്നങ്ങളിൽ എടുക്കേണ്ടുന്നതിലും വേഗത്തിലാണ് ഭരണകക്ഷിയുടെ രാഷ്ട്രീയമുദ്രാവാക്യങ്ങൾ നടപ്പാക്കപ്പെടുന്നത്.ജമ്മുകാശ്മീസംസ്ഥാനത്തെ രണ്ടായിവിഭജിച്ചിരിക്കുന്നു. രണ്ടും കേന്ദ്രഭരണപ്രദേശങ്ങളായി മാറിയി രിക്കുന്നു. അവയിൽ ലഡാക്കിന് നിയമസഭയുണ്ടാവുകയില്ല. ജമ്മുകാശ്മീരിന് ഒരു നിയമസഭയുണ്ടായിരിക്കും. അത് പോണ്ടിച്ചേറിയിലേതുപോലെ ലെഫ്റ്റനന്റ് ഗവർണ്ണറുടെ നിയന്ത്രണത്തിൻകീഴിലായിരിക്കും. കാശ്മീർ ഇനി മറ്റേതു ഇന്ത്യൻപ്രദേശവും പോലെ ഒന്നായിരിക്കും.*

*സ്വാതന്ത്ര്യലബ്ധിയെ തുടർന്ന് സ്വാതന്ത്ര്യനിയമപ്രകാരം ഇന്ത്യൻയൂണിയനിലേക്ക് സ്വേച്ഛയാ കൂടിച്ചേർന്ന ഒരു രാജ്യമായിരുന്നു കാശ്മീർ. അതിനെ തുടർന്ന് ഇന്ത്യാഗവൺമെന്റും കാശ്മീർ രാജാവ് ഹരിസിങ്ങും ഒപ്പുവെച്ച ഒത്തുതീർപ്പനുസരിച്ച് നിലവിൽവന്നതാണ് ഭരണഘടനയുടെ ആർട്ടികാശ്മീരിനെ സംബന്ധിച്ച സവിശേഷപരാമർശങ്ങൾ. അവയിൽ പലതും പലപ്പോഴായി മാറിയിട്ടുണ്ടെങ്കിലും കാശ്മീരിജനതയെന്ന സവിശേഷസ്വഭാവം ഇല്ലായ്മചെയ്യുന്ന ഒരു ഭരണഘടനാഭേദഗതിയും മുമ്പുണ്ടായിരുന്നില്ല.*

*കാശ്മീരിനു മാത്രമല്ല സവിശേഷപദവി കല്പിക്കപ്പെട്ടിരുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 371 അനുസരിച്ച് മറ്റനേകം സ്റ്റേറ്റുകൾക്ക് സവിശേഷസ്ഥാനമുണ്ട്, ആന്ധ്രപ്രദേശിനുൾപ്പെടെ. കാശ്മീരിന്റെ സവിശേഷപദവികാരണമായിരുന്നില്ല കാശ്മീരിൽനിരന്തരമായ രക്തച്ചൊരിച്ചിലുണ്ടായിരുന്നത്. പൈാകിസ്ഥാന്റെ അസ്ഥാനത്തുള്ള ഇടപെടലുകളും ബി ജെ പി ഉൾപ്പെടെയുള്ള രാഷ്ട്രീയസംഘാതങ്ങളുടെ താല്പര്യവുമാണ് കാശ്മീരിനെ തീവ്രവാദികളുടെ ഇഷ്ടതാവളമാക്കിയിരുന്നത്. ഇന്ത്യയുടെ ഐക്യം നിലനില്ക്കുന്നതിൽ കാശ്മീരിലെ സമാധാനത്തിന് പ്രത്യേകമായ പങ്കുണ്ട്.*

*ഇന്ത്യ ഇതരരാജ്യങ്ങളിൽനിന്ന് വ്യത്യസ്തമാവുന്നത്, മഹത്തായ ഒരു രാഷ്ട്രമായി നിലനില്ക്കുന്നത് അതിന്റെ ബഹുസ്വരതകാരണമാണ്. ഈ ബഹുസ്വരതയുടെ ഉറച്ച അസ്തിത്വത്തിനടിസ്ഥാനം ഇന്ത്യയുടെ ഫെഡറൽ സ്വഭാവമാണ്. യൂണിയനിലെ വിവിധപ്രദേശങ്ങളിലെ ജനങ്ങളുടെ ഭാഷാപരവും സാംസ്കാരികവും ആചാരപരവുമായ വൈവിധ്യങ്ങൾ അംഗീകരിക്കുന്നുവെന്നതാണ് ഫെഡറലിസത്തിന്റെ ശക്തി.അവരുടെ ജീവിതരീതി വൈവിധ്യമാർന്നതാണ്, അവരുടെ ആഹാരരീതിയിലും വൈവിധ്യമുണ്ട്. കുശാനകാലത്തിനുമുമ്പുതന്നെ കാശ്മീരിന്*

*തനതായ ചരിത്രവും സംസ്കാരവുമുണ്ട്. ഈ തനിമ നിലനിർത്തുകയെന്നതായിരുന്നു കാശ്മീർ ഇന്ത്യയുടെ ഭാഗമായി നില്ക്കുന്നതിനു പിന്നിലെ കരുത്ത്. വലിയൊരു സൈന്യവിന്യാസത്തിനുശേഷമാണ് കേന്ദ്രസർക്കാർ കൈശ്മീരിന്റെ സവിശേഷപദവിയെടുത്തചുമാറ്റിയത്, കാശ്മീരിനെ രണ്ടായി മുറിച്ചത്. ജനങ്ങളെ വിശ്വാസത്തിലെടുക്കാത്ത, ജനങ്ങൾക്കിഷ്ടപ്പെടാത്തനടപടിയാണിതെന്ന ഉറച്ച ബോധ്യത്തിലാണ് കേന്ദ്രഗവൺമെന്റ് ബി ജെ പി യുടെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ നടപ്പാക്കിയത്.*

പതിഷേധാർഹമായ ഈ നടപടിയെ പോലും ഒരുമിച്ചെതിർക്കാനാവാത്ത തരത്തിൽ ദുർബ്ബലമായ ഒരുപ്രതിപക്ഷനിരയാണ് ഇന്ത്യയിലുള്ളത്. അവർ എല്ലാ സാഹചര്യത്തിലും അന്യോന്യം ചൊറിമാന്തിരസിക്കുന്ന ശൈഥില്യത്തിന്റെ പാതയിലാണ്. രാജ്യത്തിന്റെ ഐക്യം തകർക്കുന്ന നടപടിയെ പോലും സംയുക്തമായി എതിർക്കാനോ അതിനെതിരായി ബഹുജനസമരങ്ങൾ നടത്താനോ അവർക്ക് കഴിയുന്നില്ല. പ്രതിപക്ഷ അനൈക്യം മുതലെടുത്താണ് നിയമങ്ങളെല്ലാം സ്വന്തതാല്പര്യമനുസരിച്ച് പാസാക്കിയെടുക്കാൻ ഭരണകക്ഷിക്കുകഴിയുന്നത്. ഇന്ത്യയിലെ ജനാധിപത്യപ്രതിപക്ഷവും ഇടതുപക്ഷശക്തികളും തോളോട് തോൾ ചേർന്നു പ്രവർത്തിക്കേണ്ട സമയമാണിത്.'.

***ഇന്ത്യ ഇതരരാജ്യങ്ങളിൽനിന്ന് വ്യത്യസ്തമാവുന്നത്, മഹത്തായ ഒരു രാഷ്ട്രമായി നിലനില്ക്കുന്നത് അതിന്റെ ബഹുസ്വരത കാരണമാണ്. ഈ ബഹുസ്വരതയുടെ ഉറച്ച അസ്തിത്വത്തിനടിസ്ഥാനം ഇന്ത്യയുടെ ഫെഡറൽ സ്വഭാവമാണ്. യൂണിയനിലെ വിവിധപ്രദേശങ്ങളിലെ ജനങ്ങളുടെ ഭാഷാപരവും സാംസ്കാരികവും ആചാരപരവുമായ വൈവിധ്യങ്ങൾ അംഗീകരിക്കുന്നുവെന്നതാണ് ഫെഡറലിസത്തിന്റെ ശക്തി.***

വലിയ അവകാശവാദങ്ങളോടെയാണ് കേന്ദ്രഗവൺമന്റെ കാശ്മീരിന്റെ പ്രത്യേകപദവി എടുത്തുകളഞ്ഞത്. രാജ്യത്തിന്റെ ഐക്യം ശക്തിപ്പെടുത്തുന്ന നടപടിയാണെന്നാണ് സംഘപരിവാരശക്തികളുടെ അവകാശവാദം. കാശ്മീരിന്റെ ചരിത്രമറിയാത്തവർമാത്രമേ ഇത്തരമൊരഭിപ്രായം പറയുകയുള്ളൂ. സ്വാതന്ത്ര്യലബ്ധിയുടെ കാലത്ത് ഇന്ത്യയിൽ ലയിക്കാൻ രാജാഹരിസിങ്ങിന് താൽപ്പര്യമുണ്ടായിരുന്നിരുന്നില്ല. ഷെയ്ക് അബ്ദുള്ളയുടെ മുസ്ലിം കോൺഫറൻസാണ് ഇന്ക്യയിൽ ചേരണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭം നടത്തിയത്. പക്തൂൺ ഗോത്രവംശജരുടെ ആക്രമണമുണ്ടായ പശ്ചാത്തലത്തിൽ ഹരിസിങ്ങ് ഈയാവശ്യത്തിന് വഴങ്ങുകയായിരുന്നു. ഹരിസിങ്ങ് ഇന്ത്യയോട്ചേർന്നുനില്ക്കുന്നതിനോട് രാഷ്ട്രീയ സ്വയം സേവക്സംഘിന് താൽപ്പര്യമുണ്ടായിരുന്നില്ല. ഹൈദരാബാദും ജുനഗദും പിടിച്ചെടുക്കാൻ കഴിഞ്ഞ പശ്ചാത്തലത്തിൽ കാശ്മീർ സ്വതന്ത്രമാവുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നതിന് സർദാർ പട്ടേലിന് വേവലാതിയുണ്ടായിരുന്നില്ല. ഈ വസ്തുതകൾനിലനില്ക്കെയാണ് പക്തൂണുകളുടെ ാക്രമണമുണ്ടായതും ഇന്ത്യയോട് ഹരിസിങ്ങ് സൈനികസഹായത്തിനായി അഭ്യേർത്ഥിച്ചതും.

സ്വാതന്ത്ര്യലബ്ധിയുടെ നാളുകളിൽ തന്നെ ഇന്ത്യയുടേതല്ലാത്തൊരു ഭൂപ്രദേശത്ത് സൈനികമായി ഇടപെടാൻ ഇന്ത്യക്ക് താൽപ്പര്യമുണ്ടായിരുന്നില്ല. അന്തർ

ദേശീയനിയമങ്ങളുടെ ലംഘനമായി അത് വ്യാഖ്യാനിക്കപ്പെടുമായിരുന്നു. ഈ നിലപാട് ജവഹർലാൽ നെഹ്റു അർത്ഥശങ്കയില്ലാതെ ഹരിസിങ്ങിനെ അറിയിച്ചു. ഈ സാഹചര്യത്തിലാണ് നിവൃത്തിയില്ലാതെ ഹരിസിങ്ങ് ഇന്ത്യയിൽ ചേരാൻ തീരുമാനിച്ചത്. ഈ വേളയിലുണ്ടായ ഒത്തുതീർപ്പുകളുടെ ഫലമാണ് ഊഭരണഘടനയുടെ 35 എ, 370 അനുഛേദങ്ങൾ. ഈഅനുഛേദങ്ങളുടെ ഏ റ്റവും പ്രധാനമായ കാര്യം ഈ അനുഛേദങ്ങളുൾപ്പെടെ കാശ്മീരിനെ സംബന്ധിച്ച ഏത് നിയമമാറ്റവും കാശ്മീർ അസംബ്ലിയുടെ അംഗീകാരത്തോടെ മാത്രമേ നടപ്പാക്കാൻ പാടുള്ളുവെന്നതാണ്.

അതുകൊണ്ടാണ് കാശ്മീരിൽ സംഭവിച്ചത് വലിയ ഭരണഘടനാലംഘനമാണെന്ന് ജനാധിപത്യവാദികൾപറയുന്നത്. കോധിപതികൾക്ക്മാത്രം സാധ്യമാവുന്നതരത്തിൽ ഭരണഘടനയുടെ ജനാധിപത്യതത്ത്വത്തെയും ഫെഡറലിസത്തെയും നോക്കുകുത്തികളാക്കുകയാണ് കേന്ദ്രഗവൺമെന്റ് ചെയ്തത്. കാശ്മീരിനെ വിഭജിക്കുകമാത്രമല്ല, തികഞ്ഞ മൊസ്സദിയൻരീതിയിൽ കാശ്മീരിൽവൻതോതിലുള്ള സൈന്യവൽക്കരണം നടത്തിക്കൊണ്ടാണ് സംഘപരിവാർ സർക്കാർ ഇതുചെയ്തത്. ഭരണഘടനയെ തോല്പിക്കുന്നതിനുവേണ്ടി കാശ്മീർനിയമസഭഇല്ലായ്മചെയ്യുകയും കാശ്മീരിന്റെ സംസ്ഥാനപദവി എടുത്തുകളയുകയും ചെയ്തു.

**സ്വാതന്ത്ര്യലബ്ധിയുടെ നാളുകളിൽ തന്നെ ഇന്ത്യയുടേതല്ലാത്തൊരു ഭൂപ്രദേശത്ത് സൈനികമായി ഇടപെടാൻ ഇന്ത്യക്ക് താൽപ്പര്യമുണ്ടായിരുന്നില്ല. അന്തർദേശീയ നിയമങ്ങളുടെ ലംഘനമായി അത് വ്യാഖ്യാനിക്കപ്പെടുമായിരുന്നു.**

ഈ നടപടികൾ വഴി കാശ്മീരിനു കൂടുതൽവികസനമുണ്ടാവുമെന്നാണ് പ്രചരിപ്പിക്കുന്നത്. ഇന്ത്യയിലെ മിക്കസംസ്ഥാനങ്ങളേക്കാളും വികസനമുള്ള സ്റ്റേറ്റാണ് കാശ്മീരെന്ന് എല്ലാ കണക്കുകളും തെളിയിക്കുന്നുണ്ട്. ആരോഗ്യപരിരക്ഷയായാലും വിദ്യാഭ്യാസമായാലും ആയുർദൈർഘ്യമായാലും ഭൂപരിഷ്കരണമായാലും കേരളത്തിനു തൊട്ടുപിറകിലോ അതിനടുത്തോ ആണ് കാശ്മീരിന്റെ നില. ജനങ്ങളുടെ ബോധനിലവാരവും വളരെ ഉയർന്നതാണ്. ഉയർന്നസെക്യുലർ ബോധമുള്ള ജനതയാണ് കാശ്മീരികൾ. ഷെയ്ക് അബ്ദുള്ളയും മകൻ ഫാറൂക്ക് അബ്ദുള്ളയും അദ്ദേഹത്തിന്റെ പുത്രൻ ഒമർ അബ്ദുള്ളയും അന്യമതസ്ഥരായ വനിതകളെയാണ് വിവാഹം ചെയ്തത്. കോൺഗ്രസ് നേതാവ് സച്ചിൻപൈലറ്റ് ഫാറൂക്ക് അബ്ദുള്ളയുടെ പുത്രിയുടെ ഭർത്താവാണ്. കാശ്മീരി മുസ്ലിംകളുടെ ഇടയിലോ ഇതരമതസ്ഥരുടെ ഇടയിലോ ഇത്തരം വിവാഹബന്ധങ്ങൾ എതിർക്കപ്പെടുന്നില്ല. ഭക്ഷണകാര്യത്തിലും വേർതിരിവില്ലാത്ത ജനങ്ങളാണ് കാശ്മീരിലുള്ളത്. സമ്പന്നമായ സാഹിത്യവും സംസ്കാരവുമുള്ള ജനതയാണ് കാശ്മീരികൾ. സ്ത്രീവിദ്യാഭ്യാസത്തിലും സ്ത്രീകളനുഭവിക്കുന്ന സ്വാതന്ത്ര്യത്തിലും ഇതരസംസ്ഥാനങ്ങളേക്കാൾ ഏറെ മുന്നിലാണ് കാശ്മീർ.

ഈ സമൂഹത്തെയാണ് സങ്കുചിതമായ താൽപ്പര്യങ്ങൾക്കായി വെട്ടിമുറിച്ച് നാനാവിധമാക്കിയിരിക്കുന്നത്. ഒരുഗവൺമെന്റിനും ഏകാധിപത്യപരമായ

നടപടികൾ ദീർഘകാലം തുടർന്നുകൊണ്ടുപോകാനാവില്ല. നാനാജാതിമതസ്ഥ രാജനങ്ങളാണ് ഇന്ത്യയുടെ ശക്തി. എല്ലാ വിശ്വമതങ്ങളും ഇന്ത്യയുടെ അവിഭാജ്യഭാഗങ്ങളാണ്. ഇന്ത്യ എത്നോളജിക്കൽ മ്യൂസിയമായിട്ടാണ് ചരിത്രത്തിൽ വിശേഷിപ്പിക്കപ്പെടുന്നത്. എല്ലാ മനുഷ്യവംശങ്ങളുടെയും സാന്നിധ്യം ഇന്ത്യയിലുണ്ട്. ആയിരക്കണക്കിൽ ഭാഷകൾ ഇന്ത്യയിൽ സംസാരിക്കപ്പെടുന്നു. ഭൂപരമായും വൈവിധ്യങ്ങൾ നിറഞ്ഞ നാടാണ് ഇന്ത്യ. ഈ വൈവിധ്യമാണ് ഇന്ത്യയുടെ ചൈതന്യം. നാനാത്വമാണ് ഇന്ത്യയുടെ സൗന്ദര്യം. നാനാത്വത്തിൽ ഏകത്വമാണ് ഇന്ത്യയുടെ ദർശനം. ഈ സവിശേഷതയ്ക്ക് രാഷ്ട്രമീമാംസയും ഭരണഘടനയും നൽകുന്ന പേരാണ് ഫെഡറലിസം. ഇതിലേതെങ്കിലുമൊരു വിഭാഗത്തിനു പോറലേല്ക്കുമ്പോൾ ഇന്ത്യയുടെ ഹൃദയത്തിനാണ് മുറിവേല്ക്കുന്നത്. ഭൂരിപക്ഷത്തിന്റെ ബലത്തിൽ ജനങ്ങളിൽ മഹാഭൂരിപക്ഷത്തെ വെറുപ്പിക്കുന്ന നടപടികൾ എടുത്തഭരണാധികാരികൾ അവസാനം ജനകീയശക്തിക്കുമുമ്പിൽ മുട്ടുകുത്തിയചരിത്രമാണ് ലോകത്തിനുള്ളത്. ഇന്ത്യയുടെയും ചരിത്രം മറ്റൊന്നാവുകയില്ല. തീർച്ചയാണ് ചരിത്രമായിരിക്കും ഇന്ത്യയുടെ വിധികർത്താവ്.

**ഇന്ത്യയിലെ മിക്കസംസ്ഥാനങ്ങളേക്കാളും വികസനമുള്ള സ്റ്റേറ്റാണ് കാശ്മീരെന്ന് എല്ലാ കണക്കുകളും തെളിയിക്കുന്നുണ്ട്. ആരോഗ്യപരിരക്ഷയായാലും വിദ്യാഭ്യാസമായാലും ആയുർദൈർഘ്യമായാലും ഭൂപരിഷ്കരണമായാലും കേരളത്തിനു തൊട്ടുപിറകിലോ അതിനടുത്തോ ആണ് കാശ്മീരിന്റെ നില. ജനങ്ങളുടെ ബോധനിലവാരവും വളരെ ഉയർന്നതാണ്. ഉയർന്ന സെക്യുലർ ബോധമുള്ള ജനതയാണ് കാശ്മീരികൾ.**

◆

**ലേഖനം**

**കെ.ടി.കുഞ്ഞിക്കണ്ണൻ**

# കാശ്മീരിനെ മാത്രമല്ല ഇന്ത്യയെന്ന ആശയത്തെതന്നെയാണ് അവർ വെട്ടിമുറിക്കുന്നത്

കാശ്മീരിന് പ്രത്യേക പദവി നൽകുന്ന ഭരണഘടനയുടെ 370-ാം വകുപ്പും 35-എ അനുച്ഛേദവും റദ്ദ് ചെയ്യുകയും ജമ്മുകാശ്മീരിനെ വിഭജിക്കുകയും ചെയ്ത നടപടി സംഘപരിവാറിന്റെ ജനാധിപത്യത്തിനും ഭരണഘടനയ്ക്കുമെതിരായ ആസൂത്രിതമായ കടന്നാക്രമണത്തെയാണ് കാണിക്കുന്നത്. കാശ്മീരിജനതയുടെ സ്വത്വത്തെയും ഭരണഘടനാവകാശങ്ങളെയും ഇല്ലാതാക്കി ആ സംസ്ഥാനത്തെ മൂന്ന് ഖണ്ഡങ്ങളായി വെട്ടിക്കീറിയ കേന്ദ്രസർക്കാർ ഇന്ത്യയെ രൂപപ്പെടുത്തിയ ചരിത്രത്തെയും ഭരണഘടനയെയും തന്നെയാണ് വെട്ടിക്കീറിയിരിക്കുന്നത്. ഇന്ത്യയെന്ന ആശയത്തെതന്നെയാണ് അവർ ആക്രമിച്ചുകൊണ്ടിരിക്കുന്നത്.

പാക്കിസ്ഥാന്റെയും അഫ്ഗാനിസ്ഥാന്റെയും ചൈനയുടെയും അതിർത്തി പങ്കിടുന്ന ജമ്മുകാശ്മീർ തന്ത്രപ്രധാനമായ പ്രദേശമാണ്. ശീതയുദ്ധകാലത്തുടനീളം അമേരിക്കയുടെയും ബ്രിട്ടന്റെയും പിന്തുണയോടെയാണ് ഇന്ത്യാവിരുദ്ധശക്തികൾ കാശ്മീരിലേക്ക് നുഴഞ്ഞുകയറ്റം നടത്തുകയും ആ മേഖലയെ സംഘർഷഭരിതമാക്കുകയും ചെയ്തത്. ശീതയുദ്ധാനന്തരം അമേരിക്കൻ കാർമ്മികത്വത്തിൽ ജന്മമെടുത്ത ഭീകരവാദഗ്രൂപ്പുകളാണ് പാക്കിസ്ഥാൻ കേന്ദ്രമാക്കി സ്വതന്ത്ര കാശ്മീർ വാദവും കാശ്മീരിനെ പാക്കിസ്ഥാന്റെ ഭാഗമാക്കണമെന്ന മുദ്രാവാക്യവുമുയർത്തി ഈ മേഖലയിൽ ഭീകരാക്രമണങ്ങൾ നടത്തിയിട്ടുള്ളത്.

ഇപ്പോൾ പ്രത്യേകപദവി എടുത്തുകളഞ്ഞ് ഇന്ത്യയുടെ അവിഭാജ്യഘടകമായ കാശ്മീരിനെ ഒരു ശത്രുരാജ്യത്തെപ്പോലെ കൈകാര്യം ചെയ്യുന്ന മോഡി സർക്കാരിന്റെ നടപടികൾ കാശ്മീർ പ്രശ്നത്തെ ട്രംപിന്റെയും അമേരിക്കയുടെയും കൈകളിലെത്തിച്ചിരിക്കുകയാണ്. കാശ്മീർ ഇന്ത്യയുടെ ആഭ്യന്തരപ്രശ്നമാണ് എന്ന് നാഴികക്ക് നാൽപതുവട്ടം ഉരുവിട്ടുകൊണ്ടിരിക്കുന്ന സംഘപരിവാർ നയിക്കുന്ന കേന്ദ്രസർക്കാർ കാശ്മീർ പ്രശ്നത്തിൽ ട്രംപിനെ മധ്യസ്ഥനാക്കിയിരിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ വിവേകരഹിതമായ നടപടികളിലൂടെ കാശ്മീർ

വിഷയത്തെ ട്രംപിന്റെ കൈകളിലെത്തിക്കുകയാണ് നരേന്ദ്രമോഡിയും അമിത് ഷായും ചെയ്തിരിക്കുന്നത്. അക്കാര്യങ്ങൾ പിറകെ പരിശോധിക്കാം.

നെഹ്റുവിന്റെ ചേരിചേരാനയത്തെയും സോഷ്യലിസ്റ്റ്സോവിയറ്റ് ആഭിമുഖ്യത്തെയും സംശയത്തോടെകണ്ട സാമ്രാജ്യത്വശക്തികൾ പാക്കിസ്ഥാനെ ഉപയോഗിച്ച് കാശ്മീർപ്രശ്നത്തെ എന്നും സങ്കീർണമാക്കാനുള്ള ഇടപെടലുകൾ നടത്തിയിരുന്നു. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻയൂണിയന്റെ സംയോജന പ്രക്രിയയെയും ദേശരാഷ്ട്ര രൂപീകരണത്തെയും സാമ്രാജ്യത്വശക്തികൾ പല തലങ്ങളിൽ ഇടപെട്ടുകൊണ്ട് തടസ്സപ്പെടുത്തുകയായിരുന്നല്ലോ. സ്വതന്ത്ര കാശ്മീർവാദമുയർത്തിയ ഹരിസിംഹരാജാവിന് പല ഘട്ടങ്ങളിലും അമേരിക്കയുടെയും ബ്രിട്ടന്റെയും രഹസ്യവും പരസ്യവുമായ പിന്തുണ ലഭിച്ചിരുന്നു. 1947 ഒക്ടോബറിൽ പാക്ക് - അഫ്ഗാൻ കേന്ദ്രങ്ങളിൽ നിന്ന് ഗോത്രവർഗ മിലിട്ടന്റുകളെ കാശ്മീരിലേക്ക് നയിച്ചത് റസ്സൽഹൈറ്റ് എന്ന അമേരിക്കൻ സൈനികോദ്യോഗസ്ഥനായിരുന്നു. അന്ന് ഗോത്രവർഗ മിലിട്ടന്റുകൾ കയ്യടക്കിയ പ്രദേശങ്ങളാണ് ഇന്നത്തെ പാക്ക് അധീനകാശ്മീർ (POK).

**ഇപ്പോൾ പ്രത്യേകപദവി എടുത്തുകളഞ്ഞ് ഇന്ത്യയുടെ അവിഭാജ്യഘടകമായ കാശ്മീരിനെ ഒരു ശത്രുരാജ്യത്തെപ്പോലെ കൈകാര്യം ചെയ്യുന്ന മോഡി സർക്കാരിന്റെ നടപടികൾ കാശ്മീർ പ്രശ്നത്തെ ട്രംപിന്റെയും അമേരിക്കയുടെയും കൈകളിലെത്തിച്ചിരിക്കുകയാണ്. കാശ്മീർ ഇന്ത്യയുടെ ആഭ്യന്തരപ്രശ്നമാണ് എന്ന് നാഴികക്ക് നാൽപതുവട്ടം ഉരുവിട്ടുകൊണ്ടിരിക്കുന്ന സംഘപരിവാർ നയിക്കുന്ന കേന്ദ്രസർക്കാർ കാശ്മീർ പ്രശ്നത്തിൽ ട്രംപിനെ മധ്യസ്ഥനാക്കിയിരിക്കുകയാണ്. ചുരുക്കിപ്പറഞ്ഞാൽ വിവേകരഹിതമായ നടപടികളിലൂടെ കാശ്മീർ വിഷയത്തെ ട്രംപിന്റെ കൈകളിലെത്തിക്കുകയാണ് നരേന്ദ്രമോഡിയും അമിത്ഷായും ചെയ്തിരിക്കുന്നത്. അക്കാര്യങ്ങൾ പിറകെ പരിശോധിക്കാം.**

ലോകത്തിലെ ഏറ്റവും മനോഹരവും സമ്പന്നവുമായ കാശ്മീരിൽ എന്നും ബ്രിട്ടീഷുകാർക്കും അമേരിക്കക്കാർക്കും കണ്ണുണ്ടായിരുന്നു. 84,771 ചതുരശ്ര നാഴിക വിസ്തീർണമുള്ള ജമ്മുകാശ്മീർ പഞ്ചാബിലേക്ക് തള്ളിനിൽക്കുന്ന ജമ്മുവും വടക്ക് കാശ്മീർ താഴ്വരയും ലഡാക്കും ഉൾക്കൊള്ളുന്ന സാംസ്കാരിക വൈവിധ്യമുള്ള സംസ്ഥാനമാണ്. മുസ്ലീങ്ങളും ഹിന്ദുക്കളും ബുദ്ധമതക്കാരും താമസിക്കുന്ന ബഹുസ്വരതയുടെ സംസ്കാരമുള്ള സമൂഹം. കൃഷിയോഗ്യമായ ഭൂമിയും അതിലെ ആപ്പിൾതോട്ടങ്ങളും കാശ്മീർ താഴ്വരയിലെ താടകങ്ങളും കുന്നിൻചെരിവുകളും ഈ പർവ്വത സംസ്ഥാനത്തെ ആകർഷണീയമായ ഭൂപ്രദേശമാക്കി നിലനിർത്തി.

കാശ്മീർ ഉൾപ്പെടെ ഇന്ത്യയിലെ 600 ഓളം വരുന്ന നാട്ടുരാജ്യങ്ങൾ ഇന്ത്യൻയൂണിയന്റെ ഭാഗമായി ഉദ്ഗ്രഥിക്കപ്പെട്ടത് സാമ്രാജ്യത്വവിരുദ്ധ ദേശീയ

സ്വാതന്ത്ര്യസമരത്തിന്റെ തുടർച്ചയിലാണെന്ന യാഥാർത്ഥ്യം ഹിന്ദുത്വവാദികൾക്ക് ഓർമ്മിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ഇന്ത്യൻ ദേശീയതയെ രൂപപ്പെടുത്തിയ ദേശീയസ്വാതന്ത്ര്യസമരത്തിലും നാട്ടുരാജ്യങ്ങളുടെ ശ്രമകരമായ സംയോജന പ്രക്രിയയിലും അവർ ഇന്ത്യാവിരുദ്ധശക്തികളോടൊപ്പം നിലയുറപ്പിച്ചവരായിരുന്നല്ലോ. ബ്രിട്ടീഷുകാരുടെയും നാട്ടുരാജാക്കന്മാരുടെയും സഹായികളും ചോറ്റുപട്ടാളവുമായി പ്രവർത്തിച്ച നിന്ദാകരമായ ചരിത്രമാണ് ആർ.എസ്.എസിനുള്ളത്. ദേശവഞ്ചനയുടെയും ശിഥിലീകരണശക്തികളോട് കൂട്ടുചേർന്നതിന്റെയും ചരിത്രമുള്ളവരാണ് ദേശീയത പറഞ്ഞ് ഇന്ത്യയുടെ ഐക്യത്തിന് ആധാരമായ ഭരണഘടനയുടെ ഫെഡറൽ മൂല്യങ്ങളെ കുഴിച്ചുമൂടാൻ നോക്കുന്നത്.

സർദാർവല്ലഭ്ഭായ്പട്ടേലിന്റെ വലംകൈയായിരുന്ന, നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻ യൂണിയനിലേക്കുള്ള ഉദ്ഗ്രഥനത്തിന് നേതൃത്വവഹിച്ച വി.പി.മേനോൻ എഴുതിയിരിക്കുന്നത്; ''ഒരു റിപ്പബ്ലിക്കിന്റെ പ്രരൂപമായ 554 നാട്ടുരാജ്യങ്ങളെ ഉദ്ഗ്രഥിക്കുക, ആരംഭത്തിലെ ദുഃസ്വപ്നസമാനമായ കുഴപ്പത്തിന്റെ അവസ്ഥയിലും ഒരു ക്രമം ഉരുത്തിരിച്ചെടുക്കുക, മുൻ നാട്ടുരാജ്യങ്ങളിലെയെല്ലാം ഭരണസംവിധാനം ജനാധിപത്യവൽക്കരിക്കുക, ഇതര മണ്ഡലങ്ങളിൽ ഇനിയെത്ര വലിയ നേട്ടമുണ്ടായാലും അവയൊന്നും ഇത്രത്തോളം വരില്ല'' (Integration of the Indian States). ഇന്ത്യൻ യൂണിയന്റെ ഉദ്ഗ്രഥന പ്രക്രിയയുടെ സങ്കീർണവും ശ്രമകരവുമായ ചരിത്രദൗത്യത്തെയാണ് ശ്രീ.മേനോൻ ഈ വരികളിലൂടെ വ്യക്തമാക്കുന്നത്.

**നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻ യൂണിയനിലേക്കുള്ള ഉദ്ഗ്രഥനത്തിന് നേതൃത്വവഹിച്ച വി.പി.മേനോൻ എഴുതിയിരിക്കുന്നത്; ''ഒരു റിപ്പബ്ലിക്കിന്റെ പ്രരൂപമായ 554 നാട്ടുരാജ്യങ്ങളെ ഉദ്ഗ്രഥിക്കുക, ആരംഭത്തിലെ ദുഃസ്വപ്നസമാനമായ കുഴപ്പത്തിന്റെ അവസ്ഥയിലും ഒരു ക്രമം ഉരുത്തിരിച്ചെടുക്കുക, മുൻ നാട്ടുരാജ്യങ്ങളിലെയെല്ലാം ഭരണസംവിധാനം ജനാധിപത്യവൽക്കരിക്കുക, ഇതര മണ്ഡലങ്ങളിൽ ഇനിയെത്ര വലിയ നേട്ടമുണ്ടായാലും അവയൊന്നും ഇത്രത്തോളം വരില്ല''**

ബ്രിട്ടീഷുകാർ ഇന്ത്യ വിടുമ്പോൾ 500 ലേറെ വ്യതിരിക്തമായ അതിർത്തികളുള്ള പ്രദേശങ്ങളായിരുന്നു ഇന്ത്യയെന്ന ഈ ഉപഭൂഖണ്ഡം. ഇവയിൽ രണ്ടെണ്ണമായിരുന്നു പുതുതായ സൃഷ്ടിക്കപ്പെട്ട ഇന്ത്യയും പാക്കിസ്ഥാനും. അതായത് ഇന്ത്യയെന്നത് പലതരത്തിലുള്ള നാട്ടുരാജ്യങ്ങളും സംസ്ഥാനങ്ങളുമായി കിടക്കുന്ന ഭൂപ്രദേശം. ഇതിനെയെല്ലാം ചേർത്താണ് 'പ്രിൻസിലി ഇന്ത്യ' അഥവാ നാട്ടുരാജ്യവാഴ്ചാ പ്രദേശമായ ഇന്ത്യ എന്ന് വിളിക്കുന്നതെന്ന് 'ഇന്ത്യൻ സംസ്ഥാനങ്ങളുടെ ഉദ്ഗ്രഥനം' എന്ന പുസ്തകത്തിൽ വി.പി.മേനോൻ രേഖപ്പെടുത്തിയിട്ടുണ്ട്. വി.പി. മേനോന്റെ ഈ പുസ്തകത്തെ നിരൂപണം ചെയ്തുകൊണ്ട് 1956 ആഗസ്റ്റ് മാസത്തിലെ ന്യൂഏയ്ജിൽ ഇ.എം.എസ് എഴുതിയ ലേഖനത്തിൽ നാട്ടുരാജ്യങ്ങളുടെ ജനാധിപത്യവൽക്കരണത്തിന്റെയും ഫെഡറൽ ഘടനയിലധിഷ്ഠിതമായ ഇന്ത്യയെന്ന രാഷ്ട്രത്തിന്റെ രൂപീകരണപ്രക്രിയയുടെയും ചരിത്രപ്രക്രിയയെ വിശകലനം ചെയ്യുന്നുണ്ട്.

ഇന്ത്യയിലെ നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻയൂണിയനിലേക്കുള്ള സംയോജനത്തിൽ ഏറ്റവും വൈഷമ്യമേറിയതും പ്രധാനവും കാശ്മീരിന്റേതായിരുന്നു. മുസ്ലീം ഭൂരിപക്ഷമുള്ള ജമ്മുകാശ്മീരിനെ ഇന്ത്യയോടൊപ്പം ചേർത്തത് നെഹ്റുവിന്റെയും പട്ടേലിന്റെയും നാഷണൽ കോൺഫറൻസ് നേതാവായ ഷെയ്ഖ് അബ്ദുള്ളയുടെയും വിട്ടുവീഴ്ചയില്ലാത്ത മതനിരപേക്ഷ നിലപാടുകളിൽ നിന്നുള്ള അശ്രാന്തപരിശ്രമങ്ങളായിരുന്നു. ഈ ചരിത്രപ്രക്രിയയുടെ വിപരീത ദിശയിൽ കളിച്ചവരാണ് പാക്കിസ്ഥാനും മുഹമ്മദലിജിന്നയുമെന്നപോലെ ഇന്ത്യയിൽ ഹിന്ദുമഹാസഭയും ആർ.എസ്.എസുകാരുമെന്നതാണ് അനിഷേധ്യമായ ചരിത്രവസ്തുത. അതിന്റെ വിശദാംശങ്ങൾ നമുക്ക് പിന്നാലെ പരിശോധിക്കാം.

### ഭരണഘടനയെ ഇല്ലാതാക്കാനുള്ള ആസൂത്രിതനീക്കം

തങ്ങളുടെ ഹിന്ദുരാഷ്ട്ര അജണ്ടക്കാവശ്യമായ രീതിയിൽ ഭരണഘടനയെതന്നെ പൊളിച്ചെഴുതാനുള്ള നീക്കങ്ങളാണ് സംഘപരിവാർ കഴിഞ്ഞ കുറേക്കാലമായി ത്വരിതഗതിയിൽ നടത്തിക്കൊണ്ടിരിക്കുന്നത്. 1998–ലെ വാജ്പേയ്സർക്കാർ ഇന്ത്യൻ ഭരണഘടനയെ പൊളിച്ചെഴുതാനും തങ്ങളുടെ മതരാഷ്ട്ര അജണ്ട നടപ്പാക്കാനുമായി ഒരു ഭരണഘടനാ കമ്മീഷനെതന്നെ നിയമിക്കുകയുണ്ടായി. ഭരണഘടന പൊളിച്ചെഴുതാനുള്ള വാജ്പേയ് സർക്കാരിന്റെ നീക്കങ്ങളെ ശാസിച്ചുകൊണ്ട് അന്നത്തെ രാഷ്ട്രപതി കെ.ആർ.നാരായണൻ നടത്തിയിട്ടുള്ള ഇടപെടലുകൾ ഇന്ത്യയുടെ സമകാലീന ചരിത്രത്തിലെ ശ്രദ്ധേയമായ ഏടാണ്.

**1998–ലെ വാജ്പേയ്സർക്കാർ ഇന്ത്യൻ ഭരണഘടനയെ പൊളിച്ചെഴുതാനും തങ്ങളുടെ മതരാഷ്ട്ര അജണ്ട നടപ്പാക്കാനുമായി ഒരു ഭരണഘടനാ കമ്മീഷനെതന്നെ നിയമിക്കുകയുണ്ടായി. ഭരണഘടന പൊളിച്ചെഴുതാനുള്ള വാജ്പേയ് സർക്കാരിന്റെ നീക്കങ്ങളെ ശാസിച്ചുകൊണ്ട് അന്നത്തെ രാഷ്ട്രപതി കെ.ആർ.നാരായണൻ നടത്തിയിട്ടുള്ള ഇടപെടലുകൾ ഇന്ത്യയുടെ സമകാലീന ചരിത്രത്തിലെ ശ്രദ്ധേയമായ ഏടാണ്.**

2000–ലെ റിപ്പബ്ലിക് ദിനത്തിന്റെ സുവർണജൂബിലി സന്ദേശത്തിലാണ് കെ.ആർ.നാരായണൻ ഭരണഘടന പൊളിച്ചെഴുതാനുള്ള സംഘപരിവാർ നീക്കത്തെ ശാസിച്ചത്. ഭരണഘടനയോടൊപ്പം നിലവിൽവന്ന പരിമിതമായ ജനാധിപത്യ അവകാശങ്ങളെയും ദുർബലജനവിഭാഗങ്ങൾക്കനുകൂലമായ സാമൂഹ്യനീതിതത്വങ്ങളെയും എടുത്തുകളയാനുള്ള ഏതു നീക്കവും അപകടകരമാണെന്ന് അദ്ദേഹം പാർലമെന്റിന്റെ സെൻട്രൽഹാളിൽ നടത്തിയ പ്രസംഗത്തിൽ പറഞ്ഞു. രാജ്യത്തെ പ്രസിഡൻഷ്യൽ സമ്പ്രദായത്തിലേക്ക് പരിവർത്തനപ്പെടുത്താനുള്ള സംഘപരിവാർ അജണ്ടയെ താക്കീത് ചെയ്തുകൊണ്ട് കെ.ആർ.നാരായണൻ പറഞ്ഞത്; ഭരണസ്ഥിരതയല്ല ജനങ്ങളോടും രാഷ്ട്രത്തോടുമുള്ള ഉത്തരവാദിത്തമാണ് പ്രധാനമെന്നാണ്. രാജ്യത്തിന്റെ വൈവിധ്യവും സാമൂഹ്യവികസനരംഗത്തെ പ്രശ്നങ്ങളും

അഭിസംബോധനചെയ്യാനാവശ്യമായ സമീപനമാണിന്ന് ആവശ്യം. അല്ലാതെ രാജ്യത്തിന്റെ ബഹുസ്വരതയെയും ഭരണഘടനയുടെ ഫെഡറലിസത്തെയും തൃണവൽഗണിക്കുന്ന പ്രസിഡൻഷ്യൽ ഭരണസംവിധാനമല്ല. അത് ഏകാധിപത്യ ത്തിലേക്ക് വഴിവെക്കുമെന്നും രാജ്യത്തെ ശിഥിലീകരിക്കുമെന്നും അദ്ദേഹം മുന്ന റിയിപ്പുനൽകി.

വാജ്പേയിക്ക് നടപ്പിലാക്കാൻ കഴിയാതെപോയ ഭരണഘടനയുടെ പൊളി ച്ചെഴുത്തിനാണ് മോഡിയും അമിത്ഷായും കച്ചകെട്ടിയിറങ്ങിയിരിക്കുന്നത്. ഏക രാജ്യ സിദ്ധാന്തവും ഏകനിയമ സിദ്ധാന്തവുമൊക്കെ തട്ടിവിട്ട് അവർ സ്വേച്ഛാധി കാരത്തിലേക്ക് രാജ്യത്തെ നയിക്കാനും ഭരണഘടനയെ പൊളിച്ചെഴുതാനുമുള്ള കുത്സിതശ്രമങ്ങളിലാണ്. രണ്ടാം മോഡിസർക്കാർ അധികാരമേറ്റെടുത്തതോടെ തങ്ങൾക്കനഭിമതരായ ജനസമൂഹങ്ങൾക്കും രാഷ്ട്രീയ പ്രസ്ഥാന ങ്ങൾക്കുമെതിരായ കട ന്നാക്രമണങ്ങളുടെ ഗതിവേഗം കൂടിയിരി ക്കുകയാണ്. വിദ്വേഷരാ ഷ്ട്രീയത്തിൽ അഭിരമി ക്കുന്ന ഹിന്ദുത്വവാദികൾ ഇന്ത്യൻ ഭരണഘടനയെ തന്നെ കുഴിച്ചുമൂടാനുള്ള അത്യന്തം പ്രതിഷേധജ നകമായ ശ്രമങ്ങളാണ് ആരംഭിച്ചിരിക്കുന്നത്. കാശ്മീരിന്റെ പ്രത്യേ കപദവി എടുത്തുകള ഞ്ഞതും പൗരത്വ നിയമം, മുത്തലാഖ്, എൻ.ഐ. എ-യു.എ.പി.എ നിയമഭേദഗതികൾ ചെയ്തതും ഇന്ത്യൻ ഭരണഘടനയെതന്നെ ലക്ഷ്യംവെച്ചുള്ള ആർ.എസ്.എസിന്റെ രാഷ്ട്രീയഅജണ്ടയുടെ ഭാഗമാണെന്ന കാ ര്യം ജനാധിപത്യവാദികൾ തിരിച്ചറിയാതെ പോകരുത്.

**ലോകത്തിലെ ഏറ്റവും ശക്തമായ കൊളോണിയൽ അധീശത്വത്തിനെതിരെ ഒരു നൂറ്റാണ്ടിലേറെ കാലം നീണ്ടുനിന്ന സ്വാതന്ത്ര്യ സമരത്തിന്റെ മൂല്യങ്ങളെയും ഒരു ആധുനിക രാഷ്ട്രത്തിന് അനുയോജ്യമായ ആശയങ്ങളെയും ഉൾക്കൊണ്ടുകൊണ്ടാണ് ഭരണഘടനാ നിർമ്മാണസഭ ഭരണഘടനയ്ക്ക് രൂപം നൽകിയത്. ചരിത്രത്തിന്റെ എല്ലാവിധത്തിലുള്ള സങ്കുചിതമായ ദുർവ്യാഖ്യാനങ്ങളെയും നിരാകരിച്ചുകൊണ്ടാണ് ഇന്ത്യയുടെ പാരമ്പര്യത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ ദേശീയനേതൃത്വം ഭരണഘടനയുടെ സമത്വാധിഷ്ഠിത സാമൂഹ്യദർശനം രൂപപ്പെടുത്തിയത്.**

പരമാധികാരം, ഫെഡറലിസം, മതനിരപേക്ഷത, സോഷ്യലിസം തുട ങ്ങിയ മൂല്യങ്ങളെയാണ് ഭരണഘടന അതിന്റെ അടിസ്ഥാനവും ആദർശലക്ഷ്യ ങ്ങളുമായി വിഭാവനം ചെയ്തിരിക്കുന്നത്. ലോകത്തിലെ ഏറ്റവും ശക്തമായ കൊളോണിയൽ അധീശത്വത്തിനെതിരെ ഒരു നൂറ്റാണ്ടിലേറെ കാലം നീണ്ടുനിന്ന സ്വാതന്ത്ര്യസമരത്തിന്റെ മൂല്യങ്ങളെയും ഒരു ആധുനിക രാഷ്ട്രത്തിന് അനുയോ ജ്യമായ ആശയങ്ങളെയും ഉൾക്കൊണ്ടുകൊണ്ടാണ് ഭരണഘടനാ നിർമ്മാണസഭ ഭരണഘടനയ്ക്ക് രൂപം നൽകിയത്. ചരിത്രത്തിന്റെ എല്ലാവിധത്തിലുള്ള സങ്കുചി തമായ ദുർവ്യാഖ്യാനങ്ങളെയും നിരാകരിച്ചുകൊണ്ടാണ് ഇന്ത്യയുടെ പാരമ്പര്യ ത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും ഊർജ്ജം ഉൾക്കൊണ്ടുകൊണ്ട് നമ്മുടെ

ദേശീയനേതൃത്വം ഭരണഘടനയുടെ സമത്വാധിഷ്ഠിത സാമൂഹ്യദർശനം രൂപപ്പെടുത്തിയത്.

ഭിന്നമതങ്ങളുംഭാഷകളുംജാതിവംശവിഭാഗങ്ങളുംബഹുസംസ്കാരങ്ങളും സഹവർത്തിച്ച് നിലകൊള്ളുന്ന ദേശീയതാസങ്കൽപമാണ് ഭരണഘടന മുന്നോട്ടുവെച്ചിരിക്കുന്നത്. അതായത് നനാത്വത്തിൽ ഏകത്വമെന്ന ജനാധിപത്യപരമായ ദേശീയതാസങ്കൽപമാണ് ഭരണഘടന മുന്നോട്ടുവെച്ചിട്ടുള്ളത്. ഭരണഘടനാശിൽപികൾ ലോകചരിത്രഗതികളെയാകെ പഠിക്കുകയും വിവിധ രാജ്യങ്ങളിലെ ലിഖിതവും എഴുതപ്പെടാത്തതുമായ ഭരണഘടനകളെ പരിശോധിക്കുകയും ജനാധിപത്യത്തിന്റെ ഭിന്നരൂപങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കുകയും ചെയ്തുകൊണ്ടാണ് നമ്മുടെ ഭരണഘടനയ്ക്ക് രൂപം നൽകിയത്.

ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും മൂല്യങ്ങളിലൂന്നുകയും സാമൂഹ്യനീതി ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നതാണ് നമ്മുടെ ഭരണഘടന. ജാതിമതലിംഗ ഭേദങ്ങളില്ലാതെ എല്ലാവരെയും തുല്യരായി കാണുന്ന പ്രമാണമാണ് ഭരണഘടനയുടെ മൗലികദർശനം. എല്ലാവർക്കും സംഘടിക്കാനും ഇഷ്ടമുള്ള ആശയങ്ങളിൽ വിശ്വസിക്കാനും ആശയപ്രകാശനം നടത്താനുമുള്ള മൗലികാവകാശങ്ങൾ ഓരോ വ്യക്തിക്കും ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നു.

**സമത്വാശയങ്ങളെയും മതനിരപേക്ഷ മൂല്യങ്ങളെയും ജനാധിപത്യത്തെയും എന്നും എതിർത്തുപോന്ന മതരാഷ്ട്രവാദികൾ ഒരുകാലത്തും ഭരണഘടനയെ അംഗീകരിച്ചിരുന്നില്ല. ആർ.എസ്.എസുകാർ എന്നും ഇന്ത്യൻ ഭരണഘടനയെ ഹിന്ദുവിരുദ്ധ ഭരണഘടനയായിട്ടാണ് കണ്ടത്. തങ്ങളുടെ മതരാഷ്ട്രഅജണ്ടയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന ഭരണഘടനയെ പൊളിച്ചെഴുതുകയെന്നത് എക്കാലത്തെയുംഅവരുടെ അജണ്ടയായിരുന്നു.**

സമത്വാശയങ്ങളെയുംമതനിരപേക്ഷമൂല്യങ്ങളെയുംജനാധിപത്യത്തെയും എന്നും എതിർത്തുപോന്ന മതരാഷ്ട്രവാദികൾ ഒരുകാലത്തും ഭരണഘടനയെ അംഗീകരിച്ചിരുന്നില്ല. ആർ.എസ്.എസുകാർ എന്നും ഇന്ത്യൻ ഭരണഘടനയെ ഹിന്ദുവിരുദ്ധ ഭരണഘടനയായിട്ടാണ് കണ്ടത്. തങ്ങളുടെ മതരാഷ്ട്രഅജണ്ടയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന ഭരണഘടനയെ പൊളിച്ചെഴുതുകയെന്നത് എക്കാലത്തെയും അവരുടെ അജണ്ടയായിരുന്നു. ബാബ്റിമസ്ജിദ് തകർത്തതിനുശേഷം ചേർന്ന വിശ്വഹിന്ദുപരിഷത്തിന്റെ സന്ത്സമിതി (സന്യാസിസഭ) ഇന്ത്യൻ ഭരണഘടന മാറ്റിയെഴുതാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാനായി സ്വാമിമുക്താനന്ദസരസ്വതിയുടെ നേതൃത്വത്തിൽ ഒരു നാലംഗസമിതിയെ നിയോഗിച്ചിരുന്നു. ആ സമിതി സംഘപരിവാറിന്റെ ഭരണഘടനാ വിമർശനത്തിന്റെ ഒരു കരട്രേഖ തയ്യാറാക്കുകയും ചെയ്തിരുന്നു.

അതിലവർ നടത്തുന്ന ഭരണഘടനാവിമർശനം കൗതുകകരമാണ്; ''ഇന്ത്യയുടെ ഐക്യവും അഖണ്ഡതയും സാഹോദര്യവും സമുദായ സൗഹാർദ്ദവും തകർക്കുന്നതിന് ഉത്തരവാദിയാര്? വിശപ്പും ദാരിദ്ര്യവും അഴിമതിയും മതനിഷേ

ധവും വർദ്ധമാനമാകുന്നതിന് ഉത്തരവാദിയാര്? ഇന്നത്തെ ഇന്ത്യൻ ഭരണഘടന.'' എത്ര ബാലിശവും വസ്തുതകൾക്ക് നിരക്കാത്തതുമായ ഭരണഘടനാവിമർശനമാണ് ഇവർ മുന്നോട്ടുവെച്ചിരിക്കുന്നത്. ഇന്ത്യയുടെ ഇന്നത്തെ ഭരണഘടനയ്ക്ക് പോരായ്മകൾ ഉണ്ടാകാം. അത് നമ്മുടെ ജനാധിപത്യപ്രക്രിയയുടെ ഭാഗമായി പരിഹരിക്കാവുന്നതാണ്. നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ചൂഷകവർഗബന്ധങ്ങളെ പൊളിച്ചെഴുതാനൊന്നും ഭരണഘടന അനുവദിക്കുന്നില്ലെങ്കിലും ജനാധിപത്യത്തിന്റെയും സമത്വത്തിന്റെയും സാമൂഹ്യനീതിയുടെയും മതേതരത്വത്തിന്റെയും മൂല്യങ്ങളെ ഉൾക്കൊള്ളുന്നതാണ് ഇന്നത്തെ ഭരണഘടനയെന്നകാര്യത്തിൽ പുരോഗമനജനാധിപത്യവാദികൾക്ക് ഒട്ടും സംശയമില്ല.

ഭരണഘടനയുടെ സാമൂഹ്യനീതിയുടെയും മതേതരത്വത്തിന്റെയും തുല്യതയുടെയും മൂല്യങ്ങളെതന്നെയാണ് ഹിന്ദുത്വവാദികൾ അങ്ങേയറ്റത്തെ നിഷേധബോധത്തോടെ എതിർത്തുകൊണ്ടിരിക്കുന്നത്. മധ്യകാലിക ബ്രാഹ്മണമൂല്യങ്ങളെ പുനരാനയിക്കാനാണവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വർത്തമാന മനുഷ്യപ്രശ്നങ്ങൾക്കെല്ലാം ഭൂതകാലത്തിലേക്ക് തിരിച്ചുപോയിക്കൊണ്ട് പരിഹാരമുണ്ടാക്കാമെന്ന് വ്യാമോഹിപ്പിക്കുന്ന പ്രത്യയശാസ്ത്രമാണ് ആർ.എസ്.എസിന്റേത്. മുക്താനന്ദയുടെ ഭരണഘടനാ മാറ്റത്തിനുള്ള നിർദ്ദേശങ്ങൾ ഇന്ത്യൻഭരണഘടനയുടെ ജനവിരുദ്ധതയായി കാണുന്നത് സ്ത്രീകൾക്കും പിന്നോക്ക ദളിത് ന്യൂനപക്ഷസമൂഹങ്ങൾക്കും ദരിദ്രർക്കും അനുകൂലമായുള്ള വ്യവസ്ഥകളെയാണ്. ഈ വ്യവസ്ഥകളെല്ലാം ഹിന്ദുവിരുദ്ധമാണെന്നാണ് അവർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്.

**വിശ്വഹിന്ദുപരിഷത്തിന്റെ സന്ത്സമിതി മുന്നോട്ടുവെച്ച ഭരണഘടനാ വിമർശനരേഖ ഇന്ത്യൻപതാകയെയും ദേശീയഗാനത്തെയും തള്ളിക്കളയുകയാണ്. സംഘപരിവാറിന്റെ അപരമതവിദ്വേഷവും അസഹിഷ്ണുതയുമാണ് സ്വാമി മുക്താനന്ദ സരസ്വതിയുടെ രേഖയിലുടനീളമുള്ളത്.**

ഭരണഘടനയുടെ സാമൂഹ്യനീതിതത്വങ്ങളെയും സംവരണാവകാശങ്ങളെയും എടുത്തുകളയണമെന്ന് നിർദ്ദയമായി വാദിക്കുകയാണ് ഹിന്ദുത്വവാദികൾ. ദളിതർക്കും ആദിവാസികൾക്കും പിന്നോക്കവിഭാഗങ്ങൾക്കും സർക്കാർ സർവ്വീസിലോ മറ്റെവിടെയുമോ യാതൊരുവിധ സംവരണവും നൽകാൻ പാടില്ലെന്നാണ് സ്വാമി മുക്താനന്ദസരസ്വതി നിർദ്ദേശിച്ചിരിക്കുന്നത്. സംവരണം വിഭജനവിഘടന വികാരങ്ങളെ പോഷിപ്പിക്കുമെന്നാണല്ലോ ആചാര്യനായ ഗോൾവാൾക്കർ വിചാരധാരയില എഴുതിവെച്ചിട്ടുള്ളത്.

വിശ്വഹിന്ദുപരിഷത്തിന്റെ സന്ത്സമിതി മുന്നോട്ടുവെച്ച ഭരണഘടനാ വിമർശനരേഖ ഇന്ത്യൻപതാകയെയും ദേശീയഗാനത്തെയും തള്ളിക്കളയുകയാണ്. സംഘപരിവാറിന്റെ അപരമതവിദ്വേഷവും അസഹിഷ്ണുതയുമാണ് സ്വാമി മുക്താനന്ദ സരസ്വതിയുടെ രേഖയിലുടനീളമുള്ളത്. രേഖ പറയുന്നത്; ''ദേശീയ പതാകയായി വിശേഷിപ്പിക്കുന്ന പതാകയിൽ ഒരു അശോകചക്രമുണ്ട് അത് സാമ്രാജ്യത്വഗന്ധം നൽകാനേ ഉപകരിക്കുന്നുള്ളൂ.'' അശോകചക്രവർത്തിയുടെയും

ബുദ്ധദർശനത്തിന്റെയും പ്രതീകമായ അശോകചക്രം സ്നേഹവും സമത്വവും സാഹോദര്യവും മറ്റുമായ ബുദ്ധമൂല്യങ്ങളെയാണ് പ്രതീകവൽക്കരിച്ചിരിക്കുന്നത്. ബുദ്ധന്റെ പ്രജ്ഞയുടെയും കരുണയുടെയും ദർശനങ്ങളെ അസഹിഷ്ണുതയോടെ തള്ളിക്കളയുകയും പുച്ഛിക്കുകയുമാണ് സ്വാമി മുക്താനന്ദ സരസ്വതി.

1993 ജനുവരി 29-ന്റെ ഫ്രണ്ട്ലൈനിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു അഭിമുഖത്തിൽ സ്വാമി മുക്താനന്ദസരസ്വതി മതകാര്യങ്ങളിൽ ഒരു ഇടപെടലും ഉണ്ടാകാൻ പാടില്ലെന്ന് വാദിച്ചുകൊണ്ടുതന്നെ എല്ലാവർക്കും ബാധകമായ ഏകീകൃത സിവിൽകോഡ് കൊണ്ടുവരണമെന്നാണ്. മനുസ്മൃതി നിയമമാക്കണമെന്നും പ്രയോഗത്തിൽ കൊണ്ടുവരണമെന്നുമാണ് ഒരു മറയുമില്ലാതെ മുക്താനന്ദ പറയുന്നത്. മനുസ്മൃതി അടിസ്ഥാന പ്രമാണമായി അംഗീകരിക്കുന്ന ഹിന്ദുരാഷ്ട്രത്തെ ലക്ഷ്യംവെച്ചാണ് ആർ.എസ്.എസ് ദ്രുതഗതിയിൽ നീങ്ങിക്കൊണ്ടിരിക്കുന്നത്. കാശ്മീരിന്റെ പ്രത്യേകപദവി റദ്ദ് ചെയ്തതും പ്രത്യേക വിഭാഗങ്ങളെ ലക്ഷ്യംവെച്ച് പൗരത്വനിയമവും വിവാഹമോചന നിയമവും ഭേദഗതി ചെയ്തതും സംവരണം എടുത്തുകളയാനുള്ള നീക്കമാരംഭിച്ചിരിക്കുന്നതും ഹിന്ദുരാഷ്ട്രഅജണ്ടയുടെ ഭാഗമായിട്ടാണ്. ഇപ്പോഴവർ കേന്ദ്രഭരണാധികാരത്തിന്റെ സൗകര്യമുപയോഗിച്ച് തങ്ങളുടെ ഹിന്ദുരാഷ്ട്രഅജണ്ട നടപ്പാക്കുന്നതിന് തടസ്സം നിൽക്കുന്ന ഇന്ത്യൻ ഭരണഘടനയെതന്നെ ഇല്ലാതാക്കാനുള്ള കൗശലപൂർവമായ നീക്കങ്ങളിലാണ്.

**മനുസ്മൃതി നിയമമാക്കണമെന്നും പ്രയോഗത്തിൽ കൊണ്ടുവരണമെന്നുമാണ് ഒരു മറയുമില്ലാതെ മുക്താനന്ദ പറയുന്നത്. മനുസ്മൃതി അടിസ്ഥാന പ്രമാണമായി അംഗീകരിക്കുന്ന ഹിന്ദുരാഷ്ട്രത്തെ ലക്ഷ്യംവെച്ചാണ് ആർ.എസ്.എസ് ദ്രുതഗതിയിൽ നീങ്ങിക്കൊണ്ടിരിക്കുന്നത്. കാശ്മീരിന്റെ പ്രത്യേകപദവി റദ്ദ് ചെയ്തതും പ്രത്യേക വിഭാഗങ്ങളെ ലക്ഷ്യംവെച്ച് പൗരത്വനിയമവും വിവാഹമോചന നിയമവും ഭേദഗതി ചെയ്തതും സംവരണം എടുത്തുകളയാനുള്ള നീക്കമാരംഭിച്ചിരിക്കുന്നതും ഹിന്ദുരാഷ്ട്രഅജണ്ടയുടെ ഭാഗമായിട്ടാണ്.**

## കാശ്മീരിന്റെ പ്രത്യേകപദവിയും സംഘപരിവാറിന്റെ വിതണ്ഡവാതങ്ങളും

ഇന്ത്യയുടെ ചരിത്രത്തെയും ഭരണഘടനയെയും സംബന്ധിച്ച അജ്ഞത സൃഷ്ടിച്ചാണ് ഇപ്പോൾ സംഘപരിവാർ 370-ാം വകുപ്പ് എടുത്തുകളയുന്നതുൾപ്പെടെ തങ്ങളുടെ ജനാധിപത്യഹത്യയെ ന്യായീകരിച്ചുകൊണ്ടിരിക്കുന്നത്. അതായത് ഇന്ത്യൻ ഭരണഘടനയിൽ ചില സംസ്ഥാനങ്ങൾക്ക് പ്രത്യേക പദവിയും അവകാശങ്ങളും നൽകുന്ന വകുപ്പുകൾ കടന്നുവന്നത് ചരിത്രപരമായ കാരണങ്ങളാലാണെന്ന് ഹിന്ദുത്വവാദികൾ മറച്ചുപിടിക്കുകയാണ്. കാശ്മീരിന് മാത്രമല്ല ഭരണഘടനയിൽ പ്രത്യേകപദവിയും ആനുകൂല്യങ്ങളും അവകാശങ്ങളും വ്യവസ്ഥ ചെയ്തിരിക്കുന്നത്. 370, 35എ അനുച്ഛേദങ്ങൾ എടുത്തുകളഞ്ഞതിനെ

അഖണ്ഡതയുടെയും ദേശീയഐക്യത്തിന്റെയും വാചകമടികളിൽ പൊതിഞ്ഞ് ന്യായീകരിക്കുന്ന ബി.ജെ.പി നേതാക്കളും ചില കോൺഗ്രസ് നേതാക്കളും ഭരണഘടനയിൽ വ്യവസ്ഥ ചെയ്യപ്പെട്ട ഫെഡറൽ വ്യവസ്ഥകളെക്കുറിച്ച് കുറ്റകരമായ മൗനം പാലിക്കുകയാണ്.

എന്നുമാത്രമല്ല ഇന്ത്യൻ ദേശീയതയുടെ രൂപീകരണ പ്രക്രിയയെയും 600 ഓളം വരുന്ന നാട്ടുരാജ്യങ്ങളുടെ സംയോജന പ്രക്രിയയെയും സംബന്ധിച്ച അജ്ഞത സൃഷ്ടിച്ചുകൊണ്ടാണ് തങ്ങളുടെ ഹിന്ദുരാഷ്ട്ര സങ്കൽപങ്ങൾക്ക് ആവശ്യമായ രീതിയിൽ ഭരണഘടനയിലെ ജനാധിപത്യഫെഡറൽതത്വങ്ങളെ ഇല്ലാതാക്കിക്കൊണ്ടിരിക്കുന്നത്. ഇന്ത്യൻസമൂഹത്തിന്റെ വൈവിധ്യങ്ങളെയും ചരിത്രപരമായ വിഭിന്നതകളെയും ഉൾക്കൊള്ളുകയാണ് ഭരണഘടനയുടെ മതനിരപേക്ഷ ഫെഡറൽ വ്യവസ്ഥകളിലൂടെ നമ്മുടെ ദേശീയ നേതൃത്വം ചെയ്തത്. ഇന്ത്യയെ രൂപപ്പെടുത്തിയ സുദീർഘമായ സ്വാതന്ത്ര്യസമരത്തിന്റെയും സ്വാതന്ത്ര്യാനന്തരം നടന്ന നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻ യൂണിയനുകളിലേക്കുള്ള സംയോജന നടപടികളുടെയും എതിർദിശയിൽ സഞ്ചരിച്ചവരാണ് ആർ.എസ്.എസും ഹിന്ദുമഹാസഭയുമെന്ന് നേരത്തെ സൂചിപ്പിച്ചല്ലോ.

**ഇന്ത്യയെ ഏകീകരിക്കാനുള്ള നെഹ്റുവിന്റെയും പട്ടേലിന്റെയും വി.പി.മേനോന്റെയുമൊക്കെ അശ്രാന്തമായ പരിശ്രമങ്ങളെ അപഹസിച്ചവരും തടസ്സപ്പെടുത്തിയവരുമാണ് ആർ.എസ്.എസ് നേതാക്കൾ. കാശ്മീരിലവർ സ്വതന്ത്ര കാശ്മീർവാദം ഉന്നയിച്ച ദോഗ്രിരാജാവിന്റെ കൂടെയായിരുന്നു. കേരളത്തിൽ തിരുകൊച്ചിരാജാവിന്റെ കൂടെക്കൂടി സ്വതന്ത്ര തിരുവിതാംകൂർ വാദത്തിന്റെയും അമേരിക്കൻ മോഡലിന്റെയും പ്രചാരകരായിരുന്നു.**

ഇന്ത്യയെ ഏകീകരിക്കാനുള്ള നെഹ്റുവിന്റെയും പട്ടേലിന്റെയും വി.പി. മേനോന്റെയുമൊക്കെ അശ്രാന്തമായ പരിശ്രമങ്ങളെ അപഹസിച്ചവരും തടസ്സപ്പെടുത്തിയവരുമാണ് ആർ.എസ്.എസ് നേതാക്കൾ. കാശ്മീരിലവർ സ്വതന്ത്ര കാശ്മീർവാദം ഉന്നയിച്ച ദോഗ്രിരാജാവിന്റെ കൂടെയായിരുന്നു. കേരളത്തിൽ തിരുകൊച്ചിരാജാവിന്റെ കൂടെക്കൂടി സ്വതന്ത്ര തിരുവിതാംകൂർ വാദത്തിന്റെയും അമേരിക്കൻ മോഡലിന്റെയും പ്രചാരകരായിരുന്നു.

ഈ അനിഷേധ്യങ്ങളായ ചരിത്രവസ്തുതകളെയെല്ലാം മറച്ചുവെച്ചുകൊണ്ടാണ് കാശ്മീരിനെ ഇന്ത്യയോടു ചേർത്ത 370–ാം അനുച്ഛേദം ഉൾപ്പെടെയുള്ള ഭരണഘടനാ വകുപ്പുകൾ ബി.ജെ.പി സർക്കാർ റദ്ദുചെയ്തിരിക്കുന്നത്. കാശ്മീർ പ്രശ്നത്തിന്റെ ചരിത്രപരമായ അടിവേരുകളിലേക്കിറങ്ങിച്ചെല്ലുമ്പോൾ ദ്വിരാഷ്ട്രവാദമുയർത്തിയ മുസ്ലീം വർഗീയവാദികളും ഹിന്ദുത്വവാദികളുമാണ് കാശ്മീരിന്റെ ദുരവസ്ഥക്ക് കാരണമെന്ന് കണ്ടെത്താനാവൂ. ഈ മേഖലയിലെ സാമ്രാജ്യത്വ താൽപര്യങ്ങളും അതിർത്തി ഭീകരതയും കാശ്മീരിനെ എന്നും സംഘർഷാത്മക പ്രദേശമാക്കി നിലനിർത്തി. കാശ്മീർ പ്രശ്നത്തെ കൈകാര്യം ചെയ്ത കോൺഗ്രസിന്റെയും ബി.ജെ.പിയുടെയും അവസരവാദ നിലപാടുകളുമാണ് അവിടുത്തെ സ്ഥിതിഗതികളെ എന്നും സങ്കീർണമാക്കിനിർത്തിയത്. അത്തരം കാര്യങ്ങൾ വിശദമായിതന്നെ പരിശോധിക്കപ്പെടേണ്ട സന്ദർഭം കൂടിയാണിത്. ഈ

ലേഖനത്തിന്റെ അവസാനഭാഗത്ത് അക്കാര്യങ്ങൾ പരിശോധിക്കുന്നുണ്ട്.

തങ്ങളുടെ ജനാധിപത്യഹത്യയെ ന്യായീകരിക്കാനായി സംഘികൾ ചോദിക്കുന്നത് കാശ്മീരിന് മാത്രമെന്തിനാണ് മറ്റ് സംസ്ഥാനങ്ങൾക്കില്ലാത്ത പ്രത്യേക അവകാശമെന്നാണ്? ജനങ്ങളെ അജ്ഞതയിൽ നിർത്തി ഇന്ത്യയുടെ നിലനിൽപിന്റെ ആധാരമായ ഭരണഘടനാതത്വങ്ങളെ ഇല്ലാതാക്കാനുള്ള അപരാധപൂർണമായ നീക്കമാണ് മോഡിയും അമിത്ഷായും ആരംഭിച്ചിരിക്കുന്നത്. അതിന് ന്യായയുക്തി പണിയുന്നവർ വസ്തുതകളെയും യാഥാർത്ഥ്യങ്ങളെയും മറച്ചുപിടിക്കുകയാണ്. ഇന്ത്യൻ ഭരണഘടനയിൽ ജമ്മുകാശ്മീരിന് മാത്രമല്ല പ്രത്യേക അവകാശമുള്ളതെന്ന യാഥാർത്ഥ്യത്തെ മറച്ചുപിടിക്കുകയാണവർ.

**ഇന്ത്യൻദേശീയതയെയും അതിനെ രൂപപ്പെടുത്തിയ മതനിരപേക്ഷ ഫെഡറൽ മൂല്യങ്ങളെയും അസ്ഥിരീകരിച്ചുകൊണ്ടേ ഹിന്ദുരാഷ്ട്രം സാക്ഷാത്കരിക്കാനാവൂ എന്ന നിലപാട് ഹെഡ്ഗേവാർ തൊട്ട് മോഹൻഭഗവത് വരെയുള്ള ആർ.എസ്.എസ് മേധാവികൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്. ആർ.എസ്.എസിന്റെ സൈദ്ധാന്തികാചാര്യനായ ഗോവാൾക്കർ 'വിചാരധാര'യിലും 'നമ്മൾ അഥവാ നമ്മുടെ ദേശീയ നിർവ്വചിക്കപ്പെടുന്ന'തിലും ജനാധിപത്യ ഫെഡറൽ മൂല്യങ്ങളോട് കടുത്ത അസഹിഷ്ണുതയാണ് പ്രകടിപ്പിച്ചിട്ടുള്ളത്.**

മഹാരാഷ്ട്ര, ഗുജറാത്ത്, നാഗാലാന്റ്, അസം, മണിപ്പൂർ, ആന്ധ്രാപ്രദേശ്, സിക്കിം, മിസോറാം, അരുണാചൽപ്രദേശ്, ഗോവ, കർണാടകം തുടങ്ങി വിവിധ സംസ്ഥാനങ്ങൾക്ക് ഭരണഘടനയുടെ 371എ മുതൽ ജെ വരെയുള്ള അനുച്ഛേദങ്ങളിൽ പ്രത്യേക അവകാശങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനങ്ങളുടെ സാംസ്കാരികവും സാമ്പത്തികവുമായ സ്വത്വത്തെ സംരംക്ഷിക്കുകയെന്ന ലക്ഷ്യത്തോടെയാണ് വിവിധ സംസ്ഥാനങ്ങൾക്ക് പ്രത്യേക അധികാരം നൽകുന്ന ഭരണഘടനാ വ്യവസ്ഥകൾ എഴുതിചേർക്കപ്പെട്ടത്. നരേന്ദ്രമോഡിയുടെയും അമിത്ഷായുടെയും പ്രസ്ഥാനമായ ആർ.എസ്.എസ് ഒരിക്കലും ഭരണഘടനയുടെ ജനാധിപത്യ ഫെഡറൽ മൂല്യങ്ങളെ അംഗീകരിച്ചിരുന്നില്ല. അവർക്കത് മനസ്സിലാവുകയും ചെയ്യില്ല.

സുദീർഘമായ കൊളോണിയൽ വിരുദ്ധ സമരത്തിലൂടെ രൂപപ്പെട്ടുവന്ന ഇന്ത്യൻ ദേശീയതയ്ക്കുപകരം സാംസ്കാരിക ദേശീയതയുടെ പ്രചാരകരായിരുന്നല്ലോ അവർ. സാംസ്കാരിക ദേശീയതയെന്നാൽ ഭൂരിപക്ഷ മതത്തെ അടിസ്ഥാനമാക്കിയുള്ള ദേശീയത. ഹിന്ദുമഹാസഭ തൊട്ട് ഭാരതീയ ജനസംഘവും ബി.ജെ.പിയുമെല്ലാം കാശ്മീർ ഉൾപ്പെടെയുള്ള സങ്കീർണമായ എല്ലാ പ്രശ്നങ്ങളെയും സമീപിച്ചത് മതാത്മകമായിട്ടായിരുന്നു. ഇന്ത്യൻ ദേശീയതയെ രൂപപ്പെടുത്തിയ ബ്രിട്ടീഷ് വിരുദ്ധ സമരത്തിലും നാട്ടുരാജ്യങ്ങളുടെ സംയോജനപ്രക്രിയയിലുമെല്ലാം ഇന്ത്യാവിരുദ്ധ നിലപാടെടുത്ത ദേശദ്രോഹപരമായ പാരമ്പര്യമാണ് ആർ.എസ്.എസിനും അതിന്റെ ഇന്നത്തെ രാഷ്ട്രീയമുഖമായ ബി.ജെ.പിക്കുമുള്ളത്.

ഇന്ത്യൻദേശീയതയെയും അതിനെ രൂപപ്പെടുത്തിയ മതനിരപേക്ഷ ഫെഡ

റൽ മൂല്യങ്ങളെയും അസ്ഥിരീകരിച്ചുകൊണ്ടേ ഹിന്ദുരാഷ്ട്രം സാക്ഷാത്കരിക്കാനാവൂ എന്ന നിലപാട് ഹെഡ്ഗേവാർ തൊട്ട് മോഹൻഭഗവത് വരെയുള്ള ആർ.എസ്.എസ് മേധാവികൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്. ആർ.എസ്.എസിന്റെ സൈദ്ധാന്തികാചാര്യനായ ഗോവാൾക്കർ 'വിചാരധാര'യിലും 'നമ്മൾ അഥവാ നമ്മുടെ ദേശീയ നിർവ്വചിക്കപ്പെടുന്ന'തിലും ജനാധിപത്യ ഫെഡറൽ മൂല്യങ്ങളോട് കടുത്ത അസഹിഷ്ണുതയാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ബ്രിട്ടീഷ് വിരുദ്ധ സമരകാലത്ത് ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിനെതിരെ നിലകൊണ്ട ആർ.എസ്.എസ് സ്വാതന്ത്ര്യാനന്തരം ആധുനിക ഇന്ത്യയുടെ നിർമ്മിതിയെ അതിനാധാരമായ ജനാധിപത്യ ഫെഡറൽ തത്വങ്ങളെയും നിരന്തരമായി എതിർത്തുപോരുകയാണ് ചെയ്തത്.

കാശ്മീർ പ്രശ്നവും ഗോസംരക്ഷണ പ്രസ്ഥാനവുമെല്ലാം ഹിന്ദുമഹാസഭയും ജനസംഘവുമെല്ലാം ഉയർത്തിയത് ഇന്ത്യയുടെ ജനാധിപത്യ ഫെഡറൽ മൂല്യങ്ങളെ അസ്ഥിരീകരിക്കുകയെന്ന ലക്ഷ്യത്തോടെയാണ്. മതപരമായധ്രുവീകരണവും അതിനായുള്ള വർഗീയവൽക്കരണവുമായിരുന്നു അവരുടെ എക്കാലത്തെയും അജണ്ട. ഹിന്ദുത്വവാദികളുടെ ചരിത്രബോധമില്ലായ്മയും വിദ്വേഷ സംസ്കാരവും അവരെ എന്തും ചെയ്യാൻ മടിയില്ലാത്തവരാക്കിയെന്നതാണ് ചരിത്രം. 1949-ൽ ഭരണഘടന നിർമ്മാണ അസംബ്ലി ഇന്ത്യൻ ഭരണഘടനയ്ക്ക് അംഗീകാരം നൽകിയപ്പോൾ ആർ.എസ്.എസിന്റെ ഇംഗ്ലീഷ് ജിഹ്വയായ ഓർഗനൈസർ ഇത്തരമൊരു ഭരണഘടന അംഗീകരിക്കാനാവുകയില്ലെന്ന് തുറന്നെഴുതുകയും മനുസ്മൃതിയിലധിഷ്ഠിതമായ ഭരണഘടനയ്ക്കുവേണ്ടി വാദിക്കുകയും ചെയ്തു.

ഈയൊരു ചരിത്രരാഷ്ട്രീയപശ്ചാത്തലത്തിൽ നിന്നുവേണം ഭരണഘടനയുടെ 370 അനുച്ഛേദം റദ്ദുചെയ്ത ബി.ജെ.പി സർക്കാരിന്റെ നടപടിയെ പരിശോധിക്കേണ്ടത്. 1846-ലെ അമൃതസർ ഉടമ്പടി പ്രകാരം ബ്രിട്ടീഷുകാരിൽ നിന്ന് ജമ്മുകാശ്മീർ വിലക്കുവാങ്ങിയ ദോഗ്ര രാജകുടുംബത്തിന്റെ കാലം മുതൽ കാശ്മീർ ജനത അനുഭവിച്ചുപോന്നിരുന്ന അവകാശങ്ങളാണ് ഈയൊരു ഭരണഘടനാവകുപ്പുകളുടെ റദ്ദ് ചെയ്യൽ വഴി ഇല്ലാതാക്കപ്പെട്ടിരിക്കുന്നത്. ഇത് കാശ്മീരിനെതിരായ ആക്രമണമായി പരിമിതപ്പെടുത്തി കണ്ടുകൂടാ. ഇന്ത്യൻ ഭരണഘടനയ്ക്കും ഫെഡറൽ തത്വങ്ങൾക്കും നേരെയുള്ള ഹിംസാത്മകമായ കടന്നാക്രമണത്തിന്റെ തുടക്കമാണിത്. നമ്മുടെ ജനാധിപത്യ സംവിധാനങ്ങളെയും രാഷ്ട്രഘടനയെയും തന്നെ അസ്ഥിരീകരിക്കുന്ന നീക്കമാണിത്.

പലവിദഗ്ധന്മാരും ചൂണ്ടിക്കാണിക്കുന്നതുപോലെ ഈ നടപടി മറ്റ് സംസ്ഥാനങ്ങളുടെ പ്രത്യേക അവകാശങ്ങൾ കവരാൻ പ്രോത്സാഹനമാകും എന്ന കാര്യം ഗൗരവമായി കാണണം. ഭരണഘടനയുടെ 371-ാം അനുച്ഛേദപ്രകാരം ഗുജറാത്ത്, മഹാരാഷ്ട്ര ഗവർണർക്ക് ഇപ്പോൾ പ്രത്യേക അധികാരങ്ങൾ നിലനിൽക്കുന്നുണ്ട്. ഗുജറാത്തിൽ സൗരാഷ്ട്ര, കച്ച് മേഖലകൾക്കും മഹാരാഷ്ട്രയിൽ വിദർഭ, മറാഠ്വാല മേഖലകൾക്കും സ്വതന്ത്ര വികസനബോർഡുകൾ രൂപീകരിക്കാൻ ഗവർണർമാർക്ക് ഈ അനുച്ഛേദമനുസരിച്ച് പ്രത്യേക അധികാരമുണ്ട്. 371 എ നാഗാലാൻഡിന്റെ ദേശീയസ്വത്വം അംഗീകരിച്ചുകൊണ്ട് ആ സംസ്ഥാനത്തിന് പ്രത്യേകപദവി വ്യവസ്ഥ ചെയ്യുന്നു. നാഗാലാൻഡിന് പ്രത്യേക പതാകയും യു.എൻ

പ്രതിനിധിയും വരെ ഈ വ്യവസ്ഥയനുസരിച്ച് ഉണ്ട്. അതേപോലെ ഭരണഘടനയിൽ അസം, മണിപ്പൂർ സംസ്ഥാനങ്ങൾക്ക് പ്രത്യേക അവകാശം നൽകുന്ന അനുച്ഛേദങ്ങളുമുണ്ട്. 371-ബി അനുച്ഛേദമനുസരിച്ച് അസമിലെ ഗോത്രവർഗപ്രതിനിധികളുടെ പ്രത്യേക സമിതി രൂപീകരിക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ രാഷ്ട്രപതിക്ക് അധികാരമുണ്ട്. 371-സി അനുച്ഛേദമനുസരിച്ച് മണിപ്പൂരിലെ പർവ്വത മേഖലകളിൽ ജനപ്രതിനിധികളുടെ സമിതി രൂപീകരിക്കാൻ വ്യവസ്ഥയുണ്ട്.

371-ഡി അനുസരിച്ച് ആന്ധ്രാപ്രദേശിൽ സർക്കാർ തസ്തികകളിലെ നിയമനങ്ങളിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കാൻ പ്രത്യേക അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ രൂപീകരിക്കാൻ രാഷ്ട്രപതിക്ക് ഉത്തരവിറക്കാം. 371-ജി പ്രകാരം മിസോറാമിലെ ജാതീയവും സാമൂഹ്യവുമായ ആചാരങ്ങൾ, സിവിൽ ക്രിമിനൽ നിയമങ്ങൾ, ഭൂമി ഉടമസ്ഥാവകാശവും കൈമാറ്റവും, മാമൂൽ ഇടപാടുകൾ തുടങ്ങിയവയിൽ മാറ്റം വരുത്തി നിയമം പുറപ്പെടുവിക്കാൻ പാർലമെന്റിന് അധികാരമില്ല. 371-എച്ച് പ്രകാരം അരുണാചൽപ്രദേശിലെ ക്രമസമാധാന വിഷയങ്ങളിൽ ഗവർണറുടെ വാക്കാണ് അന്തിമം. 371-ഐ പ്രകാരം ഗോവ നിയമസഭയിൽ 30-ൽ കൂടുതൽ അംഗങ്ങൾ പാടില്ലെന്ന വ്യവസ്ഥയുണ്ട്. 371-ജെ അനുസരിച്ച് കർണാടക-ഹൈദരാബാദ് മേഖലകളിലെ വികസനത്തിനായി പ്രത്യേക നടപടികൾ കൈക്കൊള്ളാൻ ഗവർണർക്ക് അധികാരമുണ്ട്.

കേന്ദ്ര സർക്കാരും സംഘപരിവാർ സംഘടനകളും ആൾക്കൂട്ട കൊലപാതകങ്ങൾക്കും ഭരണഘടനാഹത്യക്കും നേതൃത്വം നൽകിക്കൊണ്ട് ഇന്ത്യയുടെ ജനാധിപത്യ സംവിധാനങ്ങളെയും രാഷ്ട്രഘടനയെയും ശിഥിലീകരിക്കുകയാണ്. മതനിരപേക്ഷ ജനാധിപത്യശക്തികൾ ഒന്നിച്ചുനിന്ന് ഈ ജനാധിപത്യഹത്യയെ പ്രതിരോധിക്കേണ്ടതുണ്ട്. കാശ്മീർ ഒരു തുടക്കം മാത്രമാണ്. ഇന്ത്യയെന്ന മഹത്തായ രാജ്യത്തെ അസ്ഥിരീകരിക്കാനും തകർക്കാനും മാത്രമെ ഇത്തരം നടപടികൾ സഹായകരമാകൂ. ഈ സാഹചര്യത്തെ ഉപയോഗിച്ച് ഇന്ത്യാവിരുദ്ധശക്തികൾ ഭീകരപ്രവർത്തനം തീവ്രമാക്കും. സൈനിക നടപടികളും ഭീകരപ്രവർത്തനവും കാശ്മീരിലെ ജനജീവിതത്തെ കൂടുതൽ അസ്വസ്ഥകരവും അസഹനീയവുമാക്കും. അതെല്ലാം ചേർന്ന സാഹചര്യം കാശ്മീർ ജനതയുടെ അന്യവൽക്കരണത്തെ തീവ്രതരമാക്കുകയും ഇന്ത്യാവിരുദ്ധശക്തികൾക്ക് മുതലെടുപ്പിനുള്ള അവസരമൊരുക്കിക്കൊടുക്കുകയും ചെയ്യും.

## കാശ്മീർ പ്രശ്നത്തെ ട്രംപിന്റെ കൈകളിലെത്തിക്കുന്ന രാജ്യദ്രോഹ നീക്കം

കാശ്മീരിന്റെ പ്രത്യേകപദവി എടുത്തുകളഞ്ഞതിനെതുടർന്ന് ആ സംസ്ഥാനത്തെ സ്ഥിതിഗതികൾ സംഘർഷഭരിതമായിരിക്കുകയാണെന്നും ഇക്കാര്യങ്ങൾ ഞാൻ ഇന്ത്യൻ പ്രധാനമന്ത്രിയോട് സംസാരിച്ചുവെന്നും വൈറ്റ്ഹൗസിൽ മാധ്യങ്ങളോട് പറഞ്ഞത് അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ്ട്രംപ് തന്നെയായിരുന്നു. കാശ്മീർ പ്രശ്നത്തിൽ താൻ മധ്യസ്ഥം വഹിക്കാൻ തയ്യാറാണെന്നും ഇക്കാര്യം ഇന്ത്യൻ പ്രധാനമന്ത്രി തന്നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും നേരത്തെതന്നെ ട്രംപ് വെളിപ്പെടുത്തിയതാണ്. ട്രംപിന്റെ പ്രസ്താവന വിവാദമായതോടെ മോഡിയും അമിത്ഷായും അത് നിഷേധിക്കുകയായിരുന്നു.

എന്നാൽ ഇപ്പോൾ 370-ാം വകുപ്പ് എടുത്തുകളഞ്ഞ് സമ്പൂർണമായ സൈനിക നിയന്ത്രണത്തിലേക്ക് കാശ്മീരിനെ എത്തിച്ച മോഡി സർക്കാരിന്റെ നടപടി അന്താരാഷ്ട്ര ഇടപെടലുകൾക്ക് അവസരമുണ്ടാക്കിക്കൊടുത്തിരിക്കുന്നുവെന്നാണ് ട്രംപിന്റെ പ്രസ്താന വ്യക്തമാക്കുന്നത്. അരമണിക്കൂറിലേറെ സമയമാണ് മോഡിയും ട്രംപും ടെലഫോണിലൂടെ സംഭാഷണം നടത്തിയത്. പാക്കിസ്ഥാൻ പ്രധാനമന്ത്രി ഇംമ്രാൻഖാൻ കാശ്മീർ തർക്കപ്രശ്നമാണെന്ന് ആവർത്തിച്ചിരിക്കുകയുമാണ്. ഹിന്ദുത്വ അജണ്ടക്കനുസൃതമായ രീതിയിൽ ഇന്ത്യയുടെ ബഹുസ്വരതയെ നിരാകരിക്കുകയും ഭരണഘടനയുടെ ഫെഡറൽ മൂല്യങ്ങളെ കാറ്റിൽപ്പറത്തുകയുമാണ് മോഡി സർക്കാർ ചെയ്തിരിക്കുന്നത്. ഇത് കാശ്മീർ ജനതയുടെ അന്യവൽക്കരണം തീവ്രമാക്കിയിരിക്കുകയാണ്.

സ്വതന്ത്ര ഇന്ത്യയുടെ ചരിത്രം പഠിക്കുന്ന എല്ലാവർക്കുമറിയാം കാശ്മീരിന്റെ തന്ത്രപരമായ പ്രാധാന്യവും ശീതയുദ്ധകാലത്തെ അമേരിക്കൻ താൽപര്യവും ചേർന്നാണ് പാക്കിസ്ഥാൻ കേന്ദ്രമായി പ്രവർത്തിക്കുന്ന അമേരിക്കൻ പിന്തുണയുള്ള തീവ്രവാദിഗ്രൂപ്പുകളുടെ തുടർച്ചയായ ഇന്ത്യാവിരുദ്ധ പ്രവർത്തനങ്ങൾ നടന്നുവന്നതെന്ന്. 1948-ൽ കാശ്മീർ പ്രശ്നം ഐക്യരാഷ്ട്രസഭയിൽ അവതരിപ്പിക്കപ്പെട്ട കാലം മുതൽ അമേരിക്കയും ബ്രിട്ടനും തുറന്നരീതിയിൽ പാക്കിസ്ഥാനനുകൂല നിലപാട് സ്വീകരിക്കുകയാണുണ്ടായത്.

ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ കൗൺസിലിൽ കാശ്മീർ പ്രമേയം ചർച്ച ചെയ്ത സാഹചര്യത്തെ വിശകലനം ചെയ്തുകൊണ്ട് സൺഡേ ടൈംസ് എഡിറ്റർ 1948 മാർച്ച് മാസത്തിൽ തന്നെ എഴുതിയത്; ''കമ്യൂണിസത്തിനുവേണ്ടിയും എതിരായുമുള്ള ആഗോള സമരത്തിൽ പാക്കിസ്ഥാനെ പലരും മനസ്സിലാക്കുന്നതിനേക്കാൾ പ്രധാനപ്പെട്ടൊരു സ്ഥാനമുണ്ട്. ബ്രിട്ടീഷ് കോമൺവെൽത്ത് ഭൗതികാർത്ഥത്തിൽ തന്നെ സോവിയറ്റ് യൂണിയനെ സ്പർശിക്കുന്ന സ്ഥലമാണത്. അപ്രതീക്ഷിതമായ ഒരു മൃദുബിന്ദു. ഇന്ത്യ മഹാസാഗരതടത്തിന്റെ സാമീപ്യം. അത് അങ്ങനെതന്നെ നിലനിർത്തേണ്ടത് കോമൺവെൽത്തിനെയും ലോകസമാധനത്തിനെയും സംബന്ധിച്ചിടത്തോളം ഏറ്റവും നിർണായകമാണ്.''

**കാർഗിൽയുദ്ധത്തിന്റെ വീരസ്മരണകൾ പറഞ്ഞ് വിജ്രംഭിതരാവുന്നവരാണ് ആർ.എസ്.എസുകാർ. കാർഗിൽ മലകളിൽ നുഴഞ്ഞുകയറിയ പാക്ക് സൈനികരെ തുരത്താനുള്ള യുദ്ധത്തിൽ അമേരിക്കയുടെ സഹായവും പിന്തുണയും തേടുകയാണ് വാജ്പേയും അന്നത്തെ പ്രതിരോധമന്ത്രി ജോർജ്ജ്ഫെർണാണ്ടസും ചെയ്തത്.**

ഐക്യരാഷ്ട്രസഭയിൽ ബ്രിട്ടീഷ് പ്രതിനിധിയെടുത്ത പക്ഷപാതിത്വവും ഇന്ത്യാവിരുദ്ധ നിലപാടും അക്കാലത്ത് വിവാദപരമായി ചർച്ചചെയ്യപ്പെട്ടതാണ്. ബ്രിട്ടീഷ് പ്രതിനിധി ഫിലിപ്പ്നോയെൽബേക്കർ പാക്കിസ്ഥാൻ നിലപാടിനെ പിന്താങ്ങുകയായിരുന്നു. എന്തുകൊണ്ടാണ് ബ്രിട്ടനും അമേരിക്കയും പാക്കിസ്ഥാനനുകൂലമായ നിലപാടെടുത്തത് എന്ന ചോദ്യത്തിന് പല അന്താരാഷ്ട്രവിദഗ്ധരും നൽകുന്ന ഉത്തരം സോവിയറ്റ് യൂണിയനെതിരായ ശീതസമരത്തിൽ പാക്കി

സ്ഥാനെ സഖ്യകക്ഷിയായി കാണുന്നതെന്നതുകൊണ്ടാണെന്നാണ്.

അക്കാലത്തെ സംഭവവികാസങ്ങളെ വിശകലനം ചെയ്തുകൊണ്ട് നെഹ്റു രോഷാകുലനായി പറഞ്ഞത്; യു.എൻ അമേരിക്കക്കാർ നടത്തുന്ന യാതൊരു നൈതികതയുമില്ലാത്ത ഒരു സംഘടനയാണെന്നാണ്. കാശ്മീർ ഇന്ത്യയുടെ കൂടെ ചേരണമെന്ന് ശക്തമായി വാദിച്ച ജനപിന്തുണയുള്ള കാശ്മീർ നേതാവായിരുന്നു ഷെയ്ഖ്അബ്ദുള്ള. കറകളഞ്ഞ മതനിരപേക്ഷവാദിയും സോഷ്യലിസ്റ്റ് ആഭിമുഖ്യം പുലർത്തിയ നേതാവുമായിരുന്നു ഷെയ്ഖ്അബ്ദുള്ള. ദോഗ്രരാജാവിനെതിരായി ഷെയ്ഖ്അബ്ദുള്ളയും നാഷണൽ കേൺഫറൻസും നടത്തിയ സമരങ്ങളെ തല്ലിത്തകർക്കാനിറങ്ങിയ രാജപക്ഷത്തായിരുന്നു ഹിന്ദുമഹാസഭയും ആർ.എസ്.എസും എന്നകാര്യം നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ഇന്ത്യാവിരുദ്ധ പക്ഷത്തുനിന്ന് സ്വതന്ത്ര കാശ്മീർ വാദത്തിന് എണ്ണയൊഴിച്ചുകൊടുത്ത സംഘപരിവാർ എല്ലാകാലത്തും സാമ്രാജ്യത്വ താൽപര്യങ്ങളുടെ ഇന്ത്യയിലെ നിർവ്വാഹകരായിരുന്നു.

**സ്വതന്ത്ര ഇന്ത്യയുടെ ചരിത്രം പഠിക്കുന്ന എല്ലാവർക്കുമറിയാം കാശ്മീരിന്റെതന്ത്രപരമായ പ്രാധാന്യവും ശീതയുദ്ധകാലത്തെ അമേരിക്കൻ താൽപര്യവും ചേർന്നാണ് പാക്കിസ്ഥാൻ കേന്ദ്രമായി പ്രവർത്തിക്കുന്ന അമേരിക്കൻ പിന്തുണയുള്ള തീവ്രവാദിഗ്രൂപ്പുകളുടെ തുടർച്ചയായ ഇന്ത്യാവിരുദ്ധ പ്രവർത്തനങ്ങൾ നടന്നുവന്നതെന്ന്. 1948–ൽ കാശ്മീർ പ്രശ്നം ഐക്യരാഷ്ട്രസഭയിൽ അവതരിപ്പിക്കപ്പെട്ട കാലം മുതൽ അമേരിക്കയും ബ്രിട്ടനും തുറന്നരീതിയിൽ പാക്കിസ്ഥാനനുകൂല നിലപാട് സ്വീകരിക്കുകയാണുണ്ടായത്.**

വിവാദപരമായ ഹവാലകേസ് ഉയർന്നുവരുന്നത് മിലിട്ടറി ഇന്റലിജൻസ് വിഭാഗം ഒരു കാശ്മീരി തീവ്രവാദിയെ അറസ്റ്റു ചെയ്ത് ചോദ്യം ചെയ്തതോടയായിരുന്നല്ലോ. അവർക്കെല്ലാം പണമെത്തിച്ചുകൊടുക്കുന്നത് ജയിൻസഹോദരന്മാരാണെന്ന് വ്യക്തമായതോടെയാണ് ജയിൻസഹോദരന്മാരുടെ വീടുകൾ റെയ്ഡ് ചെയ്യുന്നതും ഹവാലപണം പറ്റിയവരുടെ പേരുകൾ രേഖപ്പെടുത്തിയ ഡയറികൾ പിടിച്ചെടുക്കുന്നതും. അദ്വാനി ഉൾപ്പെടെയുള്ള ബി.ജെ.പി നേതാക്കൾ കാശ്മീർ ഭീകരവാദികൾക്ക് പണം നൽകുന്ന അതേ കേന്ദ്രങ്ങളിൽ നിന്ന് പണം പറ്റുന്നുവെന്നാണ് സി.ബി.ഐ കണ്ടെത്തിയത്.

വാജ്പേയി ഇന്ത്യയുടെ പ്രധാനമന്ത്രിയായിരിക്കുന്ന കാലത്താണല്ലോ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് ക്ലിന്റനോട് കാശ്മീർ പ്രശ്നത്തിൽ ഹൂറിയത്ത് കൗൺസിലും ഹിസ്ബുൾമുജാഹിദ്ദീനും ഉൾപ്പെടെയുള്ള സംഘടനകളുമായി മധ്യസ്ഥചർച്ചനടത്താൻആവശ്യപ്പെട്ടുകൊണ്ട്പ്രധാനമന്ത്രിയുടെഓഫീസ്കത്തയച്ചത്. ഇന്നത്തെപ്പോലെ അന്നും ബി.ജെ.പി നേതാക്കൾ അത് നിഷേധിച്ചിരുന്നു. 2000 ജൂൺ, ജൂലായ് മാസങ്ങളിൽ ഹിസ്ബുൾ മുജാഹിദ്ദീന്റെ നേതൃത്വത്തിൽ നടന്ന ഭീകരാക്രമണ പരമ്പരയുടെ പശ്ചാത്തലത്തിലായിരുന്നു ക്ലിന്റനെ മധ്യസ്ഥനായി

ഇടപെടുവിക്കാനുള്ള നീക്കം നടന്നത്. പാക്കിസ്ഥാനും തീവ്രവാദസംഘടനകളും അമേരിക്കയുടെ അറിവോടെയാണ് കാശ്മീരിൽ അക്രമപരമ്പരകൾക്ക് തിരികൊളുത്തിയത്.

കാശ്മീർ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ അമേരിക്ക നടത്തുന്ന ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ ഹിസ്ബുൾമുജാഹിദ്ദീൻ വെടിനിർത്തൽ പ്രഖ്യാപിച്ചത് ഉൾപ്പെടെയുള്ള സംഭവങ്ങൾ ഇന്ത്യയിലെയും പാക്കിസ്ഥാനിലെയും പത്രങ്ങൾ വിവാദപരമായി ചർച്ചചെയ്തിട്ടുള്ളതാണ്. പാക്കിസ്ഥാനിലെ ദേശീയപത്രമായിട്ടുള്ള 'ഡോൺ' എഴുതിയത് ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ അമേരിക്കൻ ഉദ്യോഗസ്ഥരുടെ മുൻകൈയിൽ കഴിഞ്ഞകുറേക്കാലമായി നടക്കുന്ന പിൻവാതിൽനയതന്ത്രത്തിന്റെ ഫലമായിട്ടാണ് ഹിസ്ബുൾമുജാഹിദ്ദീൻ വെടിനിർത്തൽ പ്രഖ്യാപിച്ചതെന്നാണ്. അമേരിക്കൻ ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയുടെ ഫലമായി വാജ്പേയ് സർക്കാർ ഇന്ത്യൻ ജയിലുകളിലുള്ള ഹുറിയത്ത് നേതാക്കളെ വിട്ടയക്കാനും അവരുമായി ചർച്ച ആരംഭിക്കുവാനും തയ്യാറായി. അതേപോലെ പാക്കിസ്ഥാൻ അതിർത്തിയിലെ പട്ടാളവിന്യാസം വൻതോതിൽ കുറയ്ക്കാനും വാജ്പേയ് സർക്കാർ തയ്യാറായി.

**ഐക്യരാഷ്ട്രസഭയുടെ സുരക്ഷാ കൗൺസിലിൽ കാശ്മീർ പ്രമേയം ചർച്ച ചെയ്ത സാഹചര്യത്തെ വിശകലനം ചെയ്തുകൊണ്ട് സൺഡേ ടൈംസ് എഡിറ്റർ 1948 മാർച്ച് മാസത്തിൽ തന്നെ എഴുതിയത്; ''കമ്യൂണിസത്തിനുവേണ്ടിയും എതിരായുമുള്ള ആഗോള സമരത്തിൽ പാക്കിസ്ഥാനെ പലരും മനസ്സിലാക്കുന്നതിനേക്കാൾ പ്രധാനപ്പെട്ടൊരു സ്ഥാനമുണ്ട്. ബ്രിട്ടീഷ് കോമൺവെൽത്ത് ഭൗതികാർത്ഥത്തിൽ തന്നെ സോവിയറ്റ് യൂണിയനെ സ്പർശിക്കുന്ന സ്ഥലമാണത്. അപ്രതീക്ഷിതമായ ഒരു മൃദുബിന്ദു. ഇന്ത്യ മഹാസാഗരതടത്തിന്റെ സാമീപ്യം. അത് അങ്ങനെ തന്നെ നിലനിർത്തേണ്ടത് കോമൺവെൽത്തിനെയും ലോകസമാധനത്തിനെയും സംബന്ധിച്ചിടത്തോളം ഏറ്റവും നിർണായകമാണ്.''**

അന്നത്തെ പാക്കിസ്ഥാൻ പട്ടാളമേധാവിയായിരുന്ന പർവേസ്മുഷറഫ് ലണ്ടനിലെ 'ദി ടൈംസ്' പത്രത്തിനുനൽകിയ അഭിമുഖത്തിൽ പറഞ്ഞത് കാശ്മീർ പ്രശ്നപരിഹാരത്തിന് അമേരിക്കക്കാർ വഹിച്ച പങ്കിന് അവർക്ക് ക്രെഡിറ്റ് നൽകാൻ ഞാൻ തയ്യാറാണെന്നാണ്. ചുരുക്കിപ്പറഞ്ഞാൽ അമേരിക്കയുടെ സമ്മർദ്ദങ്ങൾക്കുവഴങ്ങി വാജ്പേയ് സർക്കാർ ഇന്ത്യൻ ജയിലുകളിലുണ്ടാ യിരുന്നഹുറിയത്ത്കൗൺസിൽ നേതാക്കളെ വിട്ടുകൊടുക്കുകയും പാക്കിസ്ഥാന്റെ ഇംഗിതമനുസരിച്ചുള്ള സൈനിക പിൻമാറ്റങ്ങൾക്ക് തയ്യാറാവുകയും ചെയ്തുവെന്നതാണ് യാഥാർത്ഥ്യം. ആ കാലഘട്ടത്തിൽ തന്നെയാണല്ലോ ഖണ്ഡഹാറിലേക്ക് ഇന്ത്യൻ വിമാനം റാഞ്ചികൊണ്ടുപോയതും ഭീകരവാദികളെ വിട്ടയക്കാൻ വിലപേശിയതും. താലിബാൻഗണത്തിൽപ്പെട്ട ഭീകരവാദികൾക്ക് പഞ്ചപുച്ഛമടക്കി കീഴടങ്ങുകയായിരുന്നല്ലോ വാജ്പേയ് സർക്കാർ.

അന്നത്തെ വിദേശകാര്യമന്ത്രിയായിരുന്ന ജസ്വന്ത്സിംഗ് ഇപ്പോൾ നടന്ന പുൽവാമ ഭീകരാക്രമണത്തന്റെ സൂത്രധാരൻ ഉൾപ്പെടെയുള്ള തീവ്രവാദികളെ ഖണ്ഡഹാറിൽ എത്തിച്ചുകൊടുക്കുകയായിരുന്നല്ലോ.

കാർഗിൽയുദ്ധത്തിന്റെ വീരസ്മരണകൾ പറഞ്ഞ് വിജ്രംഭിതരാവുന്നവരാണ് ആർ.എസ്.എസുകാർ. കാർഗിൽ മലകളിൽ നുഴഞ്ഞുകയറിയ പാക്ക് സൈനികരെ തുരത്താനുള്ള യുദ്ധത്തിൽ അമേരിക്കയുടെ സഹായവും പിന്തുണയും തേടുകയാണ് വാജ്പേയും അന്നത്തെ പ്രതിരോധമന്ത്രി ജോർജ്ജ്ഫെർണാണ്ടസും ചെയ്തത്. മാസങ്ങളോളം നീണ്ടുനിന്ന യുദ്ധത്തിൽ നിരവധി സൈനികർക്ക് ജീവഹാനിയും ഗുരുതരമായ പരിക്കുകളും പറ്റി. യുദ്ധം ഒരു മാസം പിന്നട്ടതോടെ നുഴഞ്ഞുകയറ്റക്കാരെ ഒഴിവാക്കാൻ അമേരിക്കയുടെ സഹായംതേടുന്നതിലേക്കാണ് കാര്യങ്ങളെത്തിയത്. അമേരിക്ക താക്കീത് ചെയ്താൽ അന്താരാഷ്ട്ര സമൂഹത്തിൽ പാക്കിസ്ഥാൻ ഒറ്റപ്പെടുമെന്നും അതോടെ നുഴഞ്ഞുകയറ്റക്കാരെ അവർ പിൻവലിക്കുമെന്നും കേന്ദ്ര സർക്കാർ ആശ്വാസം കൊള്ളുന്നതാണ് കണ്ടത്.

**കാശ്മീർ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ അമേരിക്ക നടത്തുന്ന ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ ഹിസ്ബുൾമുജാഹിദ്ദീൻ വെടിനിർത്തൽ പ്രഖ്യാപിച്ചത് ഉൾപ്പെടെയുള്ള സംഭവങ്ങൾ ഇന്ത്യയിലെയും പാക്കിസ്ഥാനിലെയും പത്രങ്ങൾ വിവാദപരമായി ചർച്ച ചെയ്തിട്ടുള്ളതാണ്. പാക്കിസ്ഥാനിലെ ദേശീയ പത്രമായിട്ടുള്ള 'ഡോൺ' എഴുതിയത് ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ അമേരിക്കൻ ഉദ്യോഗസ്ഥരുടെ മുൻകൈയിൽ കഴിഞ്ഞകുറേക്കാലമായി നടക്കുന്ന പിൻവാതിൽനയതന്ത്രത്തിന്റെ ഫലമായിട്ടാണ് ഹിസ്ബുൾമുജാഹിദ്ദീൻ വെടിനിർത്തൽ പ്രഖ്യാപിച്ചതെന്നാണ്.**

യഥാർത്ഥത്തിൽ വളരെ ആസൂത്രിതമായും സമയമെടുത്തും നടത്തിയ ഒരു പദ്ധതിയുടെ ഭാഗമായിട്ടാണ് കാർഗിൽ കുന്നുകളിൽ നുഴഞ്ഞുകയറ്റം സംഘടിപ്പിച്ചത്. വാജ്പേയ് സർക്കാരിലെ പ്രതിരോധമന്ത്രിയും സംഘപരിവാർ നേതാക്കളും ആയുധകച്ചവടക്കാരുടെ താൽപര്യാനുസരണം അക്കാലത്തെ നാവിക സേനാ മേധാവി വിഷ്ണുഭഗവതിനെയും വേട്ടയാടാനും സൈന്യത്തിൽ ഏറാൻമൂളികളെ കുത്തിനിറയ്ക്കാനും സൈന്യത്തെ കാവിവൽക്കരിക്കാനും ഉഴറി പാഞ്ഞു നടന്നപ്പോഴാണ് പാക്കിസ്ഥാൻ വളരെ വിദഗ്ധമായി കാർഗിൽ മലകളിലേക്ക് നുഴഞ്ഞുകയറിയത്.

ഒരുപക്ഷെ ഐ.എസ്.ഐയും സി.ഐ.എയും പാക്ക് സൈന്യവും ഇന്ത്യയെഒരു യുദ്ധത്തിലേക്ക് വലിച്ചിഴക്കാൻ ആസൂത്രിതമായി നടത്തിയ ശ്രമമായിരുന്നിരിക്കാം ഈ നുഴഞ്ഞുകയറ്റം. അത് അമേരിക്കയുടെ അറിവോടെയല്ലെന്ന കാര്യം സി.ഐ.എയെയും പെന്റഗണിനെയും അവരുടെ ഇടപെടലുകളെക്കുറിച്ച് അറിവുള്ള ഒരാൾക്കും വിശ്വസിക്കാനാവില്ല. 1993-ൽ ശ്രീനഗറിലെ ഹസ്രത്ബാൽ പള്ളിയിലേക്ക് ഭീകരവാദികൾ നുഴഞ്ഞുകയറിയതും ഇന്ത്യൻ സൈന്യം പള്ളി വളഞ്ഞതുമെല്ലാം രാജ്യത്തെ ഭയപ്പെടുത്തിയ സംഭവങ്ങളായിരുന്നു. മുഹമ്മദ്

നബിയുടെ തിരുമുടി സൂക്ഷിച്ചുവെച്ചിരിക്കുന്ന അതിപ്രധാനമായ പുണ്യ സ്ഥലമായി പരിഗണിക്കുന്ന ഹസ്രത്ബാൽ പള്ളിയുടെ തകർച്ചയിലേക്ക് കാര്യങ്ങൾ എത്തുമോയെന്ന് ജനാധിപത്യവാദികൾ അന്ന് ആശങ്കപ്പെട്ടതാണ്.

അക്കാലത്ത് ശ്രീനഗറും അതിർത്തിപ്രദേശങ്ങളും സന്ദർശിച്ച അസ്ഗർ അലിഎഞ്ചിനീയർ കാശ്മീരിലേക്ക് അഫ്ഗാൻ ദൗത്യത്തിനുശേഷം വിന്യസിക്കപ്പെട്ടിരിക്കുന്ന ഭീകരവാദികളാണ് പള്ളിയിൽ നുഴഞ്ഞുകയറിയതെന്ന് ഹിന്ദു പത്രത്തിൽ എഴുതുകയുണ്ടായി. അഫ്ഗാനിസ്ഥാനിലെ കമ്യൂണിസ്റ്റ് സർക്കാരിനെ അട്ടിമറിക്കാനായിരുന്നല്ലോ പാക്കിസ്ഥാനിലെ നിരുപദ്രവങ്ങളായ മതപാഠശാലകളെ ഉപയോഗപ്പെടുത്തി മുജാഹിദ്ദീൻ മിലിട്ടന്റുകളെ അമേരിക്കൻ സി.ഐ.എ പടച്ചുണ്ടാക്കിയത്. 'പിൻവാതിൽ നയതന്ത്ര'ത്തിൽ വിശ്വാസമർപ്പിച്ച് കാശ്മീർ പ്രശ്നം ട്രംപിന്റെ കൈകളിലെത്തിക്കുന്ന മോഡി സർക്കാർ തീക്കൊള്ളിക്കൊണ്ട് തലചൊറിയുകയാണ്. കാശ്മീർ ജനതയെ വിശ്വാസത്തിലെടുത്ത് അവരുടെ സ്വത്വവും സാമ്പത്തിക അവകാശങ്ങളും സംരക്ഷിക്കുന്ന ഭരണഘടനാവ്യവസ്ഥകൾ പുനഃസ്ഥാപിച്ച് ഇന്ത്യയുടെ ഭാഗമാക്കി കാശ്മീരിനെ നിലനിർത്തുകയാണ് വേണ്ടത്. ഹിന്ദുവർഗീയതയിൽ അഭിരമിക്കുന്ന മോഡിയും അമിത്ഷായും അപകടരമായ ഒരു ചരിത്രസന്ധിയിലേക്കാണ് ഇത്തരം വിവേകരഹിതമായ നടപടിയിലൂടെ ഇന്ത്യയെ തള്ളിവിടുന്നത്.

**കാശ്മീർ ജനതയെ വിശ്വാസത്തിലെടുത്ത് അവരുടെ സ്വത്വവും സാമ്പത്തിക അവകാശങ്ങളും സംരക്ഷിക്കുന്ന ഭരണഘടനാവ്യവസ്ഥകൾ പുനഃസ്ഥാപിച്ച് ഇന്ത്യയുടെ ഭാഗമാക്കി കാശ്മീരിനെ നിലനിർത്തുകയാണ് വേണ്ടത്. ഹിന്ദുവർഗീയതയിൽ അഭിരമിക്കുന്ന മോഡിയും അമിത്ഷായും അപകടരമായ ഒരു ചരിത്രസന്ധിയിലേക്കാണ് ഇത്തരം വിവേകരഹിതമായ നടപടിയിലൂടെ ഇന്ത്യയെ തള്ളിവിടുന്നത്.**

◆

അന്വേഷണ റിപ്പോർട്ട്

**ജീൻ ദ്രസെ, കവിത കൃഷ്ണൻ, മൈമൂന മൊല്ല, വിമൽ ഭായ്**

# കൂട്ടിലടക്കപ്പെട്ട കാശ്മീർ

യാതൊരു മുന്നറിയിപ്പുമില്ലാതെ ആഗസ്റ്റ് 5-ന് ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 370, 35-എ എന്നീ വകുപ്പുകൾ നരേന്ദ്രമോദി സർക്കാർ റദ്ദാക്കി. അതോടൊപ്പം ജമ്മുകാശ്മീർ എന്ന സംസ്ഥാനത്തെ ഇല്ലാതാക്കുകയും അതിനെ രണ്ട് കേന്ദ്രഭരണപ്രദേശങ്ങളാക്കുകയും ചെയ്തു. ഈയൊരു അസാധാരണ സാഹചര്യത്തിലാണ് നാലുദിവസം കഴിഞ്ഞ് ആഗസ്റ്റ് 9-നു ഞങ്ങൾ കാശ്മീരിലെത്തുന്നത്. ആഗസ്റ്റ് 13 വരെ കാശ്മീരിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ച് തയ്യാറാക്കിയ റിപ്പോർട്ടാണ് ചുവടെ.

സൈനികരുടെയും അർദ്ധസൈനികരുടെയും സാന്നിധ്യവും നിരോധനാജ്ഞയും കാരണം വിജനമായ, മൗനം തളംകെട്ടിനിൽക്കുന്ന ശ്രീനഗറാണ് ഞങ്ങൾക്കവിടെ കാണാനായത്. ആഗസ്റ്റ് അഞ്ചുമുതൽ തുടരുന്ന നിരോധനാജ്ഞ സമ്പൂർണ്ണം. നഗരത്തിലെ തെരുവുകളെല്ലാം ശൂന്യം; കടകളും സ്കൂളുകളും ലൈബ്രറികളും പെട്രോൾപമ്പുകളും, ബാങ്കുകളും, സർക്കാർസ്ഥാപനങ്ങളുമടക്കം സർവ്വം നിശ്ചലം. ഏതാനും മരുന്നുകടകളും, ചില എ.ടി.എം കൂടുകളും തുറന്നുകിടപ്പുണ്ട്. ഒരുകാര്യം പറയാതെവയ്യ വളരെ സജീവമാണ് സകല പോലീസ് സ്റ്റേഷനുകളും. അങ്ങിങ്ങായ് ഒന്നോ രണ്ടോ പേർ നടന്നുപോയാലായി. അതാണ് പൊതുചിത്രം.

ശ്രീനഗറിൽ അങ്ങോളമിങ്ങോളം പലവഴിക്കും ഞങ്ങൾ പോയിനോക്കി. ഇന്ത്യൻ പത്രപ്രവർത്തകരുടെ മീഡിയാകോളനിയിലെത്തിയപ്പോൾ മാത്രമാണ് അവർ കഴിഞ്ഞദിവസങ്ങളിലായി പറഞ്ഞുകൊണ്ടിരിക്കുന്ന 'സാധാരണ'ഗതിയുടെ അന്തരീക്ഷം ഞങ്ങൾക്കനുഭവപ്പെട്ടത്. ഉള്ളതുപറയട്ടെ അവരുടെ പ്രചാരണങ്ങൾക്ക് സത്യവുമായി യാതൊരു ബന്ധവുമില്ല.

ശ്രീനഗറിന്റെ നഗരഭാഗത്തും ഉൾപ്രദേശങ്ങളിലുമായി അഞ്ചുദിവസം അലഞ്ഞുനടന്ന് കണ്ടുമുട്ടിയ സാധാരണക്കാരുമായി ഞങ്ങൾ കാര്യങ്ങൾ സംസാരിച്ചറിഞ്ഞു. സ്ത്രീകളും, വിദ്യാർത്ഥികളും, കച്ചവടക്കാരും, പത്രപ്രവർത്തകരും, ചെറുകിട വ്യവസായികളും, കൂലിവേലക്കാരും, യു.പി, ബംഗാൾ തുടങ്ങിയ ഇതര

സംസ്ഥാന തൊഴിലാളികളും മുസ്ലീംമതവിശ്വാസികളും ഇതിൽപ്പെടും. വരവിന്റെ ഉദ്ദേശം സൂചിപ്പിച്ചപ്പോൾ എല്ലായിടത്തും സ്നേഹവായ്പ്പോടെ അവർ ഞങ്ങളെ എതിരേറ്റു. തങ്ങൾ വഞ്ചിക്കപ്പെട്ടതിന്റെ വേദനയും, ഇന്ത്യൻ ഭരണകൂടത്തോടുള്ള അമർഷവും രൂക്ഷമായി പ്രകടിപ്പിക്കുകയും ഇന്ത്യക്കാരായ ഞങ്ങളുടെ ഉദ്യമത്തിന്റെ നിരർത്ഥകത സൂചിപ്പിക്കുകയും ചെയ്തെങ്കിലും ആതിഥ്യമര്യാദയുടെ കാര്യത്തിൽ യാതൊരു കുറവുംവരുത്തിയില്ല എന്നു മാത്രമല്ല ഞങ്ങളെ അക്ഷരാർത്ഥത്തിൽ അമ്പരപ്പിച്ചുകളഞ്ഞു.

ആർട്ടിക്കിൾ-370 റദ്ദാക്കിയ നിലപാടിനെ അംഗീകരിക്കാൻ ബി.ജെ.പി വക്താവിനെയല്ലാതെ ഒരാളെയും ഞങ്ങൾക്കവിടെ കാണാനായില്ല. 370-റദ്ദാക്കിയതിലും അത് എടുത്തുകളഞ്ഞ രീതിയോടും ആളിക്കത്തുന്ന പ്രതിഷേധവുമായാണ് പൊതുവിൽ കാശ്മീരികൾ കഴിഞ്ഞുകൂടുന്നത്. അതവർ അനൗദ്യോഗിക സംഭാഷണങ്ങളിൽ പ്രകടമാക്കുന്നുണ്ട്, എന്നാൽ പരസ്യമായി ക്യാമറക്കുമുന്നിൽ പറയാൻ ഭയക്കുന്നു. അങ്ങനെ ചെയ്താൽ അവർ ഭരണകൂടമർദ്ദനോപകരണങ്ങളാൽ വേട്ടയാടപ്പെടുമെന്നുറപ്പ്. ഇന്നല്ലെങ്കിൽ നാളെ വലിയരീതിയിലുള്ള ബഹുജനപ്രക്ഷോഭം ഉയർന്നുവരുമെന്നവർക്കുറപ്പുണ്ട്. എത്രതന്നെ സമാധാനപൂർണ്ണമായിരുന്നാലും അതടിച്ചമർത്തപ്പെടുമെന്നു വിശ്വസിക്കുന്നവരും ധാരാളം.

**ഞങ്ങളുടെ നിരീക്ഷണത്തിന്റെ രത്നച്ചുരുക്കം**

- ആർട്ടിക്കിൾ 370 എടുത്തുകളഞ്ഞ ഇന്ത്യൻ ഭരണകൂടത്തിനെതിരെ ശക്തവും ഏകസ്വരത്തിലുള്ളതുമായ വികാരം കാശ്മീരിൽ നിലനിൽക്കുന്നുണ്ട്.
- ഇത് നിയന്ത്രിക്കാനാണ് കാശ്മീരിൽ നിരോധനാജ്ഞപോലുള്ള നിയന്ത്രണങ്ങളുമായ് സർക്കാർ ഇറങ്ങിത്തിരിച്ചിരിക്കുന്നത്.
- പുതിയ സംഭവവികാസങ്ങൾ കാശ്മീരിന്റെ സാമ്പത്തിക സാമൂഹിക ജീവിതം ഏറെ ദുസ്സഹമാക്കിയിട്ടുണ്ട്, അതും ബക്രീദുപോലുള്ള വളരെ പ്രധാനപ്പെട്ട ഒരു സന്ദർഭത്തിൽ.
- പോലീസിനാലോ പട്ടാളത്താലോ മറ്റ് സർക്കാർസംവിധാനങ്ങളാലോ ഏതു നിമിഷവും തങ്ങൾ വേട്ടയാടപ്പെട്ടേക്കാമെന്ന ഭയത്തിലാണ് കാശ്മീർജനത. ക്യാമറക്കുമുന്നിൽ വന്ന് കാര്യങ്ങൾ തുറന്നുപറയാൻ അവർ ഭയക്കുന്നു.
- ''കാശ്മീർ വളരെവേഗം സാധാരണനിലയിലെത്തും'' എന്ന തരത്തിലുള്ള ഇന്ത്യൻ മാധ്യമങ്ങളുടെ പ്രചാരണം തെറ്റിദ്ധരിപ്പിക്കുന്നതാണ്. ശ്രീനഗറിലെ ചെറിയൊരു സുരക്ഷിതവലയമായ മീഡിയാ കോളനിയിലിരുന്ന് പടച്ചുണ്ടാക്കുന്ന ഊഹക്കഥകൾ മാത്രമാണിത്.
- നിലവിലെ സാഹചര്യത്തിൽ തികച്ചും സമാധാനപൂർണ്ണമായൊരു പ്രതിഷേധപ്രകടനത്തിനുപോലും അവിടെ അവസരമില്ല, എന്നാൽ വരും നാളുകളിൽ വൻ ജനകീയ പ്രക്ഷോഭങ്ങൾ പൊട്ടിപ്പുറപ്പെടുകതന്നെ ചെയ്യും.

**ജമ്മു കാശ്മീരിനോടുള്ള സർക്കാർ നിലപാടിനെതിരെ ഞങ്ങൾ കണ്ട ചില പ്രതികരണങ്ങൾ**

- ഞങ്ങൾ ശ്രീനഗറിലിറങ്ങിയതും ''യാത്രക്കാർക്ക് തങ്ങളുടെ മൊബൈൽ സ്വിച്ച്ഓൺ ചെയ്യാവുന്നതാണ്'' എന്ന പതിവ് അനൗൺസ് വന്നതും

വിമാനത്തിലുണ്ടായിരുന്നവരെല്ലാം (ഭഹുഭൂരിപക്ഷവും കാശ്മീരികൾ) കളിയാക്കി ചരിയോട് ചിരി. അവർ പറയുന്നതുകേട്ടു,''എന്തൊരു തമാശ'' മൊബൈലും ലാന്റ്ഫോണും ഇന്റർനെറ്റുമടക്കം സർവ്വതും ബന്ധാക്കിയതിനുശേഷമാണീ പ്രഹസനം.

- പാർക്കുപോലുള്ളൊരു സ്ഥലത്ത് ഏതാനും ചെറിയ കുട്ടികൾ കളിക്കുന്നതിനിടെ പറയുന്നതു കേട്ടു, ''ഇബ്ലീസ് മോദി''. ഇബ്ലീസ് എന്നാൽ 'ചെകുത്താൻ' എന്നാണർത്ഥം.
- ''അടിമകളെപ്പോലെയാണ് സർക്കാർ ഞങ്ങളോട് പെരുമാറിയത്, ഞങ്ങളെ ബന്ധിച്ച് അടിമകളാക്കി തലയ്ക്കുമുകളിൽ തോക്കുചൂണ്ടി ഞങ്ങളുടെ ജീവിതത്തെയും ഭാവിയെയും ബാധിക്കുന്ന തീരുമാനങ്ങളെടുത്തു. അണ്ണാക്കിൽകൊണ്ടുവന്ന് ബലംപ്രയോഗിച്ച് കുത്തിക്കയറ്റുന്നതുപോലെയാണത്.'' സഫകടൽ എന്ന സ്ഥലത്തുവെച്ച് ഒരാൾ ഞങ്ങളോട് തന്റെ അമർഷം പങ്കുവെച്ചതിപ്രകാരം.
- ശ്രീനഗറിലെ ഓരോ തെരുവിലുംവെച്ച് വിദ്യാസമ്പന്നരും അല്ലാത്തവരും കാശ്മീരിന്റെ ചരിത്രത്തെക്കുറിച്ച് ഞങ്ങളോട് ആധികാരികമായ ബോധ്യത്തോടെ സംസാരിച്ചത് അത്ഭുതപ്പെടുത്തി. ചരിത്രത്തെ വെള്ളപൂശാൻ ഇന്ത്യയിൽ നടക്കുന്ന ശ്രമങ്ങളിൽ അവർ അത്യധികം ഉത്കണ്ഠാകുലരാണ്. ഏവരും ഒരേസ്വരത്തിൽ പറഞ്ഞത്, ''ഇന്ത്യയും കാശ്മീർ നേതൃത്വവും തമ്മിലുള്ള ഒരു കരാറായിരുന്നു ആർട്ടിക്കിൾ 370. അങ്ങനെയൊരു കരാറിന്റെ ഉറപ്പിൻമേലാണ് കാശ്മീർ ഇന്ത്യയിൽ ചേർന്നത്, അല്ലെങ്കിൽ അത് നടക്കില്ലായിരുന്നു. ആ ആർട്ടിക്കിൾ റദ്ദാക്കപ്പെട്ടതോടെ കാശ്മീരിനുമേലുള്ള ഇന്ത്യയുടെ അവകാശവാദത്തിനു നിയമസാധുതയില്ലാതായി.'' എന്നാണ്. ജഹാഗീർ ചൗക്കിൽ കണ്ടുമുട്ടിയ ഒരു യുവാവ് ആർട്ടിക്കിൾ 370-നെ താലിമാലയോടാണുപമിച്ചത്. വിവാഹിതരായ സ്ത്രൂകൾ ധരിക്കുന്ന വിശുദ്ധഉടമ്പടിയുടെ ഒരു പ്രതീകമാണ് താലി. കാശ്മീരും ഇന്ത്യയും തമ്മിലുള്ള പരിപാവനമായ ഒരു ഉടമ്പടിയുടെ ആദർശരേഖയായാണ് ഈ പ്രത്യേക വകുപ്പിനെ അയാൾ കാണുന്നത്.
- ഇന്ത്യൻ മാധ്യമങ്ങൾക്കെതിരെ കടുത്ത എതിർപ്പാണ് അവരിലുള്ളത്. ജനങ്ങൾ വീട്ടുതടങ്കലിലാണ്, സോഷ്യൽമീഡിയയിലൂടെയോ മറ്റോ പരസ്പരം ആശയവിനിമയം നടത്താനാകുന്നില്ല, അഭിപ്രായപ്രകടനത്തിനും അവസരമില്ല. വീട്ടിലിരുന്ന് ഇന്ത്യൻ ചാനലുകൾമാത്രമാണ് കാണാനാകുന്നത്, അതിൽ നിരന്തരം പറഞ്ഞുകൊണ്ടിരിക്കുന്നതോ, ''കാശ്മീരികൾ ഇന്ത്യൻ ഭരണകൂടത്തിന്റെ തീരുമാനത്തെ സ്വാഗതം ചെയ്യുന്നു'' എന്നും. പാവങ്ങളകപ്പെട്ട അവസ്ഥ നോക്കണം. മറ്റൊരു യുവാവ് പറഞ്ഞതിങ്ങനെ, ''നടക്കുന്നത് ഞങ്ങളുടെ കല്യാണമാണെങ്കിലും പാട്ടുപാടിയും നൃത്തംചെയ്തും ആഘോഷിക്കുന്നത് വേറാരൊക്കെയോയാണ്.'' ഇതെല്ലാം ഞങ്ങളുടെ നന്മക്കും പുരോഗതിക്കും വേണ്ടിയാണെങ്കിൽ ഞങ്ങളോടെന്തുകൊണ്ടാണ് അഭിപ്രായമാരായാത്തത്?

**ആർട്ടിക്കിൾ 370, 35 എ, എന്നിവ റദ്ദാക്കിയതിനോടുള്ള പ്രതികരണം.**

- ''ആർട്ടിക്കിൾ 370, 35എ എന്നിവ പുഃനസ്ഥാപിക്കൂ, സ്വാതന്ത്ര്യം തിരിച്ചുതരൂ'' എന്ന വികാരമാണ് താഴ്‌വരയിലെങ്ങും.
- കാശ്മീരിന്റെ അസ്ഥിത്വമായി ഏവരും കരുതിപ്പോന്നിരുന്നത് ഈ ഭരണ ഘടനാ വകുപ്പുകളായിരുന്നു. അത് ഇല്ലാതാക്കിയതോടെ തകർന്നത് കാശ് മീരിന്റെ അന്തസ്സും അസ്ഥിത്വവുമാണ്.
- ജനാധിപത്യപ്രക്രിയയിൽ പങ്കാളികളായിരുന്ന രാഷ്ട്രീയപാർട്ടികളെയാണ് ഇന്ത്യൻ ഭരണകൂടം വഞ്ചിച്ചിരിക്കുന്നത്, കാലാകാലങ്ങളായി 'ഇന്ത്യയിൽ നിന്നും വിമോചനം' എന്ന മുദ്രാവാക്യമുയർത്തുന്ന വിഘടനവാദികൾക്ക് ന്യായീകരണമായിരിക്കുകയാണ് പുതിയ നടപടി. കാശ്മീരിയായ ഒരു പത്ര പ്രവർത്തകൻ അഭിപ്രായപ്പെട്ടത്, ''ഇന്ത്യയെ ഇന്നുവരെ പുകഴ്ത്തിയിരുന്ന ഇന്ത്യൻ വാലാട്ടികളാണിപ്പോൾ തുറങ്കിലടക്കപ്പെട്ടിരിക്കുന്നത്. ഇതിൽ ധാരാളം ആളുകൾ തൃപ്തരാണ്'' എന്നായിരുന്നു.
- ''മോദിയുടെ ചെയ്തികൾ ഇന്ത്യൻ ഭരണഘടനയെയാണ് തകർക്കുന്നത്'' എന്ന ആക്ഷേപവും ചിലർ പങ്കുവെച്ചു. ഇങ്ങനെ പറയുന്നവർ കരുതുന്നത് കാശ്മീരിനേക്കാൾ ഈ വകുപ്പ് ഇന്ത്യയെ സംബന്ധിച്ചാണ് മർമ്മപ്രധാനം എന്നാണ്. ആ അർത്ഥത്തിൽ 370 എടുത്തുകളയുന്നതിലൂടെ കാശ്മീരിനെ മാത്രമല്ല തകർക്കുന്നത് ഇന്ത്യൻ ഭരണഘടനക്കുതന്നെ മോദി ഭീഷണിയാ യിത്തീർന്നിരിക്കുന്നു.
- ''കോൺഗ്രസ്സ് ഞങ്ങളെ ഇക്കാലമത്രയും പിറകിൽനിന്നും കുത്തി, ഇപ്പോഴിതാ ബി.ജെ.പി നേർക്കുനേരെയും. അവരെല്ലാം സ്വന്തം ഭരണഘടനയെയാണ് അസ്ഥിരപ്പെടുത്തിയിരിക്കുന്നത്. ഹിന്ദുരാഷ്ട്രത്തിലേക്കുള്ള ആദ്യ പടിയാ ണിത്.'' ഒരു വ്യാപാരിയുടെ ഓർമ്മപ്പെടുത്തൽ.
- ചിലർക്ക് ആധി, 370 എടുത്തുകളഞ്ഞതിലല്ല, കാരണം അത് നൽകിവരുന്ന പരിരക്ഷ മറ്റ് പലവിധേനയും ഇപ്പോൾതന്നെ കവർന്നെടുക്കപ്പെട്ടിട്ടുണ്ട്. കേവലം പ്രതീകാത്മകമായ പേരിനുള്ള സ്വയംഭരണാവകാശംമാത്രമാണ് നിലവിലുള്ളത്. അവരുടെ ആശങ്ക പുതിയ സംഭവവികാസങ്ങളുടെ മറവിൽ നടമാടാൻപോകുന്ന ഭവിഷ്യത്തുക്കളെക്കുറിച്ചാണ്. ഭൂമി കുറഞ്ഞവിലയ്ക്ക് മാഫിയകൾ കയ്യടക്കും, അംബാനിക്കും പതഞ്ജലിക്കും സംഗതി എളുപ്പ മാകും. കാശ്മീരിന്റെ വിഭവങ്ങൾ കോർപ്പറേറ്റുകൾ കവർന്നെടുക്കും. വി ദ്യാഭ്യാസമേഖലയിലും തൊഴിൽരംഗത്തും നിലവിൽ ഇന്ത്യയുടെ ശരാശരി യക്കാൾ മികച്ചതാണ് കാശ്മീരിലേത്. ഒരു തലമുറ കഴിഞ്ഞാൽ കാശ്മീരി കൾക്ക് എല്ലാം നഷ്ടമാകും, അവർ അഭയാർത്ഥികളായി പാലായനം ചെയ്യേണ്ടിവരും. ഇങ്ങനെ നീളുന്നു അവരുടെ ആധികൾ.

**''എല്ലാം സാധാരണം'' അഥവാ ''ശ്മശാനശാന്തത''**

കാശ്മീരിലെ സ്ഥിതിഗതികൾ സാധാരണവും സമാധാനപൂർണവുമാണോ? എന്ന ചോദ്യത്തിന് ''അല്ല'' എന്ന ഉച്ചത്തിലുള്ള മറുപടിയാണ് കിട്ടിയത്.

- ''തോക്കിൻകുഴലിലെ സമാധാനമാണിത്, പള്ളിക്കാട്ടിലെ നിശബ്ദതയും'' ഒരു ചെറുപ്പക്കാരന്റെ പ്രതികരണം.

- ഗ്രേറ്റർ കാശ്മീർ എന്ന പത്രത്തിൽ ആകെ ഒരുപേജ് വാർത്തയുണ്ട്, മറ്റൊരു പുറത്തിൽ കായികവാർത്തയും. അകത്തുള്ള രണ്ട് പേജുകളും നിറയെ മാറ്റിവെച്ച വിവാഹസൽക്കാരങ്ങളുടെയും റദ്ദാക്കപ്പെട്ട പൊതുപരിപാടികളുടെയും അറിയിപ്പുകൾ.
- ആഗസ്റ്റ് 5–നും 9–നുമിടയിൽ ഭക്ഷണവും മറ്റുള്ള അത്യാവശ്യങ്ങളും കിട്ടാതെ വലയുകയായിരുന്നു ജനങ്ങൾ. അസുഖബാധിതരെ ആശുപത്രിയിൽ പോകാൻ പോലും മിക്കസ്ഥലങ്ങളിലും അനുവദിച്ചില്ല എന്നാണ് പരാതി. നിരോധനാജ്ഞയല്ല, 144–മാത്രമേ പ്രഖ്യാപിച്ചിട്ടുള്ളൂ എന്നാണ് ഔദ്യോഗിക വിശദീകരണം. പക്ഷെ യാഥാർഥ്യം മറ്റൊന്നാണ്; ''വീട്ടിൽ കഴിയുന്നതാണ് ഉത്തമം, ആരും തന്നെ പുറത്തിറങ്ങരുത്'' തുടങ്ങിയ നിർദ്ദേശങ്ങൾ ഉച്ചഭാഷിണിയിലൂടെ മുഴക്കി പോലീസ് വാഹനവ്യൂഹം റോന്തുചുറ്റുന്നതുകാണാം. കടകളെല്ലാം അടച്ചിടാനാണ് നിർദ്ദേശം, കർഫ്യൂപാസുള്ളവർക്ക് മാത്രമേ അൽപമെങ്കിലും സഞ്ചാരസ്വാതന്ത്ര്യമുള്ളൂ.
- എങ്ങും നിശ്ചലമാണ്. ബക്രീദിനുപോലും റോഡുകളും അങ്ങാടികളും നിശ്ചലം. എവിടെയും പോലീസും പട്ടാളവും മറ്റുദ്യോഗസ്ഥരുംമാത്രം. മിക്ക ഗ്രാമങ്ങളിലും ബാങ്ക് വിളികളടക്കം നിരോധിച്ചിട്ടുണ്ട്. തൽക്കാലം പ്രാർത്ഥനകൾ വീട്ടിനകത്ത് മതിയെന്നാണ് നിർദ്ദേശം കൂട്ടമായി പള്ളിയിലേക്കുള്ള വരവിനും നിരോധനമുണ്ട്.
- പെരുന്നാൾദിനത്തിൽ ഞങ്ങൾ ദക്ഷിണകാശ്മീരിലെ അനന്ത്നാഗിലായിരുന്നു. പുതുവസ്ത്രമണിഞ്ഞ് കണ്ടത് ചെറിയ കുട്ടികളെമാത്രം, മുതിർന്നവരുടെ മുഖത്താകെ മ്ലാനത. ''ജയിലിലായതുപോലെയാണ് ഞങ്ങൾ'', ഒരു സ്ത്രീയുടെ വാക്കുകൾ. ''ഭർത്താക്കന്മാരും മക്കളും സഹോദരങ്ങളും ജയിലിനകത്തായിരിക്കുമ്പോൾ ഞങ്ങളെങ്ങനെ ഈദാഘോഷിക്കും?''.
- ഈദിന്റെ തലേന്ന് അതായത് ആഗസ്റ്റ് 11–ന് സപോറെയിൽ വെച്ച് ഒരു സ്ത്രീയുമായി ഞങ്ങൾ സംസാരിച്ചു. ഈദ് ദിനത്തിലേക്ക് സാധനങ്ങൾവാങ്ങാൻ ലാംഗത്ത് എന്ന സ്ഥലത്തുനിന്നുമാണ് അവരുടെ വരവ്. കർഫ്യൂവിൽ ചെറിയ സമയത്തേക്ക് അയവുവരുത്തിയിട്ടുണ്ട്. സ്വന്തം ഗ്രാമത്തിൽ കടകളെല്ലാം അടഞ്ഞു കിടക്കുകയാണ് അതിനാലാണ് ഇവിടെയെത്തിയത്. ''കഴിഞ്ഞ എഴുദിവസമായി സ്വന്തംവീടുകളിൽ ഞങ്ങൾ അടച്ചിടപ്പെട്ടിരിക്കുകയാണ്. ഇവിടെ നഴ്സായി ജോലിചെയ്യുന്ന മകൾ ജീവിച്ചിരിക്കുന്നുണ്ടോ എന്നറിയലാണ് ഈ വരവിന്റെ മുഖ്യ ഉദ്ദേശം'' അവർ വിതുമ്പി.
- ''ഇവിടെ മോദി ഭരണമല്ല, പട്ടാളഭരണമാണ്. മനുഷ്യരേക്കാളേറെ പട്ടാളക്കാരാണ്.'' ബന്ദിപൂരയ്ക്കു സമീപം വാത്പൂരയിൽ വെച്ച് ഒരു ബേക്കറിയുടമ പറഞ്ഞു. അയാളൊടൊപ്പമുണ്ടായിരുന്ന മറ്റൊരാൾ കൂട്ടിച്ചേർത്തതിപ്രകാരം; ''വളരെയധികം പ്രയാസപ്പെടുത്തുന്ന നിർദ്ദേശങ്ങളാണ് തൊട്ടടുത്തുള്ള പട്ടാളക്യാമ്പിൽ നിന്നും കിട്ടിക്കൊണ്ടിരിക്കുന്നത്. വീട് വിട്ടിറങ്ങിയാൽ തന്നെ അരമണിക്കൂറിനകം തിരിച്ചെത്തിയിരിക്കണം. എന്റെ ചെറിയ മോൾക്ക് സുഖമില്ല, അവളുമായി ഹോസ്പിറ്റലിൽപോയി തിരിച്ചുവരാൻ ഒരു മണിക്കൂറിലേറെ സമയമെടുക്കും. ഞാനെന്തുചെയ്യും? മൂത്തമകളെ വിവാഹം ചെയ്തയച്ചിരിക്കുന്നത് അടുത്തുള്ള ഗ്രാമത്തിലേക്കാണ്, ഈദ് ദിനത്തിൽ

അവിടെപോയി അവരെ സന്ദർശിച്ചുവരണമെങ്കിൽ സമയമെടുക്കും. അഞ്ചുമിനുട്ടു വൈകിയാൽ പട്ടാളക്കാരുടെ വക പീഢനമാകും ഫലം.''

- ആടുമാടുകളെ വിൽക്കാനാവാതെ കച്ചവടക്കാരും കൃഷിക്കാരും ബുദ്ധിമുട്ടിലാണ്. ബക്രീദ് വിൽപ്പനക്കായ് മാസങ്ങളായി കരുതിവെച്ചിരിക്കുന്നവ. അവരെ സംബന്ധിച്ച് വലിയ സാമ്പത്തിക നഷ്ടമാണ് സംഭവിച്ചിരിക്കുന്നത്. ഇത്തവണ ബക്രീദ് ബലികർമ്മങ്ങളെല്ലാം നിന്നുപോയി.
- ഉത്തർപ്രദേശിലെ ബിജ്നൂറിൽ നിന്നുള്ള ഒരു മധുരപലഹാരവിൽപ്പനക്കാരൻ തന്റെ കേടായി കെട്ടിക്കിടക്കുന്ന വിൽപ്പനച്ചരക്കുകളുടെ കാഴ്ച ഞങ്ങൾക്ക് കാണിച്ചുതന്നു. ഇത്തരം കടകളിൽ മരുഭൂമിസമാനമായ അവസ്ഥയാണ്. പെരുന്നാൾ കച്ചവടം പ്രതീക്ഷിച്ച് എല്ലാ ഒരുക്കങ്ങളും നടത്തിയവരെ സംബന്ധിച്ച് പ്രത്യേകിച്ചും.
- ഞങ്ങൾ കണ്ടുമുട്ടിയ ഒരോട്ടോഡ്രൈവർ സ്ഥിരമായി കഴിക്കുന്ന സാൾബുട്ടാമോളും അസ്താലിനും തീർന്നതിന്റെ പരിഭ്രമത്തിലാണ്. ആസ്ത്മരോഗിയായ അയാൾക്ക് മരുന്നുലഭിക്കണമെങ്കിൽ നഗരത്തിലെത്തണം. എന്നാൽ സി.ആർ.പി.എഫ് ജവാൻമാർ സമ്മതിക്കുന്നില്ല. ആസ്താലിൻ ഇൻഹേലറിന്റെ ചതച്ചരക്കപ്പെട്ട ഒരൊഴിഞ്ഞഡപ്പിഞങ്ങൾക്കെടുത്ത് കാണിച്ചുതന്നാണ് അയാളിതെല്ലാം പറയുന്നത്. അത് കാണിച്ചുകൊടുത്ത് ജവാനോട് യാത്രയ്ക്കുള്ള സമ്മതം ചോദിച്ചപ്പോൾ ഡപ്പിവാങ്ങി ബൂട്ടിനടിയിലിട്ട് ചവിട്ടിയരക്കുകയായിരുന്നു ആ നിയമപാലകൻ. ''അവർ ഞങ്ങളെ വെറുക്കുന്നു. അതുകൊണ്ടാണിത്തരത്തിൽ പെരുമാറുന്നത്'', അയാൾ പറഞ്ഞുനിർത്തി.

**പ്രതിഷേധങ്ങൾ, അടിച്ചമർത്തലുകൾ, പീഢിപ്പിക്കൽ**

- ആഗസ്റ്റ് 9-ന് ശ്രീനഗറിലെ സോറയിൽ ഏകദേശം പതിനായിരത്തോളം പേർ പങ്കെടുത്ത പ്രതിഷേധം നടന്നു. പെല്ലറ്റുകൾ പ്രയോഗിച്ചാണ് സേന അവരെ നേരിട്ടത്, നിരവധിപേർ ആശുപത്രിയിലായി. പത്തിന് സോറയിലേക്ക് പോകാൻ ശ്രമിച്ച ഞങ്ങളെ പോലീസ് തടഞ്ഞു. റോഡ് തടസ്സപ്പെടുത്തി പ്രതിഷേധിക്കുന്ന ചെറുപ്പക്കാരെ ഞങ്ങളന്ന് റോഡിൽ കണ്ടു.
- പെല്ലറ്റാക്രമണത്തിൽ പരിക്കേറ്റ രണ്ടു ചെറുപ്പക്കാരെ ശ്രീനഗറിലെ എസ്.എം.എച്ച്.എസ് ആശുപത്രിയിൽ ഞങ്ങൾക്ക് കണാനായി. വഖാർ അഹമ്മദും, വാഹിദും. കൈകളിലും, മുഖത്തും, നെഞ്ചത്തുമെല്ലാം പെല്ലറ്റു തറച്ച് മുറിവേറ്റവർ. കണ്ണുകൾക്കുചുറ്റും രക്തം കട്ടപിടിച്ചതുകാണാം, കാഴ്ചയും ഭാഗികമായി നഷ്ടപ്പെട്ടിട്ടുണ്ട്. വഖാറിന്റെ മൂത്രക്കുഴലിലൂടെ രക്തം ഒഴുകിവരുന്നുണ്ട്, ഭരണകൂട മർദ്ധനത്തിന്റെ ഇരകൾ. അവരുടെ ബന്ധുക്കൾ തൊട്ടടുത്തിരുന്ന് കരയുകയാണ്. സമാധാനപരമായി പ്രതിഷേധിച്ചവരാണിവർ, ചെറിയതോതിലുള്ള കല്ലേറുപോലും അവിടെയുണ്ടായിട്ടില്ലെന്നും ഇവർ പറയുന്നു.
- ആഗസ്റ്റ് 6-നാണ് സംഭവം. റൈസിംഗ് കാശ്മീർ എന്ന പത്രത്തിന്റെ ഗ്രാഫിക് ഡിസൈനർ സമീർ അഹമ്മദ് ശ്രീനഗറിലെ വീടിനടുത്തെ മാന്ദേർബാഗ് ഏരിയയിൽ വെച്ച് ഒരു വയസ്സായ മനുഷ്യനെ റോഡ് മറികടക്കാൻ സഹായിക്കുന്നതിനിടെ സി.അർ.പി.എഫ് ജവാൻമാരുടെ ക്രൂരമായ അധിക്ഷേപത്തിനിരയായി. അന്ന് വൈകീട്ട് സമീർ തന്റെ വീടിന്റെ വാതിൽ തുറന്നതും യാതൊരു

പ്രകോപനവുമില്ലാതെ ജവാൻമാർ അദ്ദേഹത്തിനുനേരെ വെടിയുതിർത്തു. 172 പെല്ലറ്റുകളാണ് അദ്ദേഹത്തിന്റെ ശരീരത്തിൽ തറച്ചത്. യാതൊരു പ്രകോപനവുമില്ലാതെയാണ് ആളുകൾ ആക്രമിക്കപ്പെടുന്നത്. അതും മുഖത്തിനും നെഞ്ചിനും നേരെയുള്ള കൃത്യമായ ഉന്നംവെയ്ക്കലിൽ.

- ഏകദേശം 600-ഓളം രാഷ്ട്രീയനേതാക്കന്മാരും, ആക്ടിവിസ്റ്റുകളും കാരാഗ്രഹത്തിലകപ്പെട്ടിരിക്കുകയാണ്. നിയമത്തിന്റെ ഏത് വകുപ്പുകൾ ചാർത്തിയാണ് ഈ അറസ്റ്റുകളെന്ന് ഇപ്പോഴും വ്യക്തമല്ല. എവിടെയാണ് അവരെന്നും ആർക്കും അറിയില്ല.
- അനേകം പ്രമുഖനേതാക്കൾ വീട്ടുതടങ്കലിലാണ്. സി.പി.ഐ (എം) എം.എൽ.എ മുഹമ്മദ് യൂസഫ് തരിഗാമിയെ സന്ദർശിക്കാൻ ഞങ്ങൾ ശ്രമം നടത്തി. തടങ്കലിലാക്കപ്പെട്ടിരിക്കുന്ന അദ്ദേഹത്തിന്റെ വീട്ടിലേക്ക് ഞങ്ങൾക്ക് പ്രവേശനം നിഷേധിക്കപ്പെട്ടു.
- ഞങ്ങൾ സന്ദർശിച്ച ഗ്രാമങ്ങളിലെല്ലാം സ്കൂൾകുട്ടികളെയും ചെറുപ്പക്കാരെയും നിയമവിരുദ്ധമായി തടങ്കലിൽവെച്ചിരിക്കുന്നതിന്റെ കഥകൾ ഗ്രാമീണർ വിശദീകരിച്ചു. പാംപോറിൽ വെച്ച് 11-വയസ്സുള്ള ഒരു കുട്ടിയെ ഞങ്ങൾ നേരിൽകണ്ടു. ആഗസ്റ്റ് 5-നും 11-നും ഇടയിൽ അവനെ പോലീസ് സ്റ്റേഷനിൽ അടക്കപ്പെട്ടിരുന്നു. അടികിട്ടിയതിന്റെ പാട് ദേഹമാസകലമുണ്ട്, അവനെക്കാളും ചെറിയ കുട്ടികൾ വേറെയും ആ പോലീസ് സ്റ്റേഷനിലുണ്ടെന്നാണ് ആ കുട്ടി പറയുന്നത്.
- അർദ്ധരാത്രിനടന്ന റെയ്ഡുകളിലാണ് നൂറുകണക്കിനു കുട്ടികളെ ഇത്തരത്തിൽ പിടികൂടി കൊണ്ടുപോയിരിക്കുന്നത്. ഭയം വിതറുക എന്ന ലക്ഷ്യത്തോടെത്തന്നെയാണ് ഇത് ചെയ്യുന്നത്. ഇത്തരം റെയ്ഡുകൾക്കിടെ സ്ത്രീകളും പെൺകുട്ടികളും പീഢിപ്പിക്കപ്പെട്ടതായും പലരും ഞങ്ങളോട് പരാതിപ്പെട്ടു. രക്ഷിതാക്കൾക്ക് പലർക്കും തങ്ങളുടെ മക്കളുടെ അറസ്റ്റിനെക്കുറിച്ച് പറയാൻ ഭയം. അതിന്റെ പേരിൽ പൊതുസുരക്ഷാ വകുപ്പനുസരിച്ച് അവർക്കെതിരെ കുറ്റം ചുമത്തിയേക്കാം. മാത്രവുമല്ല മക്കളെ അവർ കൊന്നുതള്ളുമോ എന്ന ഭയവും അവർക്കുണ്ട്. അത്തരം ചരിത്രം കാശ്മീരിൽ പുത്തരിയല്ല. ഈ അറസ്റ്റുകളൊന്നും രേഖപ്പെടുത്തപ്പെടുന്നില്ല, അതുകൊണ്ടുതന്നെ കൊന്നാലും അവർക്ക് യാതൊരു പ്രയാസവുമില്ലാതെ നിയമത്തിന്റെ മുന്നിൽ രക്ഷപ്പെടാം.
- പ്രതിഷേധക്കാരെ ഇതുകൊണ്ടൊന്നും തടഞ്ഞുനിർത്താനാകുമെന്നു തോന്നുന്നില്ല. സപോറയിൽ കണ്ട ഒരു ചെറുപ്പക്കാരൻ പറഞ്ഞത്, ''നിങ്ങൾ എത്രമാത്രം ക്രൂരമായി ഞങ്ങളെ അടിച്ചമർത്തുന്നുവോ അതേ തീക്ഷ്ണതയോടെ ഞങ്ങൾ ഉയിർത്തെഴുന്നേൽക്കും'' എന്നായിരുന്നു. ''രാഷ്ട്രീയനേതാക്കൻമാരെ ഞങ്ങൾക്കിനി വേണ്ട, അവരെ നിങ്ങൾ അറസ്റ്റു ചെയ്തോളൂ. അവസാനത്തെ കാശ്മീരി ജീവിച്ചിരിക്കുന്നിടത്തോളം കാലം ഞങ്ങൾ പൊരുതും'' അവരുടെ വാക്കുകൾക്ക് വല്ലാത്ത മൂർച്ച.

## മാധ്യമപ്രവർത്തനത്തിന് കൂച്ചുവിലങ്ങ്

- ഒരു പത്രപ്രവർത്തകൻ ഞങ്ങളോട് പറഞ്ഞത്, ''പത്രങ്ങൾ അടിച്ചിറക്കുന്നുണ്ട്. ഇന്റർനെറ്റില്ലാത്തുകാരണം ഞങ്ങൾക്ക് റിപ്പോർട്ടർമാരിൽനിന്നും ഏജൻസികളിൽനിന്നും യാതൊരു വാർത്തകളും ലഭിക്കുന്നില്ല. കാശ്മീരുമായി ബന്ധപ്പെട്ട പാർലമെന്ററി വാർത്തകളടക്കം ഞങ്ങൾക്ക് ലഭിക്കുന്നത് എൻ.ഡി.ടി.വി മുഖേന മാത്രമാണ്. ഇതൊരുതരം അപ്രഖ്യാപിത സെൻസർഷിപ്പാണ്. പോലീസിനുമാത്രമായി ഇന്റർനെറ്റും ടെലഫോൺ കണക്ഷനും നിജപ്പെടുത്തിയിരിക്കുന്നതിന്റെ അർത്ഥമെന്താണ്? ഞങ്ങളുടെ ഓഫീസിലേക്ക് ചിലർ കടന്നുവരികയുണ്ടായി. പട്ടാളത്തിനുവേണ്ടിയാണ് അവർ സംസാരിച്ചത്. നിങ്ങളെന്തിനാണ് കർഫ്യൂ പ്രഖ്യാപിത ഇടങ്ങളിലെ ചിത്രങ്ങൾ പ്രസിദ്ധീകരിച്ചത് എന്നാണവർ ഭീഷണിപ്പെടുത്തിയത്.''
- കാശ്മീരിലെ മുഴുവൻ ടി.വി ചാനലുകളും പൂട്ടിയിട്ടിരിക്കുകയാണ്. പ്രവർത്തിക്കാൻ അനുവദിക്കുന്നില്ല.
- പ്രതിഷേധത്തിന്റെ ചെറിയ വാർത്ത പ്രസിദ്ധീകരിക്കുന്ന കാശ്മീരി പത്രങ്ങൾക്കുപോലും അധികൃതരുടെ ഭാഗത്തുനിന്നും ഭീഷണി നേരിടേണ്ടി വരുന്നു.
- വിദേശ പത്രപ്രവർത്തകരും വാർത്താശേഖരണത്തിലെ പ്രയാസങ്ങളെക്കുറിച്ച് ഞങ്ങളോട് സംസാരിച്ചു. അവർക്കും സഞ്ചാരസ്വാതന്ത്ര്യത്തിന് പരിമിതികളുണ്ട്. ഇന്റർനെറ്റ് സൗകര്യമില്ലാതെ മാധ്യമസ്ഥാപനങ്ങളിലേക്ക് വാർത്തകളയക്കാൻ പറ്റുന്നില്ല.
- ശ്രീനഗറിലെ മീഡിയാകോളനിയിൽ ആഗസ്റ്റ് 13-നു ചെന്നപ്പോൾ അവിടെയും ശ്മശാനമൂകമായ അന്തരീക്ഷം. പല അനുബന്ധ ഓഫീസുകളും അടഞ്ഞുകിടക്കുന്നു. ചില റിപ്പോർട്ടർമാരും സി.ഐ.ഡികളും വെറുതെയിരിക്കുന്നുണ്ട്. ആഗസ്റ്റ് 17-നു ശേഷം മാത്രമേ പത്രം അച്ചടിച്ചിറക്കാനാവൂ എന്നും ഒരാൾ ഞങ്ങളോട് പറഞ്ഞു. കാരണം ന്യൂസ്പ്രിന്റ് കടലാസ്സുകൾ തീർന്നിരിക്കുകയാണ് ഇനി ദില്ലിയിൽനിന്നും വന്നിട്ടുവേണം.

## കാശ്മീരിൽ പുരോഗതിയുടെ കുറവുണ്ടോ?

ടൈംസ് ഓഫ് ഇന്ത്യയിൽ (ആഗസ്റ്റ് 9, 2019) മുൻ വിദേശകാര്യ സെക്രട്ടറി നിരുപംറാവു എഴുതിയതുകണ്ടു; ''ശിലായുഗത്തെ ഓർമ്മിപ്പിക്കുന്ന ഒന്നാണ് എന്റെ ജന്മദേശമെന്ന് മാസങ്ങൾക്കുമുമ്പ് ഒരു കാശ്മീരി പെൺകുട്ടി എന്നോടു പറഞ്ഞു. സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ ഇന്ത്യയുടെ ഇതരഭാഗങ്ങളെ അപേക്ഷിച്ച് കാശ്മീർ ഇരുന്നൂറു വർഷം പിറകിലാണ്.'' എന്നാൽ ഉള്ളതുപറയട്ടെ ഇത്തരമൊരവസ്ഥ കാശ്മീരിൽ ഞങ്ങൾക്കനുഭവപ്പെട്ടില്ല.

- കാശ്മീരിൽ ഞങ്ങൾകണ്ട യുവതീയുവാക്കൾ വിദ്യാസമ്പന്നരാണ്. അവർ കോളേജിലും സർവ്വകലാശാലകളിലും പഠിക്കുന്നു, കാശ്മീരിക്കു പുറമെ ഹിന്ദിയും ഇംഗ്ലീഷും അനായാസേന കൈകാര്യം ചെയ്യാൻ കഴിവുള്ളവർ. അന്താരാഷ്ട്ര നിയമങ്ങളും ഇന്ത്യൻ ഭരണഘടനയും കൃത്യതയോടെ എടുത്തുദ്ധരിച്ച് കാശ്മീർ വിഷയത്തിൽ അവർ അവരുടെ വാദങ്ങളും എതിർ

വാദങ്ങളും നിരത്തുന്നത് അത്ഭുതത്തോടെയാണ് ഞങ്ങൾ കേട്ടുനിന്നത്. നമ്മുടെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട നഗരങ്ങളൊക്കെ അവർക്കറിയാം, ഉയർന്ന വിദ്യാഭ്യാസ-രാഷ്ട്രീയബോധം അവർക്കുണ്ട്. ഉത്തർപ്രദേശിലോ, മധ്യപ്രദേശിലോ, ബീഹാറിലോ, ജാർഖണ്ഡിലോ നമുക്കിത് സങ്കൽപ്പിക്കാനാവില്ല.

- ഏറ്റവും ആധുനിക രീതിയിൽ നിർമ്മിക്കപ്പെട്ടവയാണ് കാശ്മീരിലെ വീടുകൾ. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ സർവ്വസാധാരണ കാഴ്ചയായ ചാക്കും തകരയും ഉപയോഗിച്ച് കെട്ടിമറച്ച കൂരകൾ നിങ്ങൾക്കവിടെ കണ്ടെത്താനാവില്ല.
- തീർച്ചയായും പാവപ്പെട്ട മനുഷ്യർ കാശ്മീരിലുമുണ്ട്. എന്നാൽ ഇതര ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് പട്ടിണിയും പോഷകാഹാരക്കുറവും കാശ്മീരിലില്ല എന്നതാണ് വസ്തുത.
- ബംഗാളികളും മറ്റുത്തരേന്ത്യക്കാരുമായ ഇതരസംസ്ഥാനതൊഴിലാളികളെയും പലയിടത്തുവെച്ചും ഞങ്ങൾ കണ്ടു. ഗുജറാത്തിലും മഹാരാഷ്ട്രയിലും നടക്കുന്നതുപോലുള്ള വംശീയാക്രമണഭീതി അവർക്കശേഷമില്ല. ഞങ്ങളിവിടെ സുരക്ഷിതരാണെന്നാണ് അവർ ഏകസ്വരത്തിൽ പറയുന്നത്. ''മറ്റുസംസ്ഥാനങ്ങളിൽ കിട്ടുന്നതിനേക്കാൾ മൂന്നോ നാലോ ഇരട്ടി കൂലി ഞങ്ങൾക്കിവിടെ ലഭിക്കുന്നുണ്ട്. ദിവസക്കൂലിയായി 600 മുതൽ 800 വരെ കിട്ടുന്നു. കാശ്മീരാണ് ഞങ്ങളുടെ ദുബായ്'' ഒരാൾ പറഞ്ഞു.
- വർഗീയസംഘർഷങ്ങളോ, ആൾക്കൂട്ട ആക്രമണങ്ങളോ കാശ്മീരിൽ ഒട്ടുമേയില്ല. ഇവിടെ ഞങ്ങൾ സുരക്ഷിതരാണെന്നും കാശ്മീരികൾ എല്ലാ ഉത്സവങ്ങളും ഒരുമയോടെ ആഘോഷിക്കുന്നവരാണെന്നുമായിരുന്നു നേരിൽ കണ്ട് സംസാരിച്ച പണ്ഡിറ്റുകൾ പറഞ്ഞത്. ''ഈദും ഹോളിയും ദീപാവലിയും ഒരുമയോടെ ഒന്നിച്ചുചേർന്നാഘോഷിക്കുന്നതാണ് ഞങ്ങളുടെ കാശ്മീരിയത്ത്'', ചെറുപ്പക്കാരനായ ഒരു കാശ്മീരി പണ്ഡിറ്റ് സൂചിപ്പിച്ചു.
- ''പിന്നോക്ക കാശ്മീരിസ്ത്രീ'' എന്ന ആഖ്യാനനിർമ്മിതിക്കുള്ള ശ്രമം ഭൂലോകനുണയാണ്. മികച്ച വിദ്യാഭ്യാസസൗകര്യങ്ങൾ അവർക്കുണ്ട്. നിശ്ചയദാർഢ്യവും വാക്ചാതുരിയും അവരുടെ സവിശേഷതയാണ്. സ്വസമുദായത്തിനകത്തെ ആണധികാരത്തെയും ലിംഗവിവേചനത്തെയും തീർച്ചയായും അവർ അഭിമുഖീകരിക്കുകയും ചെറുത്തുനിൽക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ബി.ജെ.പിയുടെ ഹരിയാന മുഖ്യമന്ത്രിയും മുസ്സാഫർനഗർ എം.എൽ.എയും പറയുന്നത്, ''ഇനിമുതൽ കാശ്മീരി പെൺകുട്ടികളെ നമുക്ക് സ്വന്തമാക്കാം'' എന്നാണ്. കാശ്മീരിസ്ത്രീകൾ എന്നത് ഇവന്മാർക്ക് കവർന്നെടുക്കാനുള്ള വസ്തുവാണോ? ഇവന്മാരാണ് കാശ്മീരിന് ഫെമിനിസം പഠിപ്പിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നത്, എന്തർഹതയാണിവർക്കുള്ളത്? അവിടെയുള്ള സ്ത്രീകൾ ഞങ്ങളോടു പറഞ്ഞത്; ''സ്ത്രീസ്വാതന്ത്ര്യത്തിനു വേണ്ടി പോരാടാനുള്ള കരുത്ത് കാശ്മീരിലെ സ്ത്രീകൾക്കുണ്ട്. കാശ്മീരി സ്ത്രീകളുടെ വിമോചനത്തിന് ചൂഷകമർദ്ദകവർഗത്തിന്റെ സഹായം ഞങ്ങൾക്കാവശ്യമില്ല!'' എന്നാണ്.

**ബി.ജെ.പി വക്താവിന്റെ മുന്നറിയിപ്പ്**

റൈസിംഗ് കാശ്മീർ എന്ന പത്രത്തിന്റെ ഓഫീസിൽവെച്ച് കാശ്മീർവിഷയം കൈകാര്യം ചെയ്യുന്ന ഒരു ബി.ജെ.പി വക്താവിനോടും ഞങ്ങൾക്ക് സംസാരിക്കാനവസരംകിട്ടി. അശ്വനികുമാർ ശ്രുംഗൂ എന്നാണദ്ദേഹത്തിന്റെ പേര്. വളരെ സ്നേഹോഷ്മളമായാണ് ഞങ്ങളുടെ സംഭാഷണം തുടങ്ങിയത്. അദ്ദേഹം ജമ്മുവിൽനിന്നു വന്നതാണെന്നും, 370-ാം വകുപ്പ് റദ്ദാക്കിയ നടപടിക്ക് ജനസമ്മതി നിർമ്മിക്കലാണ് തന്റെ ഉദ്ദേശമെന്നും വളരെ ആവേശപൂർവ്വം വ്യക്തമാക്കി. ജമ്മുകാശ്മീരിൽ ബി.ജെ.പി 46 ശതമാനം വോട്ട് കരസ്ഥമാക്കുകയും പാർലമെന്റിൽ വൻഭൂരിപക്ഷത്തോടെ അധികാരത്തിലെത്തുകയും ചെയ്തിരിക്കുന്ന അവസരത്തിൽ 370 എടുത്തുകളയും എന്ന വാഗ്ദാനംപാലിക്കൽ അവരുടെ അവകാശം മാത്രമല്ല ജനങ്ങളോടുള്ള ബാധ്യതകൂടിയാണ് എന്നാണ് കക്ഷിയുടെ വാദം. 46 ശതമാനം വോട്ടിനെ ഒരു ലൈസൻസായാണ് അദ്ദേഹം കരുതുന്നത്.

ജമ്മു, ലഡാക്ക്, ഉദംപൂർ മണ്ഡലങ്ങളിൽ ബി.ജെ.പി വിജയിച്ചെങ്കിലും ശ്രീനഗർ, ബാരമുള്ള, അനന്ത്നഗർ എന്നിവിടങ്ങളിലെ വോട്ടിംഗ് ശതമാനം ഇന്ത്യയിലെ മറ്റേത് മണ്ഡലത്തിലേതിലും കുറഞ്ഞതായിരുന്നു അങ്ങനെ വന്നതുകൊണ്ടാണ് ബി.ജെ.പി 46 ശതമാനത്തിലേക്ക് ഉയർന്നത് എന്ന യാഥാർഥ്യം അംഗീകരിക്കാൻ അശ്വനികുമാർ തയ്യാറായില്ല. ജമ്മുകാശ്മീരിന്റെ പിന്തുണയില്ലാത്ത ഒരു നടപടി തോക്കിൻ കുഴലിലൂടെ നടപ്പിലാക്കിയെടുക്കാൻ ശ്രമിക്കുന്നത് ഒരു ജനാധിപത്യസർക്കാറിനു ചേർന്ന നടപടിയാണോ എന്ന ഞങ്ങളുടെ ചോദ്യത്തോട്; ''ബീഹാറിൽ മദ്യം നിരോധിച്ചപ്പോൾ കള്ളുകുടിയൻമാരോട് ചോദിച്ച് അവരുടെ പിന്തുണ തേടിയിട്ടാണോ നിതീഷ്കുമാർ അത് ചെയ്തത്, അങ്ങനെ കണ്ടാൽ മതി'' എന്നായിരുന്നു ആ ബി.ജെ.പിക്കാരന്റെ തർക്കുത്തരം. ഈ സാദൃശ്യാഭാസത്തിൽ നിന്നും അയാൾ കാശ്മീരികളെ എത്രമാത്രം വെറുക്കുന്നു എന്നത് വ്യക്തം. സംഭാഷണത്തിനൊടുവിൽ അയാളുടെ വാദങ്ങളെ ഞങ്ങൾ വസ്തുതകൾനിരത്തി ഖണ്ഡിക്കാൻ തുടങ്ങിയതോടെ കക്ഷിയുടെ ഭാവം മാറാൻ തുടങ്ങി. അയാൾ എഴുന്നേറ്റ് ജീൻഡ്രസ്സോയുടെ നേർക്ക് വിരൽ ചൂണ്ടി പറഞ്ഞു; ''നിങ്ങളെപ്പോലുള്ള രാജ്യദ്രോഹികളെ ഇവിടെ പണിയെടുക്കാൻ ഞങ്ങളനുവദിക്കില്ല. ഇതൊരു താക്കീതാണ്.''

**ഉപസംഹാരം**

നിലവിൽ കാശ്മീരാകെ സൈനിക നിയന്ത്രണത്തിലുള്ള ജയിലറയായി മാറിയിരിക്കുകയാണ്. ജമ്മുകാശ്മീർ വിഷയത്തിൽ മോദി സർക്കാർ എടുത്ത നിലപാട് അധാർമ്മികവും, ഭരണഘടനാവിരുദ്ധവും, നിയമവിരുദ്ധവുമാണ്. കാശ്മീരികളെ കൂട്ടിലടച്ച് ജനാധിപത്യരീതിയിൽപോലും പ്രതിഷേധിക്കാനുള്ള അവരുടെ അവകാശങ്ങളെ ഹനിക്കുന്നതും അതുപോലത്തന്നെ അധാർമ്മികവും, ഭരണഘടനാവിരുദ്ധവും, നിയമവിരുദ്ധവുമാണ്.

- ആർട്ടിക്കിൾ 370, 35-എ എന്നിവ പിൻവലിച്ച നടപടി എത്രയും പെട്ടെന്ന് പിൻവലിക്കണമെന്ന് ഞങ്ങളാവശ്യപ്പെടുന്നു.

- ജമ്മുകാശ്മീരിന്റെ ഭാവി നിർണ്ണയിക്കുന്ന തീരുമാനങ്ങൾ അവരുടെ അഭിപ്രായം പരിഗണിച്ചേ എടുക്കാവൂ.
- ടെലഫോൺ, മൊബൈൽഫോൺ, ഇന്റർനെറ്റ് തുടങ്ങിയ വാർത്താവിനിമയ സംവിധാനങ്ങൾ ഉടൻ പുനസ്ഥാപിക്കണമെന്ന് ഞങ്ങളാവശ്യപ്പെടുന്നു.
- അഭിപ്രായസ്വാതന്ത്ര്യത്തിനും, ആവിഷ്കാരസ്വാതന്ത്ര്യത്തിനും, പ്രതിഷേധങ്ങൾക്കും ഏർപ്പെടുത്തിയിരിക്കുന്ന നിരോധനം എത്രയുംവേഗം നീക്കുക. അവരുടെ ആവശ്യങ്ങളും ആവിഷ്കാരങ്ങളും പുറംലോകമറിയാനുള്ള ജനാധിപത്യാവകാശങ്ങൾ പുനസ്ഥാപിക്കുക.
- ജമ്മുകാശ്മീരിൽ മാധ്യമപ്രവർത്തകർക്കേർപ്പെടുത്തിയിരിക്കുന്ന തികച്ചും ജനാധിപത്യവിരുദ്ധമായ വിലക്കുകൾ ഉടൻ നീക്കുക.

**വിവർത്തനം – സമീർ കാവാഡ്**

-------------------------------

സംഘത്തിലുണ്ടായിരുന്നവർ
ജീൻ ഡ്രെസെ – സാമ്പത്തികവിദഗ്ദ്ധൻ
കവിത കൃഷ്ണൻ – എ. ഐ. പി. ഡബ്ല്യൂ. എ
മൈമൂന മൊല്ല – എ. ഐ. ഡി. ഡബ്ല്യൂ. എ.
വിമൽ ഭായ് – എൻ. എ. പി. എം.

◆